

# ആബോ ഗീവറുഗീസു

www.malankaralibrary.com

# ആബോ ഗീവറുഗീസ്

www.malankaralibrary.com

# ABO GEEVARUGHESE

(Malayalam)

Jenmasathabdhie Smaranika

Study

First Published July 1983

Printed at Bethany Press, Kottayam-10.

Price Rs. 8

Copy right

Bethany Publications.

Published by

Bethany Publications

Kottayam-10.

Distribution:

Bethany Book Centre, Thiruvalla-1.

Bethany Book Stall, Kottayam 10.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ആബോ ഗീവറുഗീസ്

പ്രസാധകന്മാർ:

ബഥനി പബ്ളിക്കേഷൻസ്

B. P. No. 19

---

ബഥനി ബുക്കു് സെൻററർ, തിരുവല്ല.

വില ക. 8

www.malankaralibrary.com

# ആമുഖം

മഹാന്മാരുടെ ജീവിതത്തെക്കുറിച്ചുള്ള പഠനം എപ്പോഴും അപൂർണ്ണമായി നില്ക്കുയേ ഉള്ളു. ഈ ഗ്രന്ഥത്തിനും അങ്ങനെയൊരപൂർണ്ണതയുണ്ട്. നാമെത്ര ശ്രമിച്ചാലും മാർ ഈവാനിയോസിന്റെ പൂർണ്ണത കണ്ടെത്താനാവില്ല. അത്രമാത്രം മഹത്വം ആ വ്യക്തിത്വത്തിനുണ്ട്. 'സാഗരം സാഗരോപമം' എന്നുപറഞ്ഞു് അത്ഭുതം കൂറുവാനേ നമുക്കു കഴിയൂ.

മാർ ഈവാനിയോസിന്റെ ജന്മശതാബ്ദിയാചരണത്തോടനുബന്ധിച്ച് നടത്തിയ സിമ്പോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും പൊതു സമ്മേളനങ്ങളിൽ നടത്തിയ പ്രഭാഷണങ്ങളും സമാഹരിച്ച് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതു് വരും തലമുറകൾക്കു് ഒരനുഗ്രഹമായിത്തീരും എന്ന വിശ്വാസമാണു് ഈ ഉദ്യമത്തിനു് ഞങ്ങളെ പ്രേരിപ്പിച്ചതു്. മാർ ഈവാനിയോസിനെക്കുറിച്ച് അധികമൊന്നും മനസ്സിലാക്കിയിട്ടില്ലാത്തവർക്കു് കൂടുതൽ മനസ്സിലാക്കാനുള്ള ഒരവസരവും ആവും ഇതു്. ഒപ്പം ജന്മശതാബ്ദിയാചരണത്തിനു് ഒരു സ്മരണികയും.

മാർ ഈവാനിയോസിന്റെ സന്ന്യാസദർശനത്തിനു് മുൻതൂക്കം കൊടുത്തുകൊണ്ടോ അതിന്റെ ചുവടുപിടിച്ചോ എഴുതിയിട്ടുള്ളവയാണു് ഇതിലെ പ്രബന്ധങ്ങളിലധികവും. അതുകൊണ്ടുതന്നെയാണു് 'ആബോഗീവറുഗീസ്' എന്ന പേരു് ഗ്രന്ഥത്തിനു നല്കിയതും.

www.malankaralibrary.com

പ്രബന്ധങ്ങൾ അവതരിപ്പിച്ചും ലേഖനങ്ങൾ തന്നും ഞങ്ങളോടു സഹകരിച്ച എല്ലാവരോടുമുള്ള നിസ്സീമമായ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ! ഇതിലെ കൃതികൾ ശേഖരിച്ചും സമാഹരിച്ചും ഞങ്ങളെ സഹായിച്ച ബ്രദർ വറുഗീസ് തെക്കുട്ടത്തിനോടുള്ള കടപ്പാടു് പ്രത്യേകം എടുത്തു പറയേണ്ടതാണു്.

ആബോഗീവറുഗീസിൻെറ ചൈതന്യം ഉൾക്കൊള്ളാൻ ഒരു പരിധിവരെയെങ്കിലും ഈ ഗ്രന്ഥം സഹായിക്കും എന്ന പ്രത്യാശയോടെ, ആ വന്ദ്യപിതാവിൻെറ പാദാരവിന്ദങ്ങളിൽ ഈ സ്മരണിക സമപ്പിച്ചു കൊള്ളുന്നു.

ബഥനി പബ്ളിക്കേഷനു വേണ്ടി,

ഡോ. ലൂയീസ് മുലേവീട്ടിൽ,

ഒ.ഐ.സി.

www.malankaralibrary.com

# താളുകൾ മറിക്കുമ്പോൾ


പേജ്

ആമുഖം

താളുകൾ മറിക്കുമ്പോൾ

1 മലങ്കര റീത്ത് അഥവാ
തനിമയുള്ള മലങ്കര റീത്ത് 1
ഫാ. വറുഗീസ് കിളിച്ചിമല

2 മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
തിരുമനസ്സിലെ സഭാവിജ്ഞാനീയാഭിമുഖ്യങ്ങൾ 25
ഡോ. ഗീവറുഗീസ് പണിക്കർ

3 മാർ ഈവാനിയോസ് ഒരു മനുഷ്യസ്നേഹി 43
പ്രൊഫ. ജോർജ് ഓണക്കൂർ

4 ഞാൻ കണ്ട മാർ ഈവാനിയോസ് പിതാവ് 56
ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

5 മാർ ഈവാനിയോസിന്റെ ക്രിസ്ത്യാനുകണാഭി
വാഞ്ഛ 62
ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത

6 വിശ്വാസധീരനായ മാർ ഈവാനിയോസ് 64
പൌലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത

7 മാർ ഈവാനിയോസ് വിജാതീയക്ക്
വെളിപാടിന്റെ പ്രകാശം 72
ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത

8 മലങ്കരസഭയിൽ ബഥനിയുടെ സ്ഥാനവും
ദൗത്യവും 76
സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത

9 മാർ ഈവാനിയോസ് ഒരു പ്രതിഭാസം 86
എബ്രഹാം ജോസഫ്


www.malankaralibrary.com

10 എക്യുമെനിസത്തിന്റെ പ്രവാചകൻ 97
ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ. ഐ. സി
11 മാർ ഈവാനിയോസ് എന്റെ സ്മരണകളിൽ 105
മഹാകവി പുത്തൻകാവു മാത്തൻ തരകൻ
12 ഹിന്ദുസന്ന്യാസ ധർമ്മം 116
സ്വാമി ജൈത്രാനന്ദ
13 ക്രൈസ്തവ സന്ന്യാസദർശനം 120
തോമസ് ഐക്കര സി. എം. ഐ.
14 മാർ ഈവാനിയോസിന്റെ സന്ന്യാസദർശനം 128
ഫാദർ ജോൺ ബക്ക്മൻസ് ഒ. ഐ. സി.
15 മാർ ഈവാനിയോസിന്റെ ആദ്ധ്യാത്മികത 139
ഡോ. ലൂയിസ് മൂലേവീട്ടിൽ ഒ. ഐ. സി
16 മഹാത്മാവായ മാർ ഈവാനിയോസ് 149
ഫാ. ജേക്കബ് ഒ. ഐ. സി.
17 മാർ ഈവാനിയോസിന്റെ ദൂരദർശനവും
ദീർഘവീക്ഷണവും 162
ഫാദർ ജോസഫ് ഇടമരം എസ്. ജെ.
18 എന്റെ വീക്ഷണത്തിലെ ബഥനി 169
പ്രൊഫ. ററി. കെ. കോശി
19 ബഥനി ഭാരതസഭയിൽ 175
ബ്ര. വറുഗീസ് തൈക്കൂട്ടത്തിൽ ഒ. ഐ. സി.
20 മാർ ഈവാനിയോസു പിതാവ്—
ബഥനി സന്ന്യാസിനീ സമൂഹസ്ഥാപകൻ 182
സി. വിൻസെൻറ് എസ്. ഐ. സി
21 മാർ ഈവാനിയോസ് പിതാവും
മേരിമക്കൾ സമൂഹവും 193
സി. മേരി. മാത്യു ഡി. എം.
22 സന്ന്യാസിനികൾ ആധുനിക യുഗത്തിൽ 197
സി. അൽഫോൻസ് മേരി എസ്. എ. ബി. എസ്സ്.
23 മാർ ഈവാനിയോസ് സൂക്തങ്ങൾ 204

www.malankaralibrary.com

# മലങ്കര റീത്ത്

### അഥവാ

# തനിമയുള്ള മലങ്കരസഭ

ഫാ. വറുഗീസ് കിളിച്ചിമല

## ആമുഖം

"മലങ്കരയെ വഞ്ചിച്ചു റോമ്മയിൽപോയി" എന്നതത്രേ മാർ ഈവാനിയോസിനെക്കുറിച്ചുള്ള കടുത്ത പഴി. തിരിച്ചുംമറിച്ചും ആവർത്തിക്കുന്ന ഈ ദുരാരോപണത്തിൽ തെല്ലും കഴമ്പില്ലെന്നു സൂക്ഷ്മപഠനം തെളിയിക്കും. മലങ്കരസഭാസംസ്കാരത്തെ ഉപേക്ഷിക്കുവാനോ റോമാസംസ്കാരത്തിൽ ലയിക്കുവാനോ മാർ ഈവാനിയോസ് മനസ്സുവെച്ചിട്ടില്ല. "മലങ്കര റീത്തി"നെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയത്രേ തെററായ ഈ കുററംവിധിയുടെ അടിയിലുള്ളത്.

ലോകത്തിൻെറ നാനാഭാഗങ്ങളിലുണ്ട് പുനരൈക്യപ്പെട്ട അനേകായിരങ്ങൾ. "റീത്തുകാർ" എന്നപേരിൽ അവരാരും അറിയപ്പെടുന്നില്ല. മാർ ഈവാനിയോസിനെ പിഞ്ചെന്നവർക്ക് മാത്രമാണ് ആ പേര് അരക്കിട്ടുറപ്പിക്കപ്പെട്ടുപോയിട്ടുള്ളത്. മലങ്കരയിലെ പുനരൈക്യത്തിൻെറ സവിശേഷതയാണ് ഇതിനു കാരണം. മലങ്കര റീത്ത അനുവദിപ്പിച്ചുകൊണ്ട് പുനരൈക്യപ്പെട്ടവർക്ക് "മലങ്കര റീത്തുകാർ" എന്നു കിട്ടിയ പേരാണ് "റീത്തുകാർ" എന്നു മാത്രമായി ചുരുങ്ങിയത്.

www.malankaralibrary.com

റോമാ റീത്തിൽ ലയിക്കുകയല്ല മാർ ഈവാനിയോസ് ചെയ്തത്. തനിമയുള്ള മലങ്കരസഭയെ സാർവ്വത്രികസഭയുമായി രഞ്ജിപ്പിക്കുകയാണ് അദ്ദേഹം നിർവ്വഹിച്ച കൃത്യം. റീത്ത് എന്നു പറഞ്ഞാൽ വ്യക്തിതയുള്ള, തനിമയുള്ള സഭ (Individual church) എന്നാണർത്ഥം. തനിമയുള്ള സഭ Individual church)യും പ്രാദേശികസഭ (Local church)യും ഒന്നല്ല. പ്രാദേശിക സഭ തനിമയുള്ള സഭയാകാം. എല്ലാ പ്രാദേശികസഭകളും തനിമയുള്ള സഭകളല്ല. തനിമയുള്ള ലത്തീൻസഭയുടെ ഘടകമാണ് കേരള ലത്തീൻ പ്രാദേശികസഭ.

സാർവ്വത്രിക ഐക്യത്തിൽ കഴിയുന്ന 18 റീത്തുകൾ അഥവാ തനിമയുള്ള സഭകൾ ഇന്നുണ്ട്. കോപ്റ്റിക്ക്, എത്തിയോപ്യൻ എന്നീ അലക്സാണ്ഡ്റിയൻ റീത്തുകളും സിറിയൻ മാറോനൈറ്റ്, മലങ്കര എന്നീ അന്ത്യോക്യൻ റീത്തുകളും, ബൾഗേറിയൻ, ഗ്രീക്ക, ജോർജിയൻ, അൽബാനിയൻ, മെൽക്കൈറ്റ്, റഷ്യൻ, സേർബിയൻ, യുക്രേനിയൻ എന്നീ ബൈസൻ്റൈൻ റീത്തുകളും കാൽഡിയൻ, മലബാർ എന്നീ പൗരസ്ത്യസുറിയാനി റീത്തുകളും അർമേനിയൻ റീത്തും ലത്തീൻ റീത്തും ഇവയിൽപ്പെടുന്നു.

റീത്തുകൾ തമ്മിൽ സാജാത്യമാണധികം. എന്നാൽ ഇവ തിരിച്ചറിയപ്പെടുന്നത് വൈജാത്യത്തിലൂടെയാണ്. എങ്ങനെയുള്ള അന്തരമാണിവയ്ക്കുള്ളത്? ഇരുട്ടും വെളിച്ചവുമായുള്ള അന്തരം ഇവയ്ക്കില്ല. സമുദ്രവും പർവ്വതവും പോലെയുള്ള വേർപിരിയൽ ഇവിടെയില്ല. ആനയും ആടും പോലെയുള്ള അകൽച്ചയുമില്ല. പിന്നെയുള്ളതോ വ്യക്തിയും വ്യക്തിയുംപോലെയുള്ള വ്യത്യാസം മാത്രം. രണ്ടു വ്യക്തികൾതമ്മിൽ സാജാത്യമോ വൈജാത്യമോ അധികം? മനുഷ്യരെന്ന നിലയിൽ അവരെ യോജിപ്പിക്കുന്ന ഘടക

www.malankaralibrary.com

ങ്ങളല്ലേ അധികം? എങ്കിലും ഒരാളെ അപരനിൽനിന്നു വേർതിരിക്കുന്ന ഘടകങ്ങളില്ലേ? ആകൃതിയിലും പ്രകൃതിയിലും നോട്ടത്തിലും ഭാവത്തിലും സംസാരത്തിലുമെല്ലാം. ഇതു വ്യക്തിത്വത്തിന്റെ അംശങ്ങളാണ്. ഒരു വ്യക്തിയും മറെറാരു വ്യക്തിയും തമ്മിലുള്ള സാജാത്യവൈജാത്യങ്ങളത്രേ റീത്തും മറെറാരു റീത്തും തമ്മിലുള്ളത്.

മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങൾ സാരാംശത്തിൽ ഒന്നുതന്നെയാണ്; ഒരേ ക്രിസ്ത്വനുഭവമാണ് അവർ നാലുപേരും രേഖപ്പെടുത്തിയിട്ടുള്ളത്. എങ്കിലും, അവതരണം, ഭാഷ, ശൈലി, പ്രതിപാദനം എന്നിവയിൽ സുവിശേഷങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നു. സുവിശേഷകന്മാരുടെ വ്യക്തിത്വമത്രേ ഈ വ്യത്യസ്തതയ്ക്കു ഹേതു. സുവിശേഷങ്ങൾ തമ്മിലുള്ള ഈ അന്തരമത്രേ തനിമയുള്ള സഭകൾ അഥവാ റീത്തുകൾ തമ്മിലുള്ളത്.

ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നീ നാലത്രേ തനിമയുള്ള സഭയുടെ സാരാംശങ്ങളായ ഘടകങ്ങൾ. ഇവയിൽ പരമപ്രധാനം ആരാധനക്രമം തന്നെ; കാരണം, ആരാധകരുടെ സമൂഹമാണു സഭ. ആരാധനയിൽനിന്നുരുത്തിരിയുന്ന ജീവിതശൈലിയാണ് ആദ്ധ്യാത്മികത. ഇതിനു നട്ടെല്ലായി നിലകൊള്ളുന്നതത്രേ ദൈവശാസ്ത്രം. ആരാധനക്രമത്തെ കുറവുകൂടാതെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഭരണക്രമം.

മലങ്കരസഭയുടെ വ്യക്തിത്വം ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നീ നാലുകാര്യത്തിലും നിഴലിക്കുന്നുണ്ട്. നിഗൂഢാത്മകത്വം, വേദപുസ്തകാധിഷ്ഠിതസ്വഭാവം, ആരാധനയിലൂടെ പ്രബോധനം, ആവർത്തനപ്രകൃതി, സാമൂഹ്യബോധവും സാർവ്വത്രികഭാവവും, ആരാ

www.malankaralibrary.com

ധനാവത്സരത്തിന്റെ ആകർഷകത്വം തുടങ്ങിയ ഘടകങ്ങൾ മലങ്കര ആരാധനയുടെ ചില മുഖമുദ്രകളാണ്.

ഈ സവിശേഷതകൾ മററു ആരാധനാക്രമങ്ങളിലില്ലേയെന്നു ചോദ്യമുണ്ടാകാം. തീർച്ചയായുമുണ്ട്. പ്രത്യേകം ശ്രദ്ധേയമാംവിധം കാണുന്നതുകൊണ്ടു ഇവിടെ ഊന്നൽ കൊടുത്തുവെന്നു മാത്രമേയുള്ളു. "മാംസളശരീരം" എന്ന വിശേഷണം കൊടുക്കുന്നവന്റെ ദേഹത്തു എല്ലൊന്നുമില്ലെന്നോ 'മെല്ലിച്ചശരീരം' എന്ന വിശേഷണം കൊടുക്കുന്നവനിൽ അല്പംപോലും മാംസമില്ലെന്നോ അർത്ഥമില്ലല്ലോ. കവി കേരളത്തെ വർണ്ണിക്കുമ്പോൾ

"പാരം കരിമ്പു പനസം മുളകേലമിഞ്ചി
കേരം കവുങ്ങു തളിർവെററില യേത്തവാഴ
ഈ രമ്യവസ്തുതതിചേർന്നു വിളങ്ങുമീനൽ-
പ്പാരഗ്ര്യകല്പതരുമണ്ഡിതതരുനാഭം"

എന്നോ,

"മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലം തിങ്ങുമിളം കവുങ്ങും
നിറഞ്ഞഹോ!"

എന്നോ കണ്ടാൽ ഈ വൃക്ഷലതാദികളൊന്നും കേരളത്തിനു പുറത്തെങ്ങുമില്ലെന്നു അർത്ഥമാക്കേണ്ടതില്ലല്ലോ.

കുടുംബത്തിലുദയംകൊള്ളുന്ന സ്നേഹമാണ് വ്യക്തിയെ സാമൂഹ്യവും സാർവ്വലൗകികവുമായ സ്നേഹത്തിനു പ്രേരിപ്പിക്കുന്നത്. ഗൃഹപരിസരത്തിന്റെ പരിചയത്തിലൂടെയത്രേ സർവ്വലോകഭൂമിശാസ്ത്രത്തിലേക്കു ഒരുവൻ നയിക്കപ്പെടുന്നത്. കുടുംബത്തിൽ ലഭ്യമാകേണ്ട സ്നേഹം കിട്ടാത്ത ഭാഗ്യദോഷി സമൂഹദ്രോഹിയായി മാറുകതന്നെ ചെയ്യും. ആദ്ധ്യാത്മികരംഗത്തും ഇതു ശരിയാണ്. സ്വന്തം ആരാധനക്രമത്തിലൂടെയും ആദ്ധ്യാത്മികതയിലൂടെയുമാണ് ഒരുവൻ വിപുലമായ ക്രി

www.malankaralibrary.com

സ്വാനുഭവത്തിലേക്കു വളരേണ്ടതു്. ഒരു സമൂഹത്തിന്റെ ക്രിസ്തീയ ജീവിതത്തെ മുഴുവൻ സംബന്ധിക്കുന്നതാണു് റീത്തു്. അതിന്റെ ആന്തരീക്ഷത്തിലും പൈതൃകതത്വത്തിലുമാണു് ക്രിസ്ത്യാനി വളരുകയും പൂർണ്ണതയിലേക്കു നീങ്ങുകയും ചെയ്യുന്നതു്. ഇതു ഉപേക്ഷിച്ചെങ്കിലേ സാർവ്വത്രികവിശാലത കൈവരൂ എന്ന ജല്പനം മിഥ്യാധാരണയുടെ ഫലമാണു്. ഇത്തരം മിഥ്യാധാരണ ചിലരുടെയിടയിൽ വദ്ധിച്ചുവരുന്നു.

"അറിവാൻ കഴിഞ്ഞീല തുഞ്ചനെ;
ശ്രമിച്ചതില്ലറിയാൻ
അറിഞ്ഞിട്ടു കാര്യമെന്തിരിക്കുന്നു?"

എന്ന വിധക്കാരായ പച്ചപ്പരിഷ്കാരികളുടെ സംഖ്യ എല്ലാ സമൂഹങ്ങളിലും ഏറിവരുന്നതാണു കാരണം.

ഐക്യ (Unity) വും ഐകരൂപ്യ(Uniformity)വും തെററിദ്ധരിക്കുന്നവരുണ്ടു്. ഗുണത്തേക്കാളേറെ ദോഷമാണവർ വരുത്തിക്കൂട്ടുന്നതു്. ഐകരൂപ്യത്തിനുവേണ്ടി ചിലർ പ്രാദേശികസംസ്കാരങ്ങളുടെ നാമ്പു നുള്ളുന്നു; മററുചിലരാകട്ടെ, പ്രാദേശികതയ്ക്കുവേണ്ടി ഐക്യത്തിന്റെ കഴുത്തറക്കുന്നു. ഒരു കൂട്ടർ "ഏകറീത്തു" വാദത്തിന്റെ മക്കടമുഷ്ടിയുയർത്തുന്നു; മറെറക്കൂട്ടർ എല്ലാ സഭകളും ഒന്നുപോലെ ശരിയെന്നു ശഠിക്കുന്നു. ഈ മറുകണ്ടം ചാടലുകൾക്കു നടുവിൽ സഭ നേർവഴി തെളിക്കുന്നു. വിശ്വാസത്തിൽ ഏകത്വവും സംസ്കാരത്തിൽ വൈവിധ്യവും എന്നത്രേ സഭ കാട്ടിത്തരുന്ന സുഗമമാർഗ്ഗം. സാർവ്വത്രിക ഐക്യവും പ്രാദേശിക സംസ്കാരവും ഒന്നുപോലെ സംരക്ഷിക്കുന്നതിനുള്ള മനോഹര സംവിധാനം റീത്തുകളുടെ നിലനിൽപിലൂടെ സഭ നിർവ്വഹിക്കുന്നു.

www.malankaralibrary.com

## ഒന്നു്

# മലങ്കര ആരാധനയുടെ ചില മുഖമുദ്രകൾ

സഭയുടെ കേന്ദ്രസ്ഥാനമാണു ലീററർജിയുടേതു്. വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നു. "സഭയുടെ പ്രവൎത്തനംതന്നെ ആരാധനാക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നതു്. അവളുടെ ശക്തി മുഴുവൻ നിൎഗ്ഗളിക്കുന്നതും അവിടെനിന്നുതന്നെ" (ലീററർജി 10). മലങ്കര ലീററർജിയുടെ ചില സവിശേഷതകളാണു് ചുവടെ ചേൎക്കുന്നതു്.

## 1. നിഗൂഢാത്മകത്വം

എല്ലാ സാൎവ്വത്രിക മതങ്ങളിലും സംസ്കാരങ്ങളിലും കാണപ്പെടുന്നതാണു് 'മിസം'. ഗ്രീക്കുകാരുടെ രഹസ്യപൂൎണ്ണതയിൽനിന്നാണു് ഈ പദത്തിന്റെ വ്യുൽപത്തിതന്നെ. ദൈവികതയുടെ നിഗൂഢ രഹസ്യങ്ങളിലേക്കിറങ്ങിച്ചെല്ലലും നിഗൂഢ ജ്ഞാനവുമാണു് ഇതു് ഉൾക്കൊള്ളുക. ദൈവവും മനുഷ്യനും തമ്മിൽ ബന്ധപ്പെട്ടുമ്പോഴുണ്ടാകുന്ന അനുഭവത്തിന്റെ അഗ്രാഹ്യത ഇവിടെയുണ്ടു്. സ്വാഭാവികതയും അതിസ്വാഭാവികതയും തമ്മിൽ മേളിക്കുമ്പോഴുണ്ടാകുന്ന അനുഭൂതി വാക്കുകളിൽ ഒതുക്കാവുന്നതല്ല. ഉൾക്കം കൊട്ടുക്കുന്ന ഒരു ആദ്ധ്യാത്മിക ഗഹനത അന്ത്യോക്യൻ ആരാധനയിൽ ആദ്യന്തം തെളിഞ്ഞുകാണാം.

### a) കുൎബ്ബാനയുടെ പരസ്യമായ തുടക്കം.

കുൎബ്ബാന പരസ്യമായി തുടങ്ങുമ്പോൾ ബലിപീഠം ചുററി പുരോഹിതൻ ധൂപം അൎപ്പിക്കുന്നു. ഇതിന്റെ സൂചന ശ്രദ്ധേയമാണു്. പരസ്യമായി പ്രത്യക്ഷപ്പെട്ടുന്ന യേശുവിനെയാണു് പുരോഹിതൻ പ്രതിനിധാനം ചെയ്യുന്നതു്.

www.malankaralibrary.com

യേശുവിനു സാക്ഷ്യം വഹിച്ച യോഹന്നാനാണ് പ്രധാന ശുശ്രൂഷകൻ; മററു ശുശ്രൂഷികളാകട്ടെ, ശ്ലീഹന്മാരുടെ സ്ഥാനം വഹിക്കുന്നു.

b) കുരിശു വരയുടെ സാരാംശം.

കുരിശു വരയ്ക്കുന്നതിനു നിഗൂഢാർത്ഥമുണ്ട്. പ. ത്രിത്വത്തെ സൂചിപ്പിക്കുമാറ് തള്ളവിരലും അതിനടുത്ത രണ്ടു വിരലും ചേർത്തുപിടിച്ചു കുരിശു വരയ്ക്കുന്നു. ദൈവപുത്രൻ സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്കിറങ്ങിയതിനെ ഓർത്തു നെററിയിൽനിന്നു നെഞ്ചിലേക്കും പാപംമൂലം ഇടത്തേതിന്റെ മക്കളായിരുന്ന നമ്മെ തന്റെ കുരിശുമരണംമൂലം വലത്തേതിന്റെ മക്കളാക്കിത്തീർത്തതിനെ ഓർത്തു ഇടത്തെ തോളിൽനിന്നു വലത്തെ തോളിലേക്കും കുരിശു വരയ്ക്കുന്നു.

c) ശോശപ്പാ ആഘോഷം.

കർത്താവിന്റെ കബറിങ്കൽ വെയ്ക്കപ്പെട്ട കല്ലിനോട് ശോശപ്പായെ ഉപമിക്കുന്നു. ആ കല്ല് ഇപ്പോൾ മാററപ്പെട്ടു എന്നു സൂചന. ഇസ്രായേൽക്കാർക്കു മരുഭൂമിയിൽവെച്ചു ജലം നല്കിയ പാറയോടും ശോശപ്പാ ഉപമിക്കപ്പെടുന്നു. വി. കുർബ്ബാനവഴി ക്രിസ്തു നല്കുന്ന ജീവജലത്തിന്റെ സാദൃശ്യമാണിത്. യാക്കോബു ദർശിച്ച ഗോവേണിയെ അനുസ്മരിപ്പിക്കുമാറ് ശോശപ്പാ മുകളിലോട്ടും താഴോട്ടും ചലിപ്പിക്കുന്നു. സ്വർഗ്ഗീയസേന ദിവ്യരഹസ്യങ്ങൾ സന്ദർശിച്ചു ആദരിക്കുവാൻ വന്നിറങ്ങുന്നുവെന്നത്രേ ഇതു സൂചിപ്പിക്കുന്നത്.

d) ധൂപക്കുററിയുടെ ചങ്ങലകൾ

നാലു ചങ്ങലകളിൽ ഒന്നാമത്തേതു പിതാവിനെയും രണ്ടാമത്തേതും മൂന്നാമത്തേതും രണ്ടു സ്വഭാവങ്ങളോടുകൂടിയ പുത്രനേയും നാലാമത്തേതു റൂഹായേയും സാദൃശ്യപ്പെടുത്തുന്നു.

www.malankaralibrary.com

e) കാസായിൽ ഒഴിക്കുന്ന വീഞ്ഞും വെള്ളവും.

വീഞ്ഞു ക്രിസ്തുവിൻെറ രക്തത്തേയും അതിനോടു ചേക്കുന്ന വെള്ളം ക്രിസ്തുവിൻെറ ബലിയോടു സംയോജിപ്പിക്കപ്പെടുന്ന സഭയുടെ കാഴ്ചപ്പണത്തേയും സൂചിപ്പിക്കുന്നു.

f) ചുവപ്പ്, പച്ച, വെള്ള നിറമുള്ള തബലീത്താ വിരി.

ചുവപ്പ്നിറം പ്രപഞ്ചത്തേയും പച്ചനിറം ഭൂമിയേയും വെള്ളനിറം തിരുസഭയേയും അർത്ഥമാക്കുന്നു.

g) കുരിശു ഊറാല കൊണ്ടലങ്കരിക്കുന്നു.

കുരിശു ഉയിപ്പിൻെറ ചിഹ്നമായി പരിഗണിക്കുന്നു. ക്രിസ്തുവിൻെറ പൗരോഹിത്യത്തെയും ഉത്ഥാനത്തിൻെറ മഹത്വത്തേയും സൂചിപ്പിക്കാൻ ചുവന്ന ഊറാലാകൊണ്ടു കുരിശു അലങ്കരിക്കുന്നു.

## II. വേദപുസ്തകാധിഷ്ഠിത സ്വഭാവം

നിഗൂഢാത്മകത്വം വേദപുസ്തകത്തിൻെറ പ്രകൃതിയാണ്. അതു ദൈവത്തിൻെറ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവതാരാനുഭവത്തിൻെറ കഥയാണു ബൈബിൾ. ആപാദചൂഡം വേദപുസ്തകബന്ധിയായിരിക്കുക മലങ്കര ആരാധനയുടെ സവിശേഷതയാണ്.

a) വചനശുശ്രൂഷക്കു പ്രാധാന്യം.

വി. കുർബ്ബാന, കൂദാശകൾ, യാമപ്രാർത്ഥനകൾ എന്നിവയിലെല്ലാം വചനശുശ്രൂഷയുണ്ട്. വേദപുസ്തക വായനയും അതിനോടു അനുബന്ധിച്ചുള്ള പ്രാർത്ഥനകളും യഹൂദ സിനഗോഗുകളിലെ ശുശ്രൂഷകളെ അനുകരിച്ചുള്ളതാണ്. അപ്പസ്തോലിക പ്രബോധനങ്ങളുടെ ദിവ്യഭാവം കാണിച്ചുകൊണ്ടുള്ള ഗീതം ഓരോ വായനക്കും മുമ്പു ചെല്ലുന്നു. "ഭൂവിലശേഷം", "പൗലൂസ്ശ്ലീഹാ" തുടങ്ങിയ ഗാനങ്ങൾ ഉദാഹരണമാണ്.

www.malankaralibrary.com

b) പ്രാർത്ഥന, ഗീതങ്ങൾ എന്നിവയിലെ വാക്കുകളും ശൈലിയും അലങ്കാരങ്ങളും വേദപുസ്തകവാക്യങ്ങളോ അവയുടെ പരാവർത്തനങ്ങളോ അവയുടെ പ്രതികരണങ്ങളോ ആണ്. ഉദാ:—

(1) "കൈക്കൊള്ളണ മഹറോനണച്ചതു
പോലെ ധൂപമിതും"
സംഖ്യാ.16:44–50 വരെ വാക്യങ്ങൾ സൂചിപ്പിക്കുന്നു.

(2) "കടലതിൽ യൗനാനെന്നപോലെ
കനിയുക ദാസന്മാരിലെന്നും"
യോനാ 2, 3–10 വാക്യങ്ങൾ അനുസ്മരിക്കുന്നു.

(3) "മരണത്തെ നീക്കിയ ഫീനഹാസിൻ
പ്രാർത്ഥനയും പോൽ"
സംഖ്യ. 25, 7–11 വരെ വാക്യങ്ങൾ ഓർക്കുന്നു.

(4) "കർത്താവേ, എന്നോടു ഉത്തരമരുളേണമേ"

ഏലിയാ ദീർഘദർശിയുടെ യാഗത്തിന്മേൽ സ്വർഗ്ഗത്തിൽ നിന്നു അഗ്നി ഇറക്കിയതായ അപേക്ഷ അനുസ്മരിക്കപ്പെടുന്നു കാർമ്മികന്റെ ഈ പ്രാർത്ഥനയിൽ.
1 രാജാ. 18, 37–ൽ ഈ പ്രാർത്ഥന കാണാം.

## III. ആരാധനയിലൂടെ പ്രബോധനം

ആരാധനയോടൊപ്പം വേദോപദേശം എന്ന പ്രയോജനത്തിനു അന്ത്യോഖ്യൻ പിതാക്കന്മാർ മനസ്സുന്നിയിരിക്കുന്നു. ഓരോ വിശ്വാസത്തേയും കുറിച്ചുള്ള ദൈവശാസ്ത്രചിന്തകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രാർത്ഥന ബോധനത്തിനു സഹായകമാകും. ചില ഉദാഹരണങ്ങൾ കാണിക്കാം.

a) ത്രിത്വത്തെക്കുറിച്ചുള്ള ദർശനം.

പെന്തിക്കൊസ്തിപ്പെരുന്നാളിൽ പ്രാർത്ഥിക്കുന്നു: "ശ്രേഷ്ഠ

www.malankaralibrary.com

മായ ഏക സാരാംശത്തോട്ടും അനാദ്യന്തമായ ഏക സ്വഭാവത്തോട്ടും കൂടി പിതാവ്, പുത്രൻ, പ. റൂഹാ എന്ന മൂന്നു ക്നൂമാകളടങ്ങിയ പരിപൂർണ്ണ ത്രിത്വമായ സത്യൈകദൈവമാകുന്നു.'' (പെന്തിക്കൊസ്തിക്രമം)

b) പിതാവിനെയും പുത്രനെയും കുറിച്ചുള്ള ദർശനം.

''പിതാവായ ദൈവമേ, നിൻെറ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനും തൻെറ സ്വതന്ത്രബുദ്ധിമൂലം പിശാചാരാധനയിലേക്കു വശീകരിക്കപ്പെട്ടുപോയവനും ആയ മനുഷ്യനെ നവീകരിക്കുവാൻ നിനക്കു തിരുവിഷ്ടം തോന്നിയിട്ടു ഞങ്ങളുടെ മാർഗ്ഗദർശനത്തിനുവേണ്ടി നിൻെറ വചനമായ പുത്രനെ നീ കല്പിച്ചയച്ചു.'' (പെന്തിക്കൊസ്തിക്രമം)

c) മനുഷ്യനായ ദൈവത്തെ ആവിഷ്കരിക്കുന്നു.

''അവൻ വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്ന്, ദൈവത്തിൻെറ വ്യാഖ്യാനാതീതാവസ്ഥയെ വിശദമായി ഞങ്ങളെ അറിയിച്ചു വ്യാഖ്യാനിച്ചുതരികയും നിന്നെയും അവൻ നിന്നിൽ നിന്നുള്ളവനാകുന്നു എന്നതിനെയും ഞങ്ങൾ ഗ്രഹിക്കത്തക്കവണ്ണം നിൻെറ ജ്ഞാനത്തിൻെറ ദുർഗ്രഹങ്ങളും രഹസ്യങ്ങളുമായ സംഗതികൾ ഞങ്ങളെ അറിയിക്കയും ചെയ്തു.'' (പെന്തിക്കൊസ്തിക്രമം)

d) പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നു.

'' റൂഹാ മനുഷ്യരെ സ്നേഹിക്കുന്നു. റൂഹാ ദീർഘദർശിമാരെ സജ്ജീകരിക്കുന്നു. റൂഹാ ശ്ലീഹന്മാർക്കു ജ്ഞാനം നല്കുന്നു: റൂഹാ സഹദേന്മാർക്കു ബലം നല്കുന്നു. റൂഹാ മല്പാന്മാരെ നയിക്കുന്നു. റൂഹാ നന്മകൾ പ്രവർത്തിക്കുന്നു..............''

(പെന്തിക്കൊസ്തിക്രമം)

www.malankaralibrary.com

## IV. ആവർത്തനപ്രകൃതി

ആവർത്തനത്തിൽ മടുപ്പു തോന്നാത്ത മനോഭാവമാണ് അന്ത്യോക്യൻ സഭയുടേത്. ഭക്തിപാരവശ്യത്തിൻെറ ഹർഷോന്മാദം ആവർത്തനത്തിലൂടെ പ്രകടമാകുന്നത് ആ ലിററർജിയിൽ ആദ്യന്തം കാണാം.

a) ഒരേ ആശയം വിവിധ ഗാനങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും ആവർത്തിക്കുന്നു.

"മഹിമയൊടക്കബറീന്ന്........."

"ദൈവമുയിർത്തു മഹത്വത്തോ........."

"മാനവർ വാനോർ മുൻമുൻ നിൻ........."

"മിശിഹാ ജീവിച്ചെഴുന്നേററു........."

എന്നു തുടങ്ങിയ ഗാനങ്ങളിലൂടെ "ദൈവമുയിർത്തു" എന്ന ഒരേ ആശയം ആവർത്തിച്ചിരിക്കുന്നു.

b) ഒരേ വാക്കു ആവർത്തിക്കുന്നു.

"പരിശുദ്ധൻ, പരിശുദ്ധൻ.........(മൂന്നുപ്രാവശ്യം)

"കുറിയേലായിസോൻ, കുറിയേലായിസോൻ......(മൂന്നു പ്രാവശ്യം)

c) ഒരേ കൃത്യം ആവർത്തിക്കുന്നു.

40 പ്രാവശ്യം കുമ്പിടുന്നു.

പട്ടക്കാരൻ ആശീർവാദം നല്കുമ്പോൾ സ്ലീബായുടെ അടയാളം മൂന്നുപ്രാവശ്യം വരയ്ക്കുന്നു.

d) ഒരേ പല്ലവിയിൽ എല്ലാ വാക്യവും അവസാനിക്കുന്നു.

"നീ മനുഷ്യനായിത്തീർന്നതിനാൽ ദൈവമേ, നീ അത്ഭുതമാകുന്നു" (ജനനപ്പെരുന്നാൾക്രമം, സെദറാ)

"സ്വയം ഭൂവിൽനിന്നുള്ള സ്വയംഭൂവിന് ഊശാന." (ഊശാനപ്പെരുന്നാൾക്രമം, സെദറാ)

www.malankaralibrary.com

## V. സാമൂഹ്യബോധവും സാർവ്വത്രികഭാവവും

ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള കൂട്ടായ്മയാണ് ആരാധന ലക്ഷ്യം വെയ്ക്കുന്നത്.

a) വി. കുർബ്ബാനയിലെ സമാധാനശുശ്രൂഷ.

ഇതുമൂലം ദൈവവുമായി കൂട്ടായ്മപ്പെടുന്നു. സമാധാനം നല്കുന്നത് വിശ്വാസികൾ തമ്മിലുള്ള ഐക്യത്തിന്റെ അടയാളമാണ്. ശത്രുതയെ ഇതു നശിപ്പിക്കുന്നു.

b) സമൂഹം ഒരുമിച്ചു ആരാധനയിൽ ഭാഗഭാഗിത്വം വഹിക്കുന്നു.

c) ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള കൂട്ടായ്മ കാണിക്കുന്നു.

പട്ടക്കാരന്റെ ആശീർവ്വാദപ്രാർത്ഥന. "പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും പ. റൂഹായുടെ സംബന്ധവും ആവാസവും എന്റെ സഹോദരങ്ങളേ, നിങ്ങൾ എല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ."

d) സഭയ്ക്കു മുഴുവനും വേണ്ടി ബലിയർപ്പിക്കുന്നു.

വി. കുർബ്ബാനയുടെ പ്രാരംഭത്തിൽ കാർമ്മികന്റെ അഭ്യർത്ഥന. "ജീവനുള്ളതും പരിശുദ്ധവുമായ ബലി സഭയ്ക്കു മുഴുവനുംവേണ്ടി അർപ്പിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ."

കുർബ്ബാന സമാപിപ്പിച്ചുകൊണ്ടുള്ള യാത്രപറച്ചിലിൽ കാർമ്മികൻ പറയുന്നു:" ദൂരസ്ഥരോടുകൂടെ സമീപസ്ഥരും മരിച്ചവരോടുകൂടെ ജീവനുള്ളവരും............."

e) പരിശുദ്ധന്മാരും പരിശുദ്ധ വസ്തുക്കളുമായുള്ള കൂട്ടായ്മ പ്രഖ്യാപിക്കുന്നു.

www.malankaralibrary.com

"മാമ്മോദീസായുമതിൽ
സഹദേന്മാരസ്ഥികളും
പൂജാ പീഠവുമുണ്ട്
എത്തിജ്ജീവോഷധിയെ."

## VI. ആരാധനാവത്സരത്തിൻെറ ആകർഷകത്വം

a) വത്സരചക്രം (Yearly cycle), പ്രതിവാരചക്രം (Weekly cycle), ദിനചക്രം (Daily cycle) എന്നു മൂന്നായി ആരാധനാചക്രം വിഭജിക്കപ്പെട്ടിരിക്കുന്നു. ദനഹാക്കാലം, നോമ്പുകാലം, കൃംതാക്കാലം, പെന്തിക്കൊസ്തിക്കാലം, തേജസ്സ്കരണകാലം, സ്ലീബാക്കാലം, സൂബോറോക്കാലം എന്നിങ്ങനെ വത്സരചക്രം തിരിച്ചിരിക്കുന്നു.

b) ആഴ്ചയിലെ ഓരോ ദിവസത്തിനും പ്രത്യേക നിയോഗങ്ങളും അനുസ്മരണകളുമുണ്ട്.

1. ഞായറാഴ്ച കർത്താവിൻെറ ഉയിർപ്പിനെ സ്മരിക്കുന്നു.
"രക്ഷകനേ, നിന്നുത്ഥാന-
ത്തിൽ ദിനമാമിന്നടിയാരിൽ
പ്രീതിയെഴുന്നള്ളുവില്ലാക്കാ-
രുണ്യത്താൽ പോക്കുക കുററം."

(പ്രഭാതപ്രാർത്ഥന)

2. തിങ്കൾ, ചൊവ്വാ എന്നീ ദിവസങ്ങൾ അനുതാപത്തിൻെറ സ്മരണയുയർത്തുന്നു.

A. "കരുണക്കടലേ, ഞാൻ നോക്കും
ദേവാ, തനയാ എൻപാപം പെരുകിപിഴകൾ
വദ്ധിച്ചയ്യോ; നീ
കഴുകണമെന്നെ സോപ്പായാൽ
എന്നുകണമെൻ ബാഷ്പാൽ വെണ്മ

www.malankaralibrary.com

പിതൃസ്നേഹത്താൽ യാചിക്കുന്നേൻഞാൻ

...  ...  ...

അനുതാപികളിൽ തൻവാതിൽ

രാപകലിങ്ങു തുറന്നീട്ടും ഹാലേലൂയ്യാ

നാഥാ സ്തുത്യൻ നീ". (തിങ്കൾ, സുത്താറാ)

2: "മനസ്സാ പിഴ ചെയ്തേൻ

മനസ്സാതേറുന്നു

സാത്താൻ തൻ കെണിയിൽ വീണെന്നറിയുന്നേൻ

അനുതാപമെഴാത്തോരെൻ സ്ഥിതിയതികഠിനം

കാലാന്ത്യേയണയും വിധിയിങ്കൽനാഥാഹാ-ഹാ-

കനിവായിവനിൽ നീക്കൃപ ചെയ്തീടേണം"

(ചൊവ്വാ, പ്രഭാതം.)

3: പ. കന്യകമറിയത്തിന്റെ ബഹുമാനാർത്ഥമുള്ള ദിവസമാണ് ബുധൻ.

"പാവനകന്യേ, മറിയാമേ, സ്വസ്തി!

സൃഷ്ടികൾ ഘോഷിപ്പൂ

ഉദരേ പൈതലിനുരുവേകി-

ന്നവനെ ഗർഭേ കൃപ്പൽപോൽ

നീപേറി നിൻ വാഹകനെ

ഈറയർ തേസ്തുതി ചെയ്യുന്നു

നിന്നിൽനിന്നുദിച്ചോനതിവന്ദ്യൻ" (പ്രഭാതം)

4. അപ്പസ്തോലന്മാരെയും സഭയിലെ വേദപാരംഗതന്മാരെയും സകല വിശുദ്ധന്മാരെയും ഓർമ്മിക്കുന്ന ദിവസമാണ് വ്യാഴം.

"വിശ്വാസത്തിൻ ശില്പികളായ് സഭതൻ
തൂണുകളാം

നിബിയന്മാർക്കും ശ്ലീഹന്മാർക്കും സഹദേവന്മാർക്കും
നല്ലോരുശ്ലോമോ

നാഥന്നായ് പീഡകളേററു അവരാത്മാക്കൾ

www.malankaralibrary.com

ദാവീദേവം പാടിയപോൽ
നാഥൻ പിൻചെന്നാർ മിശിഹാ-
അവർ പ്രാർത്ഥനയാൽ ഞങ്ങൾ മേൽ
കൃപതോന്നണമേ". (സന്ധ്യ)

5. കുരിശിനെ വണങ്ങുന്നതിനായി വെള്ളിയാഴ്ച മാററിവെയ്ക്കപ്പെട്ടിരിക്കുന്നു.

"ശുഭചിഹ്നം താൻ സ്ലീബാ
വിജയക്കൊടിതാൻ സ്ലീബാ
നമ്മെ രക്ഷിച്ചീടുന്ന
സ്ലീബായിൽ പുകഴുന്നു നാം" (പ്രഭാതം)

6. ശനിയാഴ്ച മരിച്ചവരെ സ്മരിക്കുന്ന ദിവസമാണ്.

"നാം ദൈവസുതന്മാരാവാ-
നായുഷ്കാലത്തിൽ ചൊല്ലി-
ത്തന്നത്താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സംസ്വർഗ്ഗേ പുത്രൻ ദൈവം" (സന്ധ്യ)

C. യഹൂദപാരമ്പര്യമനുസരിച്ച് ഒരു ദിവസത്തെ ഏഴ് യാമങ്ങളായി തിരിച്ചിരിക്കുന്നു. സന്ധ്യമുതൽ യാമങ്ങൾ കണക്കാക്കുന്നു.

1. റംശോ (സന്ധ്യാപ്രാർത്ഥന)
2. സൂത്താറ (ശയന നമസ്കാരം)
3. ലിലിയോ (പാതിരാത്രിയിലെ പ്രാർത്ഥന)
4. സപ്രൊ (പ്രഭാതപ്രാർത്ഥന)
5. ഏഴരയുടെ പ്രാർത്ഥന (മൂന്നാംമണി)
6. മദ്ധ്യാഹ്നം (ആറാംമണി)
7. ഇരുപത്തിരണ്ടര (ഒൻപതാംമണി)

www.malankaralibrary.com

വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഓരോ വർഷവും ഓരോ മാസവും ഓരോ ആഴ്ചയും ഓരോ ദിവസവും ഓരോ നിമിഷവും വിശുദ്ധമാണ്.

## രണ്ട്

## മലങ്കരസഭ ഉൾപ്പെടുന്ന പൗരസ്ത്യ ആദ്ധ്യാത്മികത്വം

ആരാധന ഉളവാക്കുന്ന ആന്തരികാനുഭൂതിയുടെ ആവിഷ്കാരവും ജീവിതശൈലിയുമാണ് ആദ്ധ്യാത്മികത. മലങ്കരസഭ ഉൾപ്പെടുന്ന പൗരസ്ത്യ ആദ്ധ്യാത്മികതയെ 'ഓർത്തഡോക്സി' എന്നു വിളിക്കുന്നു. പ്രോട്ടസ്റ്റാൻറിസത്തിലോ പാശ്ചാത്യക്രിസ്തീയതയിലോ ഒതുക്കാവുന്നതല്ല ഓർത്തഡോക്സി. ഇതിന്റെ ചില സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

1. പാരമ്പര്യകേന്ദ്രീകൃതം
2. സന്ന്യാസ ബന്ധിതമായ ആദ്ധ്യാത്മികത
3. ഉയിർപ്പു സംഭവത്തിനു മുൻഗണന
4. പരിശുദ്ധാത്മാവിനു പ്രാധാന്യം

### I. പാരമ്പര്യകേന്ദ്രീകൃതം

പാരമ്പര്യാധിഷ്ഠിതമെന്നു പറഞ്ഞാൽ കേവലം സാമ്പ്രദായികത്വം (traditionalism) എന്നു തെററിദ്ധരിക്കരുത്. ലൗകായതികമൂല്യങ്ങൾക്കോ സംസ്കാരങ്ങൾക്കോ കീഴ്പ്പെട്ടു അതുമായി സമീകരണം പ്രാപിക്കാതെ സഭയെ രക്ഷിക്കുന്നതിനാണ് പാരമ്പര്യം ശ്രദ്ധിക്കുന്നത്. സഭയുടെ കെട്ടുറപ്പു സംരക്ഷിക്കുന്നതിനും സഭയെ നിലനിർത്തുന്നതിനും ഇതു സഹായകമായി ഭവിക്കുന്നു.

www.malankaralibrary.com

a) സഭയുടെ കെട്ടുറപ്പു സംരക്ഷിക്കുന്നു.

ലത്തീൻസഭയിലും പ്രോട്ടസ്റ്റാൻറിസത്തിലും കാണപ്പെടുന്ന കേന്ദ്രഭരണത്തിൻെറ ശക്തിയും ഭരണസംവിധാനവും ഓർത്തഡോക്സിയിലില്ല. അഭിപ്രായവ്യത്യാസങ്ങളിലും കൂടെക്കൂടെയുള്ള കിടമത്സരങ്ങളിലും അവരെ രഞ്ജിപ്പിച്ചു ഒരു സഭയാക്കി നിർത്തുന്ന ഘടകം പാരമ്പര്യത്തോടുള്ള കൂറുതന്നെയാണ്.

b) സഭയെ നിലനിർത്തുന്നു.

അപ്രമാദിത്വത്തിൻെറ ഒരു Magisterium (ബോധനാധികാരം) ഓർത്തഡോക്സ് ചിന്തയിലില്ല. പരിശുദ്ധാത്മാവു എല്ലാ സത്യങ്ങളിലും സഭയെ വഴി നടത്തുന്നുവെന്നു ഓർത്തഡോക്സി കരുതുന്നു. മാറികൊണ്ടിരിക്കുന്ന വ്യവസ്ഥിതിയിലും സംസ്കാരങ്ങളിലും ചിന്താഗതികളിലുംകൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന സഭ എന്നും ഒരേ സഭയായി വിശ്വാസവും ജീവനും സംരക്ഷിക്കയത്രേ പാരമ്പര്യത്തിൻെറ കൃത്യം. സത്യത്തിൻെറ സംരക്ഷണത്തിനു സഭയിലെ വൈദികരും അവൈദികരും കടപ്പെട്ടിരിക്കുന്നു; പൗരസ്ത്യസഭയിലെ വലിയ ചില ദൈവശാസ്ത്രചിന്തകന്മാർ അവൈദികരാണ്. (cfr. Alexander Schmemann, Orthodox Christianity, sign Oct. 1979)

## പാരമ്പര്യബദ്ധമായ ചില ആചാരങ്ങൾ

1. യഹൂദപാരമ്പര്യത്തെ തുടർന്നു ദിവസവും നിർദ്ദിഷ്ട യാമങ്ങളിൽ പ്രാർത്ഥിക്കുന്നു.

2. കിഴക്കുദിക്കിനു പ്രാധാന്യം നല്കുന്നു.

ദൈവാലയം കിഴക്കുപടിഞ്ഞാറായി സ്ഥാപിക്കുന്നു. പ്രാർത്ഥന കിഴക്കോട്ടു തിരിഞ്ഞുനിന്നു നടത്തുന്നു. മൃതദേഹം കിഴക്കുപടിഞ്ഞാറായി വെയ്ക്കുന്നു.

www.malankaralibrary.com

## II. സന്ന്യാസബന്ധിതമായ ആദ്ധ്യാത്മികത

എല്ലാവരും സന്ന്യാസികളല്ലെങ്കിലും "മുന്നമേ ദൈവരാജ്യമന്വേഷിക്കുക" എന്ന പ്രമാണം കാക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. (cfr. Ibid.)

a) സന്ന്യാസികളെപ്പോലെ യാമപ്രാർത്ഥന നടത്താൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നു;

b) നോമ്പു, വർജ്ജന, ഉപവാസം എന്നിവ എല്ലാവർക്കുമുണ്ടു്;

c) പ്രായശ്ചിത്താരൂപിയോടെ കുമ്പിടുന്ന പതിവുണ്ടു്;

d) മെത്രാൻ ധരിക്കുന്ന മസനപ്സാ (ശിരോവസ്ത്രം) ഒരു സന്ന്യാസിയെയാണു് സൂചിപ്പിക്കുന്നതു്;

e) ഞായറാഴ്ചകളിലും പെരുന്നാളുകളിലും എല്ലാവരും ഒന്നുചേർന്നു കാനോനിക പ്രാർത്ഥന ചൊല്ലുന്ന പതിവുണ്ടു്

## III. ഉയിർപ്പുസംഭവത്തിനു മുൻഗണന

ഉയിർത്തെഴുന്നേററ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിനാണു് ആരാധനാജീവിതത്തിൽ മുൻഗണന.

a) ഉത്ഥാനത്തിൻെറ ദിവ്യരഹസ്യത്തിനു നല്കപ്പെടുന്ന പ്രാധാന്യത്തെ അടിസ്ഥാനമാക്കി കുർബ്ബാനസമയത്തു നില്ക്കുക എന്നതു പൗരസ്ത്യസഭയിൽ പതിവായി. "മുട്ടുകുത്തുന്നതു മനുഷ്യവർഗ്ഗത്തിൻെറ വീഴ്ചയേയും നില്ക്കുന്നതു അവരുടെ ഉത്ഥാനത്തേയും" സൂചിപ്പിക്കുന്നു.

b) ആരാധനാവത്സരത്തിൻെറ കേന്ദ്രസ്ഥാനം വഹിക്കുന്നതു് ഉയിർപ്പുപെരുന്നാളത്രേ.

c) ഓരോ ഞായറാഴ്ചയും ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ ഓർമ്മ കൊണ്ടാടുന്നു,

www.malankaralibrary.com

d) ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാർക്കുണ്ടായ അനുഭവം ഇന്നു സുവിശേഷം ശ്രവിക്കുന്ന വിശ്വാസികൾക്കുണ്ടാകണം എന്ന വാസ്തവം വ്യക്തമാക്കുകയാണ് സുവിശേഷവായനയുടെ ആരംഭത്തിലും അവസാനത്തിലുമുള്ള സമാധാനാശംസകൾ.

## IV. പരിശുദ്ധാത്മാവിന്റെ പ്രാധാന്യം

പൗരസ്ത്യ ആരാധനയിൽ വി. കുർബ്ബാനയുടെ സ്ഥാപന വചനങ്ങൾക്കു ശേഷം പ. റൂഹാ ഇറങ്ങി ആവസിച്ച് അർപ്പണം പൂർണ്ണമാക്കാനുള്ള പ്രാർത്ഥനയുണ്ട്. പ. റൂഹായുടെ വരവും വിശ്വാസികളോടു കൂടിയുള്ള സഹവാസവും പവിത്രീകരണവും ശേഷമുള്ള ഭാഗത്തിൽ അനുസ്മരിക്കപ്പെടുന്നു. ദിവ്യബലിയുടെ രഹസ്യം പൂർത്തീകരിക്കപ്പെടുന്നതു് പ. റൂഹായുടെ പ്രവർത്തനം മൂലമാണ്.

# മൂന്ന്

# മലങ്കരസഭ സ്വീകരിക്കുന്ന പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ ചില സവിശേഷചിന്തകൾ

## I. ആരാധനയും സഭാനുഭവവും

സഭാനുഭവത്തിന്റെ പ്രത്യക്ഷപ്രകടനം ആരാധനയിലൂടെയാണ്. "ദൈവാലയത്തിൽ നില്ക്കുമ്പോൾ നാം സ്വർഗ്ഗത്തിൽ നില്ക്കുകയാണ്." (Standing in the church, we stand in Heaven.) ആരാധന സ്വർഗ്ഗീയാനുഭവമാണ്. (cfr. Alexander Schmemann, Orthodox Christianity. Sega Oct. 1979.)

www.malankaralibrary.com

a) "പറുദൈസാതന്നെ വിശുദ്ധർപാപ്പിടം
പറുദൈസാതന്നെ നയവാന്മാർ ദയറാ
പറുദൈസാതന്നെ ഒനുവായർ ഭവനം
പറുദൈസാതന്നെ വാടാത്ത ജീവൻ
പറുദൈസാതന്നെ അക്ഷയ മണവറ
അവകാശിയാകുന്നോർ ധന്യർ"

b) "ശുദ്ധാലയമുൾനാം സഹിതം
വാനോർ സൈന്യം നില്ക്കുന്നു"

c) "തീയല്ലോ—ഇമ്മദ്ബഹാ
തീതന്നെ—പൂജയിതും
തീയിതിനെ—ചുററുന്നു
തീയിനല്ലോ—പരിചരിപ്പു"

## II. ലോകരക്ഷ മനുഷ്യനിലൂടെ

a) മനുഷ്യനിലൂടെ ലോകം രക്ഷിക്കപ്പെടുന്നു. "നിന്നെത്തന്നെ രക്ഷിക്കുക, നിൻെറ ചുററുമുള്ള ആയിരങ്ങൾ രക്ഷിക്കപ്പെടും" (വി. സെറാഫീം). നമ്മൾ വിശുദ്ധിക്കുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു. "പരിശുദ്ധാത്മലബ്ധിക്കുവേണ്ടിയാണു് ക്രിസ്ത്യാനിയുടെ ജീവിതം." (വി. സെറാഫീം)

(cfr. Ibid)

b) വിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

1 "വെളിവിൻതട്ടിൽ വസിക്കും പുണ്യനിധേ, പരിശുദ്ധാ
വേണ്ടാ കഷ്ടത വീൺചിന്തയുമടിയാരിന്നൊഴിക്ക"

2 "ഞങ്ങൾ പുതുതായി രൂപാന്തരപ്പെട്ട വിവേകമുള്ളവരും ജ്ഞാനികളുമായ ആത്മാക്കളോടൊരുമിച്ചു വിശ്വാസമെന്ന യോഗ്യതയുള്ള ദീപങ്ങൾ പിടിച്ചുകൊണ്ടു് പുതിയവരായി പുതിയ ലോകത്തിലേക്കു നയിക്കപ്പെട്ടുവാൻ തക്കവ

www.malankaralibrary.com

ണ്ണും ഞങ്ങൾ നിനക്കു ശ്രേഷ്ഠവും നിർമ്മലവുമായ ആട്ടിൻകൂട്ടമായി ഭവിക്കുമാറാകേണമേ." (സീറോ-മലങ്കര കുർബ്ബാനതക്സാ, Published by Rev. Thomas Pazhoor P. 7.)

3 'ദൈവമേ, നീ പരിശുദ്ധനാകുന്നു' എന്നു ചൊല്ലിക്കൊണ്ടു് ദൈവത്തിന്റെ പരിശുദ്ധിയെ വാങ്ങിക്കുന്നവരായ നാം വിശുദ്ധരാകുവാൻവേണ്ടി ദൈവത്താൽ വേർതിരിക്കപ്പെട്ടവരാണെന്നു അനുസ്മരിക്കുന്നു. (Ibid P. 30)

## III. സഭയും ലോകപ്രശ്നങ്ങളും

ആരാധനയിലൂടെയുള്ള സ്വർഗ്ഗീയാനുഭവം ലോകപ്രശ്നങ്ങളിൽനിന്നുള്ള ഒളിച്ചോട്ടത്തിനല്ല. മനുഷ്യന്റെയും സർവ്വവസ്തുക്കളുടെയും ആത്യന്തികലക്ഷ്യം സഭ അറിയുന്നു. ആരാധനയിലൂടെ സഭ ലോകത്തിന്റെ കൂദാശയാകുന്നു. (cfr. Alexander, of Schmemann, Orthodox Christianity Sign Oct. 1979)

## IV. സഭയും പവിത്രീകരണവും

സഭയുടെലക്ഷ്യം ലോകത്തിന്റെ പവിത്രീകരണമാണു്:

a) വത്സരചക്രം, പ്രതിവാരചക്രം, ദിനചക്രം എന്നീ ആരാധനക്രമങ്ങളിലൂടെ സഭ സമയത്തെ വിശുദ്ധീകരിക്കുന്നു.

b) ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നിവയിലൂടെയത്രേ ഉയിർത്തെഴുന്നേററ കർത്താവിന്റെ നിത്യജീവൻ നല്കി മനുഷ്യനെ വിശുദ്ധീകരിക്കുന്നു.

c) പഴയതിൽനിന്നും പുതിയതിലേക്കുള്ള രൂപീകരണമാണു സഭ. (cfr. Alexander Schmemann, Orthodox Christianity.)

www.malankaralibrary.com

## V. സഭയും സാർവ്വത്രികദർശനവും

ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്ന സഭ സർവ്വസൃഷ്ടിയുമായും ബന്ധത്തിലാകുന്നു. സൃഷ്ടിയുടെ മകുടമായി ദൈവമാതാവിനെയും അതിനുചുററും പരിശുദ്ധന്മാരെയും കാണുകയും ബഹുമാനിക്കുകയും ചെയ്യുന്നു. (cfr. Alexrande Schmemann, Orthodox Christianity.)

a) ആദാമിൻെറയും ഹൗവായുടെയും കാലംമുതൽ ജീവിച്ചിരുന്ന പ്രവാചകന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ, പരേതരായ വിശ്വാസികൾ എന്നിങ്ങനെ നീതിമാന്മാരായ എല്ലാവരേയും ഇവിടെ ഓക്കുന്നു. (സീറോ മലങ്കര കുർബ്ബാന തക്സ, by Rev. T. Pazhoor P. 12)

b) ദൈവമാതാവായ വി. കന്യകയേ, ഞങ്ങൾക്കു വേണ്ടി നീ കരുണ യാചിക്കണമേ. സഹദേന്മാർ നമുക്കു വേണ്ടി പ്രാത്ഥിക്കുവാൻ നമുക്കവരോടു യാചിക്കാം. കത്താവേ, നിന്നിലുള്ള ശരണത്തിൽ മരിച്ചു നിൻെറ വരവിനായി നോക്കിപ്പാക്കുന്നവരെ നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തേണമേ. (Ibid P. 24)

### നാല്

## മലങ്കര സഭയുടെ ഭരണക്രമം അഥവാ നിയമസംഹിത

മാർ ഗ്രീഗോറിയോസ് ബാർ എബ്രായ എന്ന പേരിൽ അറിയപ്പെടുന്ന പൗരസ്ത്യകാതോലിക്കാ ക്രോഡീകരിച്ചിട്ടുള്ള "ഹൂദായകാനോൻ" അത്രേ മലങ്കര ഓത്തഡോക്സു ഗ്രൂപ്പിൻെറ ഔദ്യോഗികകാനോൻ. ഇതിലെ ആദ്യത്തെ പത്തു അദ്ധ്യായങ്ങളാണു പ്രാധാന്യം അഹിക്കുന്നതു. 1 പള്ളിയും അതിൻെറ ഭരണവും; 2 മാമോദീസാ; 3 ദിവ്യമൂറോൻ; 4 കുർബ്ബാന; 5 നോമ്പുകളും പെരുന്നാളുകളും

www.malankaralibrary.com

പ്രാർത്ഥനകളും; 6 ശവസംസ്കാരം; 7 ആചാര്യത്വം; 8 വിവാഹം; 9 മരണപത്രം, 10 അവകാശക്രമം എന്നീ വിഷയങ്ങളെക്കുറിച്ചുള്ളവയാണ് പ്രസ്തുത അദ്ധ്യായങ്ങൾ.

ഓരോ അദ്ധ്യായവും ഉപവകുപ്പു (ഖണ്ഡിക)കളായി വിഭജിച്ചിരിക്കുന്നു. പള്ളിയും അതിന്റെ ഭരണവും എന്ന ഒന്നാം അദ്ധ്യായംതന്നെ ഏഴു വകുപ്പ് (ഖണ്ഡിക) ആയി തിരിച്ചിരിക്കുന്നു. അവ,

ന്യായരഹിതമായ സംഘങ്ങളുടെ ബഹിഷ്കരണം (1-ാം ഖണ്ഡിക); പള്ളിവസ്തുകളും വരുമാനങ്ങളും (2-ാം ഖണ്ഡിക); റിശീസാകളും വഴിപാടുകളും ദാനങ്ങളും (3-ാം ഖണ്ഡിക); കൈകാര്യകർത്താക്കൾ (4-ാം ഖണ്ഡിക); മദ്ബായിലെ ഉപകരണങ്ങൾ (5-ാം ഖണ്ഡിക); ശുദ്ധീകരിക്കപ്പെട്ട മദ്ബഹായെക്കുറിച്ചുള്ള നിയമങ്ങൾ (6-ാം ഖണ്ഡിക), മദ്ബഹാ, പള്ളി, കൂദാശ (7-ാം ഖണ്ഡിക) എന്നിവയത്രേ.

## ഉപസംഹാരം

## മാർ ഈവാനിയോസ് മലങ്കരവിട്ടു പോയിട്ടില്ല.

വിവിധ റീത്തുകൾ അഥവാ തനിമയുള്ള സഭകൾ (Individual churches) സാരാംശത്തിൽ വ്യത്യാസമുള്ളവയല്ല; എങ്കിലും, അവയ്ക്കു ബാഹ്യങ്ങളായ വ്യത്യാസങ്ങളുണ്ട്. ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നിവയിലെല്ലാം ഈ വ്യത്യാസം പ്രകടമാണ്. ഇക്കാര്യങ്ങളിലുള്ള വ്യതിരിക്തത മലങ്കരസഭയുടെ സവിശേഷതകളാണ്. അവയത്രേ ഈ ലേഖനത്തിൽ എടുത്തുകാണിച്ചിട്ടുള്ളതു്. ഈ സവിശേഷതകളുടെ സംരക്ഷണത്തിനു വേണ്ടിയാണ് മലങ്കര റീത്തു നിലകൊള്ളുന്നതു്.

www.malankaralibrary.com

മാർ ഈവാനിയോസ് പാശ്ചാത്യ (റോമാ) രീതി ലോ മറേറതെങ്കിലും പൗരസ്ത്യ രീതിലോ ലയിച്ചിട്ടില്ല. മലങ്കരസഭയുടെ വ്യക്തിത്വത്തെ (ആരാധന, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണക്രമം എന്നിവയിൽ മലങ്കരസഭയ്ക്കുള്ള സവിശേഷതകളെ) സാർവ്വത്രിക സഭയെകൊണ്ടു അംഗീകരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തതു്.

മലങ്കരരീതിയുള്ള തനിമയുള്ള മലങ്കരസഭയാണെന്നു മനസ്സിലാക്കാത്തവർ ഇന്നുമുണ്ടു് "മലങ്കരവിട്ടോടിപ്പോയി", "റോമായിൽ മുഴുകി" "മലങ്കരയെ വഞ്ചിച്ചു" എന്നീ പഴികൾ മാർ ഈവാനിയോസിന്റെ മേൽ ചുമത്തുന്നതു് അത്തരത്തിൽപ്പെട്ടവരാണു്.

"ഒരു ഉന്നത കുടുംബജാതൻ; വിദ്യാസമ്പന്നൻ; ആത്മീയനേതാവു്; ബുദ്ധിശാലി; കർമ്മയോഗി; കേരളത്തിന്റെ വീരസന്താനം; താൻ കണ്ട ദർശനങ്ങൾ മററുള്ളവർക്കു നല്കുന്നതിനു്; അതിലൂടെ സഭയെയും ജനങ്ങളേയും വഴിനടത്തുന്നതിൽ വളരെ തല്പരനായ ഒരാൾ. നൂതനമായ രംഗങ്ങൾ കണ്ടു് ഓടി ഒളിക്കുകയല്ല; അവയെ അഭിമുഖീകരിച്ചു്, സ്വീകരിച്ചു് അനുസരിക്കുന്നതിനുള്ള ധീരതയുള്ള മനുഷ്യൻ. അർത്ഥവത്തായ ജീവിതശൈലിയും നൂതന ജീവിത മര്യാദകളും സഭയിൽ തുറന്ന ആൾ; അതാണു മാർ ഈവാനിയോസ്".

—പീലിപ്പോസ് മാർ ക്രിസോസ്റ്റം

www.malankaralibrary.com

# മാർ ഈവാനിയോസ് മെത്രാപ്പോലീത്താതിരുമനസ്സിലെ സഭാവിജ്ഞാനീയാഭിമുഖ്യങ്ങൾ

Dr. ഗീവറുഗീസ് പണിക്കർ

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സഭയെപററിയുള്ള ചില ആശയങ്ങൾ അദ്ദേഹത്തിൻെറ വാക്കുകളിൽതന്നെ അവതരിപ്പിക്കാനുള്ള ഒരു ശ്രമമാണിത്. മലങ്കര കത്തോലിക്കാസഭ ഈ ജന്മശതാബ്ദി ആഘോഷിക്കുമ്പോൾ മാർ ഈവാനിയോസ് പിതാവ് അടിസ്ഥാനപരമായി എന്തിനായി ജീവിച്ചുവോ, എന്തിനു വേണ്ടി പ്രയാസപ്പെട്ടുവോ അക്കാര്യങ്ങൾ കൂടുതലായി ഉറച്ച മനോഭാവത്തോടുകൂടി, ധൈര്യത്തോടുകൂടി കാര്യക്ഷമമായ രീതിയിൽ സാമൂഹ്യമായും വ്യക്തിപരമായും നടപ്പാക്കുന്നതിനു എന്തു പ്രയാസങ്ങൾ സഹിക്കേണ്ടിവന്നാലും മുമ്പോട്ടു കടന്നുവരാനുള്ള ധൈര്യം പ്രദാനം ചെയ്യുവാൻ ഈ ആശയങ്ങൾക്കു സാധിക്കും എന്നിതിൽ സംശയമില്ല. മലങ്കര കത്തോലിക്കാസഭാസ്ഥാപനത്തിൻെറ ശില്പിയും ഭാഗ്യസ്മരണാർഹനും നമ്മുടെ പിതാവുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താതിരുമനസ്സിലെ സഭാവിജ്ഞാനീയാഭിമുഖ്യങ്ങളെപ്പററി എന്തെങ്കിലും പ്രതിപാദിക്കുന്നതിനു മുൻപ് രണ്ടു മൂന്നു വസ്തുതകൾ സ്മൃതിപഥത്തിലിരിക്കുന്നതു നല്ലതാണു.

1) മാർ ഈവാനിയോസ് പിതാവു ക്രമനിബദ്ധമായവിധത്തിൽ തിരുസഭയെപററി എഴുതുകയോ പ്രസ്താവന നടത്തുകയോചെയ്തിട്ടില്ല. ആഗന്തുകങ്ങളും, അനുഷംഗികവു

www.malankaralibrary.com

ശകലിതവുമായ അദ്ദേഹത്തിൻെറ പ്രസ്താവങ്ങൾ മാത്രമാണു് നമുക്കു് ലഭ്യമായിട്ടുള്ളതു്. എന്നാൽ യഥാർത്ഥ സഭയെ പററിയുള്ള അന്വേഷണങ്ങളും, സഭാവിജ്ഞാനീയാഭിമുഖ്യങ്ങളും അദ്ദേഹത്തിൻെറ ഭൗതികവും, ആത്മീയവും, പ്രായോഗികവുമായ ജീവിതത്തിലെ അന്തർധാരകളായിരുന്നു.

2) മാർ ഈവാനിയോസ് പിതാവു് തിരുസഭയുമായി ഐക്യപ്പെട്ട കാലത്തു് കത്തോലിക്കാസഭയിൽ പ്രായോഗികതലത്തിൽ കൂടുതൽ പ്രബലമായ വിധത്തിൽ നിലവിലിരുന്ന സഭാവിജ്ഞാനീയാഭിമുഖ്യം രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രസ്പഷ്ടമാക്കിയ വിധത്തിലുള്ളതായിരുന്നില്ല. അതായതു് സഭയെന്നുപറഞ്ഞാൽ ദൈവജനമാണെന്നും, സമാനാന്തസ്സുള്ള ഈ ജനത്തിൽ രക്ഷയുടെ പരികർമ്മം നിറവേററുന്നതിനായിട്ടുള്ള, കൗദാശികമായ ക്രമസംവിധാന വൈവിദ്ധ്യങ്ങളാണു് തിരുസഭയിലുള്ളതെന്നും, സാർവ്വത്രികസഭയെന്നാൽ വൈവിദ്ധ്യമുള്ള പല പ്രത്യേക സഭകളുടെ കൂട്ടായ്മ ആണു് എന്നും മററുമുള്ള ആശയങ്ങൾ അന്നു് വേണ്ടവിധത്തിൽ സ്പഷ്ടമാക്കപ്പെട്ടവ ആയിരുന്നില്ല. സഭയുടെ ഏകത്വം വിവിധ പ്രത്യേക സഭകളുടെ കൂട്ടായ്മയിലുള്ള ഏകത്വമാണെന്നും ആ കൂട്ടായ്മയുടെ ഏകത്വം ദൃശ്യമാകുന്നതും, ഉറപ്പിക്കുന്നതും കൂട്ടായ്മയുടെ കേന്ദ്രമായ മാർപ്പാപ്പവഴിയാണെന്നുള്ളതു് ഓർക്കേണ്ട ഒരു കാര്യം ആണു്. സൂചിസ്തംഭസമാനമായ അധികാരകേന്ദ്രത്തിൽനിന്നും അധികാരസംക്രമണം അവരോഹണസമ്പ്രദായത്തിൽ മാർപ്പാപ്പായിൽനിന്നും തിരുസഭയുടെ മററു ഭരണാധികാരികളിലേക്കു് വരികയാണെന്നായിരുന്നു അക്കാലത്തെ ശക്തമായ സങ്കല്പം. ഈ സങ്കല്പം മാററിക്കുറിച്ചതു് രണ്ടാംവത്തിക്കാൻ സൂനഹദോസാണു്

3) തിരുസഭ കാതോലികമാകുന്നതു് ലത്തീൻസഭയുടെ ആരാധനാക്രമങ്ങളോടും ദൈവശാസ്ത്രവിജ്ഞാനീയതയോടും, ഭരണ

www.malankaralibrary.com

സമ്പ്രദായത്തോടും സാധർമ്മ്യം പ്രാപിക്കുമ്പോഴാണെന്നുള്ളതായിരുന്നു ഒരു പ്രബലമായ അന്നത്തെ സങ്കല്പം. കത്തോലിക്കാസഭയുടെ അംഗമാവുക എന്നു പറഞ്ഞാൽ ലത്തിൻകാരനാവുക, ലത്തീനീകരിക്കപ്പെടുക എന്നാണ് പലരും മനസ്സിലാക്കിയത്.

ഈ മൂന്നു കാര്യങ്ങൾ മനസ്സിലാക്കിയെങ്കിൽ മാത്രമേ മാർ ഈവാനിയോസ് പിതാവിന്റെ സഭാവിജ്ഞാനീയാഭിമുഖ്യങ്ങളെ ശരിയായി വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. അദ്ദേഹത്തിന്റെ അഭിമുഖ്യങ്ങളിൽ അന്നു സവിശേഷമായിരുന്ന പലതും രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം സാധാരണമായാണെന്നു നമുക്കു തോന്നാം. ഇപ്രകാരമുള്ള വിലയിരുത്തൽ പശ്ചാത്തലബോധത്തിന് അനുയോജ്യമായിട്ടുള്ളതായിരിക്കുകയില്ല. മാർ ഈവാനിയോസ് പിതാവിന്റെ സഭാവിജ്ഞാനീയാഭിമുഖ്യങ്ങളെ ഞാൻ കാണുന്നതു് താഴെപറയുന്ന നാലു കാതലായ സഭാവിജ്ഞാനീയ തത്വങ്ങളെ കേന്ദ്രീകരിച്ചാണ്.

1) രക്ഷയുടെ കൂദാശയായ പുതിയ നിയമത്തിലെ സഭ രക്ഷാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പഴയനിയമത്തിലെ സഭയുടെ തുടർച്ചയും പൂർത്തീകരണവുമാണ്.

2) സഭയുടെ ദൃശ്യമായ ഏകതയ്ക്കു് പത്രോസിന്റെ പ്രഥമസ്ഥാനീയതയും അദ്ദേഹത്തിന്റെ പിൻഗാമിയായ റോമിലെ മാർപ്പാപ്പായുടെ പ്രഥമസ്ഥാനവും ആവശ്യമാണ്.

3) യാക്കോബായ സഭയിലെ ആരാധനക്രമങ്ങളും കാനോനാകളും മേൽപ്പറഞ്ഞ പ്രഥമസ്ഥാനീയതയെ അംഗീകരിക്കുന്നു.

4) സാർവ്വത്രികസഭയിൽ മാർപ്പാപ്പ തിരുമനസ്സിലെ പരമാധികാരം അംഗീകരിക്കുന്നതും പലവിധ സവിശേഷതകൾ

www.malankaralibrary.com

പ്രത്യേകമായുള്ളതുമായ പ്രത്യേക സഭാവിഭാഗങ്ങൾ ഉൾപ്പെടുന്നു. വേറൊരുവിധത്തിൽ പറഞ്ഞാൽ സാർവ്വത്രികസഭ വിവിധസഭകളുടെ ഒരു കൂട്ടായ്മ ആണ്.

ഈ നാല്പ പ്രധാന കാര്യങ്ങൾ ആണ് മാർ ഈവാനിയോസ് പിതാവിന്റെ പ്രസംഗങ്ങളിൽനിന്നും കത്തുകളിൽനിന്നും എനിക്ക മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. മേല്പറഞ്ഞ ഓരോ വിഷയവും ചുരുക്കമായി മാത്രം നമുക്ക പരിശോധിക്കാം.

1) രക്ഷയുടെ കൂദാശയായ പുതിയ നിയമത്തിലെ സഭ രക്ഷാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പഴയനിയമത്തിലെ സഭയുടെ തുടർച്ചയും പൂർത്തീകരണവുമാണ്.

ബഥനി പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ചിരിക്കുന്ന സഭാവത്സരത്തെ പററിയുള്ള പുസ്തകത്തിൽ തിരുസഭയിലെ വിവിധ പെരുനാളുകളെയും നോമ്പുകളെയും വിശേഷദിവസങ്ങളേയും പററി പ്രതിപാദിക്കുമ്പോൾ പലപ്പോഴും മാർ ഈവാനിയോസ് അവയെയൊക്കെ വിവരിക്കുന്നത് പുതിയനിയമത്തിലെ സഭ പഴയനിയമത്തിലെ സഭയുടെ തുടർച്ചയും പരിപൂർത്തിയുമാണ് എന്നുള്ള നിശ്ചിതപശ്ചാത്തലത്തെ അടിസ്ഥാനമാക്കിയാണ്. യേശുക്രിസ്തു തന്റെ ജീവിതവും, മരണവും, ഉയർത്തെഴുന്നേല്പും തുടർന്നു വന്ന പെന്തക്കുസ്താ ദിവസം ഉണ്ടായ തന്റെ പരിശുദ്ധാത്മദാനവും വഴിയായി രക്ഷയുടെ കൂദാശയായ തിരുസഭയെ ശ്ലീഹന്മാർ വഴി ലോകത്തിൽ സ്ഥാപിച്ചു എന്നുള്ളത് ഈവാനിയോസ് പിതാവിന് പരമബോധ്യം ഉള്ള ഒരുകാര്യം ആയിരുന്നു. അദ്ദേഹം പറയുന്നു:

നമ്മുടെ കർത്താവായ യേശുമിശിഹാ ലോകത്തിലെഴുന്നെള്ളി നമ്മുടെ രക്ഷയ്ക്കുവേണ്ടതായ സകലവും പ്രവ

www.malankaralibrary.com

ന്തിച്ചു. കർത്താവു സ്വർഗ്ഗാരോഹണം ചെയ്തതിന്റെ ശേഷം ഒന്നാമത്തെ പെന്തക്കുസ്താ ദിവസം പരിശുദ്ധ റൂഹായെ ശ്ലീഹന്മാരുടെ മേൽ അയക്കുകയും അന്നു വിശുദ്ധസഭയെ ജനിപ്പിക്കുകയും ചെയ്തു. അന്നു മുതൽ വി. ശ്ലീഹന്മാർ ലോകത്തിന്റെ നാനാ ഭാഗങ്ങളിലും സുവിശേഷം അറിയിക്കുകയും അനേകം ആളുകളെ പഠിപ്പിച്ചു് മാമോദിസാ മുക്കി ക്രിസ്ത്യാനികളാക്കിത്തീർക്കുകയും ചെയ്തു. ഇങ്ങനെ ക്രസ്തിയസഭ പലസ്ഥലങ്ങളിൽ ഉണ്ടായി. (സഭാവത്സരം p. 7)

അദ്ദേഹം വീണ്ടും ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു..." അപ്പോസ്തലന്മാർ പെന്തിക്കുസ്തിയിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചസമയം കർത്താവു് തന്റെ വിശുദ്ധ സഭയെ ലോകത്തിൽ സ്ഥാപിക്കുക ആയിരുന്നു. അതിനു മുൻപുള്ള കർത്താവിന്റെ സകല ശ്രമങ്ങളും വിശുദ്ധസഭ സ്ഥാപിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആയിരുന്നു" (സഭാവത്സരം p.9) കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടശേഷം മാർ ഈവാനിയോസ് പിതാവു് ഡോക്ടർ പഞ്ഞിക്കാരനുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു...

The Catholic Church is the only true and perfect embodiment of historical Christanity, the religion that Jesus Christ brought into the world... The Catholic Church alonefulfills the purpose for which God became man, Viz. the salvation of individuals and society. She alone is the mystical body of Christ on earth. In her alone can men have the assurance that Jesus christ is the way, (She alone) teaches the Truth and gives the life that is in Jesus Christ our Lord and God... The catholic church is the home of the Holy Spirit on earth. (Quoted from The Spiritual life of Mar Ivanios, by Fr. Moolaveetil O. I. C. P.P 168, 169)

www.malankaralibrary.com

(2) സഭയുടെ ദൃശ്യമായ ഏകത്വത്തിനു പത്രോസിൻെറ പ്രഥമ സ്ഥാനിയതയും അദ്ദേഹത്തിൻെറ പിൻഗാമി ആയ റോമിലെ മാർപ്പാപ്പായുടെ പ്രഥമസ്ഥാനവും ആവശ്യമാണു്.

1931 ജനുവരി 31-ാംതീയതി മാർ ഈവാനിയോസ് പിതാവു് ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവാക്കു് ഇപ്രകാരം എഴുതി.

അഭിവന്ദ്യതിരുമേനി, പരിശുദ്ധാത്മാവിന്റെ കാരുണ്യപൂർവ്വമായ പ്രവർത്തനത്തിൽ ശ്ലീഹന്മാരുടെ തലവനായ വിശുദ്ധപത്രോസിൻെറ പിൻഗാമി ആയ മാർപാപ്പാതിരുമനസ്സിലേക്കു ഞാൻ കീഴ്‌വഴങ്ങുകയും, തദ്വാരാ കാതോലികവും വിശുദ്ധവും അപ്പോസ്തോലികവുമായ ഏകസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തിട്ടുള്ളവിവരം അവിടുന്നു് ഇപ്പോൾ കേട്ടിട്ടുണ്ടായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ കർത്താവു് ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു: അതും വി. പത്രോസിന്മേൽ തന്നെയാണുതാനും. ആ സാമ്രാജ്യത്തിൻെറ താക്കോൽ വി. പത്രോസിൻെറ കൈകളിൽ അവിടുന്നു് ഏല്പിച്ചു. സ്വസഹോദരന്മാരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനുള്ള അധികാരവും അവിടുന്നു് പത്രോസിനു നല്കി.

സാർവ്വത്രികസഭയുടെ പരമാധികാരവും അവിടുന്നു് വി. പത്രോസിനെ തന്നെ ഏല്പിക്കുകയും ചെയ്തു. വി. പത്രോസിൻെറ സാക്ഷാലുള്ള പിൻഗാമി റോമിലെ മാർപ്പാപ്പാതിരുമേനിയത്രേ. ക്രൈസ്തവ സാമ്രാജ്യത്തിൻെറ സാർവ്വത്രിക മേൽപട്ടക്കാരനും ദൈവിക നിവേശനത്താൽ ഭൂലോകത്തിലുള്ള സഭയുടെ ഐക്യകേന്ദ്രവും കളങ്കരഹിതമായ കാതോലിക്കാ വിശ്വാസത്തിൻെറ സംരക്ഷകനും ആ തിരുമേനിയാണു്.

www.malankaralibrary.com

നമ്മുടെ കർത്താവു് അവിടുത്തെ സഭയെ പാറമേൽ സ്ഥാപിച്ചു. വി. പത്രോസാകുന്ന പാറമേൽതന്നെ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമി ആയിരിക്കുന്ന സ്ഥിതിക്കു് ആ തിരുമേനിയിൽനിന്നും വേർപെട്ടു് എന്നെങ്കിലും പ്രവർത്തിക്കുവാൻ ഉദ്യമിക്കുന്നവർ മിശിഹായിൽനിന്നും വേർപെട്ടു കഴിയുവാൻ ശ്രമിക്കുന്നവരാണു്. (ഇഞ്ചയ്ക്കലോടി മാർ ഈവാനിയോസു് ജീവചരിത്രം. Vol II P 15-16]

യേശുക്രിസ്തു തന്റെ ശിഷ്യഗണത്തിൽനിന്നു് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. അവരുടെ നേതാവായി പത്രോസിനെ അധികാരപ്പെടുത്തികൊണ്ടു് ഈ പന്ത്രണ്ടു പേരുടെ അടിസ്ഥാനത്തിലും, പത്രോസാകുന്ന പാറമേലും തിരുസഭ സ്ഥാപിച്ചുവെന്നുള്ള ബോദ്ധ്യം ഈവാനിയോസ് പിതാവിനു് ഉണ്ടായിരുന്നു എന്നുള്ളതിനു് സംശയമൊന്നുമില്ല. "സഹോദരന്മാരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനുള്ള അധികാരവും അവിടുന്നു് (യേശുക്രിസ്തു) പത്രോസിനു നൽകി എന്നു മാർ ഈവാനിയോസ്‌പിതാവു് പറയുന്നതിൽനിന്നും യേശുക്രിസ്തു ശ്ലീഹന്മാരെ ഒരു സംഘമായി, വ്യക്തമായ ഒരു സമൂഹത്തിന്റെ രൂപത്തിൽ സംഘടിപ്പിക്കുകയും അവരിൽനിന്നും തിരഞ്ഞെടുത്ത പത്രോസിനെ അവരുടെ നേതാവായി, ഐക്യത്തിന്റെ കേന്ദ്രമായി, യേശുക്രിസ്തു നിശ്ചയിക്കുകയും ചെയ്തു എന്നു് അദ്ദേഹം മനസ്സിലാക്കി എന്നു തെളിയുന്നു. ശ്ലൈഹികസംഘത്തിന്റെ നേതാവായി മിശിഹാ നിയമിച്ച പത്രോസായിരുന്നു ഈ സംഘത്തിനു് നേതൃത്വവും ഐക്യവും നൽകിയിരുന്നതു്. പത്രോസിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരോടും അവരോടു് ഐക്യത്തിൽ കഴിയുന്ന എല്ലാ മെത്രാൻമാരോടും മറേറാരോ മെത്രാനും

www.malankaralibrary.com

ക്ലൂാസ്റ്റ പുലർത്തുമ്പോഴാണ് അപ്പോസ്തോലിക പിൻതുടർച്ച് ഒരു ചരിത്രയാഥാർത്ഥ്യമായി പരിണമിക്കുന്നതെന്ന് മാർ ഈവാനിയോസ് പിതാവിന്ന് സംശയരഹിതമായി അറിയാമായിരുന്നു.

**(3) യക്കോബായ സഭയിലെ ആരാധനക്രമങ്ങളും കാനോനാകളും മേൽപ്പറഞ്ഞ പ്രഥമസ്ഥാനീയതയേയും അപ്പോസ്തോലിക പിൻതുടർച്ചയേയും അംഗീകരിക്കുന്നു.**

ഏലിയാസ് തൃതീയൻ പാത്രിക്കീസു ബാവാക്കു് മാർ ഈവാനിയോസു് പിതാവു് താഴെകാണുന്ന പ്രകാരം എഴുതുന്നു. ''ഭൂമണ്ഡലത്തിൻെറ നാലു കോണുകളിലായി നാലു പാത്രിയക്കീസന്മാർ ഉണ്ടായിരിക്കണമെന്നും അവരുടെ തലവനും നേതാവും റോമിലെ പാത്രിയക്കീസായിരിക്കണമെന്നും മാർ എബ്രയായുടെ ഹൂദായക്കാനോൻ ഏഴാം അദ്ധ്യായം ഒന്നാം പാസ്സോക്കായിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അവിടുന്നും, യാക്കോബായ സഭയും പ്രമാണഗ്രന്ഥമായി സ്വീകരിച്ചിട്ടുള്ള പ്രസ്തുത കാനോനിലെ ഈ വാക്യം ദൃശ്യസഭയുടെ സാമുദായിക ജീവിതവും ഘടനയും ഏകമായിരിക്കണമെന്നുള്ള സിദ്ധാന്തത്തെ വ്യക്തമാക്കുകയാണു ചെയ്യുന്നതു്.

മുട്ടിന്മേൽ നിന്നുകൊണ്ടു് തിരുമേനിയോടു് വിനയപൂർവ്വം ഞാൻ അപേക്ഷിക്കുന്നതിനെ ചെവികൊണ്ടാലും. വേദപുസ്തകത്തിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതും യാക്കോബായസഭയുടെ പ്രമാണത്തിലും മതസംബന്ധമായ പുസ്തകങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളതും ഒട്ടനേകം വാക്യങ്ങളാൽ സുവ്യക്തവുമായ പ്രസ്തുത സത്യത്തെപ്പററി അവധാനപൂർവ്വം ചിന്തിക്കുവാൻ അങ്ങേയ്ക്കു തിരുമുള്ളമുണ്ടായാലും'' (ഇഞ്ചെസ്സുലോടി P. 16)

മോശ പഴയനിയമത്തിൻെറ തലവനും പത്രോസു

www.malankaralibrary.com

പുതിയ നിയമത്തിന്റെ തലവനും ആണെന്നുമുള്ള ആരാധനാക്രമങ്ങളിലെ ഉദ്ധരണികൾ പാത്രിയർക്കീസിനെ ഓർമ്മിപ്പിക്കുകയാണ് മാർ ഈവാനിയോസ് പിതാവ് ചെയ്തിട്ടുള്ളത്.

(4) സാർവ്വത്രിക സഭയിൽ മാർപാപ്പ തിരുമനസ്സിലെ പരമാധികാരം അംഗീകരിക്കുന്നവയും, പലവിധ സവിശേഷതകൾ ഉള്ളവയുമായ പ്രത്യേക സഭാവിഭാഗങ്ങൾ ഉൾപ്പെടുന്ന സാർവ്വത്രികസഭ വിവിധ സഭകളുടെ കൂട്ടായ്മയാണ്. സഭയുടെ ഐക്യം കൂട്ടായ്മയുടെ ഐക്യം ആണ്.

അന്ത്യോഖ്യ മലങ്കര ബന്ധങ്ങളും ചരിത്രത്തിൽനിന്നും മാർ ഈവാനിയോസ് പിതാവിനു മനസ്സിലായി. താൻ ഉൾപ്പെടുന്ന വിഭാഗം സ്വയം ഭരണം ഉള്ളതായിരിക്കണമെന്ന് യവനായ ഓർത്തഡോക്സ് സഭകളിലെ സ്ഥിതി ഈവാനിയോസ് പിതാവ് കണക്കിലെടുത്തതായി കാണുന്നു. ഇഞ്ചക്കലോടി; മാർ ഈവാനിയോസ് (Vol. I P. 177) കാതോലിക്കാ വാഴ്ചയോടനുബന്ധിച്ച് നടത്തിയ ഒരു പ്രസംഗത്തിൽ ഈവാനിയോസ് പിതാവ് പറയുന്നു...

> മലങ്കരയും അന്ത്യോഖ്യായും തമ്മിലുണ്ടായിരിക്കേണ്ട സ്നേഹബന്ധം ഇരു പാട്ടുകാർക്കും ഏററം ഐശ്വര്യകരമായി നിലകൊള്ളുന്നതിനുവേണ്ടി മലങ്കരയിൽ പൂർണ്ണാധികാരത്തോടുകൂടിയ കാതോലിക്കാ സിംഹാസനം സ്ഥാപിക്കപ്പെടുന്നത് ആവശ്യമുണ്ടെന്ന് അബ്ദദ്മിശിഹാ പൂർണ്ണമായി സമ്മതിച്ചു. ഞങ്ങൾ എഴുത്തുകുത്തുകൾ നടത്തിയപ്പോൾ പൂർണ്ണമായ കാതോലിക്കായുടെ അധികാരത്തോടുകൂടി പൗരസ്ത്യ കാതോലിക്കാസിംഹാസനം മലങ്കരയിൽ സ്ഥാപിച്ചുതരണമെന്ന് ഞങ്ങൾ ബാവായോട് അപേക്ഷിക്കുന്നു. (Ibid P. 173)

www.malankaralibrary.com

സഭയുടെ ദൃശ്യമായ ഐക്യത്തിൽ വിശ്വസിച്ചിരുന്ന മാർ ഈവാനിയോസ്സ് പിതാവിന് മലങ്കരയിൽ പൂർണ്ണാധികാരത്തോടുകൂടിയ അതായത് "സ്വഭരണാവകാശമുള്ള കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നത്" സഭയുടെ പൂർവ്വികമായ കാനോനാകൾക്കും, സഭാതത്വങ്ങൾക്കും അനുകൂലമാംവണ്ണം അന്ത്യോഖ്യബന്ധം ദൃഢപ്പെടുത്തുകയും" അന്ത്യോഖ്യാ പാത്രിയർക്കീസുമായി സമാധാനപ്പെടുകയും" ചെയ്യാനുള്ള ശ്രമമായിരിക്കണമെന്ന് മാർ ഈവാനിയോസിന് നിഷ്കർഷ ഉണ്ടായിരുന്നു (Ib d Vol. I, P. 174, 176) കാതോലിക്കാബാവായെ വാഴിച്ചുകൊണ്ട് ഈവാനിയോസ്സ്പിതാവു ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു.

"നമ്മുടെ സമുദായത്തിൻെറ ഇനിയത്തെ ഗതിയെന്ത്? കാതോലിക്കാബാവയെ വാഴിച്ചു കഴിഞ്ഞു. നാം അന്ത്യോഖ്യബന്ധം ഉപേക്ഷിച്ച് ഒരു പുതിയ സമുദായമോ, സഭയോ ആയി തീരുകയാണോ എന്നിങ്ങനെ ചോദിക്കുന്നവർ ഒരു പക്ഷേ ഈ സദസ്സിൽ ഉണ്ടായിരിക്കാം. നാം കാതോലിക്കായെയാണ് അവരോധിച്ചിരിക്കുന്നത്. പാത്രിയർക്കീസിനു താഴെയുള്ള സ്ഥാനിയെയാണ്. ഒരേവിശ്വാസത്തിൽ സഭയുടെ എല്ലാ അംഗങ്ങളും നിലനില്ക്കുകയും ഒരേ സിംഹാസനം തന്നെ പാത്രിയർക്കാസിംഹാസനവുമായി സഭ മുഴുവനും സ്വീകരിച്ചാദരിക്കുകയും ചെയ്യുന്ന കാലത്തോളം...സഭ ഒന്നുതന്നെയാണ് വേറൊരു സഭയല്ല. ഒന്നിലധികം പാത്രിയർക്കാസിംഹാസനങ്ങൾ സ്ഥാപിക്കപ്പെടുന്ന പക്ഷം ഓരോ സിംഹാസനത്തെയും സ്വീകരിക്കുന്ന മേല്പട്ടക്കാരും ജനസമുദായവും ഓരോ പ്രത്യേക സഭക

www.malankaralibrary.com

ളായി തീരുകയാണു്. മലങ്കരയിൽ പാത്രയക്കാ സിംഹാസനം ഇതെവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല. കാതോലിക്കാസിംഹാസനം മാത്രമേ ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ളു. കാതോലിക്കയെ വാഴിച്ചതുകൊണ്ടു് അന്ത്യോഖ്യ സിംഹാസനത്തിൽനിന്നും നാം വേർപെട്ടു എന്നു പറഞ്ഞുകൂടാ. (Ibid vol. I P.171). മലങ്കരസഭയിൽ കാതോലിക്കാസിംഹാസനം സ്ഥാപിച്ചിട്ടുള്ളതു പാത്രിയക്കിസിന്റെ അധികാരത്തെ എതിർക്കാനല്ല. കാതോലിക്ക, പാത്രിയക്കിസിന്റെ കീഴിലുള്ള ഒരു സ്ഥാനിയാണു്. മലങ്കരയിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള ഇരു കക്ഷികളും തമ്മിൽ യോജിച്ചു് കാതോലിക്കാസിംഹാസനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിനു സംഗതിയാവാൻ നാം ശ്രമിക്കുന്നു. (Ibid vol.I P.179-180)

സ്വയശീർഷകത്വമല്ലാത്ത, സ്വയംഭരണാവകാശം അതായതു് പാത്രയക്കിസിന്റെ കീഴിലുള്ള ഒരു സ്ഥാനിയുടെ ഭരണം പാത്രിയക്കിസുമായി ബന്ധപ്പെട്ടുകയെന്നുവച്ചാൽ പാത്രിയക്കിസുമായി കൂട്ടായ്മ(communion)കൊണ്ടു് സഭയുടെ ഐക്യം, പാലിക്കപ്പെട്ടു് ഒരുസഭയായി തീരുകയെന്നതാണർത്ഥം: അങ്ങനെ സഭയുടെ ഐക്യം, സഭാവിഭാഗങ്ങൾ ഐക്യത്തിന്റെ ഒരു കേന്ദ്രവുമായി പുലർത്തുന്ന കൂട്ടായ്മയിൽ നിന്നാണുള്ളതെന്നു് ഈവാനിയോസു് പിതാവിനു് ബോധ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമങ്ങളിൽനിന്നും അനുഭവങ്ങളിൽനിന്നും അദ്ദേഹത്തിനു മനസ്സിലായി ഇപ്രകാരമുള്ള കൂട്ടായ്മയോടുകൂടിയ ഒരു സഭ മലങ്കരയിൽ ഉണ്ടാക്കുക സാധ്യമല്ലെന്നു്. ഇപ്രകാരം കൂട്ടായ്മയുടെ ഐക്യം പുലർത്തുന്ന ഒരു പുതിയ സമുദായം രൂപീകരിക്കാൻ കാതോലിക്കാസഭയുമായുള്ള പുനരൈക്യം കൊണ്ടേ സാധ്യ

www.malankaralibrary.com

മാക്കു എന്നു് മാർ ഈവാനിയോസു് പിതാവു് ചിന്തിക്കാൻ തുടങ്ങി. മലയാളവർഷം 105-ാം മാണ്ടു് മാത്തുള്ളമാപ്പിളയ്ക്കു് എഴുതിയ ഒരെഴുത്തിൽനിന്നും ഇതു വ്യക്തമാകുന്നു...''ഒരു പു തിയ സമുദായം രൂപീകരിക്കുക എന്നു വച്ചാലും അതിലും സ മാധാനവും ഐശ്വര്യവും ഉണ്ടാകുന്ന കാര്യം സംശയമാ ണു്. നമ്മുടെ വിശ്വാസത്തിനു യാതൊരു വ്യത്യാസം കൂടാ തെയും നമ്മുടെ ജനങ്ങളെ മേൽപ്പട്ടക്കാരും, പട്ടക്കാരും ഭരി ക്കാൻതക്ക നിലയിലും സമുദായാംഗങ്ങളുടെ ആത്മീയാഭിമാ നത്തിനോ, സഭയുടെ പൊതുവായ അഭിമാനത്തിനോ ഭംഗം വരാതെയും, റോമൻ കാത്തോലിക്കാസഭയുമായി പുനരൈ ക്യം സാധ്യമാണോയെന്നു ചിന്തിക്കുകയും സ്നേഹിതരായ പലരോടു സംസാരിക്കുകയും ചെയ്തിട്ടുണ്ടു്. (ഇഞ്ചെയ്ക്കലോടി മാർ ഈവാനിയോസു് P.368) ഈ രീതിയിൽതന്നെ വക്കീ വൈദ്യനും മിസ്സു് ബ്രൂക്കു്സ്മിത്തിനും ഉള്ള എഴുത്തുകളിലും പ്രതിപാദിച്ചിട്ടുണ്ടു്.

കാത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മ മാത്രമാണു് യാ ക്കോബായ സഭയുടെ പുനരുദ്ധാരണത്തിന്റെ മാർഗ്ഗം എന്നു് മാർ ഈവാനിയോസു്പിതാവിനു് പരമ ബോധ്യം കൈവ രികയാണുണ്ടായതു്. മലയാള വർഷം 106-ൽ മാമ്മൻമാ പ്പിളയ്ക്കു അയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതുന്നു...

ഞാൻ ജനിച്ചു വളർന്ന സമുദായത്തിന്റെ പുനരു ദ്ധാരണവും അഭ്യുന്നതിയുമെന്ന ഏക ലക്ഷ്യത്തെ ലാ ക്കാക്കി അതിനെ ദൈവസന്നിധിയിലേക്കാനയിക്കു വാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. സ്വാർത്ഥപര മായ എന്തെങ്കിലും ഉദ്ദേശം ഇക്കാര്യത്തിൽ എന്നിൽ നിഴലിച്ചിട്ടു പോലുമില്ല എന്നുള്ള പരമാർത്ഥം നിങ്ങ ളെ ഞാൻഅറിയിച്ചുകൊള്ളുന്നു. ചാരിത്രികമായ ക്രി സ്തുമതത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ ക്രൈസ്ത വ ലോകത്തിന്റെ പുനരൈക്യം ആവശ്യമാണെന്നു ഞാൻ സുദൃഢം വിശ്വസിക്കുന്നു. റോമിനെ ഉപേക്ഷി

www.malankaralibrary.com

ച്ചുകൊണ്ടു് ഇപ്രകാരം ഒരു പുനരൈക്യം സാധ്യമല്ലെന്നു് എനിക്കു പരിപൂർണ്ണ നിശ്ചയമുണ്ടു്. കാരണം ഈ കാര്യത്തിൽ ഏററം പ്രധാന ഘടകമായി നിലകൊള്ളേണ്ടതു് റോം ആണെന്നുള്ളതത്രേ. ഇതിനുവേണ്ടി എന്നെ ബെലി അർപ്പിക്കുന്നതിനു് ദൈവത്തിന്റെ അത്രുപി ഇക്കാലയളവിൽ ശക്തിയായി എന്നെ പ്രേമിച്ചുകൊണ്ടിരിക്കുന്നു. മഹത്തായ ആദർശത്തെ ലക്ഷ്യമാക്കിയുള്ള ഉദ്ധാരക ശക്തിക്കുമാത്രമേ ഏതൊരു സമുദായത്തേയും രക്ഷിക്കുന്നതിനു സാധിക്കുകയുള്ളു. താദൃശ്യമായ ഒരാദർശം കാണിച്ചു കൊടുക്കുന്നതിനായി ദൈവം എന്നെ വിളിക്കുന്നു എന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു...റോമായുമായി നടത്തിയ കത്തിടപാടുകളിൽ ദൈവനാമ മഹത്വവും യാക്കോബായ സമുദായത്തിൻെറ ഉദ്ധാരണവും, മാർത്തോമാശ്ലീഹായുടെ അധ്യാത്മിക സന്താനങ്ങളുടെ പുനരൈക്യവും മാത്രമേ ഞാൻ ലക്ഷ്യമാക്കിയിട്ടുള്ളു. നമ്മുടെ ആചാരനുഷ്ഠാനങ്ങളും, ആരാധനാക്രമങ്ങളും അംഗീകരിച്ചും സംരക്ഷിച്ചും നമ്മുടെ പട്ടത്വത്തിൻേറയും മെത്രാഭിഷേകത്തിൻേറയും സാധുത്വം സ്വീകരിച്ചുകൊണ്ടുള്ള പുനരൈക്യത്തിനു വേണ്ടിയാണു് ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. അവയെല്ലാം ഇപ്പോൾ റോമിൽ നിന്നു് അംഗീകരിച്ചു ലഭിച്ചു കഴിഞ്ഞിരുന്നു... റോമുമായുള്ള എഴുത്തു കുത്തുകളിൽ കാതോലിക്കാസിംഹാസനത്തിൽ തുടർച്ചയായ നിലനില്പും മെത്രാൻ കക്ഷിയുടെ ഒന്നടങ്കമുള്ള യോജിപ്പുമാണു് നാം ഉദ്ദേശിച്ചിരുന്നതു്. അങ്ങനെ പഴയകൂർ പുത്തൻകൂർ സുറിയാനിക്കാരായ സകലരുടേയും യോജിപ്പിനുള്ള ഒരു മാർഗ്ഗം തുറന്നിടണമെന്നത്രേ ഞാൻ ആഗ്രഹിച്ചതു്" (ജീവചരിത്രം ഇലോടി മാർ ഈവാനിയോസു് Vol. P. 409)

www.malankaralibrary.com

സാർവ്വത്രികസഭ ഏകം ആയിരിക്കണം അല്ലെങ്കിൽ ദേശിയസഭകൾ സ്വയം ഭരണമുള്ളതായിരിക്കണം. അതുകൊണ്ടു് ഈ സഭകൾ കൂട്ടായ്മവഴി സാർവ്വത്രികസഭയായിതീരണം. ഇക്കാര്യങ്ങൾ ഒക്കെ ആവശ്യമാണെന്നു് മാർ ഈവാനിയോസ് പിതാവിനു് ബോധ്യം ഉണ്ടായിരുന്നു. ഏകത്വവും സ്വയംഭരണവും നിലനിർത്തുന്നതുവഴി റോമാസഭയുമായി യോജിച്ചു് ഏകസഭ ആകുകയാണ വേണ്ടതെന്നു് വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസുമായുള്ള സംഭാഷണത്തിൽ ഈവാനിയോസു് പിതാവു് പറയുകയുണ്ടായി. "ഞാൻ റോമ്മായിൽ പോകാൻ നിശ്ചയിച്ചിട്ടില്ല (എന്നു പറഞ്ഞാൽ ലത്തിൽസഭയിൽ പോകാനെന്നർത്ഥം) എന്നാൽ മാർപ്പാപ്പായും, പാത്രയക്കീസും, തിരുമേനിയും നാം എല്ലാവരുംകൂടെ യോജിച്ചു് കർത്താവിൻെറ ഏകസഭയായിതീരണം. ഈ വഴക്കും ഭിന്നതകളും ദൈവികമല്ല. [cf. Ibid Vol.I p. 350]

മലങ്കരസഭയും, സ്വയം ഭരണവും അതെസമയം മാർപ്പാപ്പായുമായി കൂട്ടായ്മയും വേണമെന്നതു് പുനരൈക്യ ആലോചനയുടെ ഒരു ഭാഗമായിരുന്നു. പുനരൈക്യ ആലോചനയെപററിയുള്ള ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു...

> മാർപ്പാപ്പാ തിരുമനസ്സിലെ പരമാധികാരം സമ്മതിക്കുന്നതും, സാർവ്വത്രികസഭയിൽ ഉൾപ്പെട്ടതുമായ ഒരു പ്രത്യേക വിഭാഗമായി കഴിഞ്ഞുകൂടാനും, ഇതപര്യന്തം ഉപയോഗിച്ചുവന്നിട്ടുള്ള ആരാധനാരീതികളും മതകർമ്മങ്ങളും മേലിലും നടത്തികൊണ്ടു പോകുവാനുമുള്ള അനുമതിയാണു് ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതു്......ക്രൈസ്തവസഭയുടെ സാക്ഷാൽ ഉടൽ സാർവ്വത്രിക സഭയാണെന്നുള്ളതു് നിർവ്വാദമത്രേ. സാക്ഷാൽ തായ്ത്തണ്ടിൽനിന്നും ഛേദിക്കപ്പെടുന്ന യാതൊരു ശാഖയ്ക്കും ജീവശക്തി ലഭിക്കാവുന്നതല്ല. ഈ

www.malankaralibrary.com

സാധാരണതത്വം ക്രൈസ്തവസഭയിലെന്നപോലെ മറ്റെവിടെയെങ്കിലും കാണുന്നുണ്ടോ എന്നു സംശയം. അജ്ഞതകൊണ്ടോ, ദുരഭിമാനപ്രസക്തിയാലോ, അല്ലെങ്കിൽ ദുസ്വാതന്ത്ര്യകാംക്ഷ നിമിത്തമോ മാത്രം സാർവ്വത്രികസഭയിൽനിന്നും ഇതര ക്രിസ്ത്യാനികൾ അകന്നു നില്ക്കുന്നു എന്നു നാം വിചാരിക്കുന്നുള്ളൂ. ഈ വിധത്തിൽ ക്രൈസ്തവസഭയുടെ അന്തർഭാഗത്തേക്കു നാം സൃഷ്ടി പതിപ്പിച്ചിട്ടുണ്ടെന്നു തുറന്നുപറയട്ടെ. അതിന്റെ ഫലമത്രേ സാർവ്വത്രികസഭയുമായുള്ള പുനരൈക്യ ആലോചനയെന്നു പറയാം. നമ്മെപ്പോലെ യാക്കോബായസഭയിൽ ജനിച്ചുവളർന്നവരാണെങ്കിലും വേറെ ചിലർക്കും ഈ ഒരു ഉൾബോധം ഉണ്ടായിട്ടുള്ളതായി നിങ്ങളിൽ ചിലരെങ്കിലും അറിഞ്ഞിരിക്കണം [cf. ഇഞ്ചെയ്ക്കലോടി, മാർ ഈവാനിയോസ് Vol. P. 307-368]

സാർവ്വത്രികസഭ സ്വയംഭരണമുള്ള പ്രത്യേക സഭകളുടെ കൂട്ടായ്മ ആണെന്നും, ആ കൂട്ടായ്മയുടെ കേന്ദ്രമായ മാർപ്പാപ്പായാണ് സഭയുടെ ഐക്യത്തിന്റെ ദൃശ്യമായ കേന്ദ്രമെന്നും, അടയാളമെന്നുമുള്ളതു് മാർ ഈവാനിയോസ് പിതാവിനു ബോധ്യമായി. അതിന്റെ ഫലമായിട്ടാണ് മലങ്കര കത്തോലിക്കാസഭ ഉളവായതു്. ഇതുവരെ പ്രതിപാദിച്ച നാലുകാര്യങ്ങളും മലങ്കര കത്തോലിക്കാസഭയുടെ അംഗങ്ങൾ കൂടുതൽ അഗാധമാക്കുകയും, അറിയുകയും അതനുസരിച്ച് മലങ്കരസഭയെ വളർത്തുകയും വേണം. ആരാധനക്രമങ്ങൾ, ഭരണക്രമം, ദൈവവിജ്ഞാനീയാഭിമുഖ്യങ്ങൾ, ആദ്ധ്യാത്മിക ജീവിതം, ഇവയൊക്കെ നാം കൂടുതലായി അറിയുകയും അതനുസരിച്ച് മലങ്കര കത്തോലിക്കാസഭയെ അതിന്റെ പൂർണ്ണവികസനത്തിൽ എത്തിക്കുന്നതിനുവേണ്ടി എല്ലാ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായാലും സഹിക്കാൻ മലങ്കര കത്തോലിക്കാസഭയുടെ മക്കൾക്ക് കടമയുണ്ട്.

www.malankaralibrary.com

ഇപ്പോൾ ഓർത്തഡോക്സ് വിഭാഗം, ഓർത്തഡോക്സ് ചർച്ച് ഓഫ് ഇൻഡ്യ എന്ന സ്വയം സംബോധന ചെയ്യുന്നു. സ്ഥാപിക്കാൻ ശ്രമിക്കുന്ന സ്വതന്ത്രസഭാവാദം, സ്വയംശീർഷകത്വം ആ സഭയുടെതന്നെ സഭാവിജ്ഞാനീയാഭിമുഖ്യങ്ങൾക്കു വിരുദ്ധമാണു്. ദൃശ്യങ്ങൾ ആയ സ്വതന്ത്ര ശിരസ്സുകൾ ഉള്ള സഭകൾക്കു ദൃശ്യമായ ഒരു ശിരസ്സുണ്ടാകാതെ ഏകമാകുവാൻ സാധിക്കുകയില്ലെന്നുള്ളതു് ചിന്തിക്കുന്നവർക്കു മനസ്സിലാകും. ആ ദൃശ്യമായ ഒരു ശിരസ്സ്, അതായതു് ദൃശ്യമായ ക്രിസ്തു മാത്രം ശിരസ്സായാൽ മതി എന്നു പറയുമ്പോൾ ആ കാരണംകൊണ്ടുതന്നെ ഒരു സ്വതന്ത്രസഭക്കും ദൃശ്യമായ ഒരു ശിരസ്സ് ആവശ്യമില്ലെന്നു പറയുന്നതിൽ തെററില്ലല്ലോ. ഓരോ ഇടവകയും, ഓരോഘടകവും അദൃശമായ ഒരു ശിരസ്സിനോടു ബന്ധപ്പെട്ടുമ്പോൾ ഓരോ ഇടവകയും ഓരോ രൂപതക്കും ഒരു ശിരസ്സിൻെറ ആവശ്യം ഇല്ല എന്നു വരും. അങ്ങനെ സ്വയശീർഷകത്വവാദം അതിൽതന്നെ ആത്മഹത്യാപരമാണു്. സഭയുടെ ഏകതയുടെ വിശ്വാസത്തിനു് വിരുദ്ധവുമാണു്. റഷ്യൻ ഓർത്തഡോക്സ് സഭയിലെ ദൈവശാസ്ത്രജ്ഞനായ അലക്സാണ്ടർഷ്മമാൻ ഇപ്രകാരം പറയുന്നു. (റഷ്യൻ ഓർത്തഡോക്സ്സഭ ഓട്ടോസെഫലിയിൽ ഔദ്യോഗികമല്ലങ്കിലും പ്രായോഗികമായ നിലയിൽ വിശ്വസിക്കുന്ന സഭയാണു്. അതിനു് അവിടുത്തെ തിയോളജിയൻസ് എതിരാണു്) ...the opposition of the visible structure of the invisible Christ leads inescapably to the protestant diverce between a visible and human church which is contiegent, relative, and changing and an invisible church in heaven......this idea in orthodox apologeties, hatt the church can have no visible head, because Chirst is her invisible head is theological nonsense......if applied consisteatly this idea should eliminate the necessity of the visible head of each local church is the bishop.

www.malankaralibrary.com

Infaet consistently it should eliminate a visible head for a so called autocephalous churchitse ഇപ്പോൾ ജീവിച്ചിരിക്കുന്ന ഒരു ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞന്റെ വാക്കുകൾ ആണിത്.

ഇപ്പോൾ 'ഭാരതീയ ഓർത്തഡോക്സ്സഭ' (the orthadox church of India) എന്ന പേരിൽ ഒരു ദേശീയസഭയായി(national church) അറിയപ്പെടാൻ ആഗ്രഹിക്കുന്ന ക്രിസ്തീയവിഭാഗം അവരുടെ സ്വന്തം പാരമ്പര്യത്തിലും ആരാധനാക്രമങ്ങളിലും കനോനാകളിലും ഉള്ള സഭാവിജ്ഞാനീയാഭിമുഖ്യങ്ങൾ ഉപേക്ഷിക്കുക മാത്രമല്ല ചെയ്തിരിക്കുന്നത്, പ്രത്യുത സഭാധികാരസംവിധാനം കേവലം സ്വാഭാവികമായ ലൗകികാധികാരസംവിധാനക്രമത്തിന് സമാനമാക്കി തീർക്കുകയും ചെയ്തിരിക്കുകയാണ്. ഷ്മൊൻ യവനായ ഓർത്തഡോക്സ്സഭകളുടെ സ്വയംശീർഷകവാദത്തെപററി പറയുന്നതു് ഈ സഭയ്ക്കും പ്രസക്തമാണ്, അദ്ദേഹം പറയുന്നു. "They have now submitted themselves to the universal ecclesiology which is a Pemanant temptation, because in the last analysis it is a natural one; being the product of naturalisation of christianity is adaptation to the line after the rudiments of the world and not after Christ This is the beginning of an ecclesiological disease observing the reality of the Church and People of God and the church of God and the body of christ anifested and edified at every place" മേൽപ്പറഞ്ഞ സഭാസംബന്ധമായ അസുഖത്തിന് പരിഹാരമാർഗ്ഗം മാർ ഈവാനിയോസ് പിതാവു് കണ്ടുപിടിച്ചു. തത്വം നടത്തിയിട്ടുള്ളതും സ്വയഭരണാവകാശമുള്ളതും, മാർപ്പാപ്പായുടെ പ്രഥമ സ്ഥാനീയത അംഗീകരിക്കുന്നതുമായ മലങ്കര കത്തോലിക്കാസഭയുടെ സ്ഥാപനം.

www.malankaralibrary.com

മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപനം സാധിച്ച തന്ന മാർ ഈവാനിയോസ് പിതാവിന്റെ സഭാവിജ്ഞാനിയാഭിമുഖ്യങ്ങളെപ്പററി നമുക്കു പഠിക്കാം. അതനുസരിച്ച് നമ്മുടെ സഭയെ വികസിപ്പിച്ചു വളത്തുവാൻ, ആത്മിയജീവിതം വഴിയായും, സഭാപരമായ പരിശ്രമങ്ങൾ വഴിയായും നമുക്കു ശ്രമിക്കാം. നാം കത്തോലിക്കാസഭയിൽ നമ്മുടെ സ്വയംഭരണാധികാരത്തിനു വേണ്ടിയാണ് നിലനില്ക്കുന്നതെന്ന് മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളിൽനിന്നും നമുക്കു മനസ്സിലായി. പക്ഷേ ഇന്നു മലങ്കര കത്തോലിക്കസഭയുടെ അംഗങ്ങൾ ആയ നമുക്ക് കത്തോലിക്കാസഭയിൽ അങ്ങനെയുള്ള സ്വാതന്ത്ര്യം പൂണ്ണമായി ലഭ്യമായിട്ടില്ല എന്നു പരമാത്ഥം നാം ഒരിക്കലും വിട്ടുകളയാൻ പാടില്ല. ഈ ഭാരതത്തിൽ കേരളത്തിനു വെളിക്കു പോകുവാൻ നമുക്കവകാശമോ അതിനുവേണ്ടിയുള്ള അനുമതിയോ ലഭ്യമായിട്ടുള്ളതായി വിശ്വാസികൾക്കു പലക്കും അറിയാൻ പാടില്ല എന്നതാണ് ഒരു പരമാത്ഥം. അക്കാര്യം നാം ഒക്കേക്കേണ്ടതാണ്. അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ഒരോരുത്തരുടേയും കടമയാണ്. അതിന് മലങ്കര കത്തോലിക്കാ സഭാംഗങ്ങൾ ആയ നമ്മെ ഓരോരുത്തരേയും സഭയുടെ മണവാളനായ ക്രിസ്തു സഹായിക്കട്ടെ; പരിശുദ്ധാത്മാവിന്റെ ശക്തി യേശുക്രിസ്തു പ്രദാനം ചെയ്യട്ടെ. അങ്ങനെ ഒരു കത്താവും ഒരു വിശ്വാസവും ഒരു മാമോദിസായും വഴിയായി പരിശുദ്ധാത്മാവിന്റെ ഐക്യത്തെ കാത്തു സൂക്ഷിക്കുവാൻ നമുക്കോരോരുത്തക്കും ഇടയാകട്ടെ.

www.malankaralibrary.com

# മാർ ഈവാനിയോസ് — ഒരു മനുഷ്യസ്നേഹി

പ്രൊഫ. ജോർജ്ജ് ഓണക്കൂർ

മാർ ഈവാനിയോസ് തിരുമേനിയെ കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ലെങ്കിലും വളരെയധികം അദ്ദേഹത്തെ അറിയാൻ ശ്രമിച്ച ഒരാളാണു ഞാൻ; എൻെറ ആദ്ധ്യാത്മിക ജീവിതത്തിൻെറ താഴ്വര ആ മഹാപർവ്വതത്തിൻെറ അടിവാരത്തിൽ നിന്നാണ്. ആ നിലയിൽ ആലോചിക്കുമ്പോൾ ഒരു പക്ഷേ ജീവിതത്തിലെ എല്ലാ ഉയർച്ചകൾക്കും ഞാൻ ഏററം അധികം കടപ്പെട്ടിരിക്കുന്ന ഒരു മഹാനെ പററിയുള്ള ഓർമ്മകൾ പങ്കുവയ്ക്കുന്നത് തികച്ചും ആത്മാർത്ഥമായ ഒരനുഭവം ആണ്. പുതിയ വിഷയങ്ങൾ ഒന്നും അവതരിപ്പിക്കുന്നില്ല. അഭിവന്ദ്യ പിതാവിനെപററി എത്രയോ അധികം പറയുകയും, എഴുതുകയും ചെയ്തിട്ടുണ്ട്. പക്ഷേ മഹാന്മാരായ വ്യക്തികളുടെ ജീവിതം സാഗരത്തിനു തുല്യമാണെന്നു പറയാറുണ്ട്. ഓരോ പ്രഭാതത്തിലും, അല്ലെങ്കിൽ ഓരോ സന്ധ്യയിലും നാം വീക്ഷിക്കുന്ന അവസരത്തിൽ പുത്തനായ ഒന്ന് എന്ന നിലയിലാണ് സമുദ്രം നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുക. ഇന്നലെ കണ്ട കടലല്ലേ ഇനി എന്തിനു കാണുന്നു എന്ന് ഒരിക്കലും നാം സംശയിക്കാറില്ല. മാർ ഈവാനിയോസ് തിരുമേനിയെക്കുറിച്ചും ഇതുതന്നെ പറയാം. ഓരോ ദിവസവും നാം അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കുമ്പോൾ ഓരോ പുതിയ രൂപം നമ്മുടെ മുന്നിൽ പ്രത്യക്ഷമാകുന്ന അതിഹൃദ്യമായ അനുഭവം നമുക്കുണ്ടാകുന്നു. എത്ര പറഞ്ഞാലും, എത്ര ചിന്തിച്ചാലും, എത്രതന്നെ പഠി

www.malankaralibrary.com

ക്കാൻ ശ്രമിച്ചാലും പുതിയ പുതിയ ഭാവങ്ങൾ ആജ്ജിച്ചു കൊണ്ടു് വരുംതലമുറകളെ അമ്പരിപ്പിക്കുന്ന അസാമാന്യമായ ഒരു പ്രതിഭാ വ്യക്തി ശബ്ദം ആ മഹാപുരുഷനുണ്ടെന്നു ഞാൻ കണക്കാക്കുന്നു. ഇതു് ഒരു അത്ഭുതകരമായ പ്രതിഭാസം ആണു്. എന്റെ ലേഖനത്തിന്റെ തലക്കെട്ടു് "മാർ ഈവാനിയോസ് ഒരു മനുഷ്യസ്നേഹി" എന്നതാണു്. വളരെ ലളിതമായ ഒരു വാക്കു്, ആരെക്കുറിച്ചും നമുക്കു പറയാവുന്ന ഒരു വാക്കു്;–മനുഷ്യസ്നേഹി...

ആർദ്രതയുടെ ഉറവുകൾ ആണു് മനുഷ്യമനസ്സിനെ മഹത്തരം ആക്കുന്നതു്. സുന്ദരമായ കണ്ണുതലങ്ങളിൽ വ്യാപരിക്കുകയും കരുണനിറഞ്ഞ ഹൃദയഭാവം കാത്തുസൂക്ഷിക്കുകയും ചെയ്യുക സാധാരണക്കാർക്കു് ഒരിക്കലും സാധിക്കുകയില്ല. ലൗകികവിജയത്തിന്റെ പടവുകൾ ചവുട്ടികയറാൻ പ്രയത്നശാലികൾക്കു കഴിഞ്ഞു എന്നു വരാം. വലിയ മേഖലങ്ങൾ ജീവിതത്തിൽ അവർ സ്വന്തമാക്കി തുടങ്ങുകയാണു്. പക്ഷേ ശാശ്വതമായ യശസ്സിനുള്ള അർഹത മത്സരഓട്ടത്തിലെ താല്ക്കാലികമായ സ്ഥാനലബ്ധിയുന്ന്യമാണോ? അല്ലന്നാണു് അനുഭവങ്ങൾ നല്കുന്ന സാക്ഷ്യം. നാളുകൾ പൊട്ടിവിടരുമ്പോൾ നെല്ലും പതിരും വേർതിരിയുന്നു. മഹത്വത്തിന്റെ യഥാർത്ഥമുഖം പ്രത്യക്ഷമാകുന്നു. വെട്ടിപ്പിടിച്ച ജനപദങ്ങളുടെ വൈകല്യം അല്ല അതിനു നിദാനം അതിനിടയിൽ പ്രകടമാകുന്ന കാരുണ്യം ആണു്. സ്നേഹവായ്പാണു്. യുദ്ധങ്ങൾ ജയിച്ച എത്ര രാജാക്കന്മാരുടെ കഥകൾ ഉണ്ടു് ലോകത്തിൽ? പക്ഷെ യുദ്ധത്തെ ഓർത്തു കരഞ്ഞതു് ഒരാൾമാത്രം, മഹനായ അശോകൻ. ആ കണ്ണീരിന്റെ തിളക്കത്തിൽ അനശ്വര ചൈതന്യം ആജ്ജിച്ചുകൊണ്ടു് ആ ചക്രവത്തി നമ്മുടെ ഹൃദയസാമ്രാജ്യത്തിന്റെ അധിപനായി വാഴുകയും ചെയ്യുന്നു.

www.malankaralibrary.com

മഹത്തായ മനുഷ്യസ്നേഹത്തിന്റെ തേൻ കനിയുന്ന മനോഹരപുഷ്പം ആയിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ഹൃദയം. അതിന്റെ ഓരോ ഇതളും വിടർന്നതും അനന്യതമമായ ഈശ്വരാഭിമുഖ്യത്തിന്റെ പ്രകാശരശ്മികൾ പററിയാണ്. കുട്ടിക്കാലത്തുതന്നെ അനുപമമായ ദൈവഭക്തി കൊണ്ടു് ആ ഹൃദയഭാവം പ്രകാശപൂർണ്ണമായിരുന്നു എന്നു് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. ഇഞ്ചയ്ക്കലോടി തന്റെ പുസ്തകത്തിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു. "ബാല്യകാലത്തുതന്നെ ദൈവാശ്രയത്തിലും പ്രാർത്ഥനയിലും അതീവ താല്പര്യം പ്രകടിപ്പിച്ചിരുന്നതിനാൽ എവരുടേയും സ്നേഹത്തിനു് ബാലൻ പാത്രീഭൂതനായി. ദേവാലയത്തിൽ പോകുന്നതിനു്, പ്രാർത്ഥിക്കുന്നതിനു്, വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിനു് കീവറീച്ചൻ പ്രദർശിപ്പിച്ച ശുഷ്കാന്തി അനന്യസാധാരണമായ ഒന്നുതന്നെ ആയിരുന്നു. സ്വഭവനത്തിൽനിന്നു് പ്രതിദിനം രാവിലെ സ്കൂളിലേക്കു പോകുമ്പോഴും അവിടെനിന്നു മടങ്ങുമ്പോഴും പുതിയകാവു് ദേവാലയത്തിൽ കയറി കുറെസമയം പ്രാർത്ഥിക്കുക പതിവായിരുന്നു. ഭക്ഷണം കഴിക്കുന്നതിനു് മുൻപും പിൻപും കുരിശുവരച്ചു് പ്രാർത്ഥിക്കുക ചെറുപ്പംമുതൽതന്നെ ഒരു പതിവായി കീവറീച്ചൻ സ്വീകരിച്ചിരുന്നു." ഈ സ്വഭാവവിശേഷത്തിന്റെ ആദിബീജങ്ങൾ ക്രമേണ വളർന്നു വികസിച്ചു് സ്വയം ശാന്തിയുടെ തളിർ കണ്ടെത്തുകയും മററുള്ളവക്കു് ഒരു മാതൃക ആയിതീരുകയും ചെയ്തു എന്നതാണു് യാഥാർത്ഥ്യം. ഏതു നിസ്സാര വസ്തുവിലും ഈശ്വരനെ ദർശിക്കുക, അതിന്റെ നേരെ ആദരപൂർണ്ണമായ മനോഭാവം പുലർത്തുക ഉൽകൃഷ്ടമായ ദിവ്യബോധത്തിന്റെ നിദർശനമാണിതു്. മാർ ഈവാനിയോസ് തിരുമേനിയുടെ മനുഷ്യ സ്നേഹത്തിന്റെ ജീവധാര ഈ പുണ്യഭൂമിയിൽനിന്നു് ഉറവയെടുത്തു് യഥാർത്ഥമായ ദൈവസ്നേഹം, ഉച്ചനീചചിന്തകൾ വെടിഞ്ഞു്

www.malankaralibrary.com

എല്ലാ മനുഷ്യരെയും ഒരുപോലെ ദർശിച്ചു് ആദരിക്കാനുതകുന്ന ഹൃദയവിശാലത അദ്ദേഹത്തിനു പ്രദാനം ചെയ്തു. തനിക്കു് ആജ്ജിക്കാനായ ഉന്നതവിദ്യാഭ്യാസത്തിന്റെ ഉജ്ജ്വലശോഭകൾ ആ മനോഭാവത്തെ സങ്കുചിതമാക്കാതിരുന്നില്ല. സെറാംപൂർ കോളേജിലെ പ്രൊഫസർ ആയി നിയമനം സ്വീകരിക്കുന്നതിനു് മാർ ഈവാനിയോസ് സന്നദ്ധത പ്രകടിപ്പിച്ച സാഹചര്യം ഇവിടെ അനുസ്മരിക്കേണ്ടതാണു്. സ്വന്തം ഉൽക്കർഷേച്ഛ ആയിരുന്നില്ല അതിനു നിദാനം. മറിച്ചു് സമർത്ഥരായ കേരളീയ യുവാക്കളെ അവിടെ പ്രവേശിപ്പിച്ചു് ഉന്നത വിദ്യാഭ്യാസം ഏകണമെന്ന തീവ്രാഭിലാഷം ആയിരുന്നു. ഈ ലക്ഷ്യനിർവ്വഹണത്തിനു് സ്വന്തം വേതനത്തിന്റെ സിംഹഭാഗവും അദ്ദേഹം വിനിയോഗിയ്ക്കുകയും ചെയ്തു. പിൽക്കാലത്തു് ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സേവനം അർപ്പിച്ച ശ്രേഷ്ഠവ്യക്തികൾ പലരും ആ കാരുണ്യധാരയുടെ തീരങ്ങളിൽ വേരുറപ്പിച്ചു വളർന്നവരാണു്. "അവിടെ അക്കാലത്തു താമസിച്ചിരുന്ന ശെമ്മാശ്ശന്മാരും ശെമ്മാശന്മാരാകാനുള്ളവരും മലങ്കരസഭാമാതാവിന്റെ പ്രേമസന്താനങ്ങൾ ആയി സമുദായ ഉന്നമനത്തഷ്ഠാ അതിന്റെ സംരക്ഷകരായി ഇരിക്കത്തക്കവണ്ണം നമ്മെകൊണ്ടു് അപ്പോൾ എന്തെല്ലാം ചെയ്യുവാൻ കഴിയുമായിരുന്നോ അതൊക്കെ നിഷ്കാമബുദ്ധ്യാ ചെയ്തിട്ടുള്ളതിൽ നാം കൃതാർത്ഥനാണു്" എന്നു പിൽക്കാലത്തു് മാർ ഈവാനിയോസു് തിരുമേനി രേഖപ്പെടുത്തിയതു് അദ്ദേഹം അതിൽ അനുഭവിച്ച സ്വാതന്ത്ര്യവും അഭിമാനവും ഹൃദ്യമായി തെളിയിക്കുന്നു.

ആദ്യകാലങ്ങളിൽ യുവാക്കൾക്കു വിദ്യാഭ്യാസം നൽകുന്നതിലായിരുന്നു പിതാവിന്റെ ശ്രദ്ധ. അക്കാലത്തെ സാമൂഹ്യനീതി അനുസരിച്ചു് അത്രയും മതി ആയിരുന്നു താനും. സ്ത്രീ വിദ്യാഭ്യാസം എന്ന ആശയം കേവലം ശൈശവാവസ്ഥ

www.malankaralibrary.com

യിൽ കഴിഞ്ഞ ഒരു കാലമായിരുന്നു അതു്. ഇവിടെ പുരോഗമനത്തിൻെറ ആദ്യദൂതനായി മാർ ഈവാനിയോസ്സ് തിരുമേനി പ്രത്യക്ഷപ്പെടുന്നു. ഇതൊരു വലിയ വസ്തുതയായി എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്ത്രീകൾക്കു വിദ്യാഭ്യാസം നല്കുക, അവരുടെ നിലയുയർത്തുക എന്ന സാമൂഹികമായ സമതബോധം ആദ്യമായി പ്രകടിപ്പിച്ച ഒരു മഹാപുരുഷൻ എന്ന നിലയിൽ നിശ്ചയമായും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണു്. സ്ത്രീപുരുഷ ഭേദമന്യേ എല്ലാവരും സമൂഹപുരോഗതിയിൽ ഭാഗഭാക്കാകേണ്ടതിൻെറ ആവശ്യകതയെപററി ബോധവാനായ അദ്ദേഹം സ്ത്രീവിദ്യാഭ്യാസത്തിനു് മഹത്തായ തുടക്കംകുറിച്ചു. വനിതാവിമോചനത്തെക്കുറിച്ചു് വളരെയേറെ ചർച്ച ചെയ്യപ്പെടുന്നതാണു് ഈ ആധുനിക കാലഘട്ടം. ഇന്നും സ്ത്രീകൾക്കു സ്വാതന്ത്ര്യം ഇല്ല എന്ന സത്യം നമുക്കറിയാം. സ്ത്രീധനത്തിൻെറ പേരിൽ നവവധുവിനെ ചുട്ടെരിക്കുന്ന ഒരു കാലഘട്ടത്തിലാണു് നാം ജീവിക്കുന്നതു്. കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞ സ്ത്രീജനങ്ങൾക്കു് ആദ്യമായി അറിവിൻെറ പ്രകാശം പകർന്നുനല്കിയ മഹാപുരുഷനെ ഇന്നു് ആരെങ്കിലും ആ നിലയിൽ ഓർമ്മിക്കാറുണ്ടോ? സംശയമാണു്. ബാരിസോളിലെ കന്യകാമഠത്തിലും കൽക്കട്ടയിലെ കോളേജിലും കേരളത്തിൽനിന്നുള്ള യുവതികളെ താമസിപ്പിക്കാനും ആംഗലഭാഷാ വിദ്യാഭ്യാസവും, ആദ്ധ്യാത്മിക പരിശീലനവും നല്കി അവരെ സമൂഹത്തിൻെറ നേതൃതലത്തിലേക്കുയർത്താനും മാർ ഈവാനിയോസ് തിരുമേനി ബദ്ധപരിശ്രമം നടത്തുകയുണ്ടായി. സമൂഹത്തിൽ ചവിട്ടിത്താഴ്ത്തപ്പെട്ടു കിടന്നവരോട് അദ്ദേഹം പുലർത്തിയ അനന്തമായ കാരുണ്യത്തിൻെറ ശോഭാപൂർണ്ണമായ ചിത്രമാണു് ഇവിടെ നാം ദർശിക്കുക. പാപികളുടെ മോചനം ജീവിതലക്ഷ്യമാക്കിയ യേശുക്രിസ്തുവിൻെറ പുരോഹിതൻ എന്ന നിലയിൽ സ്വവി

www.malankaralibrary.com

ശേഷ പ്രചാരണത്തിൽനിന്നും ഒരു നിമിഷവും ഒഴിഞ്ഞു നില്ക്കാൻ എനിക്കാവുകയില്ലെന്നു് മാർ ഈവാനിയോസ് തിരുമേനി ചിന്തിച്ചതു് സ്വാഭാവികം മാത്രമാണു്.

ഒററപ്പെട്ട പ്രവർത്തനങ്ങളിലൂടെ മഹത്തായ ഒരു ലക്ഷ്യം സഫലമാകുകയില്ലെന്നു് മാർ ഈവാനിയോസ് തിരുമേനി മനസ്സിലാക്കി. ഒരു സന്യാസസമൂഹത്തിന്റെ സ്ഥാപനം എന്ന ആശയത്തിലേക്കു് അദ്ദേഹത്തിന്റെ ചിന്തകൾ കടന്നുവന്നു. ആ സമൂഹം പാശ്ചാത്യ സന്യാസസമൂഹങ്ങളുടെ ഒരു പകർപ്പായിരിക്കരുതെന്നു് അദ്ദേഹത്തിനു് നിർബന്ധം ഉണ്ടായിരുന്നു. ഭാരതമാണു് തന്റെ പ്രവർത്തനരംഗം: കർമ്മരംഗത്തിന്റെ സവിശേഷതകൾ അവഗണിച്ചാൽ പ്രവർത്തനം വിജയിക്കുകയില്ല. തികച്ചും ഭാരതീയമായ ഒരു സന്ന്യാസസമൂഹം ആയിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ആദർശം. ഇന്നും ഈ ആദർശം നാം ഗോപുരത്തിന്മുകളിൽ പ്രതിഷ്ഠിക്കുകയും നാം ജീവിക്കുന്ന ഭൂമിയിലേക്കു് ഇതു് ഇറക്കികൊണ്ടു വരുന്നതിനു് നാം എത്രമാത്രം ബദ്ധശ്രദ്ധരാണെന്നു് ഓർമ്മിക്കേണ്ടതാണു്. പലപ്പോഴും നാം പ്രവർത്തിക്കുന്ന മണ്ഡലങ്ങളെപററി കേവലമായ ബോദ്ധ്യംപോലും നിർഭാഗ്യവശാൽ നമുക്കില്ല എന്നതു് ഖേദകരമാണു്.

കൽക്കട്ടയിലെ താമസ്സത്തിനിടയിൽ മഹാകവി രവീന്ദ്രനാഥടാഗുറിന്റെ ശാന്തിനികേതനം അദ്ദേഹം പലതവണ സന്ദർശിക്കുകയും മഹാകവിയുമായി ചർച്ചകളിൽ ഏർപ്പെടുകയും ചെയ്തു. മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തിന്റെ പ്രവർത്തനശൈലിയും അദ്ദേഹം നിരീക്ഷിച്ചറിഞ്ഞു. ഈ സമുന്നത മാതൃകകൾ ആശ്രയിക്കാവുന്ന ശക്തികേന്ദ്രങ്ങൾ ആയിരുന്നു. തന്റെ സഭാധികാരികളിൽ നിന്നും, സമുദായാംഗങ്ങളിൽനിന്നും ലഭ്യമായ അനുകൂലപ്രതി

www.malankaralibrary.com

കരണം തിരുമേനിയെ കൂട്ടതൽ കൂട്ടതൽ കർമ്മോത്സുകനാക്കി. പമ്പാനദിയുടേയും കക്കാട്ടാറിൻേറയും സംഗമസ്ഥാനത്തുനിന്നു് അല്പം കിഴക്കുമാറി ഉയർന്നുപൊങ്ങി സ്ഥിതിചെയ്യുന്ന മുണ്ടൻമല, ആശ്രമസ്ഥാപനത്തിനു് അനുയോജ്യമായി അദ്ദേഹം കണ്ടെത്തി. സന്യസിക്കാൻ പററിയതു് നഗരവീഥികളുടെ പാശ്ചഭാഗം അല്ല എന്ന നല്ല ബോധ്യം പിതാവിനുണ്ടായിരുന്നു. ഗിരിതടങ്ങളിൽ തപസ്സനുഷ്ഠിച്ച ആർഷസംസ്കാരത്തിൻെറ അനശ്വരജ്യോതിസ്സുകളെ അദ്ദേഹം അനുസ്മരിച്ചിരിക്കാം. സ്വന്തം കുടുംബസ്വത്തിൽ നിന്നു് ഭാഗം വാങ്ങി ആ പണം ഉപയോഗിച്ചാണു് മുണ്ടൻമലയിൽ 300 ഏക്കർ സ്ഥലം മാർ ഈവാനിയോസ് തിരുമേനി ആശ്രമത്തിനുവേണ്ടി സമ്പാദിച്ചതു്. ഇതു് ഇക്കാലത്തു് പലർക്കും ഞെട്ടൽ ഉണ്ടാക്കുന്ന ഒരനുഭവമാണു്. കാരണം ഈ കാലഘട്ടത്തിൽ ഇത്തരം സൂചനകൾ അസുഖകരങ്ങൾ ആണു്. ഏതു സമൂഹത്തിൽ പ്രവർത്തിക്കുന്നുവോ അതിൻെറ ഭാഗമായി സ്വയം രൂപാന്തരപ്പെടുക എന്നതു് മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതദർശനം ആയിരുന്നു എന്നുതന്നെ പറയാം. നമ്മൾ പ്രവർത്തിക്കുന്ന രംഗത്തുള്ള ആളുകളോടുള്ള നമ്മുടെ സമീപനം ഏതു രീതിയിൽ ആണു് എന്നുള്ളതു് വളരെ പ്രധാനപ്പെട്ടതാണു്. ഏററവും ലളിതമായ രീതിയിൽ സമൂഹത്തിൻെറ ഏററം താഴ്ന്ന തലത്തിൽ ജീവിക്കുന്ന വ്യക്തിക്കു് അവകാശപ്പെട്ടതുമാത്രം തനിക്കു മതി എന്നു തീരുമാനിക്കാനുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ തൻേറടം, ധാർമ്മികമായ ആ കരുത്തു് അത്ഭുതകരമാണു്, അസാമാന്യമാണു്, അനന്യസാധാരണമാണു്. ഉയരത്തിൽനിന്നുകൊണ്ടു് താഴേക്കു നോക്കാൻ ഇഷ്ടപ്പെടുന്ന ഇന്നത്തെ സാധാരണ സ്വഭാവം അദ്ദേഹത്തെ അല്പം പോലും ബാധിച്ചിരുന്നില്ല. സഹജീവികൾക്കുവേണ്ടി സേവനം അർപ്പിക്കാൻ പ്രതിജ്ഞാബദ്ധനായ ഒരു പരിജ്ഞാനശീലൻെറ സ്വഭാവമഹിമ അദ്ദേഹത്തിൽ എപ്പോഴും നിറഞ്ഞുനിന്നിരുന്നു.

www.malankaralibrary.com

സമൂഹത്തിലെ അധഃസ്ഥിതവർഗ്ഗത്തിന്റെ ഉദ്ധാരണത്തിന് അദ്ദേഹം മറേറതിലും ഉപരിയായി പ്രാധാന്യം നല്കി. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ ശരണത്രയം അദ്ദേഹം സ്വീകരിച്ചു. തന്റെ സന്യാസസമൂഹത്തിലെ അംഗങ്ങളുടെ വേഷം ഏററവും ലളിതമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധം ഉണ്ടായിരുന്നു. ഭാരതസന്ന്യാസത്തിന്റെ ബാഹ്യചിഹ്നം ആയ കാവി അദ്ദേഹം സ്വീകരിച്ചു. സമൂഹത്തിൽനിന്ന് അന്യനാകാതെ അവർക്കിടയിൽ അവരായിത്തീരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു ഈ വേഷവും ജീവിതശൈലിയും. അത്തരത്തിൽ മലങ്കര കത്തോലിക്കാ സമൂഹത്തിന്റെ ഏററവും മഹത്തായിട്ടുള്ള ചിഹ്നം, മററുള്ളവരെ ആകർഷിക്കുന്ന ഏററവും വലിയ ചിഹ്നം എന്നു പറയുന്നതു് ഈ കാവിയാണ് എന്നു ഞാൻ വിശ്വസിക്കുന്നു. താൻ സത്യമായും കരുതിയ മാർഗ്ഗത്തിലേക്ക് ആ പാത കണ്ടെത്താതെ മററുള്ളവരെക്കൂടി ആനയിക്കുക എന്ന ശ്രമകരമായ ഉത്തരവാദിത്വമാണ് മാർ ഈവാനിയോസ് തിരുമേനി ബഥനിയുടെ സ്ഥാപനംവഴി നിർവ്വഹിച്ചതു്. ഈ ശ്രമത്തിന്റെ ശക്തിയായി പ്രവർത്തിച്ച ഉൾപ്രേരണ സ്നേഹപൂരിതമായ മാനസികഭാവം അല്ലാതെ മറെറാന്നുമല്ല. കേരളത്തിലെ സുറിയാനി വൈദികരിൽ ആദ്യമായി എം. എ. ലഭിച്ച അദ്ദേഹം അന്ന് എത്രയും അഭികാമ്യമായ പ്രൊഫസർജോലി ഉപേക്ഷിച്ച് വന്യമൃഗങ്ങളുടെ വിഹാരഭൂമിയായ മുണ്ടൻമലയിൽവന്ന് ഒരു ഭിക്ഷുആയി ജീവിച്ചു. സത്യത്തിന്റെ പ്രകാശം പരത്താൻ യത്നിച്ചു. എത്ര ഉൽകൃഷ്ടമായ അനുഭവം. ഈശ്വരസാക്ഷാത്കാരത്തിൽനിന്ന് ഉറവയെടുത്തതാണ് ആ സ്നേഹചൈതന്യം. സഹജീവികളുടെ മോചനത്തിനും പുരോഗതിക്കുംവേണ്ടി അഭംഗുരം അദ്ദേഹം പ്രയത്നിച്ചു. കേരളത്തിലുടനീളം സഞ്ചരിച്ചുകൊണ്ട് മനുഷ്യരെ മനുഷ്യരുടെ സ്നേഹിതനും രക്ഷകനുമായ ക്രിസ്തുവി

www.malankaralibrary.com

ൻെറ പ്രബോധനങ്ങളിൽ തിരുമേനി നടത്തി. ആദ്ധ്യാത്മികമായ നവചൈതന്യം സൃഷ്ടിച്ച ആ വാഗ്ധോരണി അനേകരുടെ ജീവിതവിശുദ്ധീകരണത്തിനു് വഴിതെളിച്ചതായി ചരിത്രം സാക്ഷിക്കുന്നു. പ്രസംഗപര്യടനങ്ങൾക്കൊപ്പം തന്നെ അനേകം ലഘുലേഖനങ്ങൾ പ്രസിദ്ധം ചെയ്യുവാനും അദ്ദേഹം ശ്രദ്ധപുലർത്തി. ഇതിനുവേണ്ടി തിരുവല്ലായിൽ 'ബഥനിപ്രസ്സ്' എന്ന പേരിൽ ഒരു മുദ്രണാലയവും സ്ഥാപിതമായി. പ്രസംഗിച്ചു് കാര്യം ഗ്രഹിപ്പിക്കുക എന്നതിലുപരി കാര്യങ്ങൾ അച്ചടിച്ചു് തലമുറകൾക്കുവേണ്ടിസൂക്ഷിച്ചുവയ്ക്കാൻ, വരുംതലമുറകൾക്കുവേണ്ടിപോലും പ്രവർത്തിക്കുന്ന ആ ഒരു മനോഭാവം അഭിവന്ദ്യ പിതാവു് പുലർത്തിയിരുന്നു എന്നു നാം മനസ്സിലാക്കുകയാണു്.

പഴയകാലത്തെ അപേക്ഷിച്ചു് എത്രയോ വിപുലമായ സൗകര്യങ്ങൾ ഇന്നു നമുക്കുണ്ടു്. പക്ഷേ ബഹുജനമാദ്ധ്യമങ്ങളുടെ വികാസത്തെക്കുറിച്ചു് തെല്ലും ബോധമില്ലാതെ നാം കഴിയുന്നു. അതിനുവേണ്ടി പണമോ സമയമോ ചിലവു ചെയ്യേണ്ടിവന്നാൽ അതൊരു ദുർവ്യയം ആയി കരുതുന്നവരാണു് നാം. അത്യന്ത്യം ശോചനിയമായ സാമ്പത്തികഞെരുക്കങ്ങൾ അനുഭവിച്ചുകൊണ്ടാണെങ്കിലും മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടുപോകുവാൻ മാർ ഈവാനിയോസ് തിരുമേനി ബദ്ധശ്രദ്ധനായിരുന്നു. അനാഥശാലകൾ സ്ഥാപിക്കാനും, അശരണിതർക്കു് അഭയം നല്കാനും അദ്ദേഹം പ്രത്യേക ശ്രദ്ധചെലുത്തി. ജാതിമതചിന്തകളോ, സവർണ്ണാവർണ്ണഭേദങ്ങളോ കൂടാതെ എല്ലാ മനുഷ്യരേയും ഒരുപോലെ കണക്കാക്കുവാൻ അദ്ദേഹം നിഷ്കർഷിച്ചിരുന്നു. കേരളത്തിൽ ജാതിവ്യവസ്ഥ ഏററവും കൂടുതൽ ശക്തമായിരുന്ന കാലത്താണു് മാർ ഈവാനിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങൾ സമാരംഭിക്കപ്പെട്ടതു്. ഹിന്ദുമതത്തിൽ സവർണ്ണമേധാവിത്വം കൊടികുത്തി വാഴുകയായി

www.malankaralibrary.com

ന്നു. അധഃകൃതർ എന്നു മുദ്രയടിക്കപ്പെട്ട സാധുജനങ്ങളുടെ നന്മയ്ക്കും സംരക്ഷണത്തിനും അദ്ദേഹം എപ്പോഴും കൂട്ടുനിന്നു. ഹരിജനങ്ങളോട് അദ്ദേഹം പുലർത്തിയ സ്നേഹവാത്സല്യങ്ങൾ മഹാത്മാഗാന്ധിജിയുടെ ഹരിജനോദ്ധാരണപ്രവർത്തനങ്ങൾക്കു് സമാനം ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

ബഥനി ആശ്രമത്തിൽ തങ്ങൾക്കു ലഭിച്ച സമപരിഗണനയും പ്രാധാന്യവും ഒരു ഗ്രന്ഥകാരൻ, ശ്രീമാൻ യാക്കോബ് ഉപദേശി തന്റെ കൊച്ചുപുസ്തകത്തിൽ ഇപ്രകാരം വിവരിക്കുന്നു. "ജാതീയചിന്തകൾക്കു് അതീതമായിരുന്നു ബഥനിയിലെ എല്ലാ സ്ഥാപനങ്ങളും. അക്കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിരുന്നു പെരുനാട് അനാഥശാല. ജാതിചിന്ത കൊടികുത്തിവാണിരുന്ന അക്കാലത്തു് സവർണ്ണരെന്നും, അവർണ്ണരെന്നും മാനവസമുദായത്തെ ക്രിസ്തീയപുരോഹിതന്മാർപോലും വേർതിരിച്ചിരുന്നു. അവർണ്ണർ വെള്ളവസ്ത്രം ധരിക്കാനും പൊതുവഴിയിൽക്കൂടി സ്വതന്ത്രമായി സഞ്ചരിക്കാനും സവർണ്ണർ സമ്മതിച്ചിരുന്നില്ല. നിരന്തരം മർദ്ദനങ്ങൾ ഏററു് അവർണ്ണർ അടിമകളായി കഴിഞ്ഞുകൂടി. വിവിധജാതികളിൽപ്പെട്ടവരെ അനാഥശാലകളിൽ പ്രവേശിപ്പിച്ചതും അവരെ സഹകരിപ്പിച്ചു് മുൻപോട്ടു കൊണ്ടുപോയതും വളരെയധികം എതിർപ്പുകൾക്കിടയായെങ്കിലും അതെല്ലാം തൃണവല്ഗണിച്ചുകൊണ്ടു് സധൈര്യം മുൻപോട്ടു പോവുകയാണുണ്ടായതു്. വിവിധജാതികളിലും മതങ്ങളിലും ഉള്ള അനാഥബാലന്മാർ ആശ്രമസ്ഥരോടൊപ്പം വളരെ ചിട്ടയിലും അച്ചടക്കത്തിലും കഴിഞ്ഞുകൂടി." തിരുമേനിയുടെ ഈ ദ്രശപുരോഗമന പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ ഒരു വലിയ കോളിളക്കം തന്നെ സൃഷ്ടിച്ചു. അധികൃതസ്ഥാനങ്ങളിൽ അവർ അതിശക്തമായ സമ്മർദ്ദം ചെലുത്തി. തൽഫലമായി രാജാവിന്റെ ഉപദേഷ്ടാവു്

www.malankaralibrary.com

സർ സി. പി. രാമസ്വാമിഐയ്യരുടെതന്നെ നേതൃത്വത്തിൽ തിരുമേനിയുടെ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ശക്തമായ നീക്കങ്ങൾ ആരംഭിച്ചു. തിരുവനന്തപുരത്തുനിന്നു് അദ്ദേഹത്തെ ആട്ടിപ്പായിക്കാനായിരുന്നു ശ്രമം. മാർ ഈവാനിയോസ് തിരുമേനിയുടെ ആസ്ഥാനമായിരുന്ന പട്ടത്തെ ശരവണക്കുന്നിൽനിന്നു് അദ്ദേഹത്തെ കുടിയിറക്കി. കട്ടച്ചക്കോണത്തു് അദ്ദേഹം പുതിയ പാർപ്പിടം കണ്ടെത്തിയപ്പോൾ ആ സ്ഥലം അക്വയർ ചെയ്യാനും സർക്കാർതലത്തിൽ ശ്രമങ്ങൾ നടക്കുകയുണ്ടായി. ഇത്രയും ആയപ്പോൾ എതിർക്കുകയല്ലാതെ മാർഗ്ഗം ഇല്ല എന്നുകണ്ടു തിരുവിതാംകൂർ ക്രൈസ്തവർക്കെതിരെ മതവിപ്ലവം നടക്കുന്നതായി അന്നു് ബ്രിട്ടീഷ് പാർലമെന്റിൽ ശബ്ദമുയർന്നു. ഈഴവരും മുഹമ്മദീയരും ക്രിസ്ത്യാനികളും യോജിച്ചുകൊണ്ടു് തിരുവതാംകൂറിൽ ആരംഭിച്ച 'നിവർത്തനപ്രസ്ഥാന'സമരത്തിന്റെ സൂത്രധാരകനായി മാർ ഈവാനിയോസ് തിരുമേനിയെ ചിത്രീകരിക്കാനും പല ശ്രമങ്ങൾ നടക്കുകയുണ്ടായി. തിരുവനന്തപുരത്തുനിന്നും പ്രസിദ്ധം ചെയ്ത 'Service' എന്ന പത്രം അദ്ദേഹത്തെ രാജദ്രോഹിയായി ചിത്രീകരിക്കുകയും ജയിലിൽ അടയ്ക്കണമെന്നാവശ്യപ്പെട്ടുകയും ചെയ്തു. ഏതായാലും മതപീഢനകാലത്തെ ഒരു പുരോഹിതന്റെ, ക്രിസ്ത്യാനിയുടെ അവസ്ഥ അദ്ദേഹം അനുഭവിച്ചിരുന്ന അക്കാലത്തു് എന്നു് ചരിത്രം സാക്ഷിക്കുന്നു. താൻ രാജാവിനോ രാജ്യത്തിനോ എതിരായി പ്രവർത്തിക്കുകയോ, ബ്രിട്ടീഷ് വൈസ്രോയിയോടു പരാതിപ്പെടുകയോ, ഉണ്ടായിട്ടില്ല എന്നു മാർ ഈവാനിയോസ് വിശദീകരിച്ചു. ഒരു പ്രായോഗിക തന്ത്രത്തിന്റെ ഭാഗം ആയിരുന്നു ഇതെന്നു് ഒരു ആധുനിക ചരിത്രകാരൻ സാക്ഷിക്കുന്നു: സത്യസ്ഥിതി വെളിപ്പെട്ടതോടെ അധികൃതർ തല്ക്കാലം മൗനം പാലിക്കാൻ നിർബന്ധിതമായി. മാർ ഈവാനിയോസിന്റെ ധീരമായ ജീവകാരുണ്യ പ്രവർത്തനങ്ങളേയും സാധുജ

www.malankaralibrary.com

നയത്താങ്ങളേയും തകക്കുന്നതിനു് സാധ്യമല്ലെന്നു് പ്രതിലോ പശക്തികൾക്കു മനസ്സിലായി.

സാധുജനസേവനത്തിനു് ഒരുങ്ങുന്നവർ അംഗീകൃത സാമൂഹിക വ്യവസ്ഥകളോട് ഏററുമുട്ടാൻ എക്കാലത്തും നിർബന്ധിതരാകും എന്നതിനു വ്യക്തമായ തെളിവാണു് മാർ ഈവാനിയോസിന്റെ ഈ ചരിത്രം. നിരന്തരമായ സംഘട്ടനങ്ങളുടെ സ്വയം രക്തസാക്ഷിയായി തീരാൻ അദ്ദേഹം പിന്നീട് ഒരുങ്ങിയില്ല. സി.പി.യുമായി, അധികാരവുമായി പിന്നീടു് തന്ത്രപൂർവ്വം പൊരുത്തപ്പെടുന്നതിനുള്ള ഒരു ശ്രമം ആണു് നടന്നിട്ടുള്ളതെന്നു നമുക്കു മനസ്സിലാകും. ഇതിനു് വ്യക്തമായ ഒരു നീതീകരണം നല്കുവാനുണ്ടു് എന്നു് എനിക്കു തോന്നുന്നു. അതിന്റെ രാഷ്ട്രീയ വശത്തെക്കുറിച്ചു് ഭിന്നാഭിപ്രായങ്ങൾ ഉണ്ടാവാം. പക്ഷേ മനുഷ്യസ്നേഹാധിഷ്ഠിതമായ ഒരു ജീവിതദർശനത്തിന്റെ സാഫല്യം പ്രധാനമായി കരുതിയ ആ മഹാനുഭാവന്റെ ആത്മാർത്ഥതയെ അംഗീകരിച്ചേ മതിയാകൂ. തന്നെ ആശ്രയിച്ചു കഴിയുന്ന സാധുജനങ്ങളെ പരിതസ്ഥിതികളോടു പൊരുത്തപ്പെട്ടുകൊണ്ടു് തിരുമേനിക്കു സംരക്ഷിക്കേണ്ടിവന്നു. തീർച്ചയായും വലിയ ഒരു ആന്തരിക സംഘർഷം അദ്ദേഹം ഇക്കാലത്തു് അനുഭവിച്ചിരിക്കും എന്നുള്ളതിനു് യാതൊരു തക്കവുമില്ല. ഇന്നു് ഭാരതത്തിൽ ക്രൈസ്തവരുടെ പ്രവർത്തനത്തെ സംബന്ധിച്ചും, നമ്മുടെ സ്ഥാപനങ്ങൾ സംബന്ധിച്ചും നാം അനുഭവിക്കുന്ന സംഘർഷങ്ങൾക്കു്, പ്രത്യേകിച്ചു് സുവിശേഷ പ്രചാരണത്തിന്റെ കാര്യത്തിൽ അനുഭവിക്കുന്ന സംഘർഷങ്ങൾക്കു് സമാനമായ ഒരു സ്ഥിതിവിശേഷം ആണു് അന്നും നിലവിലിരുന്നതു് എന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും.

കേരളത്തിൽ മറെറാരു വൈദികനോ, മെത്രാനോ ഒരിക്കലും നേരിടാൻ ഇടയായിട്ടില്ലാത്ത അതിശക്തമായ അഗ്നി

www.malankaralibrary.com

പരീക്ഷകളെ അതിജീവിച്ചു വളൻറ് അനശ്വര വ്യക്തിത്വ മാർജ്ജിച്ച മഹാപ്രതിഭാശാലിയാണ് മാർ ഈവാനിയോസ് തിരുമേനി. ആശ്രമങ്ങളിൽ ജീവിക്കാനും, കഷ്ടപ്പാടുകൾ സഹിക്കാനും, സാധുക്കളെ സ്നേഹിക്കാനും, ഉച്ചനീചത്വഭാവം വെടിയാനും തയ്യാറായ ആദ്യത്തെ മെത്രപ്പോലീത്തയെന്നു നാം മാർ ഈവാനിയോസ് തിരുമേനിയെ വിശേഷിപ്പിക്കണം. മുൻവിധികൾ കൂടാതെ ചിന്തിക്കാൻ, സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കാൻ, ധീരമായിഅതു നടപ്പാക്കാൻ അദ്ദേഹം അനന്യസഹജമായ പാടവം പുലർത്തിയിരുന്നു. തിരുമേനിയുമായി അടുത്തു ബന്ധപ്പെട്ട ആളുകളുടെ സാക്ഷ്യം നേരിട്ടു ഗ്രഹിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. പറയുന്ന കാര്യങ്ങൾ ഇഷ്ടമല്ലാത്തതു് ആണെങ്കിൽപോലും താല്പര്യപൂർവ്വം കേൾക്കാനും, വക്താവിൻെറ ആത്മാർത്ഥതയെ മാനിക്കാനും, നടപ്പാക്കാവുന്ന കാര്യങ്ങൾ ക്രമേണ ശക്തമായി നടപ്പാക്കാനും, എപ്പോഴും സന്നദ്ധനായിരുന്നു അദ്ദേഹം. സ്വന്തം യശസ്സോ, സുഖമോ ഒരിക്കലും അദ്ദേഹം കാംക്ഷിച്ചിരുന്നില്ല. സ്വയം ഒരു ദീപമായി കത്തിയെരിഞ്ഞ് മററുള്ളവരെ അദ്ദേഹം പ്രകാശത്തിൻെറ പാതയിൽ എത്തിച്ചു. ജീവിതത്തെ മഹത്തായ സ്നേഹാഗ്നിജ്വാലയാക്കി അദ്ദേഹം രൂപാന്തരപ്പെടുത്തി. എളിയവരിൽ എളിയവനായി കഴിയാൻ ഉറച്ച ആ മഹാപുരുഷനെ കാലത്തിൻെറ വിധി ലോകാരാധ്യനായി ഉയർത്തുകയായിരുന്നു. സമകാലികജീവിതത്തിൻെറ നിർലക്ഷ്യപ്രവാഹത്തെ അദ്ദേഹം തടഞ്ഞുനിർത്തി മനുഷ്യോപകാരപ്രദമായ പുതിയ ചാലുകളിലൂടെ നയിച്ചു. കുററവിഴയില്ലാത്ത സത്യദീക്ഷയും മനുഷ്യസ്നേഹവും മാർ ഈവാനിയോസ് തിരുമേനിയെ യുഗാന്തരങ്ങളുടെ ചൈതന്യമാക്കിതീർത്തു.

www.malankaralibrary.com

# ഞാൻ കണ്ട
# മാർ ഈവാനിയോസ് പിതാവ്

—ബനഡിക്ട് മാർ ഗ്രീഗോറിയോസ്
മെത്രാപ്പോലീത്താ

അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയെ ശൈശവകാലം മുതൽതന്നെ കാണുന്നതിനും ബന്ധപ്പെടുന്നതിനും എനിക്ക് ഇടയായിട്ടുണ്ട്. കല്ലൂപ്പാറ പ്രദേശത്ത് ഒരിക്കൽ ഈവാനിയോസ് പിതാവ് ക്രിസ്തുമസ്സ് ആഘോഷത്തിനായി വന്ന അവസരത്തിൽ എൻെറ വത്സലപിതാവ് എന്നെ എടുത്തുകൊണ്ടുപോയതും ആ ക്രിസ്തുമസ്സ് ശുശ്രൂഷയിൽ ഞാൻ സംബന്ധിച്ചതും, പിതാവ് അന്നു ചെയ്ത പ്രസംഗം കേട്ടതും എല്ലാം ഇന്നലെ എന്നവണ്ണം ഞാൻ അനുസ്മരിക്കുന്നുണ്ട്. ആ പിതാവിനോടുകൂടി അദ്ദേഹത്തിൻെറ ജീവിതത്തിൻെറ പല ഘട്ടങ്ങളിലും ബന്ധപ്പെടുന്നതിനു് എനിക്ക് ഇടയായി; അവസാനം ആ പിതാവിനാൽ മെത്രാനായി അഭിഷിക്തനാകുന്നതിനും അദ്ദേഹത്തോടു ചേർന്നു പ്രവർത്തിക്കുന്നതിനും, എൻെറ കൈകളിൽ വച്ചുതന്നെ അദ്ദേഹം ദിവംഗതനാകുന്നതിനുമിടയായി. ഇതു് എൻെറ ജീവിതത്തിലെ ഏററം വലിയ അനുഗ്രഹം ആയി ഞാൻ കരുതുകയാണ്. ജീവിതത്തിൽ ധാരാളം വ്യക്തികളുമായി ഇടപെടുന്നതിനെനിക്കിടയായിട്ടുണ്ട്. ലോകത്തിൽ പല ഭാഗങ്ങളിൽ, സഭയുടെ പല മണ്ഡലങ്ങളിൽ, വിദ്യാഭ്യാസരംഗത്തു്, സാമൂഹ്യരംഗത്തു്, ഇവിടെങ്ങും ഇത്രമാത്രം സ്വാധീനശക്തി എൻെറ മേൽ ചെലുത്തിയ വേറൊരു വ്യക്തിയും ഇല്ല എന്നു് എനിക്കാത്മാർത്ഥമായി പറയുവാൻ സാധിക്കും.

www.malankaralibrary.com

അദ്ദേഹത്തിൻെറ ജന്മശതാബ്ദി നാം മാവേലിക്കരവച്ചു് വളരെ ആർഭാടമായ രീതിയിൽ, എല്ലാ ആളുകളുടേയും ഹൃദയപൂർവ്വകമായ സഹകരണത്തോടെ ആഘോഷിച്ചു. ബഥനീ സമൂഹങ്ങളുടെ നാമത്തിൽ ഇതിൻെറ സമാപ്തി ആചരിക്കുന്നതു് എത്രയും ഉചിതമാണു് എന്നു ഞാൻ കരുതുന്നു.

ഈവാനിയോസു് പിതാവിനെ ഞാൻ മനസ്സിലാക്കുന്നതു് ഈ നൂററാണ്ടിൻെറ ശബ്ദമായിട്ടാണു്, ഈ നൂററാണ്ടിൻെറ വക്താവായിട്ടാണു്. അദ്ദേഹം സഭയ്ക്കും സമൂഹത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ അനേക നൂററാണ്ടുകൾ കഴിഞ്ഞു മാത്രമേ നാം വ്യക്തമായി മനസ്സിലാക്കുകയുള്ളു. തത്വശാസ്ത്രത്തിൽ ഒരു തത്വം ഉണ്ടു്. അതു് ഗഹനമായ ചിന്ത കൂടാതെതന്നെ മനസ്സിലാക്കാവുന്നതുമാണു്; അതായതു് ദൈവവരപ്രസാദം പ്രവർത്തിക്കുന്നതു് അതിൻെറ അടിസ്ഥാനമായ പ്രകൃതിയുടെ മേൽ ആണു്. വരപ്രസാദം ദൈവത്തിൻെറ ദാനം ആണു്. ദൈവം നമ്മെ അത്ഭുതകരമായി സൃഷ്ടിച്ചു. അത്ഭുതകരമായി വീണ്ടെടുത്തു. ഇവിടെ ഒരു തുടർച്ച് ഉണ്ടു്. പ്രകൃതിയുടെ മേൽ ആണു് വരപ്രസാദം പ്രവർത്തിക്കുന്നതു് എന്ന തത്വം വ്യക്തികളുടെ കാര്യത്തിൽ മാത്രമല്ല സമൂഹജീവിതത്തിലും, ജനതകളുടെ ജീവിതത്തിലും ശരിയാണു്. ഓരോ ജനതയ്ക്കും ഓരോ വൈവിദ്ധ്യം ഉണ്ടു്. ഓരോ ജനതയ്ക്കും ഒരോ വൈശിഷ്ട്യം ഈശ്വരൻ നല്കിയിട്ടുണ്ടു്. ദൈവം ഈ ലോകത്തെ എല്ലാം സൃഷ്ടിച്ചിട്ടു് അതിനെ അവലോകനം ചെയ്തുപറയുന്നതു്; 'വളരെ നന്നായിരിക്കുന്നു' എന്നാണു്. നിത്യമായ, അനന്തമായ അങ്ങേപരിപാലനയിലാണു് വ്യക്തികളെയും സമൂഹങ്ങളെയും അവിടുന്നു് നടത്തുകയും, നയിക്കുകയും ചെയ്യുന്നതു്.

യഹൂദജനത്തിനും ഗ്രീക്കുകാർക്കും റോമാക്കാർക്കും അവരവരുടേതായ പ്രത്യേകമായ ഒരു സംസ്കാരം ഉണ്ടായിരുന്നു. ഇ

www.malankaralibrary.com

വരെല്ലാം ക്രിസ്തുദൗത്യം സ്വീകരിച്ചപ്പോൾ അവർക്ക് സ്വാഭാവികമായി ഉണ്ടായിരുന്ന സംസ്കാരങ്ങളെ വിസ്മരിച്ചില്ല. അതേസമയം ആ സംസ്കാരത്തിന്മേൽ ആണ് ക്രിസ്തുദൗത്യത്തിന് ക്രിസ്തുശിഷ്യർ അടിത്തറ പാകിയത്. ഭാരതത്തിനും അതിന്റേതായ ഒരു പ്രത്യേക സംസ്കാരം ഉണ്ട്. ആത്മീയമായ ആഭിമുഖ്യവും ധ്യാനാത്മകജീവിതവുമാണ് ആർഷ ഭാരത സംസ്കാരത്തിന്റെ മുഖമുദ്ര. ഗ്രീക്കുകാരും റോമാക്കാരും അവരുടേതായ സംസ്കാര സംഭാവനകൾ സഭയ്ക്കു നല്കിയിട്ടുണ്ടെങ്കിൽ നിർഭാഗ്യവശാൽ ഭാരതം അതിന്റേതായ സംഭാവന സഭയ്ക്കു ഇതുവരെ നല്കിയിട്ടില്ല. ക്രൈസ്തവസഭയുടെ ആരംഭകാലത്തുതന്നെ. കർത്താവ് മരിച്ച് ഉയർത്തെഴുന്നേററിട്ട് 20 വർഷങ്ങൾ തികയുന്നതിനു മുമ്പുതന്നെ ക്രിസ്തുദൗത്യം ഭാരതം സ്വീകരിച്ചു എന്നിരുന്നാലും ക്രിസ്തുസഭയ്ക്ക് ഭാരതത്തിന്റേതായ ഒരു പ്രത്യേക സംഭാവന ഇനിയും നാം നല്കിയിട്ടില്ല. സഭയുടെ ആരംഭകാലത്തുതന്നെ ഏഷ്യാമൈനർ, അറേബ്യ മുതലായ സ്ഥലങ്ങളിൽ സന്യാസിമാരെകൊണ്ട് സന്യാസ സമൂഹങ്ങൾകൊണ്ട് നിറഞ്ഞിരുന്നു എങ്കിൽ 2000 കൊല്ലത്തെ ക്രിസ്തീയ പാരമ്പര്യമുള്ള ഭാരതത്തിൽ സന്യാസജീവിതത്തിന് ക്രിസ്ത്യാനികൾ വേണ്ട ഗൗരവവും പ്രാധാന്യവും നല്കിയിട്ടില്ല എന്നത് ഒരു ദുഃഖസത്യമാണ്.

യൗവ്വനകാലത്തുതന്നെ മാർ ഈവാനിയോസ് തിരുമേനി ആർഷഭാരതത്തിന്റെ സംസ്കാരം ശരിയായി മനസ്സിലാക്കുകയും, സമകാലീകമായ നേതാക്കന്മാരുമായി സമ്പർക്കം പുലർത്തുകയും ക്രിസ്തുമതത്തിന്, ഭാരതത്തിന്റേതായ പ്രത്യേക സംഭാവനകൾ നല്കുവാനുണ്ട് എന്ന് മനസ്സിലാക്കുകയും ചെയ്തു. മാർ ഈവാനിയോസ് പിതാവിന് ഭാരതത്തിലെ ക്രിസ്ത്യാനികളെപ്പററി, ക്രൈസ്തവസഭയെപ്പററി

www.malankaralibrary.com

ഉണ്ടായിരുന്ന ദർശനം, ആർഷഭാരതത്തിന്റെ ദാർശനികമായ, ആദ്ധ്യാത്മികമായ ആഭിമുഖ്യമുള്ള ഋഷിമാരുടെ പൈതൃകം സ്വാംശീകരിച്ച് സഭയ്ക്കു് പ്രത്യേകമായ ചൈതന്യവും, സവിശേഷതയും നല്കണം എന്നുള്ളതായിരുന്നു. ഈ ദൂരവീക്ഷണമാണ് അദ്ദേഹം ഭാരതസഭയ്ക്കു നല്കിയ പ്രത്യേകമായ സംഭാവന എന്നു ഞാൻ കരുതുന്നു. സഭയുടെ എല്ലാ മണ്ഡലങ്ങളിലും, വിദ്യാഭ്യാസരംഗത്തും ഉന്നതമായ സ്ഥാനം കൈവരിച്ച അദ്ദേഹം, അവയെല്ലാം വലിച്ചെറിഞ്ഞു്, ആർഷഭാരതത്തിന്റെ ആ സംസ്കാരം, ആ പാരമ്പര്യം മുന്നിൽ കണ്ടുകൊണ്ടു് സന്ന്യാസജീവിതം തിരഞ്ഞെടുത്തു. സന്ന്യാസിയായി ജീവിച്ച് രണ്ടു സന്ന്യാസസമൂഹങ്ങൾക്കു് ജന്മംനല്കി. സന്ന്യാസസഭകളുടെ സ്ഥാപകൻ മാത്രമായിരുന്നില്ല അദ്ദേഹം; സന്ന്യാസികൾക്കു് എല്ലാവിധത്തിലും മാതൃകയും ആയിരുന്നു. സഭയുടെ ശ്രേഷ്ഠമായ സന്ന്യാസപാരമ്പര്യങ്ങൾ എല്ലാം അദ്ദേഹം ഉൾക്കൊള്ളുകയും, അതിൽ അടിയുറച്ചു നിന്നുകൊണ്ടു് ഭാരതത്തിന്റെ സംസ്കാരത്തിനു ചേർന്നതായ ഒരു സന്ന്യാസസമൂഹജീവിതത്തിനു് രൂപം നല്കുകയും ചെയ്തു.

സന്ന്യാസജീവിതത്തിൽ കൂടിയാണു് അദ്ദേഹം വഴിയായി മററു് അനേകം നന്മകൾ സഭയ്ക്കു ലഭിച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണു് ഈ ശതാബ്ദിയുടെ സമാപ്തി സന്ന്യാസസമൂഹങ്ങളുടെ നേതൃത്വത്തിൽ നടന്നതു് ഉചിതമാണു് എന്നു ഞാൻ സൂചിപ്പിച്ചതു്. പ്രാർത്ഥനാജീവിതം വഴി സമ്പാദിച്ച നന്മകൾ അദ്ദേഹം മററുള്ളവർക്കു നല്കുന്നതിനു് പരിശ്രമിച്ചു. വളരെ തിരക്കുമുള്ള ജോലികളിൽ ഏർപ്പെട്ടിരുന്ന അദ്ദേഹം നമ്മുടെ കർത്താവിന്റെ മാതൃക അനുകരിച്ചുകൊണ്ടു് രാത്രിയുടെ ദീർഘമായ യാമങ്ങളിൽ, ഏകാകിയായി മുട്ടുവീർപ്പോടുകൂടി, നെഞ്ചത്തിടിച്ചുകൊണ്ടു് പ്രാർത്ഥിക്കുന്നതു് ഞങ്ങളിൽ ചിലരെങ്കിലും കണ്ടിട്ടുണ്ടു്. അദ്ദേഹം മരിക്കു

www.malankaralibrary.com

ന്നതിനു് വളരെ മുൻപുതന്നെ അദ്ദേഹത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ടിരുന്ന കല്ലറയുടെ മുൻപാകെ പോയിനിന്നു് ദീർഘനേരം പ്രാർത്ഥിച്ചിട്ടുണ്ടു്. രോഗിയായിരുന്ന സമയത്തു് എന്നെയും മററു് വൈദികരേയും കൂട്ടികൊണ്ടു് ആ കല്ലറയുടെ മുൻപാകെ നിന്നു പ്രാർത്ഥിക്കുന്നതു് ഇപ്പോഴും ഞാൻ ഓർക്കുന്നുണ്ടു്. മരണസമയത്തും പ്രാർത്ഥനയെപററി ആയിരുന്നു അദ്ദേഹത്തിൻെറ ചിന്ത. "ഞാൻ സ്വർഗ്ഗത്തിൽ ചെന്നതിനുശേഷം, ക്രിസ്തീയഐക്യം പൂർത്തിയാകുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും" എന്നദ്ദേഹം പറയുകയുണ്ടായി. സർവ്വോപരി പ്രാത്ഥനയുടെ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. ആർഷഭാരതത്തിൻെറ ആത്മാവിനെ കണ്ടുപിടിക്കുകയും, വിലമതിക്കുകയും, സ്വാംശീകരിക്കുകയും ചെയ്ത ഒരു മഹാൻ. അദ്ദേഹം സഭയ്ക്കുനല്കിയിട്ടുള്ള ഏററം വലിയ പൈതൃകം ഈ സന്ന്യാസമാണെന്നു ഞാൻ കരുതുന്നു. ഇതു മനസ്സിലാക്കുന്നതിനും, ഈ പൈതൃകം ആത്മാർത്ഥമായി തുടർന്നുകൊണ്ടുപോകുന്നതിനും, സന്ന്യാസി, സന്ന്യാസിനികളായ നിങ്ങൾ പരിശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഏതൊരുകാലത്തെയും അപേക്ഷിച്ചു് പ്രാർത്ഥന ആവശ്യം ഉള്ള ഒരു കാലഘട്ടം ആണിതു്. പ്രവൃത്തി പ്രാർത്ഥനയാണെന്നു കരുതുന്ന ഒരു കൂട്ടം ആളുകൾ ഇന്നു് സഭയിൽ തന്നെയുണ്ടു്. എന്നാൽ പ്രാർത്ഥനക്കു് അതിൻേറതായ പ്രാധാന്യം ഉണ്ടു്. പ്രാത്ഥനയിൽകൂടി മാത്രമേ മറേറതെങ്കിലും നന്മ കാംക്ഷിക്കുവാൻ സാധിക്കുകയുള്ളു എന്നു് മാർ ഈവാനിയോസ് തിരുമേനി സ്പഷ്ടമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. പുതിയ ഒരു ഭാഷ്യം ആയിരുന്നില്ലതു്. നമ്മുടെ കർത്താവിൻെറ ഉപദേശംതന്നെ ആയിരുന്നു ഇതു്. ഇന്നു് യൂറോപ്പിൽനിന്നു് ധാരാളം ആളുകൾ യുവതീയുവാക്കന്മാർ ഭാരതത്തിലേക്കു കടന്നുവരുന്നുണ്ടു്. യഥാർത്ഥമായ

www.malankaralibrary.com

ശാന്തിയും സമാധാനവും അവർക്കവിടെ ലഭ്യമല്ലാത്തതുകൊണ്ടു് അവർ പ്രത്യേകമായി ഭാരതത്തിലേക്കു വരികയാണു്. ഭാരതത്തിൻെറ ആത്മാവിനെ കണ്ടെത്തുന്നതിനു് നമ്മുടെ സംസ്കാരം മനസ്സിലാക്കുന്നതിനു്, നമ്മുടെ പ്രത്യേകതയിൽ ജീവിക്കുന്നതിനാണു് അവർ ഇൻഡ്യയിലേക്കു വരുന്നതു്. എന്നാൽ അവർ എവിടെനിന്നാണീ സംസ്കാരം, ആർഷഭാരത ചൈതന്യം ഉൾക്കൊള്ളുന്നതു്? ഹൈന്ദവ ആശ്രമങ്ങളിലേക്കും ഹൈന്ദവ സമൂഹങ്ങളിലേക്കും കടന്നുചെല്ലുന്ന അവർ പലപ്പോഴും അതിഭയങ്കരമായി വഞ്ചിക്കപ്പെടുകയാണു്. ഇങ്ങനെ ശാന്തിയും, സമാധാനവും, ആദ്ധ്യാത്മികതയും അന്വേഷിച്ചു കടന്നുവരുന്ന അനേകായിരം ആളുകൾക്കു് ഒരു സങ്കേതം നല്കുവാൻ നമുക്കു കടമയില്ലേ.?

പ്രിയ സന്ന്യാസീ സന്ന്യാസിനികളെ, 2000 കൊല്ലം കഴിഞ്ഞിട്ടു്, ഇൻഡ്യയുടെ സംസ്കാരവും, ക്രിസ്തീയ ജീവിതത്തിൻെറ അന്തസത്തയും സമ്മേളിപ്പിച്ചുകൊണ്ടു് ഒരു ജീവിതപരിപാടി തയ്യാറാക്കുന്നതിനു് നമുക്കിനിയും സാധിച്ചിട്ടില്ല. മാർ ഈവാനിയോസ് തിരുമേനി ഇതിനു മുൻകൈയെടുത്തു് ഒരു മാർഗ്ഗം നമുക്കു കാട്ടിതന്നിട്ടുണ്ടു്. ഇൻഡ്യയുടെ സംസ്കാരത്തിൽ നിന്നുതന്നെ ഉടലെടുത്ത ഒരു സന്യാസജീവിതം ആണു് മലങ്കരസഭ ഭാരതത്തിനു്, സാർവ്വത്രികസഭയ്ക്കു് നല്കുന്ന ഏററം വലിയ സംഭാവന. മാർ ഈവാനിയോസ് പിതാവിൻെറ ആദർശം അനുസരിച്ചുകൊണ്ടുള്ള ഈ സന്ന്യാസജീവിതം അതിൻെറ പൂർണ്ണതയിൽ ജീവിക്കുകയും, അതു മററുള്ളവർക്കു കാണിച്ചുകൊടുക്കുകയും അതിലേക്കു് മററുള്ളവരെ ആകർഷിക്കുകയും ചെയ്യുകയാണു്. ഈ ജന്മശതാബ്ദിയുടെ ഏററം വലിയ സ്മരണിക.

www.malankaralibrary.com

# മാർ ഈവാനിയോസിൻെറ ക്രിസ്താനുകരണാഭിവാഞ്ഛ

## ഐസക്കു് മാർ യൂഹാനോൻ മെത്രാപ്പോലീത്ത

ഒരു വഷത്തിലേറെയായി വന്ദ്യനായ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മശതാബ്ദി നാം ആചരിക്കുകയായിരുന്നു. ശതാബ്ദിയുടെ ഭാഗമായി പല നല്ല പരിപാടികളും നമ്മൾ ആവിഷ്കരിച്ചു നടപ്പാക്കി. ഈ പരിപാടികളുടെ എല്ലാം ലക്ഷ്യം തിരുമേനിയുടെ അരൂപിയെ ഉൾക്കൊള്ളുക, അദ്ദേഹത്തിൻെറ ജീവിതശൈലി സ്വാംശീകരിച്ചെടുക്കുക എന്നതായിരുന്നു. ഒരു പുതിയ ഉണർവ്വ്, ഒരു പുതിയ ചൈതന്യം ഉൾക്കൊള്ളുന്നതിനുള്ള അവസരം ആയിരുന്നു ഈ ശതാബ്ദിവഷം. നമ്മൾ മററുള്ളവക്കു് ധാരാളം ഉപകാരം ചെയ്തു എന്നതിലുപരി, നമ്മിൽ ഈ ശതാബ്ദി ആഘോഷം കൊണ്ടു് എന്തു സാധിച്ചു? എന്തു് പുതിയ ഉൾക്കാഴ്ചയാണു് ഈ ആഘോഷം കൊണ്ടു് നമുക്കു ലഭിച്ചതു്?

അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിലേക്കു കടക്കുമ്പോൾ ധാരാളം അനുഭവങ്ങൾ തിരുമേനിയുമായി ബന്ധപ്പെട്ടവക്കു പറയാനുണ്ടു്. ഞാൻ തിരുമേനിയുടെ ജീവിതത്തെപ്പററി വായിച്ചപ്പോൾ എന്നെ കൂടുതലായി സ്പർശിച്ചതു്, എനിക്കു് വളരെയധികം പ്രചോദനം തന്നതു് അദ്ദേഹത്തിൻെറ ക്രിസ്താനുകരണത്തോടുള്ള അടങ്ങാത്ത അഭിവാഞ്ഛയാണു്. ക്രിസ്തുവിനെ അനുകരിക്കുക, ക്രിസ്തുവിൻെറ യഥാത്ഥത്തിലുള്ള ഒരു ദാസനായി തീരുക, പ്രാത്ഥനയുടെ മനുഷ്യനായിതീരുക, ആ പ്രാത്ഥനയിൽനിന്നു് ലഭിക്കുന്ന ചൈതന്യം പ്രവത്തിമണ്ഡലത്തിൽ കൊണ്ടുവരിക—അങ്ങനെ പ്രാത്ഥനയും പ്രവത്തിയും സമന്വയിപ്പിച്ചുകൊണ്ടുപോയ മഹാനായ ഒരു വ്യക്തിയായിരുന്നു പിതാവു്. അദ്ദേഹം പ്രാത്ഥിച്ചതിൻെറ ആ പ്രാത്ഥന ശരിക്കു

www.malankaralibrary.com

ജീവിതത്തിലിറങ്ങിവന്നതിൻെറ, പ്രാർത്ഥനാജീവിതം ഉൾക്കൊണ്ടതിൻെറ ഫലമായിട്ടാണ് വലിയ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചതു്. പ്രാർത്ഥനാത്രപിയിൽ ജീവിക്കുന്നതിനായിട്ടാണു്, ജീവിതംതന്നെ പ്രാർത്ഥനക്കുവേണ്ടി മാററിവക്കുന്നതിനാണു് എല്ലാം ഉപേക്ഷിച്ചു് മുണ്ടൻമലയിൽപോയി വനപ്രദേശത്തു് സ്വസ്ഥമായി ജീവിക്കുന്നതിനും, അതിലൂടെ ദൈവത്തെ കണ്ടെത്തി, ദൈവത്തിൻെറ ഇഷ്ടം നിറവേററുന്നതിനും അദ്ദേഹം തയ്യാറായതു്. അങ്ങനെ ആ മുണ്ടൻമലയിൽ ഏകാന്തതയിൽ പ്രാർത്ഥനയുടെ ഏററംവലിയ മനുഷ്യനായി മാറികൊണ്ടു്, ആരാധനാക്രമം കശനമായി അനുഷ്ഠിച്ചുകൊണ്ടു് തപശ്ചര്യകൾ പാലിച്ചുകൊണ്ടു് അദ്ദേഹം മലങ്കരയിൽ ഒരു പുതിയ പാത വെട്ടിതുറന്നു. ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചതു് മലങ്കരസഭയോടുള്ള നിസ്വാർത്ഥസ്നേഹം ഒന്നുമാത്രമാണു്. അതിലുപരി മലങ്കരസഭയിലെ അന്നത്തെ ദയനീയമായ അവസ്ഥയാണു് അദ്ദേഹത്തെ ഈ ജീവിതശൈലിയിലേക്കു തിരിച്ചുവിട്ടതു്.

നമുക്കു് തിരുമേനിയുടെ സന്ദേശം ഉൾക്കൊണ്ടു ജീവിക്കുവാൻ, അതുപോലെതന്നെ അദ്ദേഹത്തിൻെറ പ്രാർത്ഥനാ ജീവിതത്തിലേക്കും, ആരാധനാപരമായിട്ടുള്ള ജീവിതങ്ങളിലേക്കും കടന്നുചെല്ലുവാൻ ശ്രമിക്കാം. വന്ദ്യതിരുമേനി നമുക്കു കാണിച്ചുതന്നിരിക്കുന്ന പ്രാർത്ഥനയുടെ ചൈതന്യം നമ്മുടെ ജീവിതത്തിലുണ്ടാകുന്നതിനായി നമുക്കാത്മാർത്ഥമായി പരിശ്രമിക്കാം. ആ ചൈതന്യം ഉൾക്കൊണ്ടു് പ്രാർത്ഥനാ ജീവിതത്തിലധിഷ്ഠിതമായ ഒരു ജീവിതം നയിച്ചുകൊണ്ടു് ദൈവത്തിനു നമ്മെതന്നെ സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ള ഒരു ജീവിതത്തിലേക്കാണു് തിരുമേനി നമ്മെ ആഹ്വാനം ചെയ്യുന്നതു്. അപ്രകാരമുള്ള ഒരു ജീവിതത്തിലേക്കു തിരിയുന്നതിനുള്ള ശക്തിയും, അനുഗ്രഹവും; പ്രചോദനവും ഈ ശതാബ്ദി ആഘോഷത്തിലൂടെ നമുക്കു ലഭിക്കട്ടെ.

www.malankaralibrary.com

# വിശ്വാസധീരനായ മാർ ഈവാനിയോസ്

**—പൌലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ**

പുനരൈക്യ പ്രസ്ഥാനത്തിൻെറ ജനയിതാവും മലങ്കര കത്തോലിക്കാ സഭയിലെ പ്രഥമ മേലദ്ധ്യക്ഷനുമായിരുന്ന ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സിലെ ജന്മശതാബ്ദി ആഘോഷിക്കുകയാണല്ലോ നാം ഇപ്പോൾ. മാവേലിക്കര പണിക്കരു വീട്ടിൽ കൊച്ചുകീവറച്ചൻ, പണിക്കരുശെമ്മാശൻ, എം. എ. ക്കാരനച്ചൻ, ബഥനി മെത്രാച്ചൻ, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്, ഭാരതന്യൂമാൻ എന്നീ നിലകളിലെല്ലാം അറിയപ്പെട്ടിരുന്ന അഭിവന്ദ്യ പിതാവു പലകാര്യങ്ങളിലും അദ്വിതീയനായിരുന്നു; യുഗപ്രഭാവനായിരുന്നു. മലങ്കര യാക്കോബായസഭയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കും അഭ്യുന്നതിക്കുംവേണ്ടി അഹോരാത്രം അദ്ധ്വാനിച്ചു. ഊണിലും ഉറക്കത്തിലും അതായിരുന്നു അദ്ദേഹത്തിൻെറ ചിന്ത. സംഭവബഹുലമായ തൻെറ ജീവിതത്തിൽ ഉണ്ടായിട്ടുള്ള പല സംഭവങ്ങളും കേവലം യാദൃച്ഛികങ്ങളായിരുന്നില്ല. യഥാർത്ഥ വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രാർത്ഥനാജീവിതത്തിൻെറ സത്ഫലങ്ങളായിരുന്നു അവ. ഒരു വിശ്വാസധീരനായിരുന്നു അദ്ദേഹം. "വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും, കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ്" (എബ്രായ 11-1) എബ്രായലേഖനത്തിലെ കർത്താവിൻെറ ഈ വാക്കുകൾ മാർ ഈവാനിയോസ് പിതാവിൻെറ ജീവിതത്തിൽ വളരെ അന്വർത്ഥമാണ്; പ്രത്യാശിക്കുന്നവ ലഭി

www.malankaralibrary.com

ക്കമെന്ന ഉറപ്പോടുകൂടിയുള്ള പ്രവൎത്തനം അദ്ദേഹത്തിന്റെ ജീവിതത്തിൽ അങ്ങോളമിങ്ങോളം കാണുവാൻ കഴിയും. കുട്ടിക്കാലം മുതൽക്കുതന്നെ വിശ്വാസദാർഢ്യം അദ്ദേഹത്തിൽ തെളിഞ്ഞുകാണാമായിരുന്നു.

“ഒരവസരത്തിൽ ജ്വരബാധ മൂലം കീവറച്ചൻ കിടപ്പിലായി. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി അടുത്തുള്ള ദേവാലയത്തിൽ ആ സന്ദർഭത്തിൽ എഴുന്നള്ളി താമസിക്കുന്നുണ്ടായിരുന്നു. ഈ വിവരം എങ്ങിനെയോ അറിഞ്ഞ ബാലൻ രോഗക്കിടക്കയിൽ കിടന്നുകൊണ്ട് സ്വപിതാവിനോടു പറയുകയാണ്: “അപ്പച്ചാ, എന്നെ പള്ളിയിലേക്ക് എടുത്തുകൊണ്ടു പോകണം. പരുമലതിരുമേനി എന്റെ തലയിൽ കൈവെച്ച് പ്രാൎത്ഥിക്കണം. എന്നാൽ എന്റെ സുഖക്കേട് ഭേദമാകും”. കുട്ടിയുടെ നിർബ്ബന്ധം മൂലം തോമാപണിക്കർ മകനേയും എടുത്തുകൊണ്ട് ദേവാലയത്തിലേക്കുപോയി. പ്രാൎത്ഥനയിൽ ബാലനുണ്ടായിരുന്ന വിശ്വാസത്തിൽ അതീവ സന്തുഷ്ടനായിത്തീൎന്ന തിരുമേനി ബാലനെ പ്രശംസിക്കുകയും തലയിൽ കൈവച്ച് പ്രാൎത്ഥിക്കുകയും ചെയ്തു. താമസിയാതെ സുഖക്കേട് ഭേദമാകുകയും ചെയ്തു.” (ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് Vol.I Page 33) ബാലനായ മാർ ഈവാനിയോസിന്റെ വിശ്വാസത്തിന്റെ നിദർശനമാണ് ഇവിടെ കാണുന്നത്. യഥാൎത്ഥ പ്രാൎത്ഥനയിൽക്കൂടി, വിശേഷിച്ച് ജീവിതവിശുദ്ധി ആർജിച്ചിട്ടുള്ളവരുടെ മാദ്ധ്യസ്ഥതയിൽക്കൂടി ദൈവത്തെ സമീപിക്കുമ്പോൾ ദൈവം കരുണയോടെ അനുഗ്രഹങ്ങൾ വർഷിക്കുമെന്ന ഉറച്ച വിശ്വാസമാണ് ബാലനിൽ പ്രകടമായത്.

പിതാവിന്റെ കുട്ടിക്കാലത്തുണ്ടായ മറെറാരു സംഭവം സ്മരണീയമാണ്. മലങ്കര യാക്കോബായ സഭയുടെ മേലദ്ധ്യക്ഷനായിരുന്ന പുലിക്കോട്ട് യൗസേഫ് മാർ ദീവന്നാ

www.malankaralibrary.com

സ്യോസ് മെത്രാപ്പോലീത്താ ഒരിക്കൽ മാവേലിക്കര പുതിയ കാവുപള്ളിയിൽ എഴുന്നെള്ളി താമസിക്കുന്നു. ഏതാണ്ട് സന്ധ്യ കഴിഞ്ഞു ഇടവകാംഗങ്ങളായ വളരെപേർ തിരുമേനിയെ കാണുന്നതിനും സംസാരിക്കുന്നതിനും പള്ളിയിൽ തടിച്ചുകൂടിയിട്ടുണ്ട്. ഭയങ്കരമായ കൂരിരുട്ട്. ശക്തിയായ കാററ്, കോരിച്ചൊരിയുന്ന പേമാരി. ഈയവസരത്തിൽ തിരുമേനി ചുററും നിന്നവരോടു ചോദിക്കുകയാണ്: "ഇവിടെ നിന്നും വഴുവാടിക്ക് എത്രമൈൽ ദൂരമുണ്ട്." കൂട്ടത്തിൽ നിന്നവരിൽ ഒരുവൻ മറുപടി നൽകി "ഒരു മൈലോളം വന്നേക്കും" തൽക്ഷണം തിരുമേനി കല്പിക്കുകയാണ് "നമ്മുടെ വീട്ടിനാൽ ശെമ്മാശനെ കണ്ടിട്ട് ഒരു അത്യാവശ്യമുണ്ട്. അയാളെ ഇത്രടംവരെ വിളിച്ചുകൊണ്ടുവരുവാൻ ആക്കെങ്കിലും വഴുവാടിവരെ പോകുവാൻ സാധിക്കുമോ? കുറെ സമയത്തേക്ക് ആ സദസ് മൗനനിർഭരമായി. ആരോഗദൃഢഗാത്രരായ ഒട്ടനേകർ അവിടെ കൂടിയിട്ടുണ്ട്. ചോരത്തിളപ്പുള്ള നിരവധി യുവാക്കൻമാർ അവിടെ സന്നിഹിതരായിട്ടുണ്ട്. പക്ഷെ, അവർക്കാർക്കും ആ സമയത്തു വഴുവാടിവരെ പോകുവാനുള്ള ധൈര്യം ഉണ്ടായില്ല. ഒരുവൻെറയും നാവിൽനിന്നും സമ്മതസ്വരം പുറപ്പെട്ടുന്നുമില്ല. തൽക്ഷണം ആരെയും അത്ഭുതപരതന്ത്രരാക്കിതീർക്കുമാറ് ഒരു ചെറുബാലൻ ആളുകളെ തള്ളിമാററികൊണ്ട് മുമ്പോട്ടുവന്ന് തിരുമേനിയുടെ കൈമുത്തിയശേഷം പറയുകയാണ് "തിരുമേനി അടിയൻ പോകാം" (ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് (Vol I Page 36, 37) സന്തോഷത്തോടും വിസ്മയത്തോടുംകൂടെ തിരുമേനി ബാലനെകുറിച്ചുള്ള വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഒരു കുടയും വിളക്കും കൊടുത്ത് അവനെ യാത്രയാക്കി. ഒരു മൈൽ ദൂരത്തുള്ള വഴുവാടിയിൽ പോയി ശെമ്മാശനെയും വിളിച്ചുകൊണ്ട് ബാലൻ വന്നുചേർന്നു. ഇതിൽ അത്യന്തം സന്തുഷ്ടനായ തിരുമേനി ബാ

www.malankaralibrary.com

ലനെ പ്രത്യേകം അനുഗ്രഹിച്ചു. ഏതു ഭയങ്കരമായ പെമാരിയിലും കൊടുങ്കാററിലും പോയാലും താൻ ആശ്രയം വെച്ചിരിക്കുന്ന സർവ്വശക്തനായ ദൈവം തന്നോടുകൂടെയുണ്ടെന്നും, ഏതു ആപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും സംരക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിയുമെന്നുള്ള അടിയുറച്ച വിശ്വാസവും ആത്മധൈര്യവുമാണ് ആ ബാലനെ ആ സാഹസത്തിന്നു് പ്രേരിപ്പിച്ചതു്. "കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും നീ എന്നോടുകൂടി ഉള്ളതുകൊണ്ടു് ഞാൻ യാതൊനർത്ഥവും ഭയപ്പെടുകയില്ല, നിന്റെ വടിയും ദണ്ഡും എനിക്കാത്മധൈര്യം നൽകുന്നു." (സങ്കീർത്തനം 23-4) എന്ന സങ്കീർത്തനവാക്യം ബാലന്റെ ഉള്ളിന്റെ ഉള്ളിൽ ആഴത്തിൽ പതിഞ്ഞിരുന്നു.

ചെറുപ്പകാലത്തുതന്നെ ദൈവാശ്രയത്തിലും പ്രാർത്ഥനയിലും അതീവ തല്പരനായിരുന്ന മാർ ഈവാനിയോസ് പിതാവു എന്നതിന്നു് ഇതാ മറെറാരു ഉദാഹരണം: "സ്വഭവനത്തിൽനിന്നു് പ്രതിദിനം രാവിലെ സ്കൂളിലേക്കു പോകുമ്പോഴും അവിടെനിന്നു മടങ്ങുമ്പോഴും പുതിയകാവു ദേവാലയത്തിൽ കയറി കുറെ സമയം പ്രാർത്ഥിക്കുക പതിവായിരുന്നു." (Mar Ivanos Vol. I. Page 32.) കളിതമാശകളിൽ മാത്രം തല്പരരായ സമപ്രായക്കാരും സഹപാഠികളുമായ കുട്ടികൾ കീവറിച്ചനെ ഈ പ്രാർത്ഥനാ പരിപാടിയിൽ കളിയാക്കിയിരിക്കാം. അതൊന്നും അദ്ദേഹത്തിന്നു് പ്രശ്നമായിരുന്നിരിക്കില്ല.

തന്റെ ജീവിതത്തിലെ പ്രധാനമായ ഓരോ സംഭവത്തേയും സസൂക്ഷ്മം പരിശോധിക്കുമ്പോൾ ദൈവത്തിൽ അടിയുറച്ച വിശ്വാസത്തിൽ തന്നെത്തന്നെ ദൈവകരങ്ങളിലേക്കു് പൂർണ്ണമായി സമർപ്പിക്കുന്നതു കാണാം. പ്രത്യാശിക്കുന്നവ ലഭിക്കുമെന്നുള്ള ഉറപ്പ്-അതെ, ആഴമേറിയ വിശ്വാസം ത

www.malankaralibrary.com

നിക്കണ്ടു്. കോട്ടയത്തു M. D. സെമിനാരിയിൽ പ്രിൻസി പ്പലായി അതിൻെറ ചുമതല വഹിക്കുന്ന കാലം. എന്തെ ല്ലാം ആഗ്രഹങ്ങളും പ്രതീക്ഷകളുമാണു് മലങ്കര സഭയെപററി തനിക്കുണ്ടായിരുന്നതു്. സഭയിൽ സമാധാനവും ഐക്യവും കൈവരണം. വിദ്യാഭ്യാസമുള്ള ഒരു തലമുറയെ വാർത്തെടു ത്തു് സഭയെ ഉദ്ധരിക്കണം. അതിനു് M. D.യെ ഒരു കോ ളേജായി ഉയർത്തണം. ഒരു വൈദിക കോളേജ് സ്ഥാപി ച്ചു് വൈദികരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തണം. ഇതെല്ലാമായിരുന്നു എം. എ. ക്കാരനച്ചൻെറ ചിന്ത. ഇതി നുവേണ്ടി പ്രത്യാശയോടെ നിരന്തരമായി പ്രാർത്ഥിച്ചുകൊ ണ്ടിരുന്നു. അപ്പോഴാണു് കൽക്കത്തയ്ക്കു സമീപമുള്ള സെറാ മ്പൂർ കോളേജിൻെറ പ്രിൻസിപ്പലായ Dr. ഹവ്വൽസുമായ പരിചയപ്പെടുന്നതു്. എം. എ. ക്കാരനച്ചൻെറ പാണ്ഡി ത്യവും വാഗ്മിത്വവും ഡാക്കുർ ഹവ്വൽസിനെ അത്യന്തം ആക ർഷിച്ചു. അതുകൊണ്ടു് പ്രസ്തുത കോളേജിലെ ഒരു പ്രൊഫസ റായി അച്ചനെ നിയമിക്കണമെന്നു് അദ്ദേഹം ആഗ്രഹിക്കുക യും അതിനായി ക്ഷണിക്കുകയും ചെയ്തു. പ്രൊഫസർ ഉദ്യോ ഗം സ്വീകരിച്ചു് സെറാമ്പൂർ പോകുന്നതിനു് രണ്ടുമൂന്നു കാര്യങ്ങൾ അദ്ദേഹത്തിനു വിഘാതമായി തോന്നി. തൻെറ ഗുരുവായ വട്ടശ്ശേരിൽ മാർ ദിവന്യാസിയോസു തിരുമേനിയു മായി വേർപ്പെട്ടു നില്ക്കുന്നതിനുള്ള വിഷമം. വ്യവഹാരവും മത്സരവും വദ്ധിച്ച വിഷമഘട്ടത്തിൽപ്പെട്ടിരിക്കുന്ന തൻെറ സഭയുടെ സമാധാനത്തിനും അഭിവൃദ്ധിക്കുംവേണ്ടി സഭാകേ ന്ദ്രത്തിൽതന്നെ നിന്നുകൊണ്ടു് പ്രവർത്തിക്കുവാനുള്ള ആഗ്ര ഹം. എം. ഡി. സെമ്മിന്നാരിയെ യഥോചിതം ഉയർത്തി കൊണ്ടുവരുന്നതിനുള്ള അത്യാകാംക്ഷ.

അതെസമയം സെറാമ്പൂരിൽ പോയാലുള്ള സാദ്ധ്യതക ളെക്കുറിച്ചു അദ്ദേഹം ചിന്തിക്കാതിരുന്നില്ല. സമുദായ

www.malankaralibrary.com

ത്തിൽപ്പെട്ട സമത്ഥരായ അനേകം കുട്ടികളെകൊണ്ടുപോയി കോളേജിൽചേത്തു ഉന്നതവിദ്യാഭ്യാസം നല്കുന്നതിന്നു കഴിയും. തന്റെ വരുമാനംകൊണ്ടും തന്റെ സ്വാധീനം ഉപയോഗിച്ചും ആർജിക്കാവുന്ന സ്കോളർഷിപ്പുകൾകൊണ്ടു് അവരെ സഹായിക്കാം. അവരിൽനിന്നു ഏതാനും ഉന്നതബിരുദധാരികളായ വൈദികരെ സമുദായത്തിനു ലഭ്യമാക്കുകയും ചെയ്യും. എങ്കിലും അവസാനം ഒരു തീരുമാനത്തിലെത്താൻ അദ്ദേഹം നന്നേ വിഷമിച്ചു. പ്രാർത്ഥനയിലും ധ്യാനത്തിലും പല നാളുകൾ കഴിച്ചുകൂട്ടി. "എന്തെങ്കിലുമാകട്ടെ, ദൈവഹിതം അതായിരിക്കണമെന്നു് നാം ഒടുവിൽ തീച്ചപ്പെടുത്തി." (ഗിരി ദീപം Page 64) അങ്ങനെ സെറാമ്പൂരിൽ പോകുവാൻ തീരുമാനിച്ചു. വിശ്വാസത്തോടുകൂടി ദൈവഹിതത്തിന്നു കീഴ്പ്പെടുക എന്നുള്ളതത്രെ ഇവിടെ നാം കാണുന്നതു്.

ഇനി അതിപ്രധാനമായ മറ്റൊരു മഹൽസംഭവംകൂടി നമ്മുടെ സ്മരണയിൽ ഓടിയെത്തും—ആശ്രമസ്ഥാപനം— സെറാമ്പൂർ കോളേജിലെ പ്രൊഫസർ ഉദ്യോഗം സ്വീകരിച്ചു് അവിടെ താമസമാക്കി സമത്ഥരായ ഒട്ടനവധി വിദ്യാത്ഥികളെ നാട്ടിൽനിന്നു കൊണ്ടുപോയി കോളേജിൽ ചേത്തു പഠിപ്പിക്കുവാൻ തുടങ്ങി. പ്രതീക്ഷയ്ക്കൊത്തു് യുവാക്കളെല്ലാം ഉത്സാഹപൂർവ്വം പഠിച്ചുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെയാണു് മലങ്കരസഭയുടെ ഉന്നതി ആത്മീകനവോത്ഥാനത്തിൽക്കൂടിയേ കൈവരുത്താൻ സാധിക്കൂ എന്ന ഒരവബോധവും ദർശനവും അദ്ദേഹത്തിന്നുണ്ടാകുന്നതു്. ആയതിനു് എല്ലാം ഉപേക്ഷിച്ചു് തങ്ങളെത്തന്നെ ദൈവകരങ്ങളിൽ ഏല്പിച്ച സമപ്പിതരായ സന്ന്യാസികളുടെ ഒരു സമൂഹവും ആശ്രമവും ഉണ്ടാകണമെന്നു മനസ്സിൽ ഉറച്ചു. അതിന്നുവേണ്ടി പ്രാത്ഥിക്കുവാനും പ്രവത്തിക്കുവാനും തുടങ്ങി. സന്ന്യാസജീവിതത്തിന്റെ ആദ്യപാഠങ്ങൾ തല്പരരായ അന്നത്തെ

www.malankaralibrary.com

കൾക്കു് സെറാമ്പൂരിൽവെച്ചുതന്നെ ആരംഭിച്ചു. ലളിതമായ ഏതാനും അനുഷ്ഠാനങ്ങളും വ്രതങ്ങളും മാത്രമെ ആദ്യം തുടങ്ങിയുള്ളു—കൃത്യസമയങ്ങളിലുള്ള നമസ്കാരം, ധ്യാനം, ആത്മപരിശോധന, മൗനം മുതലായവ. എവിടെയാണു് ഒരു ആശ്രമം സ്ഥാപിക്കേണ്ടതു് എന്ന ചിന്തയായി പിന്നീടു്. ജനത്തിരക്കും പ്രാപഞ്ചിക ശബ്ദകോലാഹലങ്ങളുമുള്ള പട്ടണങ്ങളിൽ വേണ്ട—പ്രകൃതിരമണീയവും പ്രശാന്ത ഗംഭീരവുമായ വിദൂരവനാന്തരങ്ങൾ തന്നെ ആയിരിക്കണം എന്നു നിശ്ചയിച്ചു. സ്ഥലം വാങ്ങണം—കെട്ടിടങ്ങൾ പണിയണം—ആശ്രമസ്ഥരുടെ അഹോവൃത്തി കഴിയണം—ഇതിനെല്ലാം പണമെവിടെ എങ്ങനെയുണ്ടാവും. ഈവക ചിന്തകളും അദ്ദേഹത്തിൽ ഉണ്ടാകാതിരുന്നില്ല. "എങ്കിലും സകലവും ദൈവം നോക്കിക്കൊള്ളും എന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിൻെറ മനസ്സിനു് ധൈര്യം നല്കി" (Arch Bishop Mar Ivanios Vol. I P.145) തുടർന്നുള്ള പ്രാർത്ഥനയും പ്രവർത്തനവും മൂലം പെരുന്നാട്ടിലെ മുണ്ടൻമലയിൽ ആശ്രമം സ്ഥാപിതമായി. സന്ന്യാസികൾ ഇടവകകളിൽ പോയി പ്രവർത്തിച്ചു ജനങ്ങളിൽ ആത്മീകമായ ഉണർവ്വ് ഉണ്ടാക്കുവാൻ തുടങ്ങി. മലങ്കരസഭയിൽ പരിപൂർണ്ണമായിട്ടല്ലെങ്കിലും ഒരു നവചൈതന്യം പ്രസരിച്ചു.

ദൈവപരിപാലനയിൽ അദ്ദേഹത്തിനുള്ള ദൃഢമായവിശ്വാസം വിളിച്ചറിയിക്കുന്ന മറ്റൊരു സംഭവംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. മുണ്ടൻമലയിൽ ആശ്രമം കെട്ടിയുണ്ടാക്കി അവിടെ താമസം തുടങ്ങി. അന്തേവാസികളായി ആശ്രമസ്ഥരും അനാഥ കുഞ്ഞുങ്ങളുമുണ്ടു്. ഒരു ദിവസം ആശ്രമസ്ഥരിൽ ഒരാൾ ഉച്ചഭക്ഷണം തയ്യാറാക്കേണ്ടസമയത്തു വന്നു ആശ്രമശ്രേഷ്ഠനായ അദ്ദേഹത്തോടു പറയുകയാണു്. 'അത്താഴത്തിനു വളരെ കുറച്ചു അരിയെയുള്ളു. മുന്നാഴി

www.malankaralibrary.com

പോലുമില്ല. എല്ലാവർക്കും ഭക്ഷണത്തിനു തികയുകയില്ല.'' ''ഉള്ള അരികൊണ്ടു് അനാഥകുഞ്ഞുങ്ങൾക്കു് കഞ്ഞിവെച്ചു് കൊടുത്തേക്കൂ. നമുക്കു് കപ്പയുണ്ടല്ലോ അതുമതി.'' അപ്പോഴാണു് കപ്പയും ഇല്ലെന്ന കാര്യം അറിയിക്കുന്നതു്. ''എന്നാൽ നമുക്കു പട്ടിണികിടക്കാം. ഇതു് ദൈവത്തിൻെറ കരുണയാണെന്നു വിചാരിച്ചാൽ മതി'' (Girideepam Page -103) ഇതും കേട്ടു അരിയില്ലെന്നു അറിയിച്ച ആശ്രമസ്ഥൻ മടങ്ങിപോയി. ഉച്ചനമസ്കാരത്തിനുള്ള സമയമായപ്പോൾ പതിവുപോലെ എല്ലാവരും ചാപ്പലിൽക്കൂടി. പ്രാർത്ഥനകഴിഞ്ഞു് പുറത്തുവന്നപ്പോൾ അതാ കുശിനയുടെ മുമ്പിൽ ഒരു വൃദ്ധൻ നില്ക്കുന്നു. തലയിൽ ഒരു വലിയ ചുമടുമുണ്ടു്. എന്താണെന്നു ചോദിച്ചപ്പോൾ ആശ്രമസ്ഥർക്കായി കുറെ വെള്ളയപ്പം കൊണ്ടുവന്നിരിക്കുകയാണെന്നറിയിച്ചു. എല്ലാവരും കൃത്യസമയത്തുതന്നെ ഭക്ഷണശാലയിൽ പ്രവേശിച്ചു. അപ്പം തിന്നു തൃപ്തരായി. സന്ധ്യയോടുകൂടി മറെറാരാൾ പിടിയരിയും കൊണ്ടുവന്നു. അങ്ങിനെ ദൈവത്തിൻെറ കൃപയാൽ ആർക്കും പട്ടിണി കിടക്കേണ്ടി വന്നില്ല. ''എന്തെന്നാൽ അവിടുന്നു് ദാഹാർത്തനു് തൃപ്തിവരുത്തുകയും, വിശപ്പുള്ളവനു് വിശിഷ്ടവിഭവങ്ങൾ കൊണ്ടു് സംതൃപ്തി വരുത്തുകയും ചെയ്യുന്നു.'' (Psalm 107-9) എന്ന തിരുവചനത്തെ ഓർത്തു അവർ ദൈവത്തെ സ്തുതിക്കുകയും സന്തോഷിക്കുകയും ചെയ്തു.

മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നെല്ലാം മാർ ഈവാനിയോസ് പിതാവിൻെറ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ദൈവപരിപാലനയിലുള്ള ആഴമായ ആശ്രയവും തെളിയുന്നുണ്ടു്. അദ്ദേഹം ഒരു വിശ്വാസവീരനായിരുന്നു.

www.malankaralibrary.com

# മാർ ഈവാനിയോസ് വിജാതിയക്ക് വെളിപാടിന്റെ പ്രകാശം

## —ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത

"സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ ഞാൻ കണ്ടു. അതു വിജാതിയക്ക് വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയും ആണ്." (Lk. 2/30-32) ലോകരക്ഷകന്റെ വരവിനുവേണ്ടി കാത്തിരുന്ന ശെമയോൻ ഉണ്ണിയേശുവിനെ കരങ്ങളിലെടുത്തുകൊണ്ട് പറഞ്ഞ വാക്കുകളാണിത്. രക്ഷ യഹൂദരിൽനിന്നും ആയിരിക്കണമെന്ന് യഹോവയായ ദൈവം നിശ്ചയിച്ചു. ലോകരക്ഷകൻ ഒരു യഹൂദനായി ജനിക്കുകയും ചെയ്തു. പക്ഷെ ആ യഹൂദൻ യഹൂദജനത്തിന്റെ രക്ഷകൻ മാത്രമല്ല സർവ്വലോകത്തിന്റേയും രക്ഷകനായിരുന്നു.

മാർ ഈവാനിയോസ് പിതാവ് ഒരു സുറിയാനി കുടുംബത്തിൽ, സുറിയാനിക്രിസ്ത്യാനികളായിരുന്ന മാതാപിതാക്കളിൽനിന്നും ജനിച്ചു. അദ്ദേഹം സുറിയാനി സഭയിലെ ഒരു മേലദ്ധ്യക്ഷനായി അറിയപ്പെട്ടിരുന്നു. പക്ഷെ അദ്ദേഹം സകല മനുഷ്യർക്കുംവേണ്ടി ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു മെത്രാപ്പോലീത്ത ആയിരുന്നു.

യേശു ലോകരക്ഷകനും എല്ലാ മനുഷ്യരുടേയും വിമോചകനുമാണ്. അവിടുന്ന് ഈ രക്ഷണീയകർമ്മം കാലാകാലങ്ങളിൽ മററു മനുഷ്യരിൽ കൂടെയാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഓരോ തലമുറയിലും അവിടുന്ന് തനിക്കിഷ്ടമു

www.malankaralibrary.com

ള്ളവരെ വിളിക്കുകയും തന്റെ ദൗത്യനിർവ്വഹണത്തിന് അവരെ നിയോഗിക്കുകയും ചെയ്യുന്നു. പഴയ നിയമകാലത്ത് അബ്രഹാമിനെ അവിടുന്ന് വിളിച്ച് ഗോത്രപിതാവാകുവാൻ നിയോഗിച്ചു. മോശയെ വിളിച്ച് തന്റെ ജനത്തിന്റെ വിമോചകനാകുവാൻ കല്പിച്ചു. പുതിയ നിയമകാലത്ത് അപ്പസ്തോലന്മാരെ വിളിച്ച് സുവിശേഷകരാകുവാൻ കല്പിച്ചു. ഈ 20-ാം നൂററാണ്ടിന്റെ ആദ്യാർദ്ധത്തിൽ ദൈവജനത്തിനു വെളിച്ചം നല്കുവാനും ഭിന്നിച്ചു നിന്നിരുന്ന ദൈവജനത്തെ ഒന്നിപ്പിക്കുവാനുമായി ദൈവം ഒരു അപ്പസ്തോലനെ അയച്ചു. അദ്ദേഹത്തിന്റെ പേരു് യോഹന്നാൻ (ഈവാനിയോസ്) എന്നു് ആയിരുന്നു.

അദ്ദേഹം തന്റെ ജനമായ സുറിയാനി സമുദായത്തിന്റെ 'മഹിമ' ആയിരുന്നു—ലൗകികതലത്തിലും ആധ്യാത്മികതലത്തിലും സ്വന്തം സമുദായത്തിലെ പ്രഥമ M.A. ബിരുദധാരി, ബഥനി സന്ന്യാസസഭാസ്ഥാപകൻ, യാക്കോബായ സഭാ നവോത്ഥാനത്തിന്റെ പ്രോത്ഘാടകൻ—ഈ പിതാവിനെ 20-ാം നൂററാണ്ടിൽ വിജാതീയർക്കു വെളിപാടിന്റെ പ്രകാശമായി ദൈവം നിയോഗിച്ചു.

മാർ ഈവാനിയോസ് പിതാവിന്റെ ആദ്ധ്യാത്മിക ചൈതന്യം വളർന്നു പുഷ്ടിച്ചതാണു് ബഥനി.

## ബഥനിയും വിജാതീയരും.

സ്വന്തം സമുദായമായ യാക്കോബായ സഭയുടെ നവോത്ഥാനത്തിനുവേണ്ടിയാണു് മാർ ഈവാനിയോസ് പിതാവ് വനാന്തരത്തിൽ ബഥനി സ്ഥാപിച്ചതു്. എങ്കിലും ആരംഭംമുതലേ അവിടുത്തെ അന്തേവാസികളുടെ കൂട്ടത്തിൽ വിജാതീയരും ഉണ്ടായിരിക്കണമെന്നു് ആ പിതാവിനു് നിർബ്ബന്ധമായിരുന്നു. അങ്ങനെ വളർന്നു് പരിശീലനം ലഭിച്ച

www.malankaralibrary.com

വർ പിൽക്കാലത്തു് വിജാതിയരുടെ ഇടയിൽ ഫലപ്രദമായി സുവിശേഷം അറിയിക്കുന്ന അപ്പസ്തോലന്മാരായി മാറി.

## കല്ലുമല പള്ളിയും വിജാതിയരും

മാർ ഈവാനിയോസ് പിതാവ് യാക്കോബായ സഭയിലായിരുന്നപ്പോൾതന്നെ ബഥനിയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച പള്ളികളിലൊന്നാണു് കല്ലുമലപള്ളി. കാലാന്തരത്തിൽ പിതാവ് കാതോലിക്കാസഭയുമായി പുനരൈക്യപ്പെട്ടശേഷം അവിടെ വെച്ചാണു് 1930 സെപ്: 21–ാം തീയതി തന്റെ മാതാപിതാക്കളെ കാതോലിക്കാസഭയിലേക്കു് സ്വീകരിച്ചതു്.

ആ ഇടവകയിലേയ്ക്കു് പഴയ സുറിയാനി സമുദായത്തിൽ ജനിച്ചവരെ മാത്രമല്ല ഒപ്പം ഹരിജനവിഭാഗത്തിലുള്ളവരേയും പിതാവ് സ്വീകരിച്ചു. ഇന്നും ആ ഇടവകയിൽ വിവിധ സമുദായാംഗങ്ങൾ ഒരു സഭയായി കഴിയുന്നു.

## തിരുവനന്തപുരവും വിജാതിയരും

ദൈവത്തിന്റെ പരിപാലനയിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആസ്ഥാനം തിരുവനന്തപുരത്താണു് സ്ഥാപിതമായതു്. തിരുവനന്തപുരം "വിജാതിയരുടെ" പ്രദേശമാണു്. "വെളിപാടിന്റെ പ്രകാശവുമായി" മാർ ഈവാനിയോസ് പിതാവ് തിരുവനന്തപുരത്തെത്തി. സുവിശേഷപ്രകാശം വിതറി. വിജാതിയർ ആ പ്രകാശം കൈക്കൊണ്ടു. "അവന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകുവാൻ അവൻ കഴിവ് നല്കി."

മാവേലിക്കരയിൽ ഉദിച്ചുയുന്ന ജനതകൾക്കുള്ള പ്രകാശം വിദൂരത്തിലുള്ളവർ കണ്ടു് നിത്യജീവനിലേക്കു് ആനയിക്കപ്പെട്ടു. ഇന്നു തിരുവനന്തപുരം അതിരൂപതയിലെ അംഗ

www.malankaralibrary.com

ങ്ങളിൽ മൂന്നിലൊരു ഭാഗമെങ്കിലും വിജാതിയരിൽനിന്നും ഉള്ളവരാണു്.

കേരള സുറിയാനിസഭ ഒരു ജാതിയെമാത്രമേ ഉൾക്കൊള്ളുന്നുള്ളു എന്നും "എല്ലാ ജാതികളോടും സുവിശേഷം അറിയിക്കുക" എന്ന ചുമതല അതു് നിർവ്വഹിക്കുന്നില്ലെന്നും വേണ്ടത്ര അറിവില്ലാത്തവർ ചിലപ്പോഴെങ്കിലും ആരോപിച്ചു കേൾക്കാറുണ്ടു്.

മാർ ഈവാനിയോസ് പിതാവ് കേരള സുറിയാനി സഭയുടെ യഥാർത്ഥ പ്രേഷിതസ്വഭാവം ആധുനിക ലോകത്തിനു് തൻെറ ജീവിതവും, പ്രവർത്തനവും, പ്രസ്ഥാനവും വഴി വളരെ സ്പഷ്ടമായി കാണിച്ചു കൊടുത്തിരിക്കുകയാണു്.

"മാർ ഈവാനിയോസ് തിരുമേനി ഐക്യത്തിൻെറ പ്രവാചകനായിരുന്നു. വിദ്യാഭ്യാസത്തിൻെറ ശരിയായ വ്യഖ്യാതാവായിരുന്നു; സൗഹൃദത്തിൻെറ പ്രേഷിതനായിരുന്നു. കത്തോലിക്കാസഭ തന്നെ അദ്ദേഹത്തോടു് നന്ദിയുള്ളവളാണു്".

—ബിഷപ്പ് ജോസഫ് ഫെർണാണ്ടസ്

www.malankaralibrary.com

# മലങ്കരസഭയിൽ ബഥനിയുടെ സ്ഥാനവും ദൗത്യവും

—സിറിൽ മാർ ബസേലിയോസ്
മെത്രാപ്പോലീത്ത

മലങ്കര മക്കളായ നമ്മെ സംബന്ധിച്ചടത്തോളം 1981-1982 വളരെ സുപ്രധാനമായ ഒരു വർഷം ആയിരുന്നു. മലങ്കര കത്തോലിക്കാ സഭാശില്പിയായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആചരിച്ച ഈ വർഷത്തിൽ മലങ്കരസഭയിലെ നമ്മുടെ യഥാർത്ഥമായ പങ്കിനെ പററി, മലങ്കരസഭയിലെ സന്യാസീ-സന്യാസിനികളുടെ അസ്തിത്വത്തെപററി ബോധവാന്മാരാകുന്നതു് വളരെ ഉചിതമാണു്.

സുപ്രസിദ്ധമായ രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ സഭയെപററിയുള്ള പുതിയ കാഴ്ചപ്പാടുകൾ പ്രത്യേകമായ വിധത്തിൽ ഇന്നു് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടു്. അതുപോലെതന്നെ സഭയിൽ സന്ന്യാസികൾ ആരായിരിക്കണമെന്നും എന്തായിരിക്കണം അവരുടെ പ്രത്യേകമായ ചുമതലയും കർത്തവ്യവുമെന്നും വളരെ വിദശ്ധമായി, വിശദമായി, രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖകളിൽ പ്രതിപാദിച്ചിട്ടുണ്ടു്. സഭ കർത്താവായ യേശുക്രിസ്തുവിൻെറ രഹസ്യം തുടരുകയാണു് എന്നു് സൂനഹദോസ് വളരെ പുതുമയോടുകൂടിതന്നെ അവതരിപ്പിക്കുന്നു. സന്ന്യാസികൾ സഭയിൽ ആരു് എന്നുള്ള സത്യം അവരെ അനുസ്മരിപ്പിച്ചുകൊണ്ടു് അവരുടെ വിളിയും, ആ വിളിയുടെ അടിസ്ഥാനവും, ലക്ഷ്യവും, സ്വഭാവവും, പ്രകൃതിയും, പ്രസക്തി

www.malankaralibrary.com

സ്വമെല്ലാം സുനഹദോസ്സിന്റെ പ്രബന്ധങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. സഭ കർത്താവായ യേശുക്രിസ്തുവിന്റെ രഹസ്യമാണ് എന്ന് കൗൺസിൽ ചൂണ്ടിക്കാണിക്കുന്നതോടൊപ്പംതന്നെ ആ ക്രിസ്തുരഹസ്യം എങ്ങനെയാണ് ദൈവജനത്തിന്റെ ജീവിത ആഭ്യമുഖ്യങ്ങളിൽ പ്രായോഗിക കാര്യക്ഷമത കൈ വരുത്തുന്നതു് എന്നും കൗൺസിൽ വളരെ വ്യക്തമായി, വിശദമായി ചൂണ്ടികാണിച്ചിട്ടുണ്ട്.

സഭയുടെ ദൗത്യനിർവ്വഹണത്തിന് യേശുക്രിസ്തു ഒരു പദ്ധതി തെരഞ്ഞെടുത്തിട്ടുണ്ട്. യേശു തന്റെ ദൗത്യം തുടരുന്നതിന് സഭയെ സ്ഥാപിച്ചു. സഭയെ തിരഞ്ഞെടുത്തു, സഭയെ ശക്തിയുള്ളവളാക്കി, ധന്യയാക്കി, അലങ്കരിച്ചു. ഒരു ദൈവജനം എന്ന സങ്കേതത്തിലൂടെയാണ് സഭയെ അവിടുന്ന് രൂപീകരിച്ചതു്, വീക്ഷിച്ചതു്. ഈ ദൈവജനത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ കേന്ദ്രമായി അവിടുന്ന് തെരഞ്ഞെടുത്തതു് ശ്ലീഹന്മാരെയാണ്; അപ്പസ്തോലന്മാരെയാണ്. ഈ അപ്പസ്തോലികവൃന്ദം ആണ് സഭയുടെ അടിസ്ഥാനം ആയി നിലകൊള്ളേണ്ടതു് എന്ന് അവിടുന്ന് നിശ്ചയിച്ചു. ഈ അപ്പോസ്തോലിക ശ്ലീഹന്മാരോടുകൂടി ക്രിസ്തുശിഷ്യന്മാർ ചേർക്കപ്പെട്ടു. ഇപ്രകാരം 72 ശിഷ്യന്മാരെ അവിടുന്ന് തെരഞ്ഞെടുത്തതായി സുവിശേഷകർ സാക്ഷ്യപെടുത്തുന്നുണ്ട്. അങ്ങനെ ക്രിസ്തു അപ്പസ്തോലികവൃന്ദം കുറെക്കൂടി വ്യാപകമാക്കി ശിഷ്യവൃന്ദം ആക്കി രൂപീകരിച്ചു. ആ ക്രിസ്തുശിഷ്യവൃന്ദത്തോടു ചേർക്കപ്പെട്ട ജനസമൂഹങ്ങൾ ആണ് അപ്പസ്തോലിക സമൂഹങ്ങൾ ആയി, 'അപ്പസ്തോലിക സഭകളുടെ' മുന്നോടികളായി ചെറിയ ചെറിയ സമൂഹങ്ങൾ ആയി നിലകൊണ്ടതു്.

സഭയുടെ കാതലും കേന്ദ്രവും ഈ ക്രിസ്തുശിഷ്യസമൂഹങ്ങളാണ്. ഇവർക്ക് കർത്താവായ യേശുക്രിസ്തു ഒരു ജീവിത

www.malankaralibrary.com

രൂപീകരിച്ചുകൊടുത്തു. പ്രസംഗിക്കുന്നതിനായി ഒരു സന്ദേശം നല്കി. ആ സന്ദേശത്തിന്റെ പൊരുൾ അവരുടെ ജീവിതത്തിൽ അനുഭവമാക്കണമെന്നു് അവിടുന്നു് പഠിപ്പിച്ചു. അങ്ങനെ ക്രിസ്തുസന്ദേശം ഉൾക്കൊണ്ടു് അതു് പ്രസംഗിക്കുന്നതിനു് അയക്കപ്പെട്ട അപ്പസ്തോലികവൃന്ദവും, അതേററുവാങ്ങി. എവിടെയും, ഏവക്കും പങ്കിടുന്നതിനുള്ള ക്രിസ്തുശിഷ്യസമൂഹവും രൂപീകൃതമായി. ക്രിസ്തുസഭയുടെ ആദ്യകേന്ദ്രങ്ങൾ ഇപ്രകാരം രൂപീകരിക്കപ്പെട്ടപ്പോൾ ആ കേന്ദ്രങ്ങൾക്കു് ചരിത്രപരമായ ഒരു പങ്കു് ലഭിച്ചു. യേശുവിന്റെ സന്ദേശം ഉൾക്കൊള്ളുന്നതിനു്, പ്രസംഗിക്കുന്നതിനു്, വ്യാഖ്യാനിക്കുന്നതിനു്, യേശുവിന്റെ സന്ദേശം കൂടുതൽ കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിനു് യേശുവിനോടുകൂടി ജീവിച്ചു് ശിക്ഷണം പ്രാപിച്ച ശിഷ്യസമൂഹത്തിനു് പ്രത്യേക കടമയുണ്ടു്. ഇതു് അവരുടെ ദൗത്യമാണു്. പ്രത്യേകമായി അവക്കുമാത്രം ചരിത്രപരമായി ലഭിച്ച പദവിയാണു്. ക്രിസ്തുശിഷ്യർ എല്ലാവക്കും, ക്രിസ്തുശിഷ്യസമൂഹത്തോടു് ചേക്കപ്പെട്ടവരായ എല്ലാവക്കും ക്രിസ്തുവിന്റെ സന്ദേശം ലഭിക്കുകയും അതു് പ്രസംഗിക്കുന്നതിനുള്ള ദൗത്യം ലഭിക്കുകയും ചെയ്തു. എങ്കിലും, അതു് യേശുവിൽനിന്നു് നേരിട്ടു് സ്വീകരിക്കുന്നതിനും ഉൾക്കൊള്ളുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള ചരിത്രപരമായ പങ്കു് ആദ്യ അപ്പോസ്തോലികവൃന്ദത്തിനും, ശിഷ്യസമൂഹത്തിനും മാത്രമാണു് ലഭിച്ചതു്. ഏതെങ്കിലും തരത്തിൽ ആ പദവി പിൻതുടരുന്നു എങ്കിൽ അതു് അപ്പസ്തോലികവൃന്ദത്തിന്റെ തുടച്ചയായ മേലദ്ധ്യക്ഷന്മാരിലൂടെയാണു്. എങ്കിലും ചരിത്രപരമായ പ്രത്യേക പദവി മേലദ്ധ്യക്ഷന്മാക്കു് ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാണു് അപ്പസ്തോലന്മാരുടെ കാലത്തിനു് ശേഷം യേശുവിന്റെ സന്ദേശത്തോടു് എന്തെങ്കിലും കൂട്ടിചേക്കപ്പെടുന്നതിനു് ആക്കും അവകാശമില്ല എന്നു് സഭ വിവക്ഷി

www.malankaralibrary.com

കുന്നതു്. ഇപ്രകാരം ക്രിസ്തുശിഷ്യന്മാർ, യേശുവിന്റെ അപ്പസ്തോലന്മാർ, ക്രിസ്തുസന്ദേശം ഉൾക്കൊള്ളുന്നതിനും, പ്രസംഗിക്കുന്നതിനും, വ്യാഖ്യാനിക്കുന്നതിനുമുള്ള പ്രത്യേകമായ പദവി, ദൗത്യം സാർവ്വത്രികസഭയിൽ സ്വീകരിച്ചു.

മലങ്കരസഭ സാർവ്വത്രിക സഭയിലെ സഭയുടെ യാഥാർത്ഥ്യം ആവിഷ്ക്കരിക്കുന്ന ഒരു പ്രാദേശികസഭയാണു്. മലങ്കര സഭയിൽ സന്ന്യാസസമൂഹങ്ങൾ ഉണ്ടെങ്കിൽ, സന്ന്യാസ ദൗത്യം എന്ന ആ പ്രത്യേകമായ പങ്കു് നിർവ്വഹിക്കുന്നതോടൊപ്പം, ചരിത്രപരമായി മലങ്കരസഭയോടുള്ള പ്രത്യേകമായ പങ്കു് എന്താണെന്നു് കണ്ടുപിടിക്കേണ്ടതുണ്ടു്. ബഥനി സന്ന്യാസി–സന്ന്യാസിനീ സമൂഹങ്ങൾക്കു മലങ്കരസഭയിൽ ഒരു പ്രത്യേകമായ സ്ഥാനവും, പങ്കും ഉണ്ടെന്നാണു് എന്റെ അഭിമതം. കർത്താവായ യേശുക്രിസ്തു അപ്പസ്തോലിക വൃന്ദത്തെ എങ്ങനെ തന്റെ ശിക്ഷണത്തിൽ, സഭയുടെ യാഥാർത്ഥ്യം അനുഭവമാക്കുന്നതിനും, തന്റെ സന്ദേശം വ്യാഖ്യാനിക്കുന്നതിനും, തന്റെ ദൗത്യം നിർവ്വഹിക്കുന്നതിനും പ്രത്യേകമായ പങ്കും ദൗത്യവും, ചുമതലയും നല്കി തിരഞ്ഞെടുത്തുവോ ഏതാണ്ടു് അതുപോലെ ഒരു ദൗത്യം മലങ്കര കത്തോലിക്കാസഭയും, അതു് രൂപവും, ഭാവവും ഒരു പ്രത്യേക കാലഘട്ടത്തിൽ സ്വീകരിച്ചപ്പോൾ ബഥനി സന്ന്യാസീ, സന്ന്യാസിനീസമൂഹങ്ങൾപ്രാപിച്ചിട്ടുണ്ടു്, സ്വീകരിച്ചിട്ടുണ്ടു്. മാർ ഈവാനിയോസ് തിരുമേനി, സാർവ്വത്രിക സഭയുടെ കൂട്ടായ്മയിലേക്കു് മലങ്കരസഭയെ ആനയിച്ചു എങ്കിൽ, അങ്ങനെ മലങ്കര കത്തോലിക്കാസഭയ്ക്കു് കാനോനികമായ ഒരു അസ്തിത്വം സഭയിൽ ഉറപ്പിച്ചു എങ്കിൽ അതിനു് അടിസ്ഥാനമായി നിലകൊണ്ട ആ ഘടകങ്ങൾക്കു് ആ സഭയോടു് അടിസ്ഥാനപരമായ, ബന്ധം ഉണ്ടു. യേശുക്രിസ്തുവിന്റെ സന്ദേശം അപ്പസ്തോലികവൃന്ദം പ്രസംഗി

www.malankaralibrary.com

ഷിക്കയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിന് ഒരു പ്രത്യേക
ദൗത്യം സ്വീകരിച്ചു എന്നു നാം കണ്ടു. ക്രൈസ്തവ ജീവിത
ത്തിന്റെ ശൈലിയും, ജീവിത നിയമങ്ങളും എന്താണെന്നു
മനസ്സിലാക്കികൊടുക്കുന്നതിന് അന്നത്തെ അപ്പസ്തോലിക
സമൂഹങ്ങൾക്ക് കഴിവുണ്ടായിരുന്നു. ക്രൈസ്തവജീവിത
ത്തിന് പുതിയ പുതിയ ഭാഷ്യങ്ങൾ നല്കുന്നതിന് അവർ
ക്ക് ശക്തിയുണ്ടായിരുന്നു. ക്രിസ്തീയമായ ജീവിത നിയമ
ങ്ങൾ ചൂണ്ടികാണിക്കുന്നതിന്, ആ നിയമത്തിന്റെ അടി
സ്ഥാനങ്ങൾ എന്താണെന്ന് വ്യഖ്യാനിക്കുന്നതിന് അവക്ക്
കഴിവുണ്ടായിരുന്നു, നിയോഗം ഉണ്ടായിരുന്നു, ക്രിസ്തുതന്നെ
കല്പിച്ചരുളിയ അധികാരം ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേ
ത്തിന് ആധികാരികതയും ഉണ്ടായിരുന്നു.

ക്രൈസ്തവജീവിതത്തിന് നിയമങ്ങൾ സൃഷ്ടിക്കുക മാത്രം
ആയിരുന്നില്ല, ക്രൈസ്തവജീവിതത്തിൽ അനുഷ്ഠിക്കേണ്ട
ജീവിതനിയമങ്ങൾ കൂടെക്കൂടെ അനുസ്മരിപ്പിക്കുക മാത്രമാ
യിരുന്നില്ല ആ ക്രിസ്തുസമൂഹങ്ങൾക്ക് ഉണ്ടായിരുന്ന കർത്ത
വ്യം. നേരെമറിച്ച്, അവർ ആയിരുന്നു, ആ ക്രൈസ്തവ സ
മൂഹങ്ങൾ ആയിരുന്നു നിയമം. പില്കാലത്തുണ്ടായ ക്രൈസ്തവ
സമൂഹങ്ങൾക്ക് നിയമമായി നിലകൊണ്ടതു് ഈ ആദ്യത്തെ
സമൂഹങ്ങൾ ആയിരുന്നു. അവർ പറഞ്ഞുകൊടുത്ത നിയ
മങ്ങൾ അല്ല; അവർ എഴുതികൊടുത്ത അനുഷ്ഠാനങ്ങൾ അല്ല;
അവർ വ്യാഖ്യാനിച്ച സന്ദേശങ്ങൾ മാത്രം ആയിരുന്നില്ല; നേ
രെമറിച്ച് അവർതന്നെ ആയിരുന്നു നിയമം. യേശുവി
ന്റെ ആദ്യസമൂഹം ആയിരുന്നു നിയമം. അവരുടെ ജീവി
തമായിരുന്നു ദൈവജനത്തിന് സഭയുടെ നിയമം. അപ്പ
സ്തോലിക സമൂഹത്തിന് എന്തെങ്കിലും ഒരു പ്രത്യേകപങ്കും
പദവിയും അവർക്കു മാത്രമായി സഭയിൽ നല്കപ്പെട്ടിരുന്നു
വെങ്കിൽ അതു് ഇതായിരുന്നു.

www.malankaralibrary.com

മലങ്കര കത്തോലിക്കാസഭ അതിന്റെ ഭാവവും രൂപവും കൈക്കൊണ്ടപ്പോൾ, മലങ്കര കത്തോലിക്കാ സഭയ്ക്കു് ക്രൈസ്തവചൈതന്യം ഉൾക്കൊള്ളുന്ന ഒരു ജീവിതശൈലി പകർന്നു കൊടുക്കുന്ന, ഏതാനും നിയമങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുള്ള ഒരു ചെറിയ സമൂഹം ആയിരുന്നില്ല ബഥനി സമൂഹം. ആ സഭയിൽ അനുഷ്ഠിക്കേണ്ട നിയമങ്ങൾ പറഞ്ഞു കൊടുക്കുക, പാരമ്പര്യങ്ങളും ആചാരങ്ങളും വ്യാഖ്യാനിച്ചു് അതു മനസ്സിലാക്കി കൊടുക്കുക; യേശുവിന്റെ ദൗത്യം പ്രസംഗിക്കുക എന്നിവയെല്ലാം ഈ സന്ന്യാസി- സന്ന്യാസിനീ സമൂഹങ്ങൾ ചെയ്തിരുന്നു എങ്കിലും ഒരു പ്രത്യേക പദവി അവർ കൈയ്യേല്ക്കേണ്ടതായിവന്നു. മലങ്കര കത്തോലിക്കാ സഭ പുതുതായി രൂപംകൊണ്ടപ്പോൾ ഒരു പുതുചൈതന്യത്തോടുകൂടി ക്രൈസ്തവജീവിതത്തിനു് ഒരു പുതിയഭാഷ്യം നല്കുന്നതിനു് കഴിവുററവരായി. സാർവ്വത്രിക കൂട്ടായ്മയിൽ കടന്നുവന്നപ്പോൾ ക്രൈസ്തവജീവിതശൈലി എന്താണെന്നു് ജീവിക്കുന്നതിനുള്ള ഒരു സമൂഹം ആയിരുന്നു ബഥനിസമൂഹം. മറെറാരു വിധത്തിൽ പറഞ്ഞാൽ മലങ്കരസഭയുടെ ജീവിതനിയമം ഈ സമൂഹങ്ങൾ ആയിരുന്നു. മലങ്കര കത്തോലിക്കാസഭയുടെ ക്രൈസ്തവ ജീവിതഭാഷ്യത്തിന്റെ സംക്ഷിപ്തമായ ആധികാരികമായ, മിഴിവുററ, അടിസ്ഥാനമുൾക്കൊണ്ട ഒരു ജീവിതശൈലി, നിയമമായി ജീവിക്കുന്നതിനു്, ജീവിതമായി നിയമമാക്കുന്നതിനു്, തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹമാണു് ബഥനി സന്ന്യാസി- സന്ന്യാസിനീ സമൂഹം.

മലങ്കര കത്തോലിക്കാസഭയുടെ ആദ്യത്തെ വിശ്വാസികൾ, സന്യാസിമാർ ആയിരുന്നു, വിശ്വാസിനികൾ സന്യാസിനികൾ ആയിരുന്നു. അത്രമാത്രം ക്രൈസ്തവജീവിതത്തിന്റെ മിഴിവുററ പ്രകാശനം നല്കുന്നതിനു് തെരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹം ആയിരുന്നു ബഥനി. അത്രമാത്രം ഉയന്ന ഒരു ജീവിതനിലവാരം ആയിരുന്നു മലങ്കര കത്തോലിക്കാ

www.malankaralibrary.com

സഭയുടേതു്; സന്ന്യാസത്തോളം ഉയന്ന ക്രൈസ്തവജീവിതം: അതാണോ ഇന്നു് മലങ്കരസഭയിൽ നാം കാഴ്ചവയ്ക്കുന്നതു്. അതിന്റെ തുടക്കം അതായിരുന്നു. ചരിത്രം പരിശോധിച്ചു നോക്കുക. ഏതൊക്കെ പ്രവർത്തിച്ചു എന്നുള്ളതല്ല, ഏതാണ്ടൊക്കെ നേടി എന്നുള്ളതല്ല, ബഥനി സമൂഹം മലങ്കരസഭയ്ക്കു് പ്രദാനം ചെയ്യേണ്ടിയിരുന്നതു്.

മാർ ഈവാനിയോസ് തിരുമേനിയ്ക്കു് മലങ്കരസഭയിൽ സന്ന്യാസം ആവശ്യമാണു് എന്നു് കണ്ടുപിടിക്കുന്നതിനു് ചില അടിസ്ഥാനങ്ങൾ ഉണ്ടായിരുന്നു. മാർ ഈവാനിയോസ് തിരുമേനി സാർവ്വത്രിക സഭയുടെ കൂട്ടായ്മയിലേക്കു് മലങ്കരസഭയെ ആനയിച്ചപ്പോൾ അതിന്റെ ആദ്യവിശ്വാസികളായി, ആദ്യവിശ്വാസിനികളായി ഒരുകൂട്ടം സന്ന്യാസികളെയും സന്ന്യാസിനികളേയും, സാർവ്വത്രിക സഭയ്ക്കും, മലങ്കരസഭയ്ക്കും പ്രദാനം ചെയ്തു എങ്കിൽ ഇന്നത്തെ മലങ്കര സഭയിൽ ഇതിൽതാണ ഒരു ക്രൈസ്തവജീവിതത്തിനു സ്ഥാനം ഇല്ല.

മലങ്കരസഭയിലെ ദൈവജനം സന്ന്യാസികളുടെ-സന്ന്യാസിനികളുടെ പിൻതുടർച്ചക്കാരാണു്. അവരുടെ ഭവനങ്ങളിലേക്കു് അവരുടെ കുടുംബങ്ങളിലേക്കു് നാം കടന്നുചെല്ലുന്നു എങ്കിൽ സന്ന്യാസത്തിൽ കുറഞ്ഞ ഒന്നിനും അവിടെ സ്ഥാനം ഇല്ല. ഇന്നത്തെ ബഥനി സന്ന്യാസികളും, സന്ന്യാസിനികളും ചിന്തിക്കേണ്ട ഒരു കാര്യമാണിതു്. നമ്മൾ 'അതു' ചെയ്തു 'ഇതു' ചെയ്തു എന്നു് സാധാരണ പറയും. എന്നാൽ ക്രൈസ്തവജീവിതത്തിനു് നിയമമായി കടന്നുവരുന്നതിനു്, ക്രൈസ്തവജീവിതത്തിന്റെ മാനദണ്ഡമായി മുൻപോട്ടു കടന്നുവന്നു് തങ്ങളെതന്നെ പ്രകാശിപ്പിക്കുന്നതിനു് ഇന്നത്തെ ബഥനിസമൂഹങ്ങൾക്കു് സാധിക്കുന്നില്ലാ എങ്കിൽ നാം നമ്മുടെ ദൗത്യം നിറവേററുകയില്ല. നമ്മൾ മല

www.malankaralibrary.com

ങ്കരസഭയുടെ ജീവിതാനുഷ്ഠാനങ്ങൾ പറഞ്ഞുകൊടുക്കുന്നതി ന് നമ്മുടെ കുടുംബങ്ങളിലേക്ക് കടന്നുചെല്ലേണ്ട. കാരണം നമ്മെക്കാൾ മെച്ചമായി അതവർക്കറിയാം എന്നാണ് എന്റെ വിശ്വാസം. നമ്മുടെ ജനതതിയാണ് ഇന്ന് മലങ്കര സഭയുടെ ചൈതന്യം. ഇന്ന് മലങ്കരസഭയിലെ സന്ന്യാസി കളും, സന്ന്യാസിനികളും നമ്മുടെ ജനമദ്ധ്യത്തിലേക്ക് കട ന്നുവരുന്നു എങ്കിൽ അവരായിരിക്കണം ക്രൈസ്തവസമൂഹ ത്തിന്റെ നിയമം; ക്രൈസ്തവജീവിതത്തിന്റെ മാനദണ്ഡം. എങ്കിൽമാത്രമേ ഇന്ന് നമ്മുടെ ദൗത്യം നിറവേറുവാൻ സാ ധിക്കുകയുള്ളു.

നമ്മുടെ ജനത്തെക്കാൾ ഉപരിയായി ക്രൈസ്തവജീവി ത മാനദണ്ഡമായി നമുക്ക് എന്ത് ഇന്ന് അവകാശപ്പെടുവാ നുണ്ട്? നാലുനേരവും ഏഴുനേരവും പ്രാർത്ഥിക്കുന്ന നമ്മുടെ ജനങ്ങളുടെ മദ്ധ്യത്തിൽ കഷ്ടിച്ച് രണ്ടു നേരം പ്രാർത്ഥിക്കു വാൻ സമയം ഇല്ലാത്ത സന്ന്യാസിക്ക്, സന്ന്യാസിനിക്ക് എ വിടെയാണ് സ്ഥാനം? ആഴ്ചയിൽ, അല്ല—ദിവസത്തിൽ ഉപ വസിക്കുന്നതിലൂടെയും പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതിലൂടെ യും തീർത്ഥാടനം നടത്തുന്നതിലൂടെയും ഈശ്വരസായൂജ്യം പ്രാപിക്കുന്നതാണ് മഹത്തായ തങ്ങളുടെ ലക്ഷ്യം എന്നു കരുതിയിരിക്കുന്ന ഒരു ജനമദ്ധ്യത്തിൽ; ഇതൊന്നും, ക്രൈസ്ത വമായ ഈ മൂല്യങ്ങൾ ഒന്നും, ജീവിതമൂല്യങ്ങളായി, ജീ വിതാദർശങ്ങളായി കരുതപ്പെടാത്ത ഒരു സന്ന്യാസാന്തരീ ക്ഷം എന്തു പ്രസക്തിയാണ് നമുക്കു പ്രദാനം ചെയ്യുന്നത്? അതുകൊണ്ട് നമ്മുടെ ആത്മനവീകരണം നമ്മുടെ ക്രൈസ്ത വജീവിതശൈലി, നമ്മുടെ ക്രൈസ്തവചൈതന്യം നാം അളന്നുനോക്കുക.

മലങ്കരസഭയിൽ ഒരു സന്ന്യാസദർശനം ഉണ്ട്. ഭാരതസ ഭയിൽ ഒരു സന്ന്യാസദർശനം ഉണ്ട്. ഭാരതജനതിക്ക് 'ഒരു ജീവിതദർശനം ഉണ്ട്. തന്റെ ജനങ്ങൾക്കുവേണ്ടി തന്നെ

www.malankaralibrary.com

തന്നെ ആത്മാർപ്പണം ചെയ്ത മഹാത്മജിയുടെ നാട്ടിൽ തന്റെ സഹോദരനുവേണ്ടി, സഹോദരങ്ങൾക്കുവേണ്ടി ഒരു നിസ്സാര കാര്യം ചെയ്യുന്നതു് വലിയ ഒന്നായി കരുതുന്ന ഒരു സന്ന്യാസത്തിനു് ഇവിടെ സ്ഥാനം ഇല്ല. സർവ്വലോകവും പിടിച്ചടക്കിയ ചക്രവർത്തിമാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ട അശോകനു് എല്ലാം തിരുസന്നിധിയിൽ സമർപ്പിക്കുന്നതിനു്, സന്ന്യാസിയാകുന്നതിനുള്ള പ്രചോദനം ഉൾക്കൊണ്ട ഭാരതത്തിൽ എല്ലാം കൈയ്യടക്കികൊണ്ടു് സകലതും അനുഭവിച്ചുകൊണ്ടു് സന്ന്യാസം നയിക്കുന്ന ഒരു സന്ന്യാസവൃന്ദത്തിനു് സ്ഥാനം ഇല്ല.

നമ്മുടെ ജനങ്ങളുടെ കണ്ണുകൾ ഇനിയും മങ്ങിപോയിട്ടില്ല. നമ്മുടെ ജനങ്ങളുടെ ഹൃദയത്തിന്റെ ചൈതന്യം ഇനിയും മങ്ങിപ്പോയിട്ടില്ല. ആ ജനങ്ങൾ സന്ന്യാസത്തിന്റേതായ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടുതന്നെ, ആർഷഭാരതത്തിന്റേതായ സംസ്കാരചൈതന്യം ഉൾക്കൊണ്ടുകൊണ്ടുതന്നെ ക്രൈസ്തവജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവരാണു്. അങ്ങനെയുള്ള ഒരുജനതതിയ്ക്കു് സന്ന്യാസികളായി-സന്ന്യാസിനികളായി നാം പ്രസക്തരായിരിക്കണം. ഇതാണു് ഇന്നു് ബഥനിസമൂഹം മലങ്കരസഭയിൽ നേരിടുന്ന വെല്ലുവിളി. ഇവിടെ ഊഹാപോഹങ്ങൾക്കു് സ്ഥാനം ഇല്ല; തർക്കത്തിനു് സ്ഥാനം ഇല്ല; വാഗ്വാദങ്ങൾക്കു് സ്ഥാനം ഇല്ല; അർപ്പണം ചെയ്യുന്നതിനു് ദൈവതിരുസന്നിധിയിൽ തങ്ങളെ തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിനുള്ള വിളി സ്വീകരിക്കുക എന്നതു് ജീവിതത്തിന്റെ ലക്ഷ്യം ആണെന്നും, അതിനായി സകലവും നിഷേധിക്കുക പരമാനന്ദമാണെന്നും കരുതുന്ന, വിശ്വസിക്കുന്ന, ഒരു സന്യാസസമൂഹത്തിനു മാത്രമേ ഇന്നു് മലങ്കരസഭയിൽ സ്ഥാനമുള്ളു.

ഈ വെല്ലുവിളി നേരിടുന്നതിനുള്ള അടിത്തറകൾ നമുക്കുമുണ്ടു്. പക്ഷേ ഈ അടിത്തറകളിൽ നാം പണിതുയർത്തുന്ന സൗധങ്ങൾ, ഒരുപക്ഷേ ആ അടിസ്ഥാനചൈതന്യത്തി

www.malankaralibrary.com

ന്റെ ശക്തി ആർജ്ജിച്ചുകൊണ്ടല്ല. ഇവിടെയാണ് നമുക്ക് പാളിച്ചകൾ വരുന്നത്. ഇവിടെയാണ് ആത്മപരിശോധനയുടെ ആവശ്യം.

സാർവ്വത്രികസഭയിൽ ക്രിസ്തുശിഷ്യന്മാർക്ക് യേശുക്രിസ്തുവിന്റെ ആദിമ അപ്പസ്തോലികസമൂഹത്തിന് ഒരു സന്ദേശം ഉണ്ടായിരുന്നു എങ്കിൽ ക്രൈസ്തവജീവിതത്തിന്റെ ഭാഷ്യമായി, മാനദണ്ഡമായി, ആധികാരികമായി കടന്നുചെല്ലാൻ അവർക്ക് അവകാശം ഉണ്ടായിരുന്നു എങ്കിൽ മലങ്കര കത്തോലിക്കാസഭയിലെ ആദിമസമൂഹങ്ങൾക്ക് മലങ്കര സഭാജീവിതത്തിന്റെ ക്രൈസ്തവ മാനദണ്ഡമായി, അടിസ്ഥാനമായി, ജീവിതനിയമമായി ആധികാരികമായി കടന്നുവരുന്നതിന് സാധിക്കണം. മാർ ഈവാനിയോസ് തിരുമേനിയുടെ സന്യാസദർശനവും, ലക്ഷ്യവും ഇതായിരുന്നു. അദ്ദേഹം എല്ലാം വിററു്, എല്ലാം ഉപേക്ഷിച്ചു് ഏററുവാങ്ങിയ ആ വലിയ നിധിയും ഇതായിരുന്നു. അതിനു പിൻതുടർച്ചക്കാരായി അവകാശികളായി നമ്മെതന്നെ നാം വിശേഷിപ്പിക്കുന്നു എങ്കിൽ നമ്മുടെ പാത മററൊന്നല്ല. ഈ പാതയിൽ, വ്യക്തികളായി, സമൂഹങ്ങളായി മുന്നേറുന്നതിനുള്ള ഒരു ആഹ്വാനം നാം സ്വീകരിക്കണം. ഈ ആഹ്വാനസ്വീകരണമാണ് മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആചരണത്തിൽ അനുഗ്രഹപ്രദവും, പ്രസക്തവുമായിട്ടുള്ളതു്. ആ പുണ്യാത്മാവു് അതിനുള്ള പ്രേരണയും, പ്രചോദനവും അനുഗ്രഹവും നമുക്ക് വാഗ്ദാനം ചെയ്യും എന്നതിൽ സംശയമില്ല.

www.malankaralibrary.com

# മാർ ഈവാനിയോസ് — ഒരു പ്രതിഭാസം

—ഏബ്രഹാം ജോസഫ്

ഭൗതിക വിജ്ഞാനത്തിന്റെ വൈവിദ്ധ്യമാർന്ന ഉന്നത ശ്രേണികളോടൊപ്പം ആദ്ധ്യാത്മിക മേഖലകളിലെ ഉന്നത ശൃംഗങ്ങളും പിടിച്ചടക്കിയ ഒരസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മാർ ഈവാനിയോസ് തിരുമേനി.

മലങ്കര സുറിയാനിസഭക്ക് പ്രത്യേകമായും കേരളീയക്ക് പൊതുവെയും അഭിമാനിക്കാവുന്ന ആ ബഹുമുഖ പ്രതിഭ ഇക്കഴിഞ്ഞ നൂററാണ്ടിൽ കേരളം ജന്മംനല്കിയ മഹാന്മാരിൽ പലതുകൊണ്ടും അദ്വിതീയനായിരുന്നു.

മലങ്കര യാക്കോബായസഭയിൽ ജനിച്ചുവളർന്ന് മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടുവെന്നതോ, ആ സമുദായത്തിൽ ആദ്യമായി എം.എ. ബിരുദം നേടിയ വൈദികനായിരുന്നു വെന്നതോ, സെറാംപൂർ വൈദികവിദ്യാപീഠത്തിൽ പ്രൊഫസറായിരുന്നുവെന്നതോ ഒന്നും ആ മഹാപ്രതിഭയെ സംബന്ധിച്ചിടത്തോളം വലിയ നേട്ടങ്ങളായി പരിഗണിക്കാൻ പററാത്തവിധം ദീർഘവീക്ഷണത്തോടും സഭയുടെയും സമൂഹത്തിന്റെയും മൊത്തത്തിലുള്ള വളർച്ചയ്ക്കും വികാസത്തിനും വേണ്ടി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ മുന്നിട്ടു നില്ക്കുന്നു.

ചെറുപ്പത്തിൽത്തന്നെ സ്വസമുദായത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടി സഭാഗാത്രത്തെ ദുർബ്ബലപ്പെടുത്തിവന്ന അധികാരമോഹം, അഹന്ത, ദുർവാശി, നിഗളം, അക്ഷമ, പ്രതികാരബുദ്ധി, ദുരാഗ്രഹം, അക്രൈസ്തവമായ മററു ദുർവാ

www.malankaralibrary.com

സനകൾ തുടങ്ങിയവ കണ്ടും അനുഭവിച്ചും മനംനൊന്ത് അവയിൽനിന്നും സ്വസമുദായത്തെ മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. സ്വതേ കർമ്മയോഗിയും പ്രായോഗികബുദ്ധിയുമായിരുന്ന തിരുമേനി കണ്ടെത്തിയ മാർഗ്ഗങ്ങൾ കാലോചിതമായി പ്രയോഗികമാക്കാനും തയ്യാറായി. സഭയ്ക്കുള്ളിൽ ഒരു ആദ്ധ്യാത്മിക നവോത്ഥാനത്തിൻെറ കൊടുങ്കാററ് ഉണ്ടാകേണ്ടതാവശ്യമായി അദ്ദേഹത്തിനു തോന്നി. അന്ത്യോഖ്യയുടെ ആധിപത്യം ഒരുതരത്തിലുള്ള പുരോഗതിക്കും അവസരമുണ്ടാക്കുന്നതല്ലെന്നും അതിൽഭേദം റോമുമായി സഹകരിക്കുന്നതായിരിക്കുമെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. അനുയായികളും സഹപ്രവർത്തകരും ആ വഴിക്കു നീങ്ങുവാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു.

ബഥനി സന്ന്യാസ സമൂഹത്തിൻെറ രൂപവത്കരണം ആദ്ധ്യാത്മിക നവോത്ഥാനത്തിൻെറ ശക്തമായ അലകൾ ഉയർത്തി. ക്രൈസ്തവസഭയുടെ പവിത്രീകരണത്തിനും ക്രിസ്തുവിൻെറ ചൈതന്യം സഭയിൽ വ്യാപരിക്കുന്നതിനും അതുവഴി സഭയുടെ സാമൂഹികധർമ്മം നിറവേറ്റുന്നതിനും സന്ന്യാസസമൂഹങ്ങൾക്കുള്ള കഴിവിനെക്കുറിച്ച് വളരെനേരത്തേ തന്നെ അദ്ദേഹം ബോധവാനായിരുന്നു. അതിൻെറ ഫലമായുണ്ടായ ക്രിസ്ത്വാനുകരണ സന്ന്യാസസമൂഹവും സന്ന്യാസിനീസമൂഹവും ആരംഭകാലത്ത് യാക്കോബായസഭയിലും പിന്നീട് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലും ഉണർത്തിവിട്ട ആദ്ധ്യാത്മിക പുരോഗതിയുടെ പുതിയ ചലനങ്ങൾ യാക്കോബായ സഭയിൽ ഇന്ന് ഏതാണ്ട് വിസ്മൃതമായിക്കഴിഞ്ഞെങ്കിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നവോന്മേഷം പകർന്നു പരിലസിക്കുന്നു. ക്രിസ്ത്വാനുകരണ സന്ന്യാസസമൂഹവും ബഥനി ആശ്രമവും സുര്യപുത്രൻെറ ഒരു ജീവിതസ്വപ്നത്തിൻെറ യാഥാർത്ഥ്യവത്കരണ

www.malankaralibrary.com

വും ജീവിതദർശനത്തിന്റെ പ്രകടനാത്മകമായ ഒരു വെല്ലുവിളിയുമായിരുന്നു. പൗരസ്ത്യസഭകളിൽനിന്നും ഏതാണ്ട പൂർണ്ണമായിത്തന്നെ തിരോഭവിച്ചുകഴിഞ്ഞിരുന്ന സന്ന്യാസപ്രസ്ഥാനത്തിന്റെ പുനഃരാവിഷ്കരണമായിരുന്നു അദ്ദേഹം ലക്ഷ്യമാക്കിയതു്. അതിൽ ക്രൈസ്തവമായ മൂല്യങ്ങളും ഭാരതീയമായ അനുഷ്ഠാനക്രമങ്ങളും യഥായോഗ്യം സമ്മേളിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്രിസ്ത്വാനുകരണം അദ്ദേഹത്തിന്റെ മുഖ്യ ജീവിതാഭിലാഷമായിരുന്നു. ക്രിസ്തുവിലേക്കുള്ള ഏററവും എളുപ്പമുള്ള മാർഗ്ഗം മറിയത്തിൽക്കൂടിത്തന്നെയാണെന്നു് അദ്ദേഹം കണ്ടു. കുട്ടിക്കാലത്തുതന്നെ പരിശുദ്ധ മാതാവിലുണ്ടായിരുന്ന അദമ്യമായ ഭക്തി ക്രിസ്തുവിന്റെ അനന്തമായ സ്നേഹത്തിലേക്കു് അദ്ദേഹത്തെ ആകർഷിച്ചു. ആകർഷണം ആദരവായും, ആദരവു് അനുകരണമായും, അനുകരണം സ്വാംശീകരണമായും, സ്വാംശീകരണം താദാത്മ്യമായും പരിണമിക്കും. ക്രിസ്ത്വാനുകരണം അതിന്റെ പാരമ്യതയിൽ ക്രിസ്തുവിനെ സ്വാംശീകരിക്കുന്നതായി മാറി: പുത്രസ്വീകാരത്തിന്റെ ഒരു ഉദാത്താവസ്ഥ. അതു് അടുത്തഘട്ടത്തിൽ ക്രിസ്തുവുമായി താദാത്മ്യം പ്രാപിക്കുക എന്ന അത്യത്ഭുതകരമായ അനുഭവത്തിൽ കൊണ്ടെത്തിച്ചു. ഈ താദാത്മ്യപ്രാപ്തി സാധാരണ മനുഷ്യചേതനയ്ക്കു് താങ്ങാൻ കഴിയുന്നതിൽക്കവിഞ്ഞ ഒരാശയമായി തോന്നാവുന്നതാണു്. എന്നാൽ, ക്രിസ്തുവിന്റെ ആളത്തത്തിൽത്തന്നെയുള്ള മനുഷ്യഭാവം മനുഷ്യർക്കു പ്രാപ്യമായ ഒന്നാണു്. ആ മാനുഷിക ഭാവവുമായി താദാത്മ്യം പ്രാപിക്കുവാൻ ശ്രമിച്ചു വിജയിക്കുന്ന ഒരുവനു് ക്രിസ്തുവിലെ മാനുഷികഭാവത്തിൽനിന്നു ഭിന്നമല്ലാതെ വർത്തിക്കുന്ന ദൈവികഭാവത്തോടും താദാത്മ്യപ്പെടുവാൻ അവസരം ലഭിക്കുക സ്വാഭാവികമാണു്. എന്നാൽ, ഏവർക്കും അതു് കഴിഞ്ഞുവെന്നുവരില്ല. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർക്കു

www.malankaralibrary.com

ദൈവനിയോഗത്താൽ അനുഗ്രഹിക്കപ്പെട്ടവൎക്കും അവർ നി യോഗിക്കപ്പെട്ടിരിക്കുന്ന ദൗത്യനിൎവ്വഹണത്തിനു് അവശ്യം വേണ്ട വരപ്രസാദം ഏറ്റിയോ കുറഞ്ഞോ ആ ദൈവികഭാവത്തിൽനിന്നും പ്രസരിച്ചു് അവരെ ആവരണം ചെയ്തു് കരുത്തുള്ളവരാക്കും. മോശയ്ക്കും, അഹറോനും, യോശുവക്കും ദാവീദിനും, ദബോറയ്ക്കും, ഏലിയാവിനും, യെശയ്യാക്കും, ആമോസിനും എല്ലാം ഇങ്ങനെ അവർ നിറവേററാനിരുന്ന ദൗത്യത്തിന്റെ സ്വഭാവമനുസരിച്ചു് ഈ വരപ്രസാദം ലഭിച്ചിരുന്നു. പുതിയനിയമകാലത്തു് സവിശേഷമായ അളവിൽ പരിശുദ്ധ മാതാവിനും ഏലിസബത്തിനും യോഹന്നാൻമംദാനയ്ക്കും ലഭിച്ചിരുന്നു. പിന്നീടു് പത്രോസിനും പൗലോസിനും ബന്നബാസിനും ശീലാസിനും യോഹന്നാനും മററു ശിക്ഷ്യന്മാൎക്കും ഈ അനുഗ്രഹം അവർ അൎഹിക്കുന്നത്ര ക്രിസ്തുവിൽനിന്നു് നേരിട്ടു ലഭിച്ചിരുന്നു. ആ നിലക്കു് മാർ ഈവാനിയോസു് തിരുമേനി മററാരാലും നിറവേററപ്പെടാൻ വിധിക്കപ്പെട്ടിട്ടില്ലാത്ത ഒരു പ്രത്യേക ദൗത്യം നിൎവ്വഹിക്കുവാനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട അഭിഷിക്തനായിരുന്നതുകൊണ്ടും ഇത്തരത്തിൽ ദൈവിക വരപ്രസാദം കൂടാതെ നിൎവ്വഹിക്കപ്പെടാവുന്ന ഒരു ദൗത്യമായിരുന്നില്ല അദ്ദേഹത്തിൽ ചുമത്തപ്പെട്ടിരുന്നതു് എന്നതുകൊണ്ടും ആ ദൗതത്തിന്റെ ഔന്നത്യവും അതു് നിൎവ്വഹിക്കുന്നതിൽ അദ്ദേഹം നേരിടേണ്ടിവന്ന പ്രതികൂലങ്ങളുടെ സ്വഭാവവും കണക്കാക്കുമ്പോൾ തീൎച്ചയായും ക്രിസ്തുവുമായുള്ള താദാത്മ്യം പല അംശങ്ങളിലും അത്യന്താപേക്ഷിതമായിരുന്നുവെന്നു ബോദ്ധ്യമാവും.

അനുസരണക്കേടും, അഹന്തയും, ദുരാഗ്രഹവും ദുർമോഹവുംകൊണ്ടു് ദൈവത്തിന്റെ കോപത്തിനു പാത്രമായി ഏദനിൽനിന്നു പുറത്താക്കപ്പെട്ട ആദാമിനെയും സന്ത

www.malankaralibrary.com

തികളെയും മോചിപ്പിക്കുന്നതിനായി ആദാമിന്റെ സന്തതികളിൽ ഒരുവനായി ജനിക്കുകയും ആത്മബലിയിൽകൂടി തന്റെ ദൗത്യം നിറവേററി ആദാമ്യരെ ദൈവവുമായി രഞ്ജിപ്പിച്ച് സ്വർഗ്ഗവും ഭൂമിയുമായുള്ള പുനരൈക്യം സാധിച്ചെടുക്കുകയും ചെയ്ത ക്രിസ്തുവിനെ അനുകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്ത മാർ ഈവാനിയോസ് തിരുമേനി തന്റെ ദൗത്യം നിർവ്വഹിക്കുന്നതിനായി മാതൃസഭയിൽനിന്ന് എന്തുകാരണംകൊണ്ടോ തെററിപ്പിരിഞ്ഞ മലങ്കര സുറിയാനി ക്രിസ്ത്യാനികളിൽ ഒരുവനായി ജനിച്ചു വളർന്ന് മേല്പട്ടക്കാരനായിത്തീർന്നശേഷം മലങ്കരസഭയെ മാതൃസഭയുമായി രഞ്ജിപ്പിച്ച് റോമും മലങ്കരയുമായി പുനരൈക്യം സാധിതപ്രായമാക്കിത്തീർത്തു. അവസാനനിമിഷത്തിൽ അതുവരെ കൂടെ നില്ക്കുകയും പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തവർ കൈയ്യൊഴിഞ്ഞിട്ടും താൻ നിർവ്വഹിക്കാൻ നിയുക്തനായിരുന്ന ദൗത്യത്തിന്റെ മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതെ അതുവരെ മലങ്കരസഭയിൽ പലവിധത്തിലുള്ള എതിർപ്പുകളെയും ജീവാപായംവരെയുള്ള ഭീഷണികളെയും നേരിട്ട് നേടിയതത്രയും ഉപേക്ഷിച്ച് തികച്ചും നിസ്വനായി തന്റെ വാച്ചുപോലും അഴിച്ചുവച്ചിട്ട് ഇറങ്ങിപ്പോയ ആ പോക്ക് ആലോചിക്കുമ്പോൾ ആത്മത്യാഗത്തിനു സമാനമായി പരിഗണിക്കാവുന്നതാണ്. ഇവിടെ തുലനാത്മകമായ ഒരു പഠനത്തിനു മുതിരുക അപ്രസക്തമാണ്. ക്രിസ്തു സാധിച്ച പുനരൈക്യവും മാർ ഈവാനിയോസ് തിരുമേനി നിർവ്വഹിച്ച പുനരൈക്യവും വ്യാപ്തിയിലും പാരിമാണികമായും കടലും കൈക്കുമ്പിളും തമ്മിലുള്ള വ്യത്യാസമുള്ളവയാണ്. എന്നാൽ സാരാംശത്തിൽ അവ ഒന്നാണ്.

ഭയത്തിൽനിന്നും പ്രലോഭനങ്ങളിൽനിന്നും നിർമ്മുക്തനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ സത്യത്തിന്റെ മാർഗ്ഗത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ ആർക്കും

www.malankaralibrary.com

തന്നെ സാധിക്കുമായിരുന്നില്ല. ഏതു കാര്യത്തിലും സുചിന്തിതമായ അഭിപ്രായമായിരിക്കും അദ്ദേഹത്തിൽനിന്നുണ്ടാവുക. അതു് ശരിയായിട്ടുള്ള നിഗമനാധിഷ്ഠിതമാണെന്നു ബോധ്യമായാൽ അതിൽനിന്നും ഒരിക്കലും അദ്ദേഹം പിന്മാറുകയില്ല. മലങ്കരസഭയിലെ വഴക്കുകൾക്കും ഇടച്ചകൾക്കും വ്യവഹാരങ്ങൾക്കും വിരാമമിട്ടു് ക്രൈസ്തവ ധർമ്മപരിപാലനത്തിനു സ്നേഹത്തിലും സർവ്വസാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു പുതിയ അന്തരീക്ഷം സംജാതമാക്കുന്നതിനു പററിയ ഏകമാർഗ്ഗം മാതൃസഭയുമായി പുനരൈക്യപ്പെടുക മാത്രമാണെന്നു് സ്വയം ബോധ്യമായതോടുകൂടി ആ വിശ്വാസത്തിൽ ഉറച്ചുനില്ക്കുകയും അനുയായികളെയും സഹപ്രവർത്തകരെയും ആ വിശ്വാസത്തിലേക്കു് ആകർഷിക്കുകയും ചെയ്തു. അവരുടെയെല്ലാം താല്പര്യപൂർവ്വകമായ പിന്തുണയോടുകൂടി ആ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ അന്തസ്സിനു അല്പംപോലും മങ്ങലേല്ക്കാതെയും അതിൻെറ പരിപാവനമായ പാരമ്പര്യത്തിനു് ഒട്ടും ഊനം തട്ടാതെയും അതിൻെറ ആഭിജാത്യത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും കൂടുതൽ തെളിമയും മിഴിവും കൈവരുത്തിയും അതിനു് സാർവ്വത്രികാംഗീകാരം ലഭിക്കത്തക്കവിധത്തിലും ആഭ്യന്തര സ്വാതന്ത്ര്യം നിലനിർത്തിയും കൊണ്ടുതന്നെ മാതൃസഭയുമായി രഞ്ജിപ്പിലും ഐക്യത്തിലും ഒന്നായിതീർന്നു് ദൈവികമായ വരപ്രസാദത്തിൻെറ മൗലികധാരകൾക്കു തുല്യപങ്കാളികളാകത്തക്കവണ്ണം പുനരൈക്യം സുസ്ഥാപിതമാക്കുവാനുള്ള യത്നത്തിൻെറ വിജയപരിസമാപ്തിയിൽ എത്തിച്ചേർന്നപ്പോഴേക്കും കൂടെനിന്നു പ്രോത്സാഹിപ്പിച്ചവരും പ്രേരിപ്പിച്ചവരും ചില താല്ക്കാലികലാഭത്തിൻെറ അപ്പക്കഷണങ്ങൾ കണ്ടു് മനംമയങ്ങി അദ്ദേഹത്തെ കൈയ്യൊഴികയും എതിർക്കുകയും ചെയ്തിട്ടുപോലും ദൈവനിയോഗത്താൽ താൻ ചെന്നുപെട്ട മാർഗ്ഗം സത്യത്തിൻെറ മാർഗ്ഗമാണെന്നുള്ള ആത്മവിശ്വാസം

www.malankaralibrary.com

കൈവിടാതെ ആ മാർഗ്ഗത്തിൽത്തന്നെ അദ്ദേഹം ഉറച്ചുനിന്നു. അതിൻെറ ഫലമായി അന്നുവരെ നേടിയ ഭൗതികസമ്പത്തുകൾ എല്ലാംതന്നെ ഉപേക്ഷിച്ചു. ഭീഷണികളെയും അപായകരമായ എതിർപ്പുകളെയും നേരിട്ടുകൊണ്ടു് അദ്ദേഹം മുന്നേറി. പൂർവ്വപിതാവായ അബ്രഹാമിനെപ്പോലെ ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ടു് ആരംഭിച്ച ആ തീർത്ഥയാത്ര കാലംചെല്ലുന്തോറും അനുഗ്രഹപ്രദവും അഭികാമ്യവുമായി അനേകരെ ആകർഷിച്ചുകൊണ്ടു് ഇന്നും തുടരുകയാണു്; വ്യക്തിപരമായി അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽപ്പോലും. ഇന്നു തിരിഞ്ഞുനോക്കുമ്പോൾ തുടക്കത്തിൽ ഉപേക്ഷിക്കേണ്ടിവന്നതും നഷ്ടപ്പെട്ടതും എത്രയോ നിസ്സാരം. നേടുവാൻ കഴിഞ്ഞതോ എത്രയോ വിപുലം; എത്രയോ അപാരം. ഇതു് ദൈവത്തിൽനിന്നുള്ളതെങ്കിൽ ആർക്കും ഇതിനെ തകർക്കുവാനാവില്ല. മനുഷ്യരിൽനിന്നുള്ളതെങ്കിൽ അതു സ്വയം നശിച്ചുകൊള്ളും എന്നു് വിശുദ്ധ പൗലോസിൻെറ ഗുരുവായിരുന്ന ഗമാലിയേൽ പണ്ടു് ക്രൈസ്തവസമൂഹത്തെക്കുറിച്ചു പറഞ്ഞ വാക്കുകൾ അനുസ്മരിപ്പിക്കുമാറു് ഇന്നു മലങ്കരസുറിയാനി കത്തോലിക്കാസഭ ദൈവനിയോഗത്താൽ ഉണ്ടായതാണെന്നു് തെളിയിച്ചുകൊണ്ടും ദൈവാനുഗ്രഹത്താൽ ലഭ്യമായ പുനരൈക്യത്തിൻെറ മധുരഫലങ്ങൾ ആസ്വദിച്ചു് ആത്മനിവൃതി അടഞ്ഞുകൊണ്ടും തിരുസഭയുടെ മാറിൽ ഒരു മരതകമതല്ലികയായി പ്രശോഭിക്കുന്നു.

മലങ്കരസഭയുടെ ആദിമകാലംതൊട്ടുള്ള ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും മാർ ഈവാനിയോസ് തിരുമേനിയിൽ കൂടി നിർവ്വഹിക്കപ്പെട്ട ദൗത്യം ചരിത്രപരമായ ഒരാവശ്യത്തിൻെറ നിറവേറൽ മാത്രമായിരുന്നുവെന്നും അദ്ദേഹം ആ ദൗത്യനിർവ്വഹണത്തിനായി ഒരുക്കപ്പെട്ട അഭിഷിക്തനായിരു

ന്നുവെന്നും ബോധ്യമാകും. ചെറുപ്പകാലത്ത് അമ്മയോടൊപ്പം ഒരു കത്തോലിക്കാപ്പള്ളിയിൽകയറി പ്രാർത്ഥിച്ചിറങ്ങിവരുമ്പോൾ "മകനെ യഥാർത്ഥത്തിലുള്ള പള്ളി ഇതാണു" എന്നു അമ്മ പറഞ്ഞ വാക്കുകൾ അദ്ദേഹത്തിൻെറ മനസ്സിൽ ആഞ്ഞുപതിച്ചിരുന്നുവെന്നും പില്കാലത്ത് ആ വാക്കുകളുടെ സ്വാധീനം അദ്ദേഹത്തെ സത്യമാർഗ്ഗത്തിലെത്തിക്കുന്നതിൽ നല്ലൊരു പങ്കു വഹിച്ചിട്ടുണ്ടെന്നും പറയാതെ തരമില്ല. "ഞാൻ സ്വന്തമായതിലേക്കു വന്നു, സ്വന്തമായതോ എന്നെ കൈക്കൊണ്ടില്ല" എന്ന തിരുവചനം തിരുമേനിയെ സംബന്ധിച്ചും അന്വർത്ഥമായിരുന്നു. പ്രിയപ്പെട്ടവരും ആദരണീയരുമായവരെയെല്ലാം വിട്ടിട്ട് സത്യാന്വേഷണവ്യഗ്രനായി കത്തോലിക്കാസഭയിലേക്കു തികച്ചും നിസ്വനായി കടന്നുവന്ന അദ്ദേഹത്തിൻെറ ആത്മപരിത്യാഗതുല്യമായ പ്രവൃത്തി സന്ദേഹബുദ്ധിയോടെ വീക്ഷിച്ചു പരിഭ്രമിച്ചവരും സങ്കോചിച്ചവരും ദുഃഖിച്ചവരുമുണ്ട്. എങ്കിലും പില്കാലത്തു അവരിൽ പലരും ധൈര്യസമേതം അദ്ദേഹത്തെ അനുഗമിക്കുകയും പുനരൈക്യത്തിൻെറ ആശിഷമാരിയിൽ ആത്മനിർവൃതി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

പ്രായംകൊണ്ടും സ്ഥാനമഹിമകൊണ്ടും അടുക്കുവാനാകാത്ത അകലത്തിൽനിന്നു അദ്ദേഹത്തെയും അദ്ദേഹം രൂപം നല്കിയ പ്രസ്ഥാനത്തേയും നോക്കിക്കണ്ടവർപോലും അത്ഭുതാവഹമായ അദ്ദേഹത്തിൻെറ വ്യക്തിവിലാസത്തിൽ ആകൃഷ്ടരായി തീർന്നിട്ടുണ്ട്. അദ്ദേഹത്തിൻെറ സ്നേഹവായ്പും ഔദാര്യവും അനുഭവിച്ചറിഞ്ഞിട്ടുള്ളവർ ഇന്നും അദ്ദേഹത്തെ ഒരു വലിയ മനുഷ്യനായിട്ടുതന്നെയാണനുസ്മരിക്കുക. സാമ്പത്തികഭദ്രത ഒട്ടുമില്ലാതിരുന്ന കാലത്തുപോലും അദ്ദേഹം അത്യുദാരനായിരുന്നുവെന്നു അനുഭവസ്ഥർ പറഞ്ഞു കേട്ടിട്ടുണ്ട്. ആശ്രമത്തിൽ കിട്ടുന്ന അരികൊണ്ടു

www.malankaralibrary.com

കുട്ടികൾക്കു് കഞ്ഞിവെച്ചു കൊടുക്കും. ആശ്രമവാസികൾക്കു് കപ്പയുണ്ടല്ലോ എന്നു പറഞ്ഞിട്ടുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ വിശാല ഹൃദയത്തോടു് താരതമ്യപ്പെടുത്താൻ പററിയ മററു ഹൃദയങ്ങൾ ഇനി കണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നതു്.

എന്തുകൊണ്ടെന്നറിയില്ല, ഒരു ദിവസം നിനച്ചിരിക്കാത്ത നിമിഷത്തിൽ ഞാനും പോയി. അദ്ദേഹത്തിൻെറ അനന്തരഗാമിയായ മാർ ഗ്രീഗോറിയോസ് തിരുമേനി വിരിച്ചിട്ടിരിക്കുന്ന വിശാലമായ വലയിൽ അദ്ദേഹം പോലും അറിയാതെ ചെന്നു ചാടിക്കൊടുത്തു. അതേത്തുടൎന്ന എൻെറയുള്ളിൽ അങ്കുരമിട്ടു വളൎന്നുവന്ന ഒരാഗ്രഹമായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ വ്യക്തിവിലാസത്തെക്കുറിച്ചും അദ്ദേഹത്തിൻെറ നാനാമുഖമായ പ്രവൎത്തനമണ്ഡലങ്ങളെക്കുറിച്ചും ചിന്താസരണികളെക്കുറിച്ചും ദാൎശനികഭാവങ്ങളെക്കുറിച്ചും പഠിച്ചൊന്നു വിലയിരുത്തുക എന്നതു്. അതിനൊരവസരം അടുത്തകാലത്തു് കരഗതമായി. ക്രിസ്തുപ്രണന്നകരണ സന്ന്യാസസമൂഹമാണു് അതു് എനിക്കൊരുക്കിത്തന്നതു്. തെല്ലൊരു സന്ദേഹത്തോടുകൂടിയാണെങ്കിലും പഠനത്തിനൊരുങ്ങി. അതിനു പകരിക്കാവുന്ന ഒട്ടേറെ വസ്തുതകൾ ശേഖരിക്കുകയും ചെയ്തു. പക്ഷേ, പഠിക്കാൻ മാത്രം കഴിഞ്ഞില്ല. ശേഖരിക്കാൻ കഴിഞ്ഞ വയുടെ ആഴവും പരപ്പും എന്നെ അത്ഭുതപ്പെടുത്തി. തിരുമേനി രചിച്ച ഗ്രന്ഥങ്ങൾ, പ്രബന്ധങ്ങൾ, കത്തുകൾ, നടത്തിയ പ്രഭാഷണങ്ങൾ ഇവയിൽ നിന്നെല്ലാം അദ്ദേഹത്തിൻെറ സ്വന്തമെന്നു കരുതാവുന്ന വാക്കുകളും വാക്യങ്ങളും തെരഞ്ഞുപിടിച്ചു് ക്രമീകരിച്ചപ്പോഴാണു് ആ മഹാമതിയുടെ ചിന്താമണ്ഡലം എത്ര വിപുലമായിരുന്നുവെന്നു് ബോദ്ധ്യമായതു്. ആദ്ധ്യാത്മികജീവിതത്തെക്കുറിച്ചോ, സഭാചരിത്രത്തേക്കുറിച്ചോ, ആരാധനക്രമ

www.malankaralibrary.com

ങ്ങളുടെയും ധ്യാനകൃതികളുടെയും പ്രാർത്ഥനാ വാക്യങ്ങളുടെയും സവിശേഷതകളെക്കുറിച്ചോ മാത്രമല്ല, വിദ്യാഭ്യാസം, രാഷ്ട്രീയം, സാമൂഹികനീതി, സാമുദായികബന്ധങ്ങൾ, സാംസ്കാരികകാര്യങ്ങൾ, ഭരണകൂടത്തെ സംബന്ധിച്ച അഭിപ്രായങ്ങൾ, ദേശീയത, കുടുംബബന്ധങ്ങൾ അന്താരാഷ്ട്രീയ വീക്ഷണങ്ങൾ ഇങ്ങനെ വിവിധ വിഷയങ്ങളെപ്പററിയുള്ള നിരീക്ഷണങ്ങളും നിഗമനങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകളും എല്ലാം കൂടി നോക്കുമ്പോൾ അപാരമായ അറിവിൻെറയും അനുഭവജ്ഞാനത്തിൻെറയും ഉടമയായിരുന്നു അദ്ദേഹം എന്നു വ്യക്തമാകും. അസാധാരണ പണ്ഡിതന്മാർക്കുപോലും അപ്രാപ്യമായ പല മേഖലകളിലും ഉറച്ചുനിന്നഭിപ്രായം പറയുവാനുള്ള കരുത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. വിദ്യാഭ്യാസരംഗം കലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി വാദിക്കുന്ന അദ്ദേഹം അതേ ശബ്ദത്തിൽത്തന്നെ താണവനെന്നും ഉയർന്നവനെന്നുമുള്ള വിവേചനത്തിൻെറ അശാസ്ത്രീയതയെക്കുറിച്ചും ആധികാരികമായി സംസാരിക്കും. വിശുദ്ധ കുർബ്ബാനയെക്കുറിച്ചും കുമ്പസാരത്തെക്കുറിച്ചും സംസാരിക്കുന്ന അതേ സ്വരത്തിൽത്തന്നെ കോമൺവെൽത്തിൽ ഇന്ത്യ തുടരേണ്ടതിൻെറ ആവശ്യകതെപ്പററിയും പറയും. ഇവയിൽ നിന്നെല്ലാം തെരഞ്ഞെടുക്കപ്പെട്ടുന്ന വാകൃങ്ങൾ ഒററക്കൊററയ്ക്കു പരിശോധിക്കുമ്പോൾ അവ ഓരോന്നും മുത്തുമണികളുടെ ശോഭയും വജ്രത്തിൻെറ ഉൾക്കരുത്തും ഉള്ളവയാണെന്നു ബോദ്ധ്യമാകും. ബൈബിളിലെ സദൃശവാകൃങ്ങൾപോലെ സരളവും സാരഗർഭങ്ങളുമായ ഇത്തരം സൂക്തങ്ങൾ മുഴവൻ തെരഞ്ഞെടുത്ത് ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കുന്നതുതന്നെ നല്ലൊരു കാര്യമായി എനിക്കുതോന്നി. ഇക്കൂട്ടത്തിൽ കുട്ടികൾക്ക് കൂടുതൽ സുഗ്രാഹ്യമായി അനുഭവപ്പെട്ടേക്കാവുന്നവ ഒരു പരീക്ഷണമെന്ന നിലയിൽ തെരഞ്ഞെടുത്ത് ക്രൈസ്തവേതരനായ ഒരു സുഹൃ

www.malankaralibrary.com

ത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഈ ചിന്താരത്നങ്ങൾ നീതിസാരം പോലെയോ, ബൈബിൾപോലെയോ ഉള്ള ഗ്രന്ഥങ്ങളിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ടതോ, വിശുദ്ധ അഗസ്റ്റിനോസ്, വിശുദ്ധ അമ്മ ത്രേസ്യ, വിശുദ്ധ ജോൺ ഭക്രൂസു് തുടങ്ങിയ ദാർശനികരുടെ കൃതികളിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ടതോ ആയിരിക്കുമെന്നാണു് അഭിപ്രായപ്പെട്ടതു്. ലോകഗുരുക്കന്മാരുടെ മൊഴികൾ കുട്ടികൾക്കുകൂടി മനസ്സിലാകത്തക്കവണ്ണം അത്ര ലളിതങ്ങളായിരിക്കും. ലക്ഷണം മാർ ഈവാനിയോസ് തിരുമേനിയുടെ ഈ സൂക്തങ്ങൾക്കും അവകാശപ്പെടാവുന്നതാണു്.

ചുരുക്കത്തിൽ ഒന്നു പറഞ്ഞുകൊള്ളട്ടെ. മലങ്കര സുറിയാനി ക്രിസ്ത്യാനികൾ എല്ലാവരും പുനരൈക്യപ്പെട്ടു് മാതൃസഭയുമായുള്ള കൂട്ടായ്മയിൽ എത്തിച്ചേരുവോളം മാർ ഈവാനിയോസ് തിരുമേനിയുടെ ദൗത്യം പൂർണ്ണമാകുന്നില്ല. അദ്ദേഹം തുടങ്ങിവച്ചതു് പൂർത്തിയാക്കേണ്ടതു് നമ്മുടെ ധർമ്മമാണു്. എളിമയുടെ ആത്മാവ്, ഐക്യത്തിൻെറയും സ്നേഹത്തിൻെറയും അരൂപി നമ്മിൽ പ്രവർത്തിക്കാത്തിടത്തോളം നാം ഒന്നോടെ നേരിടേണ്ടിവരുന്ന വിപത്തുകൾ പലതും കാലത്തിൻെറ കലവറയിൽ സന്ദർഭം പാർത്തു കഴിയുന്നുണ്ടു്. അവസാന നിമിഷത്തിൽ സംഭവിക്കാനുള്ളതു് സംഭവിച്ചുകഴിയുമ്പോൾ വിലപിച്ചിട്ടു കാര്യമില്ല. അപ്പോൾപോലും രക്ഷയുടെയും സമാധാനത്തിൻെറയും പ്രത്യാശയുടെയും മാർഗ്ഗം മാർ ഈവാനിയോസ് തിരുമേനി തുറന്നിട്ടുണ്ടു് എന്നു് ഗ്രഹിക്കുവാനുള്ള പക്വതയും ആ മാർഗ്ഗത്തിൽക്കൂടി രക്ഷ നേടുന്നതുകൊണ്ടു് അന്തസ്സിനു് ഇടിവു പററിപ്പോകുമോ എന്ന ആശങ്കനിമിത്തം ആത്മഹത്യാപരമായ നിശ്ചലതപം സ്വീകരിക്കാതിരിക്കാനുള്ള വിവേകവും ദൈവ പരിപാലനയിൽ അകത്തോലിക്കരായ മലങ്കര സുറിയാനി ക്രൈസ്തവർക്ക എല്ലാവർക്കുമെങ്കിലും ഉണ്ടായിക്കാണണമേ എന്നു് പ്രാർത്ഥിക്കുകയും മാർ ഈവാനിയോസ് തിരുമേനിയുടെ സ്മരണക്കു മുമ്പിൽ ഞാൻ എൻെറ ആദരാജ്ഞലികൾ അർപ്പിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# എക്യുമെനിസത്തിൻെറ പ്രവാചകൻ

ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

പുണ്യശ്ലോകനായ മാർ ഇവാനിയോസ് വലിയ മെത്രാപ്പോലീത്താ ഭാരതത്തിൽ എക്യുമെനിസത്തിൻെറ മാർഗ്ഗദർശിയും പ്രഥമസന്യാസ പിതാവും ഭാരതമാനസാന്തരം ലക്ഷ്യമായിക്കരുതിയ മിഷനറിയുമായിരുന്നു. ഒരാൾ യുഗപ്രഭാവനോ ദീർഘദൃഷ്ടിയുള്ളയാളോ ആകുന്നതു് കുററകരമെങ്കിൽ മാർ ഈവാനിയോസ് ഒരു കുററവാളിയാണു്. ബഥനിയെന്ന പദം മാർ ഈവാനിയോസ് എന്ന മഹാ പ്രസ്ഥാനത്തിൻെറ നാമരൂപമാണു്.

ബഥനിയുടെ ആവിർഭാവത്തിൻെറയും വളർച്ചയുടേയും ഓരോ രംഗത്തിലും അനിതരസാധാരണമായ ഒരു ദർശനത്തിൻെറ പിൻബലം ദൃശ്യമായിരുന്നു. ആകമാന മലങ്കര സഭ കണ്ടിട്ടുള്ളതിൽവച്ചേററവും വലിയ ആദ്ധ്യാത്മിക പ്രസ്ഥാനമായിരുന്നു ബഥനി. ബഥനി സ്പർശിക്കാത്ത തലങ്ങളില്ല. വിശ്വാസജീവിതത്തിൻെറ, സഭാജീവിതത്തിൻെറ, സർവ്വം സ്പർശിയായ ഒരു നവീകരണം ലക്ഷ്യംവച്ചുകൊണ്ടു് ആരംഭിച്ചതുകൊണ്ടോ, അതല്ലെങ്കിൽ അത്തരമൊരു സ്വഭാവം സ്വന്തമാക്കുവാൻ കഴിഞ്ഞതുകൊണ്ടോ ഏതായാലും ബഥനി പുത്തൻകൂർ വിഭാഗങ്ങളുടെ ചരിത്രത്തിൽ ഒരു സവിശേഷ ചൈതന്യമായി വേരിട്ടു നില്ക്കുന്നു. പുണ്യശ്ലോകനായ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായ്ക്കു് സമശീർഷനായ ഒരു വ്യക്തിയെ സംഭാവന ചെയ്യാൻ മലങ്കര സഭാവിഭാഗങ്ങൾക്കു് ഇന്നും (അതു് ഏതു വിഭാഗത്തിലാകട്ടെ) കഴിഞ്ഞിട്ടില്ല. കേരളത്തിൽ എക്യുമെനിസത്തിൻെറ മാർഗ്ഗദർശിയും മലങ്കരസഭകളിലെ പ്രഥമ സന്യാസ പിതാവുമായിരുന്ന തിരുമനസ്സുകൊണ്ടു്.

www.malankaralibrary.com

# എക്യുമെനിസം അഥവാ സഭൈക്യരംഗം

1912-ൽ തന്റെ ഗുരുവായിരുന്ന വട്ടശ്ശേരിത്തിരുമേനിക്കു് വന്നുചേർന്ന പാത്രിയാക്കീസിന്റെ മുടക്കു് എന്ന ദുര്യോഗത്തിൽനിന്നു് അദ്ദേഹത്തെ കൈക്കൊട്ടുത്തുയർത്താൻ മാർ ഈവാനിയോസ് പിതാവു് (അന്നു് ഫാ. പി. ററി. ഗീവർഗീസ്) മനംനൊന്തു പ്രാർത്ഥിച്ചു. തല പുകഞ്ഞു് ആലോചിച്ചും സാധിതപ്രായമാക്കിയതാണു് തമ്മിൽ പിരിഞ്ഞെങ്കിലും രണ്ടു വിഭാഗം യാക്കോബായ ഓർത്തഡോക്സുകാരും ഇന്നു് സംപൂജ്യമായിക്കരുതുന്ന കാതോലിക്കാ സ്ഥാനം. ആ മാർ ഈവാനിയോസ് പിതാവു് 1925-ൽ തന്റെ മെത്രാഭിഷേകാനന്തരം രണ്ടാമത്തെ കാതോലിക്കായായ വാകത്താനത്ത് ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമനെയും അന്നു സഭയിലുണ്ടായിരുന്ന മററു രണ്ടു സഹമെത്രാപ്പോലീത്താമാരേയും ജനങ്ങളെയും അഭിസംബോധന ചെയ്തുകൊണ്ടു് നടത്തിയതായ ഒരു പ്രസംഗമുണ്ടു്. ഒരുപക്ഷേ 1982-ൽ കാതോലിക്കാസ്ഥാന പുനസ്ഥാപന സപ്തതിയാഘോഷാവസരത്തിൽ ഓർത്തഡോക്സുകാരുടെ മാത്യൂസ് പ്രഥമൻ കാതോലിക്കാ നടത്തിയ എക്യുമെനിസ ആഹ്വാനത്തെ (സഭൈക്യാഹ്വാനം) ക്കാൾ ഉജ്ജ്വലമായ ഒരു സഭൈക്യാഹ്വാനം ആണു് 1925-ൽ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്താ നടത്തിയതു്. ചുരുക്കത്തിൽ ഓർത്തഡോക്സു സഭയ്ക്കു് ആ സഭയുടെതന്നെ ഉത്തമ സന്താനമായ മാർ ഈവാനിയോസ് പിതാവിനോളം വളരാൻ ആ പിതാവിന്റെ കാലശേഷം കാൽ ശതാബ്ദത്തിലധികം വേണ്ടിവന്നു. പാത്രിയക്കീസ് വിഭാഗവുമായി ഒന്നാമതായും മാർത്തോമ്മാക്കാരുമായി രണ്ടാമതായും എല്ലാവരും യോജിച്ചു് കതോലിക്കാസഭയുമായി ഐക്യപ്പെട്ടു് ഒരു സഭയാകണമെന്നു് ആ പിതാവു് പ്രസംഗിച്ചു; ആഹ്വാനം ചെയ്തു.

www.malankaralibrary.com

## ഓൎത്തഡോക്സ് സഭ പാത്രീയൎക്കീസ് വിഭാഗവു (യാക്കോബായക്കാർ)മായി യോജിക്കണം

"മലങ്കരയിൽ ഇപ്പോഴുണ്ടായിട്ടുള്ള ഇരുകക്ഷികളും തമ്മിൽ യോജിച്ച് കാതോലിക്കാസിംഹാസനത്തെ ആദരിക്കയും അംഗീകരിക്കയും ചെയ്യുന്നതിന് സംഗതിയാവാൻ നാം ശ്രമിക്കണം. നമ്മോടു അഭിപ്രായവ്യത്യാസമുള്ള നമ്മുടെ സഹോദരങ്ങൾ നമ്മുടെ മുഖത്തു തുപ്പുമ്പോൾ നമുക്കവരെ ചുംബിക്കാം. അവർ നമ്മെ ശപിക്കുമ്പോൾ അവരോടു ദൈവം ക്ഷമിപ്പാനായി നമുക്കു പ്രാൎത്ഥിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യാം.

## മാർത്തോമ്മാക്കാരു (നവീകരണക്കാർ) മായി ഓൎത്തഡോക്സുകാർ യോജിക്കണം.

"ഏകദേശം അൻപതു വൎഷം മുമ്പ് നമ്മിൽനിന്നു പിരിയുന്നതിന് നിർഭാഗ്യമുണ്ടായ മാർത്തോമ്മാ സമുദായവുമായി യോജിപ്പാൻ നാം സൎവ്വാത്മനാ പരിശ്രമിക്കണം. നമ്മിൽനിന്നു വേർപെടുവാൻ അവൎക്കു നിർഭാഗ്യമുണ്ടായി. സത്യംതന്നെ. അവരെ പിരിച്ചുവിട്ടവരായ നമ്മുടെ നിർഭാഗ്യമാണു അവരുടേതിനേക്കാൾ കൂടുതലായ നിർഭാഗ്യമെന്നും ദൈവമുമ്പാകെ അതു കുറ്റകരമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അവരിൽ എന്തെല്ലാം കുറവുകൾ ഉണ്ടായിരുന്നാലും അവരുടെ നേരെ നാം പ്രവൎത്തിച്ച സമ്പ്രദായം സ്നേഹരഹിതവും തന്നിമിത്തം അക്രൈസ്തവവുമായിരുന്നു എന്നു മാത്രമല്ല അവരെ സംബന്ധിച്ച് നാം പ്രസ്താവിച്ച പല അഭിപ്രായങ്ങളും ഉപദേശങ്ങളും കേവലം അടിസ്ഥാനരഹിതങ്ങളും അസത്യങ്ങളും ആയിരുന്നു എന്നതും നാം ഓർക്കേണ്ടതാണ്. ശ്ലൈഹികവും കാതോലികവുമായ അടിസ്ഥാന തത്വങ്ങളിൽ നിന്നും ഏറെക്കുറെ വ്യതിചലിപ്പാൻ അവൎക്കു സംഗതിയായതു് കാതോലിക സ

www.malankaralibrary.com

ഭാതത്വങ്ങൾ ക്രിസ്തീയ ജീവിതത്തെ പരിപൂർണ്ണമാക്കിച്ചെയ്‌വാൻ ദൈവം ലോകത്തിനു ഭരമേല്പിച്ചിട്ടുള്ള സത്യങ്ങൾ നമ്മുടെ സഭയുടേയും സഭാംഗങ്ങളുടേയും ജീവിതത്തിൽ സാക്ഷാത്കരിച്ചു് ഉത്തമദൃഷ്ടാന്തം കാണിച്ചുകൊടുപ്പാൻ സഭയായി നമ്മെക്കൊണ്ടു സാധിക്കാതെ പോയതു കൊണ്ടാണു്."

## കത്തോലിക്കരുമായി ഐക്യപ്പെടണം ഓർത്തഡോക്സുകാർ

"മലങ്കരസഭയിലുള്ള ഭിന്നത അവസാനിപ്പിക്കുകയും കാതോലികമായ അടിസ്ഥാനത്തിന്മേൽ, മാർത്തോമ്മാ സഭയുമായി പുനരൈക്യം സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രം നാം സംതൃപ്തിപ്പെട്ടുകൂടാ. കേരളീയ സുറിയാനിക്കാരിൽ ഭൂരിപക്ഷം ജനങ്ങൾ സർവ്വലോക വ്യാപകത്വമുള്ള റോമൻ കത്തോലിക്കാസഭയിൽ ഉൾപ്പെട്ടു നില്ക്കുന്നവരാണു്. ഇവരും നമ്മുടെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവുമാകുന്നു. പഴയകൂറുകാർ എന്നു പറഞ്ഞുവരുന്ന ഈ വലിയ ജനസമുദായവും പുത്തൻ കൂറുകാർ എന്നു പറഞ്ഞുവരുന്ന ശേഷം സുറിയാനിക്കാരും തമ്മിൽ ഐക്യം ഉണ്ടാകുക എന്നുള്ളതു് ഏററവും ആവശ്യമാണു്."

## എക്യുമെനിസത്തിൽ കാതോലിക്കാ മുൻകൈ എടുക്കണം

"പിതാവേ ഞാനും നീയും ഒന്നായിരിക്കുന്ന പ്രകാരം ഇവരും നമ്മിൽ ഒന്നായിരിക്കുന്നതിനു സംഗതിയാക്കേണമേ." ഈ പ്രാർത്ഥന ഈ രാജ്യത്തും നമ്മുടെ ഈ തലമുറയിലും ഫലിച്ചുകാണുന്നതിനു് ദൈവവിശ്വാസത്തോടെ താഴ്മയോടുകൂടി കാതോലിക്കാ ബാവാ തിരുമേനിയും ഇവിടുത്തെ മാന്യമഹാജനങ്ങളുംകൂടി ഒത്തൊരുമിച്ചു് ശ്രമിക്കുന്നതായാൽ

www.malankaralibrary.com

അതിൽപ്പരം ഒരു ഭാഗ്യം കേരളീയരായ നമുക്കുണ്ടാകാ നുണ്ടോ?

കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയ കാലത്തു് ഒരു സഭയായിരുന്ന പ്രകാരം വീണ്ടും യഥാർത്ഥമായ ഐക്യം പ്രാപിച്ചു് ഒരു സഭയും ഒരു ഇടയനും എന്ന വി. വേദോക്തിയെ കേരളീയ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യാഥാർത്ഥീകരിക്കാൻ കാതോലിക്കാ ബാവാ തിരുമേനി ശ്രമിക്കേണ്ടതാണു്.

## ജനങ്ങളും സഭൈക്യത്തിനായി യത്നിക്കണം.

"സഭൈക്യ വിഷയത്തിൽ മഹാജനങ്ങളേ നിങ്ങൾക്കു ഗൌരവയുക്തമായ ചുമതലയുണ്ടു്. സാമൂഹ്യാചാരങ്ങൾ, രാഷ്ട്രീയ ചുമതലകൾ, പൂർവ്വചരിത്രം, സംസാരഭാഷ, വൈദിക ഭാഷ, മുതലായ വിഷയങ്ങളെസംബന്ധിച്ചു് കേരള ക്രിസ്ത്യാനികൾ എല്ലാവരും തമ്മിൽ ഐക്യമുണ്ടു്. അവർ യഥാർത്ഥത്തിൽ ഒരു സമുദായമാണു്. മതസംബന്ധമായ വിഷയത്തിൽ മാത്രം ഭിന്നതയും പിരിച്ചിലും സംഭവിച്ചിരിക്കുന്നു. മത സംബന്ധമായ വിഷയങ്ങളിൽക്കൂടെയും എല്ലാ ക്രിസ്ത്യാനികളും തമ്മിൽ യോജിപ്പുണ്ടാകുവാൻ തക്കവണ്ണം വന്ദ്യതിരുമേനിമാരും അവരോടു ചേർന്നു മഹാജനങ്ങളും മനപൂർവ്വമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

## മിഷനറി ദൌത്യം ഏറ്റെടുക്കാൻ കാതോലിക്കാസ്ഥാനം

കാതോലിക്കാസ്ഥാപനംകൊണ്ടു് ഈ ഭാരതഭൂമിയിൽ സാധിക്കേണ്ടതായ വേറൊരു കാര്യമുണ്ടു്. ഈ ഭാരതഭൂമിയിൽ ഏകദേശം പത്തൊൻപതു ശതവർഷങ്ങൾക്കുമുമ്പു് ക്രിസ്തുമതം സ്ഥാപിച്ചതായി നാം അഭിമാനിക്കുന്നുണ്ടല്ലോ? ഇത്രദീർഘകാലമായിട്ടും നമ്മുടെ ക്രിസ്ത്യാനിത്വം പല വിഷ

www.malankaralibrary.com

യങ്ങളിൽ പരദേശിയായിട്ടാണു് ഇവിടെ സ്ഥിതിചെയ്യുന്നതു്. സ്വദേശീയമായ അവസ്ഥ ക്രിസ്തുമതത്തിനു വരാത്തിടത്തോളംകാലം ഭാരതഖണ്ഡത്തിലുള്ള ഹിന്ദു-മുസ്ലീം ജനസമുദായങ്ങളെ ക്രിസ്തുവിലേക്കു കൊണ്ടുവരുവാൻ പ്രയാസമാണു്. പുരാതനമായ ക്രിസ്തീയസഭയുടെ അപ്പസ്തോലികവും കാതോലികവുമായ അടിസ്ഥാന തത്വങ്ങൾക്കു് ലവലേശംപോലും ഭേദം വരുത്താതെ ക്രിസ്തുമതത്തെ ഭാരതത്തിൽ സ്വദേശീയമാക്കി ചെയ്വാൻ സാധിക്കേണ്ടതാണു്. ഈ വിഷയത്തിൽ സധൈര്യം മുന്നോട്ടുവന്നു് പ്രവർത്തിക്കയും ഇന്ത്യയിൽ സുവിശേഷപ്രചരണത്തിനുവേണ്ട സർവ്വപ്രയത്നങ്ങളും ചെയ്തു് സർവ്വാത്മനാ ഉദ്യമിക്കയും ചെയ്യുകയെന്നുള്ളതു് പൗരസ്ത്യ കാതോലിക്കാസ്ഥാപനംകൊണ്ടു് ഭാരതഭൂമിക്കുണ്ടാകേണ്ട അനുഗ്രഹമാണു്.

## സന്ന്യാസപിതാവു്, സന്ന്യാസദർശനം.

യാക്കോബായ, ഓർത്തഡോക്സു്, മാർത്തോമ്മാ, തൊഴിയൂർ, സി. എസ്. ഐ. സഭകളെ ആകെ എടുത്തുനോക്കിയാൽ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായെ മാത്രമാണു് ഒരു സന്ന്യാസപിതാവായി നാം കാണുന്നതു്. 1920-ൽ താൻ സ്ഥാപിച്ച ബഥനി സന്ന്യാസ സമൂഹത്തിലെ പ്രഥമാംഗങ്ങളുടെ സന്ന്യാസ പ്രതിഷ്ഠാവസരത്തിൽ അദ്ദേഹം ബഥന്യാശ്രമസ്ഥർക്കു് പ്രതിഷ്ഠാകർമ്മത്തിന്റെ ഗൗരവം ഇങ്ങനെ വ്യക്തമാക്കി: ‘‘സന്ന്യാസിയെ ഒരു യാഗപശുവിനോടുപമിക്കാം. യാഗപശു നാലു് അവസ്ഥാന്തരങ്ങളിൽക്കൂടി കടന്നു പോകേണ്ടതായിട്ടുണ്ടു്. ഒന്നാമതായി യാഗപശുവിനെ കൂട്ടത്തിൽനിന്നു വേർതിരിക്കുന്നു. രണ്ടാമതായി അതിനെ ദേവാലയത്തിനു പുറത്തു കെട്ടുന്നു. മൂന്നാമതായി യാഗദിവസത്തിൽ ആരാധകൻ വന്നു് അതിന്റെ കഴുത്തു വെട്ടി തോലുരിച്ചു് പല കഷണങ്ങളായി അതിനെ ഖണ്ഡി

www.malankaralibrary.com

ക്കുകയും അതിൽനിന്നും ചീത്തഭാഗങ്ങളെ ഉപേക്ഷിക്കുകയും രക്തം ഒരു പ്രത്യേക പാത്രത്തിലാക്കി ആചാര്യനെ ഏല്പിക്കുകയും മാംസവും രക്തവും ദേവാലയത്തിലുള്ള യാഗപീഠത്തിലേക്കു കൊണ്ടുപോവുകയുംചെയ്യുന്നു. നാലാമതായി ആചാര്യൻ മാംസക്കഷണങ്ങളെ യാഗപീഠത്തിൽ വച്ചു് ഹോമിക്കുകയും രക്തത്തെ പീഠത്തിൻമേൽ ഒഴിക്കുകയും ചെയ്യുന്നു.

"യഹൂദൻമാക്കു പല യാഗങ്ങളുള്ളതിൽ അതിശ്രേഷ്ഠമായതു സർവ്വാംഗ ഹോമയാഗമത്രേ. മററുള്ള യാഗങ്ങളിൽ ആരാധകനും മററും ചില ഓഹരികളുണ്ടു്. ഒരു ഭാഗം മാത്രമെ യാഗപീഠത്തിൽവച്ചു് ഹോമിക്കുകയുള്ളു. എന്നാൽ സർവ്വാംഗ ഹോമയാഗമെന്നതു് അങ്ങനെയല്ല. എല്ലാം ദൈവത്തിനു മാത്രമായി ഹോമിക്കപ്പെടുന്നു. അതത്രേ സന്ന്യാസം".

"യാഗപശുവിനു് തുല്യനായ സന്ന്യാസി സ്വയമേവ വേർതിരിക്കപ്പെടുന്നു. സ്വയമേവ അയാൾ ദേവാലയത്തിൻെറ പരിസരപ്രദേശമെന്നു പറയപ്പെടാവുന്ന ആശ്രമത്തിലേക്കു വന്നുചേരുന്നു. അവിടെ അയാൾ യാഗദിവസത്തെയും പ്രതീക്ഷിച്ചു് ദിവസംതോറും തൻെറ മാലിന്യങ്ങളെയെല്ലാം കണ്ണുനീരിൽ കഴുകിക്കൊണ്ടു് താമസിക്കുന്നു. യാഗദിവസത്തിൽ സന്ന്യാസി ദൈവാലയത്തിൻെറ വാതുക്കൽവച്ചു് കണ്ഠഛേദം ചെയ്യപ്പെടേണ്ടതാണു്. അയാളുടെ കഴുത്തിനെ അയാൾ തന്നെ ഛേദിച്ചുകളയുന്നു. വെട്ടുകത്തി വ്രതത്രയങ്ങളത്രെ. അനന്തരം ആചാര്യനാകുന്ന ധർമ്മാദ്ധ്യക്ഷനു് അയാൾ തന്നെത്തന്നെ ഏല്പിക്കുകയും ധർമ്മാദ്ധ്യക്ഷൻ അയാളെ ദൈവത്തിനായി സമർപ്പിച്ചു് ദൈവനാമത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. സന്ന്യാസിയുടെ തോൽ ഉരിയപ്പെടണം; ദേഹം പലപല കഷണങ്ങളായി ഖണ്ഡിക്കപ്പെടണം. അതിൽ ചീത്തയാകുന്ന ഭാഗങ്ങൾ അറുത്തുനീക്കണം. വ്രതാനുഷ്ഠാന നിർവ്വഹണങ്ങളാൽ മാത്രം ഒരാൾ പരിപൂർണ്ണ

www.malankaralibrary.com

സന്ന്യാസിയായിത്തീരുന്നില്ല. സന്ന്യാസി യാഗപീഠത്തിൽ കിടന്നു ഹോമിക്കപ്പെട്ടുകതന്നെ വേണം. അയാൾ യേശുമിശിഹിയോടൊപ്പം യാഗപീഠത്തിൽകിടന്നു് ആയുഷ്പര്യന്തം ഈ യാഗം അപ്പിക്കുന്നു.

താൻ തുടങ്ങുന്ന സന്ന്യാസ സംഘത്തിന്റെ നാമം സന്ന്യാസവസ്ത്രം, സ്ഥലം, സ്വഭാവം, ലക്ഷ്യം തുടങ്ങി സമ്യക്കായ ഒരു ദശനധാരയുടെ പരിണതഫലമായി ആവിർഭവിച്ച അത്യപൂവ്വസവിശേഷതകളുടെ സമ്മേളനമായിരുന്നു ബഥനിയും ബഥനിപ്രസ്ഥാനവും. സന്ന്യാസജീവിതത്തിന്റെ വിശദാംശങ്ങളോരോന്നും തപോധനനം പുണ്യശ്ലോകനുമായ മാർ ഈവാനിയോസു് വലിയ മെത്രാപ്പോലീത്തായ്ക്കു് ദീഘദീഘമായ പ്രാത്ഥനയുടെയും ആത്മാത്ഥമായ ആലോചനയുടേയും ഫലമായി നിശ്ചയിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതായിതോന്നി. അങ്ങനെ ചെയ്യുകയും ചെയ്തു.

"ധീരതയും ക്രാന്തദശിത്വവും ഒത്തൊരുമിച്ചിണങ്ങിയ ഒരു മനുഷ്യൻ. മാത്തോമ്മാക്കാരനായ ഞാൻ മാർ ഈവാനിയോസ് തിരുമേനിയെ കാണുന്നതു് വേറെ ഒരു തിരുമേനി ആയിട്ടല്ല. എന്റെ തിരുമേനി ആയിട്ടാണു്. അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ എല്ലാം, നേടിയിട്ടുള്ള നേട്ടങ്ങൾ എല്ലാം എന്റെ സഭയുടെ നേട്ടങ്ങൾ ആയി ഞാൻ കാണുകയാണു്".

—വി. സി. വറുഗീസ്, കേരള യൂണിവേഴ്സിററി വൈസ്ചാൻസിലർ.

www.malankaralibrary.com

# മാർ ഈവാനിയോസ്
# എന്റെ സ്മരണകളിൽ

**—മഹാകവി പുത്തൻകാവു മാത്തൻ തരകൻ**

ഞങ്ങളുടെ കുടുംബാംഗം എന്ന നിലയിൽ ജീവിച്ചിരുന്ന ഒരു അഭിവന്ദ്യ തിരുമേനി ആയിരുന്നു മാർ ഈവാനിയോസ്. എന്റെ അമ്മയുടെ ഭവനം തിരുമേനിയുടെ ഭവനത്തിന സമീപമായിരുന്നു. എന്റെ അമ്മയുടെ കുടുംബവും തിരുമേനിയുടെ കുടുംബവും വളരെ അടുത്ത ബന്ധത്തിൽ കഴിഞ്ഞുകൂടിയവരായിരുന്നു. മാത്രമല്ല എന്റെ വന്ദ്യമാതാവും കൊച്ചുകീവറീച്ചനും ഒരേ കുടുംബത്തിലെ സഹോദരീസഹോദരന്മാരെപ്പോലെ ഈ മണ്ണിൽ ജനിച്ചു വളർന്നവരാണ്. ആ സ്മരണ എന്നെ രോമാഞ്ചവഞ്ജിതനാക്കുകയാണ്. ഞങ്ങൾ പുത്തൻകാവിലേക്ക താമസം മാററിയതിനുശേഷം, മാർ ഈവാനിയോസ് തിരുമേനി സന്യാസശ്രേഷ്ഠനായി. മേല്പട്ടക്കാരസ്ഥാനത്തേക്ക ഉയർത്തപ്പെട്ടതിനുശേഷവും തിരുമേനി പുത്തൻ കാവിൽ വരികയും എന്റെ വീട്ടിൽ വന്ന് അമ്മയെ സന്ദർശിക്കുകയും ചെയ്യുമായിരുന്നു. എന്റെ പിതാവിനെ 'മാത്തൻ' എന്നാണ തിരുമേനി വിളിക്കാറുള്ളത്. വളരെയധികം സ്നേഹത്തോടുകൂടിയുള്ള ഒരു സംബോധന ആയിരുന്നു അത്. അമ്മയെ 'മറിയാമ്മ' എന്നാണ് പിതാവു സംബോധന ചെയ്യാറുള്ളത്. കേവലം ശെമ്മാശൻ, പുരോഹിതൻ, തിരുമേനി എന്നുള്ള നിലയിലല്ല കുടുംബത്തിൽ ഞങ്ങൾക്കേററം പ്രിയപ്പെട്ട ഒരു പിതൃസഹോദരൻ എന്നുള്ള നിലയിലാണ് അദ്ദേഹം പ്രവർത്തിച്ചുപോന്നത്.

എന്റെ പിതാവിനെയും മാതാവിനെയും അദ്ദേഹം വിളിക്കുന്ന ആ ശബ്ദം എന്റെ ചെവികളിൽ ഇപ്പോൾ മുഴങ്ങു

www.malankaralibrary.com

ന്നു. അത്ര സ്നേഹസമ്പന്നമായ രീതിയിലുള്ള ബന്ധമായിരുന്നു തിരുമേനിക്കു ഞങ്ങളുമായി ഉണ്ടായിരുന്നതു്. തിരുമേനി പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു് കൽക്കട്ടയിൽ പോയി എം. എ. ബിരുദം നേടിവന്ന സന്ദർഭത്തിൽ എല്ലാവരും എം. എ. അച്ചൻ എന്നാണു് അദ്ദേഹത്തെ വിളിച്ചുവന്നതു്. കാരണം സുറിയാനിസഭയിൽ ആദ്യമായി ഏററം ഉന്നതമായിട്ടുള്ള ഒരു ബിരുദം സമ്പാദിക്കുന്ന ഏക പുരോഹിതൻ അദ്ദേഹമായിരുന്നു. അപ്പോൾ അദ്ദേഹത്തെ സമുദായം മുഴുവൻ ആദരിക്കുകയും സമുദായത്തിൻെറ ശക്തനായ ഒരു വക്താവായി അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്തിരുന്നു. അക്കാലത്തു് സമുദായവഴക്കു് അതിൻെറ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരുന്ന കാലഘട്ടമാണു്. ബാവാകക്ഷിയും, മെത്രാൻകക്ഷിയും എന്നും പറഞ്ഞു് വളരെയധികം കേസ്സുകൾ തുടച്ചയായി നടന്നുകൊണ്ടിരുന്ന അവസരം. അന്ത്യോഖ്യായുടെ കീഴിൽ സഭയുടെ ഒരടിമത്വമുള്ള സഭയായി കൊണ്ടുപോകുന്നതിനു് വൈമുഖ്യം ഉണ്ടായിരുന്ന വട്ടശ്ശേരിൽ മാർ. ദിവാന്ന്യാസ്യോസ് തിരുമേനിഎം.എ. അച്ചനെ അദ്ദേഹത്തിൻെറ ഒരു ഉപദേശകനായി അതിലുപരി പുത്രനായി വളർത്തികൊണ്ടുവന്നിരുന്നു. ദൈവശാസ്ത്രത്തിലും, ലൗകികനിയമത്തിലും, സഭാ സംബന്ധമായ, കാനോനിക വിഷയങ്ങളിലും അഗ്രഗണ്യനായ എം. എ അച്ചൻ വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായി, വട്ടശ്ശേരിൽ തിരുമേനിയുടെ ആത്മാവും ശരീരവും മനസ്സുമായി പഴയ സെമിനാരിയിലും M.D. സെമിനാരിയിലും കഴിച്ചുകൂട്ടികൊണ്ടിരുന്നു.

ഇപ്രകാരമുള്ള ഒരു അവസരത്തിലാണു് എൻെറ പിതാവു് അതിപ്രശസ്തമായ പുത്തൻ കാവു് സെൻറു് മേരീസ് യാക്കോബായ പള്ളിയുടെ ഏററം ശക്തനായ ഒരു ഭരണകർത്താവായി 17 വഷം പള്ളിയുടെ ഭരണം നിർവ്വഹിച്ചിരു

www.malankaralibrary.com

ന്നു്. ഈ അവസരത്തിലാണു് എം. എ. അച്ചൻ, മേല്പ്പട്ടസ്ഥാനത്തേക്കുയർത്തപ്പെട്ടതു്. പലപ്പോഴും പിതാവു് പുത്തൻകാവിൽ വരികയും, എന്റെ പിതാവുമായി പള്ളിയുടെ ഭരണകാര്യങ്ങൾ ചർച്ച ചെയ്യുകയും, എന്റെ വീട്ടിൽ വന്നു് ഭക്ഷണം കഴിക്കുവാൻ മുതിരുകയും ചെയ്ത അനേകം സന്ദർഭങ്ങൾ ഉണ്ടു്. അങ്ങനെ ഞങ്ങൾ പലതരത്തിലുള്ള ബന്ധങ്ങളിൽ കഴിച്ചുകൂട്ടുകയാണു്.

സഭയുടെ ഈ മലീമസമായ കലഹകലാപ സംഘടനങ്ങൾ മനസ്സിലാക്കിയിട്ടു്, സഭയുടെ ഇപ്രകാരമുള്ള അവ്യക്തമായ നില കണ്ടറിഞ്ഞിട്ടു് ഒരു പുതിയ രംഗത്തേക്കു തിരുമേനി പ്രവേശിക്കാൻ തീരുമാനിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി കൽക്കട്ടയിലെ ജീവിതത്തിന്റെ ഫലമായി വിശ്വഭാരതി സന്ദർശിച്ചതിന്റെ ഫലമായി, ടാഗ്ഗോറിന്റെ ഗീതാഞ്ജലി മുതലായ ഗ്രന്ഥങ്ങൾ പരിജയപ്പെട്ടതിന്റെ ഫലമായി, ഒരു പുതിയ ജീവിതപാത അദ്ദേഹം തിരഞ്ഞെടുത്തു. ഒരു പരമ സന്ന്യാസി ആയി. കിഴക്കൻ പ്രദേശത്തു് ശബരിമലയുടെ ഓരങ്ങളിൽ ശബരിമലപോലെതന്നെ പരിശുദ്ധമായ ഒരു മലയിൽ, ആകാശഭേരിയായ വൃക്ഷങ്ങൾ നിറഞ്ഞുനില്ക്കുന്ന ഒരു മലയിൽ ആശ്രമം സ്ഥാപിച്ചു്, ശരീരത്തേയും മനസ്സിനേയും നിയന്ത്രിക്കുന്ന, ശരീരം നിസ്സാരമായ പരിഗണിക്കുന്ന ഒരു പരമ സന്ന്യാസിയായി തീർന്നു.

സാധാരണക്കാർക്കു് പ്രവേശിക്കാൻ സാധിക്കാത്ത ഒരു രംഗമാണു് സന്ന്യാസം. സന്ന്യാസം എന്നു പറഞ്ഞാൽ എന്താണു്? ഒരു വലിയ മേൽപ്പട്ടക്കാരൻ സഭയുടെ ഭരണം കൈയ്യടക്കാൻശക്തനായ, സഭയുടെ ഏററം പരമോന്നതമായ സ്ഥാനത്തേക്കു നിർദ്ദേശിക്കപ്പെട്ടിരുന്ന തിരുമേനി, സർവ്വസംഗപരിത്യാഗിയായി വിജനമായ ഒരു സ്ഥലം തിരഞ്ഞെടുത്തു്

www.malankaralibrary.com

ആ സ്ഥലത്തു പരമ സന്ന്യാസിയായി പരമഹംസനായി ജീവിക്കാൻ തുടങ്ങി എന്നതു് ഒരു ചെറിയ കാര്യം അല്ല. സന്ന്യാസത്തെപററി വലിയ പ്രതീക്ഷകൾ ഉണ്ടു്. സാധാരക്കാർക്കു് പ്രാപിക്കാവുന്ന ഒരു സമ്പ്രദായം അല്ല സന്ന്യാസം. പഴയ സന്ന്യാസിമാർ ഭാരതീയരായിട്ടുള്ള സന്ന്യാസിമാർ ഉണ്ടു്. അവരുടെ ജീവിതരീതികളെപററി ഒക്കെ നമുക്കറിയാം. ആരും കാണാതെ ലോകത്തിൽ സഞ്ചരിക്കുന്നതിനു് മനുഷ്യനു കഴിയും. പുലിയുടെ വായു് കെട്ടാൻ കഴിയും. മറെറാരു ശരീരത്തിൽ പ്രവേശിക്കാൻ കഴിയും. വെള്ളത്തിൽക്കൂടി നടക്കാം തീയിൽ ഇരിക്കാം, വിഷദ്രാവകം വേണമെങ്കിൽ കുടിക്കാം. എങ്കിലും ആത്മനിയന്ത്രണം പാലിക്കുക എന്നതു് അസാധാരണമായ ഒരു കാര്യമാണു്. മനസ്സിനെ നിയന്ത്രിക്കുന്നതിനു് ആർക്കും കഴിയുകയില്ല. നമ്മുടെ മനസ്സു് ലൗകികമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു് വിവിധങ്ങൾ ആയ പാപമലിമസമായ തെരുവീഥിയിൽകൂടിയും, ഗ്രാമപ്രദേശങ്ങളിൽക്കൂടിയും, നമുക്കു കണ്ടാൽ വെറുപ്പുതോന്നുന്ന കേട്ടാൽ ദുസ്സഹവുമായ രംഗങ്ങളിൽ കൂടി കടന്നു പോകുന്നു. ഇപ്രകാരമുള്ള ഒരു മനസ്സിനെ നിയന്ത്രിക്കാൻ ആർക്കു സാധിക്കും? ആത്മാവിനെ നിയന്ത്രിക്കുന്നതു് മനുഷ്യനു സാധ്യമായ ഒരു കാര്യമാണു്. സന്ന്യാസം അത്ര ചെറിയ കാര്യം ഒന്നും അല്ല. മനസ്സിനെ നിയന്ത്രിക്കുക ചെറിയ കാര്യമാണോ?

ഒരിക്കൽ ഒരു സന്ന്യാസി പ്രാർത്ഥിച്ചു "ഭഗവാനേ ഈ ലോകത്തിൽ കിടന്നു യുദ്ധം ചെയ്യാൻ എനിക്കു് ഇനിയും സാധിക്കുകയില്ല. ആരോടൊക്കെ ഞാൻ യുദ്ധം ചെയ്യണം. ഏതെല്ലാം വിഷയങ്ങളെ അസ്പദമാക്കി യുദ്ധംചെയ്യണം. ഞാൻ യുദ്ധം ചെയ്തു ക്ഷീണിച്ചു" അയാൾ പ്രാർത്ഥിച്ചു. എനിക്കിനിയും യുദ്ധം ചെയ്യാൻ കഴിയുകയില്ല. ഞാൻ യുദ്ധം ചെയ്തു ക്ഷീണിച്ചു ഞാൻ അനുഭവിച്ചതെല്ലാം മതി. എൻെറ

www.malankaralibrary.com

ഉടലിനേയും, ഉയിരിനേയും, ആവിയേയും, നീ എടുത്തു കൊണ്ടു് നിന്റെ ഉടലിനെയും, ഉയിരിനേയും, ആവിയേയും ഈ മകനുതരേണെ'' മെന്നു്. അതെ ലൗകികമായ, മാംസളമായ ശരീരത്തെയും, മാംസളങ്ങളായ നയനങ്ങളേയും, മാംസമായ നാവിനേയും പരിത്യജിച്ചു്, ദൈവത്തിന്റെ ശരീരത്തേയും, ആത്മാവിനേയും, മനസ്സിനേയും സ്വീകരിക്കുന്ന വ്യക്തിക്കല്ലാതെ തപോവൃത്തി നടത്തികൊണ്ടു പോവുകാൻ സാധ്യമല്ല. അതുകൊണ്ടാണ ഭാരതത്തിലെ, യോഗൈക നിരതന്മാർ, ധ്യാനനിതരായിരുന്നിട്ടു്, ലൗകികസുഖങ്ങളിൽ ആഗ്രഹം ഇല്ലാത്തവരായിട്ടു് ജീവിച്ചതു്. അവരുടെ സമ്പാദ്യം ത്യാഗമാണു്. അവർ കുടിലിൽ താമസിക്കുകയാണ. ഇപ്രകാരമുള്ള ഒരുചിന്തയിലേക്കു് പിതാവിന്റെ മനസ്സു കടന്നു ചെന്നതുകൊണ്ടാണു് ഒരു സന്ന്യാസിയായി ക്രൈസ്തവ സന്ന്യാസിയായി ജീവിച്ചതു്. ക്രിസ്തു സർവ്വസംഗ പരിത്യാഗിയായി ഏതുതരത്തിൽ ജീവിച്ചുവോ ആതേ ജീവിതംതന്നെ കൈവരിക്കുന്നതിനു്, ഒരു മലയിൽ പോയി വനാന്തരത്തിൽ ഒരാശ്രമംകെട്ടി അവിടെ താമസിച്ചു.

സന്ന്യാസ ക്രമം ആരംഭിച്ചു. ജീവിച്ച കാലയളവിൽ ചില സന്ദർഭങ്ങളിൽ ഞങ്ങൾ താമസിക്കുന്നിടത്തു വരികയും ഞങ്ങളുടെ വീട്ടിൽ വന്നു് എന്റെ പിതാവിനെയും, മാതാവിനേയും കണ്ടു് കുശലപ്രശ്നം നടത്തുകയുമുണ്ടായിരുന്നു.

ദൈവവിശ്വാസിയായ എന്റെ ഭാര്യ ദിവസവും 5 നേരം പ്രാർത്ഥിച്ചു വളർന്ന എന്റെ ഭാര്യ ഗർഭിണിയായി തിരുവല്ലായിലാണു് താമസിച്ചിരുന്നതു്. ഈവാനിയോസ് തിരുമേനി തിരുവല്ലായിൽ ബഥനിപള്ളിയിൽ താമസിക്കുന്ന അവസരമാണതു്. തിരുമേനിയുടെ നിർദ്ദേശപ്രകാരം എന്റെ ഭാര്യ 10 ദിവസം തുടർച്ചയായി പള്ളിയിൽ താമസിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി സുഖമായ രീതിയിൽ

www.malankaralibrary.com

പ്രസവകാലം കഴിച്ചുകൂട്ടിയതായി എന്റെ ഭാര്യ പലപ്പോഴും പറയും. ഇന്നു് മലയാള മനോരമ വീക്കിലിയുടെ ചീഫ് എഡിറ്റർ ആയ K.M. തരകൻ, ഗർഭസ്ഥനായിരുന്നപ്പോഴാണ് എന്റെ ഭാര്യ തിരുമേനിയുടെ പ്രാർത്ഥനയിൽ വിശ്വസിച്ചുകൊണ്ടു സുഖമായ പ്രസവത്തിനുവേണ്ടി ബഥനിപള്ളിൽ 10 ദിവസം വ്രതാനുഷ്ഠാനം നടത്തിയതു്.

തിരുമേനി ബഥനി ആശ്രമത്തിൽ ആയിരുന്ന കാലത്തു് ഞങ്ങൾ പുത്തൻകാവിൽനിന്നും സ്നേഹിതരോടുകൂടി കഷ്ടാനുഭവാഴ്ചയിൽ ബഥനി ആശ്രമത്തിൽപോയി താമസിക്കുക പതിവായിരുന്നു. ഈ അവസരത്തിൽ മക്കളെ പോലെ ഞങ്ങളെ ക്ഷണിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു. നമ്മുടെ പ്രാർത്ഥന പരമപരിശുദ്ധരായ സന്ന്യാസിമാരുടെ ദീർഘനാളത്തെ തപസ്സിനുശേഷം, ദീർഘനാളത്തെ ഏകാന്തമായ ധ്യാനത്തിനുശേഷം അവരുടെ ഹൃദയങ്ങളിൽനിന്നു് വക്ത്രത്തിൽ കൂടി ഒഴുകിവന്ന വാക്കുകൾ ആണു്. ഒരിക്കൽ പരുമല സെമിനാരിയിലെ പുന്നൂസ്സു് റമ്പാച്ചൻ, പിന്നീടു് കാതോലിക്കാബാവാ ആയ തിരുമേനി, പണിക്കരച്ചനു് ഒരു പുസ്തകം കൊടുത്തതായി ചില രേഖകളിൽ കാണുന്നുണ്ടു്. അതു സത്യവുമാണു്. ഒരു പ്രാർത്ഥനാഗ്രന്ഥം. അദ്ദേഹം പറഞ്ഞു: "അച്ചൻ ഈ പുസ്തകം എപ്പോഴും നോക്കികൊണ്ടിരിക്കണം. അനേകരെ ഭക്തരാക്കിതീർത്ത ഒരു പുസ്തകമാണിതു്. ക്രൈസ്തവസമൂഹത്തിലെ അൻമായരേയും വൈദികശ്രേഷ്ഠരേയും പരമഭക്തരാക്കിത്തീർത്ത പ്രാർത്ഥനകൾ അടങ്ങിയ ഒരു പുസ്തകമാണിതു്". ഈ പ്രാർത്ഥനകൾ രാത്രിയുടെ മദ്ധ്യയാമങ്ങളിൽ ആരും അറിയാതെ പണിക്കരച്ചൻ പ്രാർത്ഥിക്കുമായിരുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ പരമസന്ന്യാസികളായ മാർ അപ്രേമിന്റെയും, മാർ യാക്കോബിന്റെയും പ്രാർത്ഥനകൾ ആയിരുന്നു അതു്. ഒരു മനുഷ്യന്റെ ഏററം താണ നിലയിലുള്ള അവസ്ഥയിൽ നി

www.malankaralibrary.com

ന്ന് ഉയർന്ന് കർത്താവായ യേശുക്രിസ്തു സ്ഥിതിചെയ്യുന്ന ആകാശമണ്ഡലത്തിൽ എത്തുന്ന പ്രാർത്ഥനകളാണത്. ഇപ്രകാരമുള്ള പ്രാർത്ഥനകൾ ആണ് തിരുമേനി ചൊല്ലിയിരുന്നതു്.

പരമ വിശുദ്ധരുടേതായ ഈ പ്രാർത്ഥനകൾ ഉച്ചരിക്കുന്ന അവസരത്തിൽ നമ്മിൽ പലരും പല ചിന്തകളോടുകൂടിയാണവിടെ നില്ക്കുന്നതു്. നാം പ്രാർത്ഥന കാണാതെ പഠിച്ചിട്ടുണ്ട്; പക്ഷേ നാം ഇവ ഉച്ചരിക്കുന്ന അവസരത്തിൽ നമ്മുടെ ഹൃദയവും ഈ പ്രാർത്ഥനകളുമായി ബന്ധം ഇല്ല. നമുക്ക് പ്രാർത്ഥനാവേളകളിൽ ഏകാഗ്രതയില്ല. എന്നാൽ പരമ പരിശുദ്ധന്മാരുടെ പ്രാർത്ഥനകളോട് താദാത്മ്യം പ്രാപിക്കാൻ പിതാവ് ആ ഭക്തരുടെ ഹൃദയത്തിലേക്കു കടക്കുകയാണ്. ഇതാണ് ഈവാനിയോസ് തിരുമേനിയുടെ പ്രാർത്ഥനകൾക്കുള്ള പ്രത്യേകത. ഈവാനിയോസ് തിരുമേനി പ്രാർത്ഥിക്കുന്നതായിട്ടല്ല, മാർ അപ്രേമും, മാർ യാക്കോബും അതുപോലെ പരമ വിശുദ്ധരുടെ പ്രാർത്ഥനകൾ അവർ തന്നെ പ്രാർത്ഥിക്കുന്നു. എന്ന ബോധ്യത്തോടുകൂടി, അവരായി രൂപം പ്രാപിച്ച് ഐക്യം പ്രാപിച്ച് പ്രാർത്ഥിക്കുന്നതാണ് മാർ ഈവാനിയോസ് തിരുമേനിയുടെ പ്രാർത്ഥന ഇന്ന് ഇപ്രകാരം എത്രപേർക്കു പ്രാർത്ഥിക്കാൻ കഴിയുമെന്നെനിക്കറിയില്ല.

ഹൃദയത്തിൽ ആഴമായി പ്രാർത്ഥിക്കുന്നു എന്നല്ല, മറിച്ച് പ്രാർത്ഥനകളുടെ ആശയമെന്താണെന്നു മനസ്സിലാക്കി ആ പ്രാർത്ഥനയിലേക്ക് ഈവാനിയോസ് തിരുമേനി കടക്കുമായിരുന്നു. അതുകൊണ്ടു് ഈവാനിയോസ് തിരുമേനിയുടെ പ്രാർത്ഥനയും കർബ്ബാനയിലും സാക്ഷാൽ ഹൃദയങ്ങൾ ദൈവത്തിങ്കലേക്കു പ്രാർത്ഥനകളിലൂടെ കയററിയിട്ട് ദൈവത്തിൽ എത്തിച്ചേരുന്ന ഒരനുഭവം ഉണ്ടായിരുന്നു. അദ്ദേ

www.malankaralibrary.com

ഹത്തിൻെറ കുർബ്ബാനയിൽ ആരും അങ്ങോട്ടുമിങ്ങോട്ടും നോക്കുകയില്ല പരമ നിശബ്ദതയാണവിടെ. ഞങ്ങൾ ബഥനി ആശ്രമത്തിൽ താമസിക്കുമ്പോൾ തിരുമേനിയുടെ പ്രാൎത്ഥനകളിൽ പരമ നിശബ്ദതയോടെ ഏകാഗ്രതയോടെ പങ്കുവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്.

ദുഃഖവെള്ളിയാഴ്ച രാവിലെ പ്രാൎത്ഥന തുടങ്ങിയാൽ അവിടെയെല്ലാം പരമനിശബ്ദതയാണു്. ദുഃഖവെള്ളിയാഴ്ച പ്രഭാതം മുതൽ ക്രൂശാരോഹണവും നമ്മുടെ കൎത്താവിൻെറ കബറടക്കവുംവരെയുള്ള ശുശ്രൂഷകൾ ആയിരമായിരം ജനങ്ങളെ ആകൎഷിച്ചും കണ്ണുനീരാൽ കുളിപ്പിച്ചിട്ടുണ്ടു്. ആ ശുശ്രൂഷകൾ അക്രൈസ്തവരെ ക്രൈസ്തവരാക്കിയിട്ടുണ്ടു്. ക്രൈസ്തവ സഭയുടെ ആരാധനാ സംമ്പ്രദായത്തിൻെറ പാവനരീതി എന്താണെന്നു മനഃസ്സിലാക്കുന്ന ശുശ്രൂഷകളായിരുന്നു അതു്. അതുപോലെ ദുഃഖവെള്ളിയാഴ്ചകൾ വേണ്ട രീതിയിൽ വിനിയോഗിക്കുന്നതിനു് അപ്രകാരം ശരിയായ രീതിയിൽ പിന്നീടു് ദുഃഖവെള്ളിയാഴ്ചകളിൽ സംബന്ധിക്കുന്നതിനു് എനിക്കു സാധിച്ചിട്ടില്ല. കൎത്താവു് ഗോഗുൽത്താമലയിൽ ഭാരമേറിയ കുരിശും വഹിച്ചുകൊണ്ടുപോകുന്ന യാത്ര, ആ യാത്രയുടെ ഇടയിൽ ജറുസലേം പുത്രിമാരേ എന്നു വിളിക്കുന്ന ആ വിളി മാർ ഈവാനിയോസു് തിരുമേനി ആശ്രമപള്ളിയുടെ ചുററും കുരിശും വഹിച്ചുകൊണ്ടുള്ള യാത്രയുടെ ഇടയിൽ വിളിക്കുമ്പോൾ ആയിരമായിരം ആളുകൾ കണ്ണുനീർ പൊഴിക്കുകയാണു്. അവരുടെ ശബ്ദം ആകാശത്തു് എത്തിച്ചേരത്തക്കവണ്ണമുള്ളതായിരുന്നു. ഈവാനിയോസു് തിരുമേനി കൎത്താവിൻെറ കുരിശു് കൎത്താവു് ഏതു ചിന്തയോടുകൂടി വഹിച്ചുവോ അതേ ചിന്തയോടുകൂടി വഹിക്കുമായിരുന്നു. ഒരു പുരോഹിതനും ഇന്നു് ആ രീതിയിൽ കുരിശു ചുമക്കുന്നതു ഞാൻ കണ്ടിട്ടില്ല. ക്രിസ്തു ഗോ

www.malankaralibrary.com

ഗ്ഗുൽത്താമലയിലേക്ക് ആയിരമായിരം അടികൾവച്ച് രക്തത്തിൽ കുളിച്ച് ഓരോ അടിയിലും അടിയേററ് മുൻപോട്ടു പോകുന്ന രംഗം തിരുമേനിയുടെ ശുശ്രൂഷയിൽ ഞാൻ ദർശിക്കുകയാണ്. ഇടയ്ക്കിടെ ശുശ്രൂഷ ഇല്ലാത്തപ്പോൾ അതാതു വൃക്ഷചുവട്ടുകളിൽ പോയി പ്രാർത്ഥിക്കണമെന്നാണു നിബന്ധന. അവിടെ ആരും സംസാരിക്കാറില്ല; അവിടെ കൂടിയിരിക്കുന്ന ജനങ്ങൾ മുഴുവൻ ഗോഗുൽത്താമലയിലും കുരിശിൻെറ ചുവട്ടിലുമാണെന്ന പ്രതീതി ജനിപ്പിക്കത്തക്കവണ്ണമുള്ള പ്രാർത്ഥനകളും അന്തരീക്ഷവും ആയിരുന്നു. ഈ അനുഭവങ്ങൾ ഇപ്പോഴും എൻെറ സ്മരണകളിലൂടെ ഒരനുഭവം ആയി കടന്നുപോകുന്നു. ഈ ശുശ്രൂഷകൾ എല്ലാം കഴിഞ്ഞു് എല്ലാവരും കപ്പയും കഞ്ഞിയും നിലത്തുകുഴികുഴിച്ച് തേക്കിലയിൽ കഴിച്ചതിനുശേഷം പിരിഞ്ഞുപോകുന്നു. അതാണ്സാക്ഷാൽ കഷ്ടാനുഭവാഴ്ച.

അഭിവന്ദ്യ തിരുമേനിയെ സഭയുടെ അതിഭയങ്കരമായ ദുർഘടമായ, അനന്തമായ കേസ്സുകൾ ദുഃഖിതനാക്കി. യാതൊരു തരത്തിലും, ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഈ കേസ് അവസാനിക്കുമോ എന്നു സംശയം; സംശയം അല്ല, ദൃഢവിശ്വാസം തിരുമേനിക്കുണ്ടായിരുന്നു. ഏകാഗ്രമായി ദൈവാരാധന നടത്താൻ കഴിയാത്ത ഒരു വ്യവസ്ഥിതി! കുർബ്ബാന നടക്കുമ്പോൾതന്നെ കലാപങ്ങൾ! ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ തിരുമേനിയെ വളരെയധികം വേദനിപ്പിച്ചിരുന്നു. എന്തുചെയ്യണമെന്നറിയാൻ കഴിയാതെ വളരെ ദിവസം ആലോചിച്ച് രാത്രിയും പകലും വളരെ തീവ്രമായി വേദന അനുഭവിക്കുന്ന കാലം. മാനസികമായ വേദന. ഹാംലെററിൽ സൂചിപ്പിക്കുന്നതുപോലെ. "to be or not to be"- ജീവിക്കണമോ, മരിക്കണമോ?" എന്നുള്ള ചിന്ത! സഭയുടെ സമാധാനത്തിനുവേണ്ടി പരമശാന്തമായ അന്തരീക്ഷത്തിൽ ദൈവവുമായി സമ്പർക്കത്തിലേർപ്പെടുന്നതിനു് രാത്രികാലങ്ങളിൽ

www.malankaralibrary.com

കർത്താവു പ്രാർത്ഥിച്ചതുപോലെ വളരെയധികം പ്രാർത്ഥിച്ചു. ദൈവം സഭയെ സമാധാനപ്പെടുത്തിയല്ല. സഭയിൽ സമാധാനം സംജാതമായില്ല. ഈ അവസരത്തിലാണ് ഓർത്തഡോക്സ് സഭയുടെ സകല വിശ്വാസങ്ങളും അണുപോലും കോട്ടംതട്ടാതെ കാത്തുപരിപാലിക്കണം എന്ന നിർബന്ധത്തോടുകൂടി തിരുമനസ്സുകൊണ്ട് കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചതു്.

അക്കാലത്തു് കത്തോലിക്കാസഭയെന്നു പറഞ്ഞാൽ ഭക്തിയുടെ സഭയെന്നല്ല ആഡംബരത്തിന്റെ സഭയെന്നാണർത്ഥം. സാമ്പത്തികമായി പരമോന്നത സ്ഥാനത്തെത്തിയിരിക്കുന്ന സഭ. ജീവിതത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭിക്കുന്ന സഭ. ഇപ്രകാരം കത്തോലിക്കാസഭയെപററി ഒരു ധാരണ മററ് സഭാംഗങ്ങൾക്കുണ്ടായിരുന്നു. ത്യാഗസമ്പൂർണ്ണമായ ഒരു സഭയല്ല കത്തോലിക്കാസഭയെന്നും, വിശ്വവ്യാപകമായ ഒരു സഭയിൽ അതിന്റെ പരമോന്നതസ്ഥാനത്തു പാപ്പാതിരുമനസ്സുകൊണ്ടിരിക്കുന്നുവെന്നും, ഇപ്രകാരമുള്ള ഒരു സഭയിലാണു തിരുമേനി ചെന്നുപെട്ടിരിക്കുന്നതെന്നുമുള്ള ഒരു ചിന്താഗതി, ഒരു തെറ്റിദ്ധാരണ ഓർത്തഡോക്സ് സഭയിൽ പെട്ടവർക്കുണ്ടായിരുന്നു. വാസ്തവത്തിൽ തിരുമേനിയെ അടുത്തു പരിചയപ്പെട്ടിട്ടുള്ളവർക്കു മാത്രമേ, തീവ്രമായ വേദനയുടെ ഫലമായിട്ട് സ്വീകരിച്ച ഒരു വസതി ഒരു സമ്പ്രദായമാണിതെന്നു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളു. ഒരു കുടുംബംപോലെ നിന്ന ഞങ്ങൾക്ക് ഇതുവളരെ ഹൃദയവേദനയുണ്ടാക്കി. വളരെ വേദനയോടുകൂടിയാണ് ആ രാത്രിയും പകലും ഞങ്ങൾ കഴിച്ചുകൂട്ടിയതു്.

ഈ അവസരത്തിൽ, ശതാബ്ദിആചരണാവസരത്തിൽ ദൈവം തമ്പുരാന്റെ അതിവിശാലമായ മുററത്തു വളർന്നു നില്ക്കുന്ന ഫലംതരുന്ന ഫലസമൃദ്ധങ്ങളായ മുന്തിരി ചെടി

www.malankaralibrary.com

കളെപോലെ മനുഷ്യസമൂഹം ഒന്നിക്കുന്നതിന്ന് അങ്ങനെ ഒരു ഏകലോക വ്യവസ്ഥിതി ഉണ്ടാകുന്നതിന്ന് എല്ലാവരും ആഗ്രഹിക്കയാണു വേണ്ടതു്. മാനുഷികമായ വൈകല്യങ്ങൾ പ്രാപിച്ചു്, സഭ ചിതറിപ്പിതറി, കാനോനും, സഭയുടെ പ്രമാണങ്ങളും വാക്യങ്ങളും യാതൊരു ബന്ധവുമില്ലാത്ത അക്രൈസ്തവർ ഇരിക്കുന്ന കോടതികളുടെ ബഞ്ചുകളിൽ കോടതികളുടെ സിംഹാസനത്തിൽ സ്ഥിതിചെയ്യുന്ന പരിതസ്ഥിതയോടു യോജിക്കുന്നതിന്ന് വളരെ പ്രയാസം ആണു്. എങ്കിലും ലോകം ആ രീതിയിൽതന്നെ മുൻപോട്ടു പോയികൊണ്ടിരിക്കുന്നു. ഒരു വലിയ പ്രാൎത്ഥന, ഹൃദയദ്രവീകരണമായ പ്രാൎത്ഥന, കണ്ണീരോടുകൂടിയുള്ള പ്രാൎത്ഥന, സൎവ്വസമുദായങ്ങളും ഒരുമിച്ചുള്ള ഒരു പ്രാൎത്ഥനാരംഗമാണിന്നാവശ്യം. ക്രൈസ്തവസമൂഹത്തെ ആത്മീകമായിട്ടുള്ള കലഹകലാപങ്ങളിൽനിന്നു മാററി, ദൈവസന്നിധിയിലേക്കെത്തിക്കത്തക്കവണ്ണമുള്ള ഒരാരാധന സമ്പ്രദായവും, ഗാനസമ്പ്രദായവും, ശുശ്രൂഷാസമ്പ്രദായവും ക്രൈസ്തവജനതയ്ക്കുണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുകയാണു്. ബഥനിസന്ന്യാസസമൂഹം, പരിപൂൎണ്ണമായ ത്യാഗം, മാനസികമായ എല്ലാ ശക്തികളേയും നിയന്ത്രിക്കത്തക്കവണ്ണം, ദൈവശക്തിയോടുകൂടിയ, ഒരു സമൂഹം സൃഷ്ടിച്ചു വളൎത്തിയെടുത്ത തിരുമേനിയുടെ ദീൎഘവീക്ഷണത്തെ എത്രകണ്ടു പ്രശംസിച്ചാലും മതിയാവുകയില്ല. എന്റെ പിതൃസദൃശ്യനായ, എന്റെ പിതാവായി ഞാൻ അംഗീകരിച്ചിട്ടുള്ള ആ തിരുമേനിയുടെ ആത്മാവിന്നു നിത്യശാന്തി നേരുന്നു. അദ്ദേഹത്തിന്റെ അദ്ധ്യാത്മികജീവിതത്തെ പിൻതുടരാനുള്ള ശക്തി മലങ്കരസഭാ മക്കൾക്കുമുണ്ടാവട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

www.malankaralibrary.com

# ഹിന്ദു സന്ന്യാസധർമ്മം

—സ്വാമി ജൈത്രാനന്ദ

വൈദിക കാലം മുതൽ ഹിന്ദു സമുദായത്തിൽ നിലനിന്നിരുന്നതാണ് സന്ന്യാസവൃത്തി. സന്ന്യാസത്തിന്റെ ലക്ഷ്യം ജനനമരണമാകുന്ന സംസാരത്തിൽനിന്നും മോചനം നേടുക എന്നതു തന്നെ. മോചനം അല്ലെങ്കിൽ മോക്ഷം നേടുന്നതിനു് പ്രവൃത്തിമാർഗ്ഗവും നിവൃത്തിമാർഗ്ഗവും വേദപുരാണാദികളിൽ വിവരിച്ചിട്ടുണ്ടു്. പ്രവൃത്തിമാർഗ്ഗത്തിൽ നിർദ്ദേശിക്കുന്നതു് വർണ്ണാശ്രമ ധർമ്മങ്ങളാകുന്നു; അതായതു് ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെ നാലു് ആശ്രമങ്ങളിൽക്കൂടിയുള്ള ജീവിത ധർമ്മാനുഷ്ഠാനങ്ങൾ. നിവൃത്തിമാർഗ്ഗം ലൗകികവ്യവഹാരങ്ങളിൽ നിന്നും വിമുക്തനായി ആത്മീയോൽക്കർഷത്തിന്നായി മാത്രം ജീവിക്കുകയാകുന്നു. ഈ രണ്ടു മാർഗ്ഗങ്ങളുടേയും ലക്ഷ്യം ഈശ്വരസാക്ഷാത്ക്കാരം സിദ്ധിക്കുക മാത്രമാണെന്നു കാണാം.

മേൽപ്പറഞ്ഞ രണ്ടു മാർഗ്ഗങ്ങളിൽ പ്രവൃത്തി മാർഗ്ഗമാണു് എല്ലാ ജനങ്ങൾക്കും അനുഷ്ഠിക്കാവുന്ന എളുപ്പമാർഗ്ഗം. ബ്രഹ്മചര്യാശ്രമക്കാലത്തു തന്നെ നേരിട്ടു് തുടർച്ചയായി സന്ന്യാസത്തിൽ പ്രവേശിക്കുന്നതിനു് വേദവിധിയുണ്ടു്. അങ്ങനെയുള്ള സന്ന്യാസജീവിതത്തിനു് നിത്യാനിത്യ വസ്തുവിവേകം, ഇഹാമുത്രാർത്ഥഭോഗവിരാഗം, ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം, മുമുക്ഷുത്വം എന്നീ അനുഷ്ഠാനങ്ങളും അത്യന്താപേക്ഷിതമാണു്. ഈ മഹത്ഗുണങ്ങളെപ്പററി ഇനി ചിന്തിക്കാം.

www.malankaralibrary.com

നിത്യാനിത്യ വസ്തുവിവേകം ഉണ്ടാകുമ്പോൾ നാം നിത്യമായതിനേയും അനിത്യമായതിനേയും വേർതിരിച്ചറിയുന്നു. ഇഹാമുത്രാർത്ഥ ഫലഭോഗം എന്നാൽ ഇഹലോകത്തിലും പരലോകത്തിലും ലഭിക്കാവുന്ന സുഖഭോഗങ്ങളെ ക്ഷണികങ്ങളെന്നു കണ്ടു് പരിത്യജിക്കുക എന്നർത്ഥമാകുന്നു. ശമദമാദി ഗുണങ്ങൾ കർമ്മേന്ദ്രിയങ്ങളേയും ജ്ഞാനേന്ദ്രിയങ്ങളേയും നിയന്ത്രണാധീനമാക്കി നിരന്തരം സാധനചെയ്തു് മോക്ഷസിദ്ധി ഉറപ്പു വരുത്തുന്നു.

**ശമം.** മനോവികാരങ്ങളെ ബഹിർമ്മുഖമാകാതെ നിയന്ത്രിക്കലാണു്.

**ദമം.** കർമ്മേന്ദ്രിയങ്ങളെ നിയന്ത്രിക്കൽ.

**ഉപരതി.** ഞാനെന്നും എൻേറതെന്നും ഉള്ള വിചാരമില്ലായ്മ.

**തിതിക്ഷ:** സഹനശക്തി.

**സമാധാനം.** ജീവിത പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യം.

**ശ്രദ്ധ.** ഭക്തിവിശ്വാസം.

**മുമുക്ഷുത്വം.** മോക്ഷമാർഗ്ഗത്തെപ്പററിയുള്ള ജ്ഞാനവും പുനർജ്ജന്മമില്ലായ്മയും.

'ഏകം ഏവം അദ്വിതീയം' അതായതു് ഒന്നുമാത്രം; രണ്ടില്ല. ജീവാത്മാ പരമാത്മാഐക്യം സമുദ്രജലവും അലമാലകളും പോലെയാണു്. പശ്ചാത്തലം ജലംതന്നെ. തിരമാലകൾ നാമരൂപങ്ങളും.

ലൌകിക വ്യവഹാരങ്ങളിൽ വിരക്തി വരികയാണെങ്കിൽ ഏതാശ്രമ ധർമ്മത്തിൽനിന്നും സന്ന്യാസത്തിലേയ്ക്കു് വ

www.malankaralibrary.com

രാവുന്നതാണു്. പുരാതന കാലങ്ങളിൽ ജീവിതത്തിന്റെ അന്ത്യദശകങ്ങളാണു് സന്യാസത്തിനു് സ്വീകരിച്ചിരുന്നതു്. പുത്രൻ, അർത്ഥം, ലോകസുഖം ഇത്യാദികളെ വെടിഞ്ഞു് സന്യാസം സ്വീകരിക്കുന്നു എന്നു് ബൃഹദാരണ്യ ഉപനിഷത്തിൽ പറയുന്നുണ്ടു്.

ഹിന്ദുധർമ്മം സാമൂഹ്യ കുമതലകളിലും, ആദ്ധ്യാത്മിക പുരോഗതിയിലും ക്രമീകൃതമായ കാഴ്ചപ്പാടോടു കൂടിയതാണു്. അതിന്റെ ചട്ടക്കൂടു് വർണ്ണാശ്രമ ധർമ്മങ്ങളിൽ അടിയുറച്ചതുമാണു്. ഗൃഹധർമ്മവും സാമൂഹ്യധർമ്മങ്ങളും നിവ്വഹിക്കുന്നതാണു് വർണ്ണധർമ്മം. ആദ്ധ്യാത്മിക സാധനകളിൽ കേന്ദ്രീകരിച്ചു് ജീവിതം നയിക്കുമ്പോൾ ആശ്രമധർമ്മമാകുന്നു. ഒരു മനുഷ്യജീവിതം നൂറുവർഷമാണെന്നു് കരുതുക. അതിൽ ആദ്യത്തെ കാൽ ഭാഗം ഗുരുവിൽനിന്നും അടിയുറച്ച ജ്ഞാനം നേടാനുള്ളതാണു്. ഈ സമയത്തു് അച്ചടക്കവും അനുസരണയുമുള്ള ജീവിതം നയിച്ചു് ഗുരുവിനെ സേവിക്കുകയും വേണം. ഗുരു എന്നുദ്ദേശിക്കുമ്പോൾ ഇന്നത്തെ നിലയല്ല. മോക്ഷമാർഗ്ഗത്തിലേയ്ക്കു് നയിക്കുന്ന ഗുരുവിനെയാണു് ഇവിടെ ഉദ്ദേശിക്കുന്നതു്. ആത്മീയവും ലൗകികവും ആയ വിദ്യ ഗ്രഹിച്ചശേഷം ഗൃഹത്തിലെത്തുന്ന ബ്രഹ്മചാരി വിവാഹിതനായി ഗൃഹസ്ഥാശ്രമിയാകുന്നു. ഭാര്യാ പുത്രാദികളോടുള്ള കടപ്പാടുകൾ നിർവ്വഹിച്ചശേഷം ഏതാണ്ടൻപതോടടുത്തു് വാനപ്രസ്ഥത്തിലേയ്ക്കു മാറുന്നു. അതായതു് ജപധ്യാനാദികളിൽ മുഴുകുന്നു. ഏതാനും വർഷങ്ങൾക്കു ശേഷം സർവ്വലൗകിക വ്യവഹാരങ്ങളും വിസ്മരിച്ചു് പരിശുദ്ധ ഹൃദയനായി സന്യാസം സ്വീകരിക്കുന്നു.

'കാമ്യാനാം കർമ്മണാന്യാസം സന്യാസം കവയോവിദുഃ'–ഭഗവദ്ഗീത പതിനെട്ടാം അദ്ധ്യായം രണ്ടാം ശ്ലോകം.

www.malankaralibrary.com

കാമ്യകർമ്മങ്ങളുടെ പരിത്യാഗത്തെ സന്ന്യാസം എന്നു് പണ്ഡിതന്മാർ അറിയുന്നു. സർവ്വ കർമ്മങ്ങളുടേയും പരിത്യാഗത്തെ ത്യാഗമെന്നു നിപുണന്മാർ പറയുന്നു.

ഹിന്ദുമതം ലൗകിക ജീവിതത്തെ പരിത്യജിക്കണമെന്നു പറയുന്നില്ല. ലൗകികമായ ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുകൊണ്ടുതന്നെ ഈശ്വര ദർശനം കൈവരിക്കാമെന്നു പറയുന്നുണ്ടു്. സന്ന്യാസമാണു് ഏററവും ഉൽകൃഷ്ടമായ ജീവിതാദർശം. പ്രവൃത്തിമാർഗ്ഗത്തെ അനുകരിക്കുന്നവരും നിവൃത്തിമാർഗ്ഗത്തെ അനുകരിക്കുന്നവരും അതാതു് ആശയാദർശനങ്ങൾ നിഷ്കർഷയോടു് പിന്തുടന്നാൽ മോക്ഷപ്രാപ്തരാകും.

ഓം തത് സത്.

"പഴയസെമിനാരിയിലെ അഭ്യസനംകൊണ്ടു് പൗരസ്ത്യസഭയിലെയും, സെറാംപൂർ കോളജിലെ അഭ്യാസം കൊണ്ടു് പാശ്ചാത്യ സഭകളുടേയും അന്തസത്ത കണ്ടറിഞ്ഞു് വിദ്യാഭ്യാസ സാമൂഹ്യ സഭാരംഗങ്ങളിൽ ദൈവികവും, വിപ്ലവാത്മകവുമായ ചരിത്രം സൃഷ്ടിച്ച ഒരു പുണ്യാത്മാവു്."

—എം. സി. മാണി, സി. എസ്സ്. ഐ. ബിഷപ്പ്

www.malankaralibrary.com

# ക്രൈസ്തവസന്ന്യാസദർശനം

—തോമസ് ഐക്കര, സി.എം.ഐ.

വളരെ ധീരനായ ഒരു മനുഷ്യൻ. സഭയെ അഗാധമായി സ്നേഹിച്ച ഒരു മനുഷ്യൻ. ദൈവവുമായി അഗാധമായി ബന്ധം ഉണ്ടായിരുന്ന ഒരു മനുഷ്യൻ. സഭയുടെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് പ്രവാചകദൃഷ്ടിയോടുകൂടി സഭയ്ക്കു് ദൗത്യം കൊടുക്കുവാനുള്ള, സന്ന്യാസസഭയ്ക്കു് സ്ഥാപനം കൊടുക്കുവാനുള്ള ഉൾക്കാഴ്ചഉണ്ടായിരുന്ന ഒരു മനുഷ്യൻ. സ്നേഹസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയെക്കുറിച്ചുള്ള എന്റെ വിനീതമായ ഉൾക്കാഴ്ച ഇതാണ്. അദ്ദേഹത്തിന്റെ ജന്മശതാബ്ദിയോട് അനുബന്ധിച്ച് ''സന്ന്യാസദർശനം'' എന്ന വിഷയം തന്നെ കൈകാര്യം ചെയ്യുന്നതു് അർത്ഥവത്താണ്; അതുപോലെതന്നെ പ്രസക്തവുമാണ്. അദ്ദേഹത്തിനുണ്ടായിരുന്ന ദീർഘവീക്ഷണവും ധൈര്യവും, സഭാസ്നേഹവും, സന്ന്യാസചൈതന്യവും നമ്മിൽ നിറഞ്ഞുതുളുമ്പട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്; പ്രാർത്ഥിക്കുകയാണ്. ക്രൈസ്തവ സന്ന്യാസദർശനം എന്ന ശീർഷകത്തിൽ ഒരു പുത്തൻ ഭാഷ്യം ഒന്നും ഞാൻ അവതരിപ്പിക്കാൻ മുതിരുന്നില്ല. എങ്കിലും നമുക്കറിയാവുന്ന ചില ചിന്തകൾ, ക്രൈസ്തവ സന്ന്യാസദർശനത്തിന്റെ ചില അടിസ്ഥാന ചിന്തകൾ ഇവിടെ അവതരിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്.

സന്ന്യാസസഭ സിദ്ധിബദ്ധമായിട്ടുള്ള സ്നേഹത്തിന്റെ ഒരു സമൂഹമാണ്. ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടുത്തിയുള്ള ക്രിസ്തുവിനെ ആധാരമാക്കിയുള്ള സ്നേഹബദ്ധമായ സമൂഹം

www.malankaralibrary.com

Achamsmatie Community of love centered on Christ. ക്രിസ്തുബന്ധമായിട്ടുള്ള, ക്രിസ്ത്വാനുഭവം ആധാരമാക്കിയുള്ള സ്നേഹം ആണ് സന്ന്യാസ സമൂഹത്തിന്റെ ഉൾക്കാമ്പ്. ഇങ്ങനെയുള്ള സന്ന്യാസ സമൂഹത്തിന്റെ സജീവ സംപൂർണ്ണ മാതൃക യേശുക്രിസ്തുവാണ്. ആ ക്രിസ്തുവിന്റെ സന്ന്യാസ പ്രക്രിയയാണ് നമ്മുടെ സന്ന്യാസപ്രക്രിയയിലെ പടികൾ. എങ്ങനെ പിതാവായ ദൈവത്തിന്റെ സംപൂർണ്ണസ്നേഹം ഉറഞ്ഞുകൂടി ക്രിസ്തുവിനോടുകൂടി നമുക്ക് സംലഭ്യമായോ, എങ്ങനെ മനുഷ്യത്വത്തിലൂടെ നമുക്ക് സംലഭ്യമായോ, എങ്ങനെ ഒരു ക്രിസ്തു ആ വചനം പിതാവായ ദൈവത്തിന് സംപൂർണ്ണമായി സമർപ്പിച്ചുവോ, അതാണ് സന്ന്യാസികളായ നമ്മുടെ ജീവിതമാതൃക. തന്നെതന്നെ മറന്ന്, സ്നേഹത്തിലൂടെ, സ്നേഹത്താൽ നിറഞ്ഞ് എങ്ങനെ യേശുക്രിസ്തു പിതാവിന് സംപൂർണ്ണമായി കാഴ്ചവച്ചുവോ, അതുപോലെ നാമും ഈ ക്രിസ്ത്വാനുഭവസ്നേഹത്താൽ നിറഞ്ഞ് നമ്മെതന്നെ ദൈവത്തിനായിസംഭാവനചെയ്യുക, കാഴ്ചവയ്ക്കുക, സമർപ്പിക്കുക, ഇതാണ് ക്രിസ്തുവിനെ ആധാരമാക്കിയുള്ള സന്ന്യാസത്തിന്റെ ആകെത്തുക.

ക്രൈസ്തവ സന്ന്യാസദർശനത്തിന്റെ ആദിമദ്ധ്യാന്തങ്ങൾ ക്രിസ്തുനാഥൻ തന്നെയാണ്. നമ്മുടെ സന്ന്യാസസമർപ്പണത്തിന്റെ ഒരേ കാരണം ക്രിസ്തുവാണ്. ഈ ക്രിസ്തു പിതാവിന്റെ വചനത്തെ സദാപി ശ്രവിച്ച്, പിതാവിന്റെ ചിത്തത്തെ, സത്തയെ ധ്യാനിച്ച് സ്വയം സ്നേഹത്താൽ നിറഞ്ഞുവോ, സ്നേഹാവതാരമായി മാറിയോ. അതുപോലെ നാമും ഈ പിതാവിന്റെ സ്നേഹമാകുന്ന വചനത്തെ, ക്രിസ്തുവാകുന്ന വചനത്തെ ശ്രവിച്ച് മനനം ചെയ്ത് നമ്മുടേതാക്കിത്തീർക്കുക. അങ്ങനെ ശ്രവിച്ച്, സാംശീകരിച്ച് ജീവിതഭാഗമാക്കിത്തീർത്ത വചനത്തെ നമ്മുടെ ജീവിത

www.malankaralibrary.com

ത്തിലൂടെ പ്രവൃത്തിവഴി അവതരിപ്പിക്കുക; ഇതാണു് വചനബദ്ധമായ സന്ന്യാസം. വാസ്തവത്തിൽ ഈപ്രകാരം വചനബദ്ധമല്ലാത്ത ഒരു സന്ന്യാസത്തിനു് ഇന്നു് അർത്ഥമില്ല.

സന്ന്യാസത്തിൻെറ സുപ്രധാനവശം പ്രവൃത്തിയെക്കാൾ കൂടുതൽ നാം ആയിരിക്കുന്നതിലാണു് - In Being than in Be. പിതാവിൻെറ വചനത്തെ ക്രിസ്തു സംവഹിച്ചതുപോലെ നാമും ക്രിസ്ത്വാനുഭവസംവാഹകരായി, സദാപി നമ്മെത്തന്നെ ശൂന്യവൽക്കരിച്ചുകൊണ്ടു് നമ്മുടെ സഹോദരങ്ങൾക്കു് സംലഭ്യമാക്കുക. ഇങ്ങനെയുള്ള ക്രിസ്ത്വാനുഭവം, സാധിക്കണമെങ്കിൽ നമുക്കു് ക്രിസ്തുവും ആയി പ്രാർത്ഥനയിലൂടെ ഗാഢമായ മൈത്രീബന്ധം കൂടിയേതീരൂ. സന്ന്യാസം സഭയുടെ ജീവിതമാക്കി മാററണമെങ്കിൽ ഈപ്രകാരം അർത്ഥവത്തായ, ആധികാരികമായ ക്രിസ്ത്വനുഭവവക്താക്കളായി നാം മാറണം. ചുരുക്കത്തിൽ നമ്മുടെ ക്രൈസ്തവസന്ന്യാസദർശനം അർത്ഥവത്തായിത്തീരണമെങ്കിൽ നമ്മുടെ ക്രിസ്തു ശിഷ്യത്വം ആധികാരികവും അർത്ഥവത്തുമായി തീരണം.

സന്ന്യാസത്തിനു് സഭയിൽ ഒരു ദൗത്യം ഉണ്ടു്. സഭ കർത്താവിൻെറ സ്നേഹം തുടർച്ചയായി സംഘാതമായി സംലഭ്യമാക്കുന്ന സംവിധാനമാണു്. ക്രിസ്തുസ്നേഹം ഉറഞ്ഞുകൂടിവന്ന കത്തോലിക്കാ സഭയിൽ കുറെക്കൂടി ജീവിക്കുന്ന സമൂഹമാണു് സന്ന്യാസസമൂഹം. എല്ലാ ക്രിസ്ത്യാനിയും ക്രിസ്തുശിഷ്യരാണെങ്കിൽ ഓരോ സന്ന്യാസിയും കുറെക്കൂടി ഉദാത്തവും അഗാധവുമായ ശിഷ്യത്വത്തിലേക്കു് (radical descipleship) വിളിക്കപ്പെട്ടവനാണു്. ഈ ശിഷ്യത്വത്തിനു് വലിയ ബുദ്ധിമുട്ടുണ്ടു്, ധാരാളമായ ത്യാഗം ഉണ്ടു്, തപസ്യയുണ്ടു്; സമഗ്രമായ സാധനയുണ്ടു്.

പത്രോസിൻെറ ശിഷ്യത്വ സ്വീകരണത്തെപ്പററിയും മത്തായിയുടെ ശിഷ്യത്വ സ്വീകരണത്തെപ്പററിയും നാം വി

www.malankaralibrary.com

ശുദ്ധഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. അവരൊക്കെ കർത്താവു വിളിക്കുമ്പോൾ, യാതൊരു ശങ്കയും കൂടാതെ വലയും എറിഞ്ഞുപോകുന്ന ആ സുന്ദരമായ ദൃശ്യം ബൈബിളിൽ നാം ദർശിക്കുന്നുണ്ട്. ആ വിളിക്ക് വലിയ ഒരു അരക്ഷിതസ്വഭാവം ഉണ്ട്. ഒരു അനിശ്ചിത സ്വഭാവം ഉണ്ട്. കർത്താവു ആരാണെന്ന് അവർക്കറിയില്ല. തങ്ങളുടെ ഭാവി എന്തെന്ന് അവർക്കറിയില്ല. ഇങ്ങനെ തങ്ങളുടെ ഭാവി എന്തെന്നറിയാൻ വയ്യാതെ ഭാവിയിലേക്ക് അന്ധമായി ഇറങ്ങിച്ചെല്ലുന്ന ഒരു സംവിധാനം ഒരു കാഴ്ചപ്പാട് അവരുടെ ശിഷ്യത്വസ്വീകരണത്തിൽ നമുക്ക് കാണാം. നമ്മുടേയും ശിഷ്യത്വസ്വീകരണത്തിന്റെ ഒരു സുപ്രധാന വശമാണിത്. അന്ധമായി ഗുരുവിനെ അനുധാവനം ചെയ്യുക. ഗുരുവിനെപ്പോലെ ആയിതീരുക. നമ്മുടെ ഭാരതീയചിന്തയിലും വളരെ സുന്ദരമായ ഈ ഗുരുശിഷ്യബന്ധം നമുക്ക് കാണുവാൻ സാധിക്കും. ഗുരുവിൽനിന്നും ശിഷ്യൻ എല്ലാം പഠിച്ച് ഗുരുവിനെപോലെ ആയിതീരുന്ന സംവിധാനം. നമുക്കും ക്രിസ്തീയ ശിഷ്യത്വം അർത്ഥവത്തായി സ്വീകരിക്കാൻ സാധിക്കണമെങ്കിൽ ഇതുപോലെയുള്ള ഒരു അന്ധമായ, വ്യവസ്ഥയില്ലാത്ത (unconditional surrender) അടിയറവയ്പ്പ് ആവശ്യം ആണ്. അതിൽ തീച്ചയായും അരക്ഷിതാവസ്ഥയും അനിശ്ചിതാവസ്ഥയും ഉണ്ട്. അതിൽ സന്തോഷം കണ്ടെത്തുക. ഇതാണ് സന്ന്യാസിയുടെ വലിപ്പം. എല്ലാം ക്രമീകൃതമായി, സുരക്ഷിതമായി ഇരിക്കുന്നതല്ല; കർത്താവിന്റെ ദാരിദ്ര്യത്തിലുള്ള അരക്ഷിതാവസ്ഥയും അനിശ്ചിതാവസ്ഥയുമാണ് ഉദാത്തമായ ശിഷ്യത്വം. തൽഫലമായി ലഭ്യമാകുന്ന സന്തോഷവും സമാധാനവും ശാന്തിയുമാണ് അതിന്റെ നേട്ടങ്ങൾ: സ്നേഹത്തിന്റെ സ്വാന്ദ്രത പൂർണ്ണമായി നമ്മുടെ ജീവിതശൈലിയാക്കി മാററാനുള്ള മനോഭാവമാണ് സന്ന്യാസത്തിന്റെ അന്തസത്ത.

www.malankaralibrary.com

ഇതു സംഭവിക്കേണ്ടതു് തിരുസഭയിലാണു്. കാരണം സന്ന്യാസസഭ തിരുസഭയിലെ ഒരു ഘടകം മാത്രം ആണു്. സഭയുമായി ബന്ധമുള്ളടത്തോളമേ സന്ന്യാസസമപ്പ്ണത്തിനു് അത്ഥമുള്ളു. നമ്മുടെ പ്രവത്തിയിലൂടെ നമ്മുടെ സാക്ഷ്യത്തിലൂടെ സഭാപി ദൈവജനത്തിനു് നാം സംലഭ്യമായിരിക്കണം. നമ്മുടെ അസ്തിത്വം ഈ സംലഭ്യമാക്കലിൽ അടിയുറച്ചതായിരിക്കണം. കാരണം സഭയോടുകൂടിയാണു്, സഭയിലാണു് നാം സമപ്പ്ണം നടത്തുന്നതു്.

സന്ന്യാസസഭ ക്രിസ്തുസ്നേഹത്തിൻെറ സാന്ദ്രതാനുഭവമാണു്. തിരുസഭയിലാണു് വിവിധങ്ങളായ സന്ന്യാസസഭകൾ ഉടലെടുക്കുന്നതു് എന്നു നാം കണ്ടു. സഭയിൽ സഭയുടെ ഓരോ പുതിയ രൂപഭാവങ്ങൾക്കും സഭയുടെ അടിത്തറയായി നിന്നിട്ടുള്ളതു് സന്ന്യാസസഭകൾ ആണു്. കാലത്തിൻെറയും സഭയുടേയും ആവശ്യങ്ങൾക്കൊത്തു് എല്ലായ്പ്പോഴും പുതിയ സന്ന്യാസസമൂഹങ്ങൾ ഉണ്ടായി. അങ്ങനെ വളരെ ദീഘദൃഷ്ടിയോടുകൂടിയ ഒരു കാൽവയ്പായിരുന്നു മാർ ഈവാനിയോസ് പിതാവിൻേറതു്. സഭയുടെ ആവശ്യങ്ങൾ മനസ്സിലാക്കികൊണ്ടു് അരൂപിയിൽ പ്രചോദിതമായ വളരെ സവിശേഷമായ ഒരു കാൽവയ്പു്. ഒരു രഹസ്യാനുഭൂതി ഇവിടെ കാണാൻ സാധിക്കും—ദൈവത്തിൻെറ കരം വളരെ ശക്തമായി അനുഭവിക്കുന്ന ഒരു രഹസ്യാനുഭൂതി. ഈ രഹസ്യാനുഭൂതിയിൽ അരൂപിയുടെ പ്രവത്തനം ഉണ്ടു്; സഭയുടെ സവിശേഷമായ സാന്നിദ്ധ്യം ഉണ്ടു്. ഇതുരണ്ടും കൂടി ഒന്നുചേന്നു് സഭയുടെ ആവശ്യം മനസ്സിലാക്കുന്നതിതിൻെറ അനന്തരഫലമാണു് സന്ന്യാസസഭകൾ. ഇങ്ങനെ കത്തോലിക്കാസഭയിൽ വിവിധങ്ങളായ സിദ്ധികളോടുകൂടി വിവിധ സഭകൾ ഉണ്ടു്. ഓരോ സഭയ്ക്കും അതിൻെറതായ വ്യക്തിത്വം ഉണ്ടു്; ലക്ഷ്യം ഉണ്ടു്. മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച സഭകൾക്കു് ഒരു വലിയ

www.malankaralibrary.com

പ്രത്യേകതയുണ്ടു്. അതു രണ്ടും ഏതദ്ദേശീയസഭകൾ ആണു്. ഭാരതീയമായ സഭകൾ, ഭാരതത്തിന്റെ ആത്മാവിനെ കണ്ടെത്തുന്ന സന്ന്യാസസഭകൾ.

നമ്മുടെ ഏതദ്ദേശീയ സ്വഭാവത്തിൽ അല്പംകൂടി അർത്ഥവത്തായി ജീവിച്ചുകൊണ്ടു് സഭയ്ക്കു് നേതൃത്വം കൊടുക്കുവാൻ എങ്ങനെ സാധിക്കും? ഈ ഏതദ്ദേശീയസ്വഭാവം അല്പംകൂടി ക്രൈസ്തവികമായി, യാഥാർത്ഥ്യമായി ബന്ധപ്പെടുത്തി ഒരു പുതിയ ഭാഷ്യത്തിനു രൂപം കൊടുക്കുക എന്ന ചിന്ത ഈ അവസരത്തിൽ വളരെ പ്രസക്തമാണു്. അതിനു് മാർ ഈവാനിയോസ് തിരുമേനിയുടെ ദീർഘമായ ആ കാഴ്ചപ്പാടു് നമ്മെ വളരെയേറെ സഹായിക്കണം.

അരൂപിയുടെ പ്രത്യേക പ്രേരണയാൽ ഉടലെടുക്കുന്ന സന്ന്യാസസഭകളുടെ പ്രത്യേക ലക്ഷ്യം പ്രവർത്തനം മാത്രം അല്ല. അതിലേറെ വളരെ വ്യക്തമായിട്ടുള്ള സാക്ഷ്യം ആണു്. പ്രവർത്തിയേക്കാൾ കൂടുതലായി നാം ആയിരിക്കുന്നതിലാണു്—നമ്മുടെ ജീവിതസാക്ഷ്യം ഫലമണിയുന്നതു്. നാം ആയിരിക്കുന്നതിലൂടെ മാത്രമേ ഒരു ജീവിതശൈലിയ്ക്കു് ജീവിതപ്രമാണത്തിന്റെ വ്യക്തികൾ ആകുവാൻ സാധിക്കുകയുള്ളൂ. സഭയ്ക്കു്, നമ്മുടെ പുറമെയുള്ളവർക്കു് ജീവിതനിയമമായി മാറുവാൻ നമുക്കു സാധിക്കണം,

ഭാരതീയചിന്ത ഒറ്റവാക്കിൽ സമാഹരിക്കാം Realization—സാക്ഷാത്കാരം, അനുഭൂതിയുമായി അനുബന്ധിച്ചു മാത്രമേ ഭാരതീയ ഋഷിമാർ ചിന്തിച്ചിട്ടുള്ളൂ. ദൈവത്തെപ്പറ്റി ദൈവാനുഭൂതിയെപ്പറ്റി അവർ വലുതായി ശാസ്ത്രങ്ങളിലൂടെ സംസാരിച്ചിട്ടില്ല. തങ്ങളുടെ ഉള്ളിന്റെ ഉള്ളിലാണു് പ്രധാനമായും അവർ ദൈവത്തെ ദർശിച്ചതു്. സന്ന്യാസപരിശീലനവും, സന്ന്യാസജീവിതവുമൊക്കെ അനുഭൂതിബദ്ധമായിരിക്കണം. സുവിശേഷവും ക്രിസ്തുനാഥനുമൊക്കെ

www.malankaralibrary.com

നമ്മുടെ ജീവിതാനുഭവത്തിന്റെ ഭാഗമായി മാറണം. ക്രിസ്തുവിനെപ്പററിയല്ല, ക്രിസ്തുവിനെ പഠിക്കുക. ക്രിസ്തുവിനെ മനനം ചെയ്യുക. ക്രിസ്തുവിനെ ജീവിത സാരാംശമാക്കി മാററുക. തത്ഫലമായി നാം അറിയാതെതന്നെ സുവിശേഷം പ്രസംഗിക്കാതെ, സുവിശേഷം ജീവിതത്തിലൂടെ നമ്മുടേതായി മാറും. ഫലമണിയാൻ സാക്ഷാത്കാരം നമ്മുടെ സന്ന്യാസജീവിത ശൈലിയിൽ ഉടലെടുക്കണം. പ്രത്യേകിച്ച് ഏതദ്ദേശിയ സഭകൾ അതിന് കുറച്ചുകൂടി പ്രാധാന്യം കൊടുക്കണം,

സാക്ഷാത്കാരം പോലെതന്നെ സുപ്രധാനമായ ഒരു ഭാതിയ ചിന്തയാണ് മിസ്റ്റിസിസം. എന്തുകൊണ്ടോ, നമ്മുടെ പാശ്ചാത്യസ്വാധിനം കൊണ്ടാണ് എന്നു ഞാൻ പറയുന്നില്ല, നമ്മുടെ ചിന്താധാരയിൽ വിശകലന മനോഭാവത്തിന്റെ അതിപ്രസരം ഉണ്ടാവാറില്ലേ എന്നു സംശയിക്കാറുണ്ട്. ഭാരതീയ മനസ്സ് (Indian mind) വളരെ പൊതുവായി പറയുകയാണെങ്കിൽ synthetic ആണ്. നമ്മുടെ സന്ന്യാസ ജീവിത ശൈലിയിൽ പാശ്ചാത്യ വിശകലന മനോഭാവംകൊണ്ട് mysticism ന്റെയും അനുഭൂതിയുടേതുമായ കാഴ്ചപ്പാടുകൾ നാം ആഗ്രഹിക്കുന്നതുപോലെ വരുന്നില്ല. നമ്മുടെ മിസ്റ്റിസിസത്തിലുള്ള ക്ലാസിക്കുകൾ ഒന്നുംതന്നെ നമ്മുടെ സന്ന്യാസശൈലിയുടെ ഭാഗമായി മാറുന്നില്ല. നാം ഇന്ന് മനശാസ്ത്രത്തിന്റെയും കൗൺസിലിംഗിന്റേയും T.A യുടെയും പുറകെ ധാരാളമായി പോകുകയും പഠിക്കുകയും ചെയ്യുമ്പോൾ അതിനെപ്പററി ധാരാളം സംസാരിക്കുമ്പോൾ ഇത്തരത്തിലുള്ള സവിശേഷമായ നിധികൾ (treasures) നമ്മുടെ ഭാരതിയചിന്തയുമായി വളരെ ഗാഢമായി ബന്ധപ്പെട്ടുകിടക്കുന്ന വിലപ്പെട്ട രത്നങ്ങൾ നാം മറന്നു പോകുന്നു. ആയതിനാൽ നമ്മുടെ സന്ന്യാസശൈലിയിൽ അനുഭൂതിയെ ആധാരമാക്കിയുള്ള,

www.malankaralibrary.com

ദൈവാനുഭവത്തെ ആധാരമാക്കിയുള്ള ദൈവദർശനത്തിനു് കുറച്ചുകൂടി മുൻതൂക്കം കൊടുക്കുകയും നമ്മുടെ പരിശീലനത്തിൽ അതിനു് കുറച്ചുകൂടി പ്രാധാന്യം കൊടുക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നാണു് എൻെറ വിശ്വാസം. ആയതിനാൽ ക്രിസ്തീയ സന്ന്യാസദർശനത്തിനു് ഭാരതത്തിൻെറ സംസ്കാരവും മണ്ണുമായി, മണ്ണിൻെറ മണവുമായി ഇണങ്ങി, ഇഴുകി ചേരുവാനുള്ള കഴിവു് ആർജ്ജിക്കേണ്ടതായിട്ടുണ്ടു്.

ക്രൈസ്തവസന്ന്യാസദർശനം ഭക്തിയുടെ ദർശനമാണു്– ധ്യാനവും, കർമ്മവും സമന്വയിപ്പിക്കുന്ന ഭക്തി. സ്നേഹത്തിലുള്ള വ്യവസ്ഥയില്ലാത്ത അർപ്പണം (unconditional surrender) എന്നാണു് ഭക്തിക്കു് ഞാൻ കൊടുക്കുന്ന നിർവചനം. നമ്മുടെ സുവിശേഷവും നമ്മുടെ ഭഗവത്ഗീതയും ഒററവാക്കിൽ സമാഹരിക്കാം–ഭക്തി. ഭഗവത്ഗീതയുടെ സന്ദേശം, എനിക്കു തോന്നുന്നു, ഭക്തിയിലുള്ള ഉത്ഗ്രഥനം (Intagration in love), സ്നേഹത്തിലുള്ള ഒന്നാകലാണു്. ഇപ്രകാരം ഈ രണ്ടു് വിവിധങ്ങളായ, വളരെ സവിശേഷമായ ചിന്താധാരകൾ സന്ന്യാസത്തിൽ ഒന്നിപ്പിക്കാൻ നമുക്കു സാധിക്കും. നമ്മുടെ സന്ന്യാസജീവിതശൈലിയിൽ കർമ്മവും, ധ്യാനവും, പ്രാർത്ഥനയും പ്രവർത്തനവും സ്നേഹമാകുന്ന ഭക്തിയിൽ ഒന്നിപ്പിച്ചുകൊണ്ടു പോകുവാനുള്ള മനോഭാവം നമുക്കു് ഉണ്ടാകേണ്ടിയിരിക്കുന്നു. സ്നേഹത്തിൻെറ ഭക്തിയുടെ ഉൾക്കാമ്പു് യേശുക്രിസ്തുവാണു്.

ചുരുക്കത്തിൽ ക്രൈസ്തവസന്ന്യാസദർശനത്തിൻെറ ആദിമദ്ധ്യാന്തങ്ങൾ ക്രിസ്തുവാണു്; ക്രിസ്തു സ്നേഹമാണു്. ഈ ഭക്തിയിൽ ധ്യാനവും പ്രവർത്തനവും നമുക്കു് സുന്ദരമായി സമന്വയിപ്പിക്കാൻ സാധിക്കും. ക്രിസ്ത്വനുഭവത്തെ കേന്ദ്രമാക്കിയുള്ള വചനസന്നദ്ധമായ സന്ന്യാസം നമുക്കു് കൈമുതലായി തീരണം. എങ്കിൽ ക്രിസ്തു നമ്മുടെ അനുഭൂതിയായിതീരണം. അനുഭവമായി മാറണം. സാക്ഷാത്കാരമായി പരിണമിക്കണം.

www.malankaralibrary.com

# മാർ ഈവാനിയോസിൻെറ സന്ന്യാസദർശനം

—ഫാദർ ജോൺ ബക്ക്മൻസ് ഒ.ഐ.സി.

മാർ ഈവാനിയോസ് ഒരു ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. കൂദാശ ശെമ്മാശൻ, എം. എ. അച്ചൻ, ആബോ ഗീവറുഗീസ്, മാർ ഈവാനിയോസ് തുടങ്ങിയ അഭിധാനങ്ങൾ തന്നെ അദ്ദേഹത്തിൻെറ വ്യക്തിത്വബഹുമുഖത പ്രകാശിപ്പിക്കുന്നു. ബഥനിയുടെ സ്ഥാപകൻ, പുനരൈക്യശില്പി, സഭാ ഐക്യപ്രവാചകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സമുദായ പരിഷ്കർത്താവ് എന്നീ വിശേഷണങ്ങൾ അദ്ദേഹത്തിൻെറ കർമ്മയോഗസാന്ദ്രതയാണ് തെളിയിക്കുക. താൻ കൈവെച്ച മേഖലകളിലൊന്നിലും രണ്ടാം സ്ഥാനത്തേക്ക് മാററിനിർത്താനാവാത്ത ഒരതികായനായിരുന്നു മാർ ഈവാനിയോസ്. സഭാവിജ്ഞാനീയം, സന്ന്യാസം എന്നീ മേഖലകളിൽ അദ്ദേഹം മലങ്കരസഭയിലെ ഒരു ജ്യോതിർഗോളമായി വിരാചിക്കുന്നു. അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള വ്യത്യസ്ത ഭാവങ്ങളെ പരസ്പരബന്ധമില്ലാത്ത യാഥാർത്ഥ്യങ്ങളായി കാണാനോ, വിശകലന വിധേയമാക്കാനോ സാധിക്കയില്ല. അവ പരസ്പര പൂരകങ്ങളാണ്. ഒന്ന് മററുള്ളവയിലേക്ക് സ്വാഭാവികമായി ഒഴുകി ചേരുന്നു. സഭാവിജ്ഞാനീയത്തിൻെറ ആഴം അദ്ദേഹത്തെ ഒരു സന്ന്യാസിയാക്കിത്തീർത്തു. പരീക്ഷിച്ചറിഞ്ഞ, അന്വേഷിച്ച് കണ്ടെത്തിയ സഭാവിജ്ഞാനീയത്തെ ആഞ്ഞുപുൽകുവാൻ സന്ന്യാസം അദ്ദേഹത്തിന് കരുത്തു നല്കി. സന്ന്യാസത്തിൻെറ തണലിൽ മനനം ചെയ്ത് പരിപോഷിപ്പിച്ചെടുത്ത സഭാവിജ്ഞാനീയം അദ്ദേഹത്തെ ആത്മീയതയുടെ ഉത്തുംഗതയിലേക്കുയർത്തി.

www.malankaralibrary.com

## സഭാവിജ്ഞാനീയം

സഭയും സന്ന്യാസവും തമ്മിലുള്ള ബന്ധത്തെ വത്തിക്കാൻ സൂന്നഹദോസ് തെററാത്ത ഭാഷയിൽ പ്രഖ്യാപിക്കുന്നു. സൂന്നഹദോസിൻെറ ആശയം ഒരു പുതിയ ആശയമല്ല. നിലവിലിരുന്നതിനു് നിയതമായ ഒരു നിർവ്വചനം കൊടുക്കുക മാത്രമാണു് കൗൺസിൽ ചെയ്തിട്ടുള്ളതു്. ഒപ്പം സഭാനേതാക്കളുടെ, വിശ്വാസികളുടെ, സന്ന്യാസി, സന്ന്യാസിനികളുടെ ചിന്തയിലും, വീക്ഷണത്തിലും വരേണ്ട വ്യതിയാനങ്ങളെപ്പററിയുള്ള സൂചനയും അതിനുള്ള ആഹ്വാനവും. സഭയും സന്ന്യാസവും പരസ്പര ബന്ധമില്ലാത്ത രണ്ടാശയങ്ങളോ, സ്ഥാപനങ്ങളോ അല്ല. സഭയുടെ അസ്തിത്വത്തായ നിലനില്പ് സന്ന്യാസം ആവശ്യപ്പെടുന്നു. സന്ന്യാസത്തെ ആശ്രയിച്ചിരിക്കയും ചെയ്യുന്നു.

പുതിയ നിയമത്തിൻെറ താളുകളിൽ നാം കണ്ടുമുട്ടുന്ന 'ശുശ്രൂഷികമാരും' (റോമ. 16/1) കന്യകമാരും പ്രവചനവരം ലഭിച്ച പീലിപ്പോസിൻെറ പുത്രിമാരും (Acts 21/9) സന്ന്യാസത്തിൻെറ മുന്നോടികളായിരുന്നു. ഈജിപ്തിലെ മണലാരണ്യങ്ങളിൽ മുളച്ചു് വളൎന്നു് ഭൂഗോളത്തിൻെറ വിദൂര കോണുകളിൽപോലും സഭയെ കൊണ്ടുചെന്നെത്തിച്ച സന്ന്യാസപ്രസ്ഥാനങ്ങളുടെ ചരിത്രം സഭയും സന്ന്യാസവും തമ്മിലുള്ള സത്താപരമായ ബന്ധം വ്യക്തമാക്കുന്നു. ക്രിസ്തീയ ജീവിതത്തിൻെറ ഏററം ആഴമായ അനുഭവമാണു് സന്ന്യാസം. അതുകൊണ്ടുതന്നെയാണു് സന്ന്യാസം സഭാജീവിതത്തിൻെറ ഹൃദയമാണെന്നു് പറയുക. ആദ്ധ്യാത്മീക വിശകലനത്തിൽ സഭയും സന്ന്യാസവും ക്രിസ്തുവിലാണു് അതിൻെറ പൂൎണ്ണതയിൽ സമന്വയിച്ചിരിക്കുന്നതു്. സഭയുടെ ചിന്താസരണിയിൽ ഈ സമന്വയം എന്നും നിലനില്ക്കുന്നു; നിലനില്ക്കുകയും ചെയ്യും.

www.malankaralibrary.com

മോശ (Ex. 3/7) ഗിദെയോൻ (Judges 6/13-16) ഏശയ്യാ (Is.6-5) ജറമിയ (Jer. 1-10) തുടങ്ങിയ പ്രവാചകന്മാരുടെ അജപാലന ദൗത്യം ഉടലെടുക്കുന്നതു് രാഷ്ട്രീയ, സാമൂഹിക, ആരാധന മേഖലകളിൽ ദൈവജനം അനുഭവിച്ചിരുന്ന ശോചനീയമായ അവസ്ഥയെപ്പററിയുള്ള ഉൾക്കാഴ്ചയിൽ നിന്നാണു്.

തങ്ങളുടെ ജീവതത്തിൻെറ ഏതെങ്കിലും ഒരു ഘട്ടത്തിൽ ക്രിസ്തുഭക്തന്മാർക്കു് ഉൽഘടമായ ഒരു ക്രിസ്ത്വനുഭവം ഉണ്ടായിരിക്കണം. വി. പൗലോസിൻെറ കാര്യത്തിലെന്നപോലെ ഈ ആദിമ ക്രിസ്ത്വനുഭവത്തിൻെറ ചൂടാണു് ക്രിസ്തുഭക്തന്മാരുടെ പ്രവർത്തനങ്ങളുടെയെല്ലാം അന്തർധാരയായി വർത്തിച്ചിരുന്നതു്. സമകാലീനസഭയുടെ ആത്മീയ പാപ്പരത്തമാണു് ക്രിസ്ത്വനുഭവപരമായ ഫ്രാൻസിസ്കൻ ആദ്ധ്യാത്മികതയ്ക്കു് ജന്മം നല്കിയതു്.

മാർ ഈവാനിയോസിൻെറ സഭാ നവീകരണ പരിശ്രമങ്ങളുടെ പിന്നിൽ ഫ്രാൻസിസ് അസ്സീസിക്കുണ്ടായതുപോലെയുള്ള ഒരനുഭവം വളരെ വ്യക്തമായി കാണുന്നതിനു് സാധിക്കും. "ശക്തിമത്തായ സന്ന്യാസവിചാരത്തിനു് നമ്മെ അധീനനാക്കിയതു് ഇക്കാലത്തിനകം നമുക്കു ലഭിച്ച സാമുദായികാനുഭവം ആയിരുന്നു......മലങ്കരയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേച്ഛതകളെ കാണുവാനും, മണക്കുവാനും ആ അനുഭവങ്ങൾ നമുക്കു് ഇടയാക്കിത്തീർത്തു." (ഗിരിദീപം Page. 5)

സാമൂഹ്യ സമുദായ സേവനത്തിനിറങ്ങുമ്പോൾ ഉണ്ടാകുന്ന തിക്താനുവങ്ങളെ ഭയന്നുള്ള് ഒളിച്ചോട്ടമല്ല മറിച്ചു് അവയിൽനിന്നുള്ള ഉത്ഥാനമാണു് സന്ന്യാസം. മാർ ഈവാനിയോസിൻെറ സന്ന്യാസ ദർശനത്തിൻെറ ഉൾക്കാമ്പു് അദ്ദേഹത്തിൻെറ സഭാ ദർശനത്തിൽനിന്നു് ഉടലെടുക്കുന്നു.

www.malankaralibrary.com

താൻ ഉൾപ്പെട്ടുനിന്നിരുന്ന സമൂഹത്തിൻെറ ആത്മീയപാപ്പരത്തം, അതിനെക്കുറിച്ചുള്ള ആഴമായ അവബോധം ഒരു പുതിയ സമൂഹസൃഷ്ടിക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഈ പുതിയ സമൂഹത്തിൻെറ ഉല്പ്പം പൂളിപ്പുമായിട്ടാണ് അദ്ദേഹം സന്ന്യാസം വിഭാവനം ചെയ്തത്. "ദൈവമേ ഞങ്ങൾ നിൻെറതാകുന്നു. നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു. നിൻെറ ഹിതംപോലെ ഉപയോഗിക്കുവാനായിട്ട് ഞങ്ങൾ നിനക്കായി പ്രതിഷ്ഠിച്ചിരിക്കുന്നു....എന്തു ചിലവു വരുമെന്ന് കണക്കാക്കിനോക്കാതെ നിനക്കു തരുന്നതിനു ഞങ്ങളെ അഭ്യസിപ്പിക്കേണമേ!......നിൻെറ അളവററ സ്നേഹത്തിൽ നീ ഞങ്ങൾക്കായി ഒരുക്കിയിട്ടുള്ള ജീവിതം നയിച്ച് നിന്നെ സ്നേഹിപ്പാനും മഹതപ്പെടുത്താനും ഞങ്ങളെ സഹായിക്കണമേ" ഗിരിദീപത്തിൽ രചിത്തിട്ടുള്ള ഹൃദ്യമായ ഈ പ്രാത്ഥന മാർ ഈവാനിയോസിൻെറ സന്ന്യാസദർശനത്തിൻെറ സ്വഭാവം വ്യക്തമാക്കുന്നു. സമുദായ സേവന പരിശ്രമങ്ങളുടെ ഒരു സുപ്രധാനഘട്ടത്തിൽ വിജയവും പ്രശസ്തിയും തന്നെ തഴുകിനിന്ന അവസരത്തിലാണ് സഭയ്ക്കു ചെയ്യാവുന്ന ഏററവും വലിയ സംഭാവന സന്ന്യാസജീവിതമാണെന്ന് അദ്ദേഹം കണ്ടെത്തിയത്.

മാർ ഈവാനിയോസ് വഴിയായി ദൈവം മലങ്കരസഭയ്ക്കു് നിരവധി ദാനങ്ങൾ നല്കിയിട്ടുണ്ട്. ഈ ദാനങ്ങളെ പ്രത്യേകം പ്രത്യേകം കാണാതെ ദൈവം മലങ്കരസഭയ്ക്കു് ഈ നൂററാണ്ടിൽ കൊടുത്ത ഏററവും വലിയ ദാനം മാർ ഈവാനിയോസാണെന്നു് പറയുന്നതാവും ശരി. മാർ ഈവാനിയോസ് മലങ്കരസഭയ്ക്കു നല്കിയ ഏററവും വലിയ സംഭാവന സന്ന്യാസചിന്തയും.

മാർ ഈവാനിയോസിൻെറ സഭാവിജ്ഞാനത്തിൻെറ ഒരു പ്രധാന ഘടകം സഭയുടെ മിഷ്യനറി സ്വഭാവമാണു്.

www.malankaralibrary.com

ഗ്രീർദ്ദീപത്തിൽ അദ്ദേഹം എഴുതി: "പുണ്യശ്ലോകനായ മാർ തോമ്മാ ശ്ലീഹായാൽ സംസ്ഥാപിതമെന്നും പത്തിരുപതു നൂററാണ്ടുകാലത്തെ പഴക്കമുള്ളതെന്നും അഭിമാനിച്ചു വരുന്ന മലങ്കരസുറിയാനി സമുദായം ഇക്കാലത്തിനകം അതിൻെറ കത്തവ്യകമ്മമേതോ, ആ വിഷയത്തിൽ ഇതുപരിയന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതു് വലിയൊരപരാധമായിത്തന്നെ കണക്കാക്കേണ്ടതാണു്." ഈ ചിന്ത അദ്ദേഹത്തിൻെറ മിഷ്യനാഭിമുഖ്യത്തിൻെറ അടിസ്ഥാനമായി നിലകൊള്ളുന്നു. ഏതാണ്ടൊരു കുററബോധം പോലെ ഇതു് അദ്ദേഹത്തെ ഭരിച്ചിരുന്നു. "തിരുവിതാംകൂർ–കൊച്ചി–എന്നീ രാജ്യങ്ങളെക്കാൾ അനേകമടങ്ങു് വലിപ്പമുള്ള ഒരു രാജ്യത്തെ സുവിശേഷ വേലയ്ക്കു് നാം ചുമതലക്കാരാണെന്നും, ലോകമെന്നുവെച്ചാൽ മലയാളരാജ്യം മാത്രമല്ലെന്നും" (ഇഞ്ചക്കലോടി മാർ ഈവാനിയോസ് Par 1 P. 151), തൻെറ അധികാരികളോടും ശിഷ്യഗണത്തോടും, മലങ്കരസഭയുടെ മിഷ്യനറി ചുമതലയെപ്പററി സഭാംഗങ്ങൾ ചിന്തിച്ചു തുടങ്ങുന്നതിനു് മുമ്പുതന്നെ, മാർ ഈവാനിയോസ് പ്രഖ്യാപിച്ചു. "പുറജാതികളുടെ ഇടയ്ക്കു് ദൈവവേലയ്ക്കു് പുറപ്പെടുന്നതിനു് ദയറായക്കാരായിത്തീരണമെന്നും അതിനുവേണ്ട വേലകളും ഒരുക്കവുമാണു് ബഥനിയിൽ നടക്കേണ്ടതെന്നും നാം ആഗ്രഹിക്കുന്നു." (Ibid P. 150) ഇതാണു് മാർ ഈവാനിയോസിൻെറ സന്ന്യാസ മിഷ്യൻ ദർശനം.

എം. ഡി. സെമ്മിനാരിയിലെ പ്രവത്തനകാലത്തും ഒരു ചെറിയ മിഷ്യൻ സെല്ലിനു് അദ്ദേഹം നേതൃത്വം കൊടുത്തുകൊണ്ടിരുന്നു. (M. Gibbons Mar Ivauios P. 12) പെരുനാട്ടിലെ ആശ്രമത്തിലെ ജീവിതത്തിലും പ്രവത്തനത്തിലും, വിജാതീയ മിഷനു് ലഭിച്ചിരുന്ന പ്രാധാന്യം എടുത്തു പറയേണ്ടതാണു്. പുനരൈക്യ പ്രസ്ഥാനം രൂപം കൊണ്ട ഉട

www.malankaralibrary.com

 നെ തന്നെ തെക്കൻ-തിരുവിതാംകൂർ കേന്ദ്രമാക്കി വിജാതീയ മിഷൻ ആരംഭിച്ചു. ഇന്നു് അതു് പടർന്നു പന്തലിച്ചു് ഒരു വലിയ വൃക്ഷമായിത്തീർന്നിരിക്കുന്നു! "നമ്മുടെ സന്ന്യാസ ജീവിതം മുഴുവനും പ്രേഷിത ചൈതന്യത്താലും, പ്രേഷിത ജീവിതം സന്ന്യാസ ചൈതന്യത്താലും പൂരിതമായിരിക്കണം, എന്നു്" (വി. നിയമം p. 161) എന്ന ബഥനി ആശ്രമസ്ഥർക്കായുള്ള അനുശാസനം. മിഷ്യൻ പ്രവർത്തനത്തെപ്പററിയുള്ള സമൂഹസ്ഥാപകൻെറ മനസ്സു് വ്യക്തമാക്കുന്നതാണു്.

## സന്ന്യാസചിന്തകൾ

ജനങ്ങളുടെ അദ്ധ്യാത്മിക പാപ്പരത്വത്തിനു് അദ്ദേഹത്തിനു് മുമ്പോട്ടുവെയ്ക്കുവാനുള്ള പ്രതിവിധി നിഷ്ഠാ ജീവിതം അഥവാ സന്ന്യാസം ആയിരുന്നു. ഏലിയുടെ മക്കളുടെ തിന്മ ആരാധനാ ജീവിതത്തിൻെറ കേന്ദ്രസ്ഥാനത്തുതന്നെ കൊടികുത്തി വാഴുന്നതിനെതിരെ സമുവേലിനുള്ള പ്രതിവിധി തിന്മയുടെ ലാഞ്ഛനപോലും ഏല്ക്കാതെ എഫോദു് ധരിച്ചുകൊണ്ടു് ദേവാലയത്തിൽതന്നെയുള്ള ജീവിതമായിരുന്നല്ലോ (1 സമുവേൽ. 2-12-19). ഏററം മഹത്തായതെന്നു് താൻ വിശ്വസിക്കുന്ന ആദർശത്തെ ചിന്തുടരുവാൻ ദൈവത്തിൽനിന്നു് പ്രവാചകന്മാർക്കെന്നപോലെ തനിക്കൊരാഹ്വാനവും ദൈൗത്യവും ലഭിക്കുന്നുവെന്നു് അദ്ദേഹത്തിനു് ബോദ്ധ്യമായി. വി. ഫ്രാൻസിസു് സേവിയറിനെപ്പോലെ എം. എ. അച്ചൻ, യൂണിവേഴ്സിററി പ്രൊഫസർ, മുണ്ടൻമലയിലെ ഋഷിവര്യനായി, ആബോ ഗീവറുഗീസായി മാറി. "മണിക്കൂറുകൾതോറും കുപ്പായം മാററാൻ നിഷ്കർഷയുണ്ടായിരുന്ന എം. എം.—അച്ചൻ കാവീവസ്ത്രവും മൺചട്ടിയുമായി, റാന്നിയിലെ ബഥനി കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായ ഭക്തന്മാർക്കു് അതൊരു തീർത്ഥാടനകേന്ദ്രമായിരുന്നു." (ഇഞ്ചക്കലോടി മാർ ഈവാനിയോസു്—Part 1 P. 410) 'ഉപേക്ഷകളു

www.malankaralibrary.com

മാതെ ശിഷ്യത്വം ഇല്ല' എന്ന ക്രിസ്തീയ തത്വത്തിന്റെ ആഴത്തിലേക്കിറങ്ങിയതോടെ ഒരു വലിയ ക്രിസ്തീയാനുഭവം അദ്ദേഹത്തെ ആവരണം ചെയ്തുനിന്നു.

## ബ്രഹ്മചര്യം

ബ്രഹ്മത്തിൽ ചരിക്കുന്നവനാണ് ബ്രഹ്മചാരി ഈ മഹത്തായ ആദർശത്തിലേക്കുള്ള മാർ ഈവാനിയോസിന്റെ വളർച്ച അദ്ദേഹത്തിന്റെ സന്ന്യാസ ജീവിതം മാത്രമല്ല സഭാ ജീവിതത്തിൽ മുഴുവൻ വ്യാപിച്ചു നില്ക്കുന്നു. വിരക്തജീവിതത്തോട് അദ്ദേഹത്തിന് ചെറുപ്പത്തിലെ ഉണ്ടായിരുന്ന താല്പര്യം പില്ക്കാലത്ത് ബ്രഹ്മചര്യവും, പ്രതിഷ്ഠ ജീവിതവുമായി പൂവണിഞ്ഞു. താത്വിക തലത്തിൽ മാത്രമല്ല വളരെ വൈയക്തികമായ തലത്തിലും വസ്തുനിഷ്ഠമായ ഭാഷയിലും ബഥനിയിലെ ബ്രഹ്മചാരി വിഷയത്തെ സമീപിക്കുന്നുണ്ട്. "ദൈവത്തിന്റെ കൂടാരത്തെ സൂക്ഷിക്കുന്നതുപോലെ നിന്റെ ദേഹത്തെ നീ സൂക്ഷിക്കുക. ബലഹീനതയുള്ള മൺപാത്രമാകുന്ന ഈ ശരീരത്തിൽ കന്യാവ്രതമാകുന്ന നിക്ഷേപത്തെ കാത്തു സൂക്ഷിപ്പാൻ ദൈവം സന്ന്യാസിയെ വിളിച്ചിരിക്കുന്നു.....ഇതിലേക്ക് സ്വാഭാവികമായ മുൻകരുതലുകളും കൃപാസമ്പാദനവും സന്ന്യാസിക്ക് അവശ്യം വേണ്ടതാണ്. കർത്താവേശുമ്ശിഹായുടെ തിരുഹൃദയത്തോട് ഹൃദയത്തെ സംയോജിപ്പിച്ചു കൊണ്ട് സന്ന്യാസി കന്യാവ്രതം പാലിക്കണം. സന്ന്യാസി സൂക്ഷ്മതയോടുകൂടി കണ്ണുകളെ അടക്കി ഭരിക്കണം. മനുഷ്യൻ ജഡത്തിൽ പാർക്കുന്നകാലത്ത് ബലഹീനത ധരിച്ചിരിക്കുന്നു. എത്ര അധികം ക്ലേശം സഹിക്കേണ്ടി വന്നാലും അശുദ്ധിയോട് സധൈര്യം എതിർക്കുകതന്നെ വേണം." (മഹൽസൂക്തങ്ങൾ മാർ ഈവാനിയോസ് (Page: 64-65). ഈ വിഷയത്തിലുള്ള വന്ദ്യപിതാവിന്റെ യഥാർത്ഥ്യബോധത്തിനുമുമ്പിൽ ശിരസ്സു വണങ്ങുകയേവേണ്ടു.

www.malankaralibrary.com

## ദാരിദ്ര്യം

ക്രിസ്തീയ ശിഷ്യത്വത്തിൽ ഉപേക്ഷയ്ക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ഈ ദാരിദ്ര്യം വെറും നിക്ഷേധാത്മകമല്ല. മനുഷ്യത്വത്തിന്റെ അനിയന്ത്രിത പ്രവണതകളിൽ നിന്നുള്ള മോചനമാണ്. വി. പൗലോസിന്റെ ഫിലിപ്പിയർക്കുള്ള ലേഖനം 3-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന സ്വയത്തിൽനിന്നുള്ള മോചനം.

ദാരിദ്ര്യത്തിന്റെ ഏററം ഉന്നതമായ തലങ്ങളിലേക്ക് പറന്നുചേരാൻ കഴിഞ്ഞ ഒരു യോഗീശ്വരനാണ് മാർ ഈവാനിയോസ്. സമുദായസേവനത്തിനു വേണ്ടിയും സഭയിലെ ഭാവിനേതാക്കളുടെ രൂപീകരണത്തിനു വേണ്ടിയും വൻതുകകൾ കോട്ടയത്തും സെറാമ്പൂരിലുമുള്ള തന്റെ പ്രവർത്തനകാലത്ത് സ്വതന്ത്രമായി ചെലവിട്ടിരുന്ന വ്യക്തിയാണദ്ദേഹം. (ഇഞ്ചക്കലോടി മാർ ഈവാനിയോസ് Page 130-131) സന്ന്യാസം സ്വീകരിച്ചതുമുതൽ ഈ സ്വതന്ത്രവിനിയോഗം പാടേ ഉപേക്ഷിച്ചു. ആദ്യശിഷ്യന്മാർ വലയും വള്ളവും ഉപേക്ഷിച്ചതുപോലെ, തങ്ങളുടെ ജീവസന്താരണ മാർഗ്ഗങ്ങളോട് വിടപറഞ്ഞതുപോലെ മാർ ഈവാനിയോസ് അക്ഷരാർത്ഥത്തിൽ എല്ലാം ഉപേക്ഷിച്ചു. വിജ്ഞാനഗ്രന്ഥങ്ങൾ കൈകാര്യം ചെയ്തിരുന്ന പ്രൊഫസറുടെ വിരലുകൾ പിച്ചച്ചട്ടി പേറി.

'സന്ന്യാസ ജീവിതസഹായി'യിൽ മാർ ഈവാനിയോസ് ഇങ്ങനെ പറയുന്നു: "സന്ന്യാസി വിശുദ്ധ ദാരിദ്ര്യത്തെ സ്നേഹിക്കണം......ദൈവം എനിക്കുള്ളപ്പോൾ സകലവും എനിക്കുണ്ട്. ഈ ലോകത്തിന്റെ ധനം ഭാരമാകുന്നു. ഈ ലോകത്തിന്റെ ധനം നിമിത്തമുണ്ടാകുന്ന ബന്ധനങ്ങളിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ച ആത്മാവിന് ആനന്ദമുണ്ടാകുന്നു. ധനം ഇല്ലാത്തതുകൊണ്ട് ദൈവമഹത്വം കുറഞ്ഞു

www.malankaralibrary.com

പോകുമെന്നു് ഭയപ്പെടേണ്ട. സമൃദ്ധിയെ ഭയപ്പെടുക. ദരിദ്രരും അറിവില്ലാത്തവരും നിന്ദ്യരുമായ ആളുകളോടു് സഹവാസം ചെയ്യുന്നതിനു് അധികം ഇഷ്ടപ്പെട്ടുകൊൾക." മാർ ഈവാനിയോസു് പിതാവിൻെറ സന്ന്യാസ ദാരിദ്ര്യത്തിൻെറ അടിസ്ഥാനപരമായ സ്വഭാവം ഇതിൽനിന്നു വ്യക്തമാണല്ലോ.

## അനുസരണം:-

ദൈവത്തിൻെറ മനസ്സു് എപ്പോഴും എന്തിലും തേടുകയും വെളിപ്പെടുത്തപ്പെട്ട ദൈവഹിതം അതിൻെറ പൂർണ്ണതയിൽ അംഗീകരിക്കുകയും അനുഷ്ഠിക്കുകയുമാണു് സന്ന്യാസ അനുസരണം. ബലിപീഠത്തിൽ കൈയ്യും കാലും ബന്ധിച്ചു കിടത്തിയിരിക്കുന്ന ഇസ്സാക്കിൻെറ നേരെ വാൾഓങ്ങുന്ന അബ്രഹാമിന്റെ അനുസരണത്തിനു മൂച്ച്യയുണ്ടു്. അതവനു് നീതിക്കായി ഗണിക്കപ്പെട്ടു. "പിതാവേ ഈ പാനപാത്രം എന്നിൽനിന്നകന്നുപോകട്ടെ. എങ്കിലും എൻെറഇഷ്ടമല്ല നിൻെറ തിരുവിഷ്ടം നിറവേറട്ടെ എന്നു സമ്മതിച്ചുപറയുന്ന യേശുവിൻെറ അനുസരണമാണു് സന്ന്യാസിയുടെ അനുസരണത്തിനാധാരം വി. അനുസരണത്തെക്കുറിച്ചു് സന്ന്യാസ ജീവിതസഹായിൽ മാർ ഇവാനിയോസു് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഹൃദയത്തിൻെറ ആഴത്തിൽനിന്നുള്ള അനുസരണം സന്ന്യാസജീവിതത്തിൻെറ സാരാംശമാകുന്നു. നിങ്ങളെ നയിക്കുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ. ക്രൈസ്തവജീവിതമാകുന്ന സൗധം വി. അനുസരണമാകുന്ന ബലമുള്ള പാറമേൽ സ്ഥാപിച്ചിരിക്കുന്നു......ഞാൻ എന്നെത്തന്നെ ത്യജിക്കേണ്ടിയിരിക്കുന്നു. സ്വന്തഅഭിപ്രായങ്ങളും ആശയങ്ങളും ഉപേക്ഷിക്കണം; സ്വന്തമായ പ്രവർത്തനപദ്ധതിയും സ്വന്തഇഷ്ടവും ഉപേക്ഷിക്കണം......യേശുമിശിഹായുടെ ശക്തി എന്നിൽ അധിവസിക്കുന്നതിനുവേണ്ടി ഞാൻ ദിനംപ്രതി മരി

www.malankaralibrary.com

ക്കേണ്ടിയിരിക്കുന്നു. കുശവന്റെ കൈയിൽ കളിമണ്ണ് എത്തു പ്രകാരമിരിക്കുന്നുവോ അപ്രകാരം ഞാൻ യേശുവിന്റെ കൈയിൽ ഇരിക്കേണ്ടതാകുന്നു.'' ഉന്നതമായ ഈ ആദർശങ്ങൾ മാർ ഈവാനിയോസിന്റെ ജീവിതത്തിൽ ആദ്യന്തം അനാത്ഥമായിരുന്നുവെന്ന് നിഷ്പക്ഷമതികൾ സമ്മതിക്കും.

## ദേശീയത:-

ക്രൈസ്തവചിന്തയെ വളരെയധികം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ഇൻകൾച്ചുറേഷൻ (Inculturation.) സഭ ഒരിടത്തു പുതുതായി രൂപംകൊള്ളുമ്പോൾ ആസ്ഥലത്തെ ഭാഷ ഉൾപ്പെടെയുള്ള സാംസ്കാരികമൂല്യങ്ങളോട് താദാത്മ്യം പ്രാപിക്കുക എന്നാണ് ഇതുകൊണ്ടത്ഥമാക്കുന്നത്. തന്റെ സഭാവിജ്ഞാനീയത്തിലും സന്ന്യാസദർശനത്തിലും മാർ ഈവാനിയോസ് തികഞ്ഞ ദേശീയത പുലർത്തിയിരുന്നു. എഴുപതു വഷങ്ങൾക്കുമുമ്പ്, ഇന്ന് പലരും പറയുന്നതിലേറെ പകപവും വിശാലവുമായ ആശയങ്ങളാണ് അദ്ദേഹത്തിന് ഈ വിഷയത്തിലുണ്ടായിരുന്നത്. ''ഇത്രദീഘകാലമായിട്ട് നമ്മുടെ ക്രിസ്ത്യാനിത്വം പല വിഷയങ്ങളിലും കേവലം പരദേശീയമാണ്. സ്വദേശീയമായ അവസ്ഥക്രിസ്തുമതത്തിനു വരാത്ത കാലത്തോളം ഭാരതഖണ്ഡത്തെ ക്രിസ്തുവിലേയ്ക്കുകൊണ്ടുവരാൻ പ്രയാസമാണ്'' (ഉണ്ണൂക്കലോടി, മാർ ഈവാനിയോസ്.(P.180) പുരാതനമായ ക്രൈസ്തവസഭയുടെ അപ്പസ്തോലികവും കാതോലികവുമായ അടിസ്ഥാനതത്വങ്ങൾക്കു ലവലേശം ഭേദം വരുത്താതെ ക്രിസ്തുമതത്തെ ഭാരതത്തിൽ സ്വദേശീയമാക്കുവാൻ സാധിക്കും എന്നദ്ദേഹം വിശ്വസിച്ചിരുന്നു. ''ഇന്ത്യയെ മുഴുവൻ യേശുമിശിഹായുടെ തൃച്ചേവടി

www.malankaralibrary.com

യിലേക്കു് ആനയിക്കണമെന്നുള്ളതു മാത്രമാണു് എൻെറ സ്വപ്നവും അഭിലാഷവും (Ibid p.96) ഈ സ്വപ്നസാക്ഷാത്കാരത്തിനു് ഉതകുംവിധമാണു് മാർ ഈവാനിയോസ് തൻെറ സന്യാസിസമൂഹത്തിനു് രൂപവും ഭാവവും കൊടുത്തതു്. ആശ്രമത്തിൻെറ ആന്തരികവും ബാഹ്യവുമായ ജീവിതചരിയിൽ ആർഷസംസ്കാരത്തിൻെറ അന്തസ്സത്തയാംശം കലർത്തിയതു് ക്രിസ്തുമതം ഇവിടെ തഴച്ചുവളരണം എന്ന ലക്ഷ്യത്തോടെയാണു്.

"ചരിത്ര പുരുഷനായ, കർമ്മപുരുഷനായ, ത്യാഗത്തിൻെറയും, ദീർഘവീക്ഷണത്തിൻെറയും മൂർത്തീകരണമായിരുന്ന ക്രൈസ്തവാരാമത്തിലെ ശ്രേഷ്ഠമായ പുഷ്പവും ക്രൈസ്തവലോകത്തിലെ സിംഹവും ആയിരുന്ന മാർ ഈവാനിയോസ് മലങ്കരറീത്തിൻെറ ജീവാത്മാവും, പരമാത്മാവും, ആയിരുന്നു. തിരുമേനിയുടെ അന്നത്തെ കാൽവയ്പിനെ സംശയത്തോടെ വീക്ഷിച്ചവരും വിമർശിച്ചവരും ദൈവത്തിൻെറ അത്ഭുതകരമായ പ്രവർത്തനത്തിൻെറ പുതിയ ആരംഭം ആയിരുന്നു അതു് എന്നു് ഇന്നു സമ്മതിക്കുമെന്നാണു് എൻെറ വിശ്വാസം"

പി. സി. നൈനാൻ മാവേലിക്കര മുൻസിപ്പൽചെയർമാൻ

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ ആദ്ധ്യാത്മികത

## —റവ. ഡോ. ലൂയിസ് മൂലേവീട്ടിൽ ഒ.ഐ.സി.

മാർ ഈവാനിയോസിന്റെ ജീവിതനിയമം ക്രിസ്റ്റാനുകരണത്തിൽക്കൂടി ദൈവകൃപയും നിത്യജീവനും പ്രാപിക്കുകയെന്നുള്ളതായിരുന്നു. 'തന്നെ അനുഗമിക്കുന്നവർ സ്വയം പരിത്യജിച്ച്, അനുദിനകുരിശെടുത്തു തന്റെ പിന്നാലെ വരട്ടെ' എന്ന ക്രിസ്തുവിന്റെ ഉപദേശം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. ആയതിലേക്ക സർവ്വസംഗപരിത്യാഗിയായി, ഈശ്വരപ്രാപ്തി മാത്രം ലക്ഷ്യമാക്കി കഥാപുരുഷൻ പെരുനാട് മുണ്ടൻമലയിൽ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. സ്വാർത്ഥത വെടിഞ്ഞ്, ലോകായതികത്വത്തിൽനിന്നും ഓടിമാറി സമർപ്പണജീവിതത്തിന്റെ മുറകളുമായി മുന്നേറി, ക്രിസ്തുവിനെ അവിടുത്തെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതത്തിൽ, കഴിയുന്നത്ര ദേശീയമായ രീതിയിൽ, അനുകരിക്കുക എന്നുള്ളതായിരുന്നു മാർ ഈവാനിയോസിന്റെ പ്രത്യേക ഉദ്ദേശം.

'ക്രിസ്റ്റാനുകരണം'കൊണ്ട് മാർ ഈവാനിയോസ് ഉദ്ദേശിക്കുന്നതു് വെറും ബാഹ്യമായ അനുകരണമല്ല; പ്രത്യുത പുതിയ നിയമത്തിലെ പഠനങ്ങൾക്കനുസൃതമായി ക്രിസ്തുവിന്റെ ചൈതന്യവും ജീവിതവീക്ഷണവും ഉൾക്കൊണ്ടുകൊണ്ടുള്ള അനുകരണമാണ്. 'ഈശോമിശിഹായുടെ മനോഭാവംതന്നെ നിങ്ങൾക്കും ഉണ്ടായിരിക്കണം' എന്ന പൗലോസപ്പോസ്തോലന്റെ ഉപദേശത്തിന്റെ (ഫിലി. 2:5) അന്തരാർത്ഥം മാർ ഈവാനിയോസ് യേശുക്രിസ്തുവിന്റെ ജീ

www.malankaralibrary.com

വിതത്തിലെ സുപ്രധാന സംഭവങ്ങളിൽ കണ്ടെത്തി. മനുഷ്യാവതാരം മുതൽ തുടങ്ങുന്ന യേശുവിന്റെ സ്വയം ശൂന്യമാക്കൽ (Kenosis) ദൈവസ്നേഹവും മനുഷ്യപരിത്രാണവും ഒരുപോലെ ആവിഷ്കരിക്കുന്നതായിരുന്നു. 'ബഥനി സന്ന്യാസികൾ ക്രിസ്തുവിന്റെ എളിമ, പരിത്യാഗം, പീഡ, കുരിശ് ഇവകളെ പിൻചെല്ലണം' എന്ന പിതാവിന്റെ ഉപദേശത്തിൽ സൂചിതമായിരിക്കുന്നതു താൻ വിവക്ഷിച്ച ക്രിസ്താനുകരണത്തിന്റെ സ്വഭാവമാണ്.

ക്രിസ്താനുകരണമെന്ന ആശയം കഥാപുരുഷനിൽ ഉരുത്തിരിയുന്നതു് മനുഷ്യൻ ദൈവഛായയിലാണ് എന്നതിൽ നിന്നത്രേ. ഈ ഛായയ്ക്കും അതിന്റെ വളർച്ചയ്ക്കും പ്രധാന നിദാനം ദൈവത്തിന്റെ പ്രവൃത്തിതന്നെയാണ്. പക്ഷേ അതിനു മനുഷ്യസഹകരണവുമാവശ്യമാണെന്നു അദ്ദേഹം മനസ്സിലാക്കി. എന്തുകൊണ്ടെന്നാൽ ക്രിസ്താനുകരണത്തിലൂടെയുള്ള പുണ്യാഭ്യസനം മൂലമാണല്ലോ അതു വെളിപ്പെടുത്തുന്നത്. ഈ അർത്ഥത്തിൽ ക്രിസ്താനുകരണം ദൈവപ്രസാദത്തിനു വിധേയമാകുന്നു. എന്നാൽ സ്വതന്ത്രരായ നമ്മെ വിശുദ്ധീകരിക്കുന്നതിനു പ്രസാദം അത്യന്താപേക്ഷിതമായതുപോലെ ദൈവകൃപയോടുള്ള നമ്മുടെ സഹവർത്തിത്വവും വിധേയപൂർവ്വകമെങ്കിലും സുപ്രധാനമാണെന്നു അദ്ദേഹം കരുതി.

## പ്രാർത്ഥനയുടെ മനുഷ്യൻ

പ്രാർത്ഥനയുടെ മനുഷ്യനായ ക്രിസ്തുവിനെ അനുകരിക്കുവാൻ മാർ ഈവാനിയോസ് വ്യക്തമായ ചില മാർഗ്ഗങ്ങൾ പിന്തുടർന്നിരുന്നു. വിശുദ്ധകുർബ്ബാന, പ്രാർത്ഥന, ആദ്ധ്യാത്മിക പാരായണം, ധ്യാനം, ആത്മശോധന, വിശുദ്ധകുമ്പസാരം, മൗനം തുടങ്ങിയവ പ്രാർത്ഥനാജീവിതത്തിന്റെ മാർഗ്ഗങ്ങളായി അദ്ദേഹം സ്വീകരിച്ചു. ക്രിസ്തുവിന്റെ ജീ

www.malankaralibrary.com

വിതം പിതാവായ ദൈവവുമായുള്ള ഐക്യത്തിൻെറ ബഹിർസ്ഫുരണമായിരുന്നതുപോലെ, തൻെറ സന്ന്യാസ ജീവിതവും പ്രാത്ഥനയുംവഴി പിതാവുമായി താതത്മ്യം പ്രാപിക്കണമെന്നതായിരുന്നു മാർ ഈവാനിയോസിൻെറ ഉദ്ദേശം.

മനുഷ്യവതാരം മുതൽ കാൽവരിയാഗംവരെ പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന ക്രിസ്തുവിനെ സ്വജീവിതത്തിലേക്ക പകത്താനുള്ള പരിശ്രമമായിരുന്നു മാർ ഈവാനിയോസിൻെറ വനാന്തരത്തിലെ ജീവിതമെന്നു കാണുവാൻ സാധിക്കും. വനത്തിൻെറ ഏകാന്തതയിൽ പ്രാർത്ഥനയായിരുന്നു പ്രധാന പരിപാടി. അധികം താമസിക്കാതെ അദ്ദേഹത്തിൻെറയും അനുയായികളുടേയും ലളിതവും കക്കശവുമായ പ്രാർത്ഥനാജീവിതം അനേകായിരങ്ങളെ പെരുനാട് വനത്തിലേക്ക് ആകഷിച്ചതിൽ അത്ഭുതപ്പെടാനില്ല. താപസന്മാരിൽനിന്നും ആത്മീകചൈതന്യം പ്രാപിക്കുക എന്നുള്ളതായിരുന്നു തീർത്ഥാടകരുടെ ലക്ഷ്യം. നോമ്പുകാലത്തു് ഈ പ്രവാഹം ക്രമാതീതമാകുകതന്നെയുണ്ടായി.

മാർ ഈവാനിയോസിൻെറ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം പ്രാത്ഥനയുടെയും പരിത്യാഗത്തിൻെറയും ജീവിതത്തിനൊരു ഉത്തേജനമായിരുന്നു. തൻെറ ആത്മീകമക്കളിൽ ഒരാൾക്ക് അദ്ദേഹമെഴുതിയ ഒരു കത്തിൽനിന്നും തൻെറ പ്രാത്ഥനാ, പരിത്യാഗത്തിൻെറ ആഴവും വ്യാപ്തിയും ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കും: 'പുണ്ണ്യപൂണ്ണത പ്രാപിക്കുവാൻ നിരവധിയായ വിശുദ്ധാനുഷ്ഠാനങ്ങൾ നിവ്വഹിക്കണം. ദുരഭിമാനം, സ്വാത്മത, അനാദരവ്, എതൃപ്പ്, തന്നിഷ്ടം, ക്രമരാഹിത്യം, അശ്രദ്ധ ഇവയൊക്കെയും ജയിക്കുന്നില്ലെങ്കിൽ പുണ്യപരിശ്രമം വിഫലമാവുകയെയുള്ളു. ഇവയെല്ലാം ഒരു പേരിൽ ഒതുക്കാം–മനസ്സിൻെറ ഔദ്ധത്യം അല്ലെങ്കിൽ അഹങ്കാരം. ഇവയെ ജയിക്കു

www.malankaralibrary.com

ന്നതിനു് ആന്തരിക ആത്മസംയമനം ബാഹ്യേന്ദ്രിയങ്ങളുടെ സംയമനത്തോടൊപ്പം ആവശ്യമാണു്".

മാർ ഈവാനിയോസിന്റെ പ്രാർത്ഥനാജീവിതവും പരിത്യാഗജീവിതവും അഭേദ്യം ബന്ധപ്പെട്ടിരുന്നു. 'പ്രാർത്ഥനയും പരിത്യാഗവും കൊണ്ടല്ലായെ ഈ വർഗ്ഗത്തെ പുറത്താക്കാൻ സാദ്ധ്യമല്ല' (മർക്കോ. 9:29) എന്ന വേദവാക്യത്തെ അടിസ്ഥാനപ്പെടുത്തി തനിക്കും, തന്റെ അനുയായികൾക്കും ഒരു ജീവിതക്രമം അദ്ദേഹം തയ്യാറാക്കി. പൈശാചികശക്തികളോടുള്ള പോരാട്ടത്തിനും പുണ്യാഭ്യസനത്തിനും പരിത്യാഗരൂപി ആവശ്യമാണെന്നു മനസ്സിലാക്കിയ കഥാപുരുഷൻ മാതൃകയായി സ്വീകരിച്ചതു് തന്റെ പരസ്യ ജീവിതാരംഭത്തിനുമുമ്പു് 40 പകലും രാവും ഉപവസിച്ച ക്രിസ്തുവിനെയാണു്. പ്രാർത്ഥനാജീവിതത്തെ പരിപോഷിപ്പിക്കുന്ന ഉപവാസത്തിനു് വളരെ പ്രാധാന്യം കല്പിച്ചിരുന്നു; ഉപവാസം ആത്മാവിന്റെ ശക്തികേന്ദ്രമായിട്ടാണു് അദ്ദേഹം കരുതിയതു്. അതിനാൽ ആരാധനാക്രമജീവിതത്തിന്റെ ഒരു ഭാഗമായി ഉപവാസത്തെ കാണുകയും കർക്കശമായി അതനുഷ്ഠിക്കുകയും ചെയ്തിരുന്നു.

മാർ ഈവാനിയോസിന്റെ ഉപവാസഭക്തിയെ എടുത്തു കാട്ടുന്ന ഒരു സംഭവം മാർഗ്ഗരററ് ഗിബ്ബൺസു് രേഖപ്പെടുത്തിയിട്ടുണ്ടു്: 'കഥാപുരുഷൻ നഗരപ്രാന്തത്തിൽ മിഷൻ ജോലിയിൽ വ്യാപൃതനായിരുന്നു. ഉച്ചഭക്ഷണസമയത്തു് ചില ഹൈന്ദവകുടുംബങ്ങൾ ഭക്ഷണവുമായി അദ്ദേഹത്തെ സമീപിച്ചു. അതൊരു ഉപവാസദിവസമായിരുന്നു. അവരെ പുഞ്ചിരിയോടെ സ്വാഗതം ചെയ്തശേഷം അദ്ദേഹം സംഗതി അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. തുടർന്നു തന്റെ സ്ഥാനത്തിരുന്നു് തനിക്കുവേണ്ടി ഭക്ഷണം കഴിക്കാൻ അയൽവാസികളായ പാവപ്പെട്ടവരെ വിളിച്ചുകൊണ്ടുവരാൻ അദ്ദേഹം ആവശ്യപ്പെട്ടു.'

www.malankaralibrary.com

നോമ്പുകാലവും വിശുദ്ധവാരവും അദ്ദേഹത്തിൻ്റെ പ്രത്യേകമായ പ്രാർത്ഥനാദിനങ്ങളായിരുന്നു: പെരുനാട്ടിലെ ബഥനിയിൽ ധാരാളം ആളുകൾ പ്രസ്തുത കാലഘട്ടത്തിൽ തടിച്ചുകൂട്ടമായിരുന്നു. അവിടെ അവർ പ്രാർത്ഥനയിലും ഉപവാസത്തിലും പങ്കുകൊണ്ടിരുന്നു. വിശുദ്ധവാരത്തിലെ എല്ലാ ദിവസങ്ങളിലും മാർ ഈവാനിയോസ്, എല്ലാവർക്കും ധ്യാനവും ഉപദേശവും നടത്തിയിരുന്നു. നോമ്പുകാലം മുഴുവനും വിശുദ്ധവാരത്തിലും ഉപവാസം നിഷ്ഠയായി പാലിച്ചിരുന്നു. നോമ്പുകാലങ്ങളിൽ മത്സ്യം, മാംസം, മുട്ട, പാൽ, പാലിൽനിന്നുള്ള മററു സാധനങ്ങൾ ഇവയെല്ലാം വർജ്ജിച്ചിരുന്നു. കൂടാതെ ബുധൻ വെള്ളി ദിവസങ്ങളിലും ഇവയൊക്കെ വർജ്ജിച്ചിരുന്നു. ഇതിനെല്ലാം പുറമെ മാർ ഈവാനിയോസും, അനുയായികളും സന്ന്യാസശ്രേഷ്ഠൻെറ അനുവാദത്തോടെ സ്വന്തതീരുമാനത്തിൽ ഉപവാസമനുഷ്ഠിച്ചിരുന്നു.

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ക്രിസ്തുവിനെ അനുകരിച്ചിരുന്ന മാർ ഈവാനിയോസിലെ ആന്തരികമനുഷ്യൻ സദാ ക്രിസ്തുവിൻെറ പ്രവർത്തനങ്ങളേയും പീഡാസഹനങ്ങളേയുംപററി ധ്യാനിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഇതിൻെറ ബഹിർസ്ഫുരണമായിരുന്നു. ഒരുപദേശത്തിൽ ക്രിസ്തുവിൻെറ ജീവിതത്തെ നമ്മുടെ രക്ഷയുടെ ഔഷധമായിട്ടാണ് അദ്ദേഹം ചിത്രീകരിക്കുന്നത്. 'ക്രിസ്തുവിൻെറ മനുഷ്യാവതാരജീവിതത്തിൻെറ ലക്ഷ്യം നമ്മുടെ രക്ഷയ്ക്കുള്ള ഔഷധനിർമ്മാണമായിരുന്നു; നമ്മുടെ ബുദ്ധിമുട്ടികളിലും പ്രലോഭനങ്ങളിലും ഈ മരുന്ന് നമുക്ക് രക്ഷനല്കും; ഈ ഔഷധകുംഭത്തിൽ ഓരോരുത്തരുടേയും അസുഖത്തിനുള്ള മരുന്നുകിട്ടും. ഈ ഔഷധകുംഭം കർത്താവിൻെറ ശരീരം തന്നെയാണ്. ഇതിന് പല ഓവുകളുണ്ട്- തിരുഹൃദയത്തിൽ, തിരുക്കാല്പാദങ്ങളിൽ, തിരുക്കൈക

www.malankaralibrary.com

ളിൽ ഏതു വഴിയും ആക്കും സൗഖ്യം നല്കുന്ന മരുന്ന് സ്വീകരിക്കാം. ഒരു കാര്യം ഓർമ്മിക്കുക: ഇതു നെല്ലിക്കാകഴിക്കുന്നതുപോലെയാണ്— ആദ്യം കയ്പ്പും, പിന്നെ മധുരിക്കും.

പെരുനാടൻ വനത്തിലെ ഏകാന്തതയിൽ പ്രാർത്ഥനയും ഉപവാസവും വഴി ദൈവവുമായി ഐക്യപ്പെട്ടിരുന്നപ്പോഴും ആ താപസവര്യൻ ഒരു കാര്യം ഓർത്തിരുന്നു: ബാഹ്യാനുഷ്ഠാനങ്ങളിൽ വ്യാപൃതമായിരിക്കുമ്പോഴും സുകൃത ജപങ്ങൾ വഴിയും ദൈവസാന്നിദ്ധ്യസ്മരണകൾ വഴിയും ഹൃദയത്തെ സദാ ദൈവത്തിങ്കലേക്കുയർത്തുന്നതിന്. ഉപവിയിലധിഷ്ഠിതമായ പ്രാർത്ഥനാജീവിതം നയിക്കുന്നതിന് ധാരാളം തീക്ഷ്ണമതികളായ ആത്മാക്കളെ വിളിക്കണമെന്നും അദ്ദേഹം സദാ പ്രാർത്ഥിച്ചിരുന്നു.

## പ്രവർത്തനപാതയിൽ

കർമ്മനിരതനായ യേശുവിനെ പിന്തുടർന്ന് പെരുനാട്ടുവനത്തിലെ സന്ന്യാസജീവിതകാലത്ത് മാർ ഈവാനിയോസ് ചിലപ്പോഴെല്ലാം ഗ്രാമങ്ങൾതോറും ചുററി സഞ്ചരിച്ച് ദൈവവചനം പ്രഘോഷിക്കുക പതിവായിരുന്നു. അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദാരിദ്രത്തിൻേറയും അനുസരണത്തിൻേറയും പാതയിലൂടെ അദ്ദേഹം ദൈവഹിതം നിറവേററി. തൻെറ പ്രവർത്തനഫലമായി അനേകകുടുംബങ്ങളിൽ ശാന്തിയും സന്തോഷവും ഉളവായി; ചൈതന്യരഹിതമായിരുന്ന അവരുടെ ആരാധനക്രമത്തെ അദ്ദേഹം പുനരുദ്ധരിച്ചു; സഭയോടൊത്തു ചിന്തിക്കുവാനും സഭാതനയരായി ജീവിക്കുവാനും അദ്ദേഹം അവരെ ഉത്സുകരാക്കി.

മാർ ഈവാനിയോസിൻെറ സുവിശേഷ തീക്ഷ്ണത വളരെ അഗാധമായിരുന്നു. യാതൊരു വിവേചനവും കൂടാതെ സ

www.malankaralibrary.com

കലരോട്ടും അദ്ദേഹം സുവിശേഷം പ്രസംഗിച്ചിരുന്നു. അധഃകൃതസമൂഹങ്ങളെ സാമൂഹികമായും മതപരമായും ഉയർത്തുവാനും അദ്ദേഹം യത്നിച്ചിരുന്നു. ഈ ലക്ഷ്യസാധ്യത്തിനായി പല സ്ഥലങ്ങളിലും സുവിശേഷ കേന്ദ്രങ്ങൾ അദ്ദേഹം തുറന്നു. ജാതിവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ അനുഭവിച്ചവരായിരുന്നു ഈ അധഃകൃതസമൂഹങ്ങൾ. ദാരിദ്ര്യത്തിലും, ശുചിത്വമില്ലാത്ത അന്തരീക്ഷത്തിലുമായിരുന്നു ഇവരുടെ ജീവിതം. യാതൊരു വിദ്യാഭ്യാസവും ഇവർക്കു ലഭിച്ചിരുന്നില്ല. ഈ സ്ഥിതി പരിഹരിക്കുന്നതിന് മാർ ഈവാനിയോസ് ആത്മാർത്ഥമായും പരിശ്രമിച്ചു. പാവപ്പെട്ടവരുടെ കുടിലുകൾ സന്ദർശിക്കുക, അവർക്കുവേണ്ടി യോഗങ്ങൾ സംഘടിപ്പിക്കുക, രോഗബാധിതർക്ക് ആവശ്യമായ ഔഷധങ്ങൾ നല്കുക തുടങ്ങിയവയെല്ലാം അദ്ദേഹം നിറവേററി. ഇതിന്റെയെല്ലാം ഫലമായി പുലയരും, പറയരും, കുറവരുമായ ധരാളം പേർ സത്യവെളിച്ചം സ്വീകരിക്കുകയുണ്ടായി. കഥാപുരുഷന്റെ പ്രേഷിതതീക്ഷ്ണതയാണു അദ്ദേഹത്തെ കത്തോലിക്കാ സഭയിലേക്കാനയിച്ചത് എന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല.

1930-ൽ കത്തോലിക്കാ സഭയോട്ട് പുനരൈക്യപ്പെട്ടതോടുകൂടി മാർ ഈവാനിയോസിന്റെ കർമ്മനിരത ജീവിതം മറെറാരു ഘട്ടത്തിലേക്കു കടക്കുകയായിരുന്നു. വിഭിന്നങ്ങളായ മിഷ്യൻപരിപാടികളിലൂടെ അകത്തോലിക്കരും അക്രൈസ്തവരുമായ അനവധിപേരേ സത്യവിശ്വാസത്തിലേക്കാനയിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. ഇരുപത്തിമൂന്നുകൊല്ലത്തെ കർമ്മനിരതമായ സഭാജീവിതത്തിനുള്ളിൽ സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽപ്പെട്ട നിരവധിയാളുകളെ സ്വർഗ്ഗീയപാതയിലേക്കദ്ദേഹം സ്വീകരിച്ചു. ഇവരിൽ പാവപ്പെട്ടവരും രാഷ്ട്രീയനേതാക്കളും ഉൾപ്പെട്ടുന്നു; മെത്രാന്മാരും, വൈദികരും അദ്ദേഹത്തിന്റെ ത്യാഗോജ്വലമായ

www.malankaralibrary.com

ജീവിതപ്രവർത്തനങ്ങളിൽ ആകൃഷ്ടരായി അദ്ദേഹത്തെ പിൻ തുടർന്നു. 1953-ൽ മരിക്കുമ്പോൾ മാർ ഈവാനിയോസ് അറുപത്തയ്യായിരത്തോളം വിശ്വാസികളുടെ ഇടയനായിരുന്നു. ദൈവത്തിൻെറ ഒരു ഉപകരണമായിട്ടാണ് അദ്ദേഹം തന്നെതന്നെ എല്ലാക്കാര്യത്തിലും പരിഗണിച്ചിരുന്നത്.

## പ്രാർത്ഥനയും പ്രവർത്തനവും

സദാ പ്രാർത്ഥിക്കുകയും നിരന്തരം പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്ത ക്രിസ്തുവിനെയാണ് മാർ ഈവാനിയോസ് ആദർശപുരുഷനായി സ്വീകരിച്ചത് എന്ന് മുകളിൽ നാം കണ്ടുവല്ലോ. എന്നാൽ, ക്രിസ്തുവിൻെറ ജീവിതത്തിലെ രണ്ടു വിഭിന്നയാഥാർത്ഥ്യങ്ങളായിരുന്നില്ല പ്രാർത്ഥനയും പ്രവർത്തനവും. പിന്നെയോ അവിടുത്തെ അസ്തിത്വത്തിൻെറ രണ്ടു ഭാവങ്ങളായിരുന്നു. അതുപോലെ മാർ ഈവാനിയോസിൻെറ പ്രാർത്ഥനയും പ്രവർത്തനവും രണ്ട് വ്യസ്തൃത്യഘടകങ്ങളല്ലായിരുന്നു. അദ്ദേഹത്തിൻെറ പ്രാർത്ഥനാജീവിതം പ്രവർത്തനത്തിലേക്കും, പ്രവർത്തനം പ്രാർത്ഥനയിലേക്കും നയിക്കുന്നതായിട്ടാണ് നാം കാണുന്നത്. പ്രാർത്ഥനാജീവിതത്തിൻെറ ബഹിർസ്ഫുരണമായിരുന്നു ബാഹ്യജീവിതം. പകൽസമയം ഉപവിപ്രവർത്തനങ്ങൾക്കായി ചിലവിടുമ്പോൾ രാത്രിയുടെ നീണ്ട യാമങ്ങൾ സനാതന സത്യത്തിൻെറ മുമ്പിൽ അദ്ദേഹം ചിലവഴിച്ചിരുന്നു. ചുരുക്കത്തിൽ ക്രിസ്തുവിനെ അനുകരിച്ച് പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ച ഒരു താപസജീവിതമാണ് മാർ ഈവാനിയോസിന്റെ സന്ന്യാസദർശനം.

## ഭാരതീയാഭിമുഖ്യം

മാർ ഈവാനിയോസിൻെറ ആദ്ധ്യാത്മികതയുടെ പ്രത്യേകത അതിൻെറ ഭാരതീയാഭിമുഖ്യമാണ്. തൻെറ ജീ

www.malankaralibrary.com

വിതനിയമമായ ക്രിസ്ത്വാനുകരണം, ഭാരത സംസ്കാരമൂല്യങ്ങൾക്കും സന്ന്യാസമുറകൾക്കും എല്ലാം അനുസൃതമായിരുന്നു. ഭാരതസഭയിൽ പാശ്ചാത്യാചാരങ്ങൾക്കോ സംസ്കാരത്തിനോ നീണ്ടുനില്ക്കുവാൻ സാധിക്കയില്ല, ഭാരതീയജനത അതിനെ സ്വീകരിക്കുകയില്ല, എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. തൻനിമിത്തം ഇൻഡ്യൻ സംസ്കാരത്തിനനുയോജ്യമായ ഒരു ക്രിസ്തീയ സന്ന്യാസജീവിതമായിരുന്നു മാർ ഈവാനിയോസിൻേറതു്; 'ക്രിസ്തുവിനെ അവിടുത്തെ പ്രാർത്ഥനാപരവും കർമ്മോദ്യുക്തവുമായ ജീവിതത്തിൽ ദേശീയമായ രീതിയിൽ അനുകരിക്കുക. അതായതു് ദേശീയമായ സംസ്കാരത്തിനനുസൃതമായ സന്ന്യാസജീവിതം, ഭാരതസന്ന്യാസത്തിൻെറ അന്തരാത്മാവിനേയും ജീവിതമുറകളേയും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സമർപ്പണജീവിതം. ആയതിലേക്കു് സർവ്വസംഗ പരിത്യാഗികളായ ഭാതീയ സന്ന്യാസികളെപ്പോലെ, ഈശ്വരപ്രാപ്തി മാത്രം ലക്ഷ്യമാക്കി ജീവിതം നയിക്കുന്ന മുനിമാരെപ്പോലെ, മാർ ഈവാനിയോസും പെരുനാടു് മുണ്ടൻമലയിൽ സ്വാർത്ഥത വെടിഞ്ഞു് ലോകായതികത്വത്തിൽനിന്നു് വിട്ടുമാറി സന്ന്യാസജീവിതമുറകളുമായി ജീവിതം ആരംഭിച്ചു.

ഹൈന്ദവസന്ന്യാസികളെപ്പോലെ ലളിതവും എളിയതുമായ ഒരു ജീവിതമാണു് മുണ്ടൻമലയിൽ മാർ ഈവാനിയോസ് നയിച്ചതു്. വനാന്തരത്തിൽ ചെററക്കുടിലിൽ സസ്യാദികളും ഭക്ഷിച്ചു് കാവിവസ്ത്രധാരിയായി അദ്ദേഹം ജീവിച്ചു. പ്രാർത്ഥനാരീതി, ദൈവാരാധന തുടങ്ങിയവയിലെല്ലാം ഭാരതിയ ഗുരുക്കളെ കഴിയുന്നത്ര മാതൃകയായി സ്വീകരിച്ചു. ഹൈന്ദവശാസ്ത്രപഠനം തൻെറ ദിനചര്യയിൽ ഉൾപ്പെടുത്തി. പ്രതീക്ഷയുടെ അടയാളമായ തങ്കക്കുരിശു ചരടിൽ ബന്ധിച്ചു് കഴുത്തിൽ ധരിച്ചിരുന്നു. ഹിന്ദുസന്ന്യാസികളെപ്പോലെ

www.malankaralibrary.com

കാവിഷാളും പുതച്ച് ദീക്ഷയും വളർത്തി നിഷ്പാദുകനായി നടന്നിരുന്ന മാർ ഈവാനിയോസിൽ, ലൗകായതികത്വത്തിന്റെ യാതൊരു ലാഞ്ഛനക്കുപോലും സ്ഥാനമില്ലായിരുന്നു. ചുരുക്കത്തിൽ, തികച്ചും ഭാരതീയമായ രീതിയിലാണ് മാർ ഈവാനിയോസ് ക്രിസ്തുവിനെ അനുകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മാതൃക പിൻകാലങ്ങളിൽ പലരും സ്വീകരിച്ചതായി ചരിത്രം സാക്ഷിക്കുന്നു.

മാർ ഈവാനിയോസിന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ നാളുകളിൽ അദ്ദേഹത്തിന്റെ ജീവിതവും ആദ്ധ്യാത്മീകതയും ബഥനിസന്ന്യാസിനി സന്ന്യാസികൾക്കും മലങ്കരമക്കൾക്കു പൊതുവിലും പ്രചോദനവും ഉണർവ്വും പ്രദാനംചെയ്യട്ടെ.

"അസാമാന്യനായ ഒരു സഭാപിതാവ്. അസാമാന്യമായ വ്യക്തി പ്രാഭവവും ഭക്തിയും ദർശനവും ഉള്ള ഒരു സഭാപിതാവ്. വലിയ പണ്ഡിതൻ. മഹാത്മാവ്. അതാണു മാർ ഈവാനിയോസ്. അദ്ദേഹത്തിന്റെ പാവനസ്മരണയെ എക്കാലവും ഈ കേരളസഭ മാത്രമല്ല, അഖിലലോകസഭ മറന്നുപോകാതെ ഓർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

—ബിഷപ്പ് യേശുദാസൻ, സി. എസ്. ഐ,
സഭാമോഡറേറർ.

www.malankaralibrary.com

# മഹാത്മാവായ മാർ ഈവാനിയോസ്

—ഫാ. ജേക്കബ്, ഒ.ഐ.സി.

നൂററാണ്ടുകൾ പഴക്കമുണ്ട് ക്രൈസ്തവസഭയ്ക്ക്. വിജയത്തിലേയ്ക്കും വളർച്ചയിലേയ്ക്കും മുന്നേറിക്കൊണ്ടിരുന്ന സഭയ്ക്ക് കടുത്ത പ്രതിസന്ധികളും കനത്തപ്രയാസങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. അങ്ങനെയുള്ള കാലഘട്ടങ്ങളിൽ സഭയെ സമുദ്ധരിക്കാനും പ്രയാസങ്ങളെ തരണംചെയ്യാനും നല്ലവനായ ദൈവം ചില പ്രത്യേക വ്യക്തികളെ ചില സവിശേഷ സിദ്ധികൾ (charisms)നല്കി തിരഞ്ഞെടുത്തിരുന്നു. അപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഒരു മഹാവ്യക്തിയായിരുന്നു, യശഃശരീരനായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്.

മലങ്കരസഭയിൽ മലീമസമായ കലഹ കലാപസംഘട്ടനങ്ങളുടെ ഒരു കാലസന്ധിയുണ്ടായിരുന്നു. ആ കാലയളവിലാണ് മാർ ഈവാനിയോസ് ജീവിച്ചിരുന്നത്. ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെട്ട മലങ്കരസഭയെ എങ്ങനെയാണ് സമുദ്ധരിക്കേണ്ടതെന്നതിനെപ്പററി അദ്ദേഹം സശ്രദ്ധം പഠിക്കാനും, ചിന്തിക്കാനും, മനംനൊന്തു പ്രാർത്ഥിക്കാനും തുടങ്ങി. കൽക്കട്ടയിലെ സെറാമ്പൂർ കോളജിൽ അദ്ദേഹം പ്രൊഫസറായിരിക്കുമ്പോഴാണ് (1913—1919) അതിനു കൂടുതൽ അവസരം ലഭിച്ചത്. ദിനരാത്രങ്ങൾ അദ്ദേഹം അതിനുവേണ്ടി ചെലവഴിച്ചു. പ്രാർത്ഥനയും തപസ്സുംകൊണ്ടു മാത്രമേ മലങ്കരസഭയെ സമുദ്ധരിക്കാൻ പററൂ എന്ന നിഗമനത്തിൽ അദ്ദേഹം എത്തി. പ്രാർത്ഥനയും താപസ്സകൃത്യങ്ങളും അദ്ദേഹം ആരംഭിച്ചു. തനിച്ചുള്ള പ്രാർത്ഥനയും തപസ്സും

www.malankaralibrary.com

മതിയാകില്ലെന്നു് അദ്ദേഹത്തിനു തോന്നി. നാട്ടിൽനിന്നു് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി അദ്ദേഹം കൽക്കട്ടായിൽ കൊണ്ടുപോയിരുന്ന ഏതാനും ആളുകളെ തന്റെ പ്രാർത്ഥനയിലും താപസ്സകൃത്യങ്ങളിലും പങ്കുകൊള്ളിച്ചു.

## പ്രാർത്ഥനയുടെ മനുഷ്യൻ

പ്രാർത്ഥനയിൽ അദ്ദേഹം ക്രമേണ ഉയർന്നു. സ്വന്തം പരിശ്രമംകൊണ്ടു് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവരെ പരിശുദ്ധാത്മാവായ ദൈവം തന്റെ പാവനകരത്താൽ താങ്ങി ഉയർത്താറുണ്ടു്. അപ്രകാരം ഉയർത്തപ്പെട്ട ഒരു യോഗിയായിരുന്നു മാർ ഈവാനിയോസ്.

ഒഴുക്കിനെതിരായി തുഴഞ്ഞുകയറുന്ന ഒരു വഞ്ചിക്കാരനേക്കാൾ കൂടുതൽ വേഗത പായ്കെട്ടി അമരത്തിരുന്നു് വഞ്ചി നയിക്കുന്ന വഞ്ചിക്കാരനാണല്ലോ. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന മനുഷ്യൻ ഒരു വിധത്തിൽ പായ്കെട്ടിപ്പായുന്ന വഞ്ചിപോലെയാണു്. മാർ ഈവാനിയോസ് പ്രാർത്ഥനയിലൂടെ അങ്ങനെയൊരു നിലയിലെത്തി. തത് ഫലമായി അദ്ദേഹം പരിശുദ്ധാത്മാവിന്റെ യഥേഷ്ടമായ പ്രവർത്തനത്തിനു തന്നെത്തന്നെ സ്വയം സമ്പൂർണ്ണമായി കൈയാളിച്ചു. ചുരുക്കത്തിൽ, പ്രാർത്ഥനയുടെ സാധാരണ നിലയിൽനിന്നു് ദൈവാനുഭവ പദവിയിലേയ്ക്കു് അദ്ദേഹം ഉയർന്നു. പ്രാർത്ഥനയുടെ ഈ ഉന്നതനിലയിൽ എത്തിയവരെ നയിക്കുന്നതും, അവരിൽ ആശയങ്ങളും ആദർശങ്ങളും രൂപീകരിക്കുന്നതും, അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നതും പരിശുദ്ധാത്മാവുതന്നെയാണു്. മലങ്കരസഭയെ ആദ്ധ്യാത്മികമായി സമുദ്ധരിച്ചു് ഭാരതമാകെ ഫലപ്രദമായി സുവിശേഷവേല ചെയ്യുന്നതിനു് സന്ന്യാസിനീ സന്ന്യാസീസമൂഹം അനുപേക്ഷണീയമാണെന്നുള്ള ആശയം അപ്പോഴാണു് അദ്ദേഹത്തിൽ വ്യക്തമായി തെളിഞ്ഞുവന്നതു്. ദൈവഭക്തസ്വ

www.malankaralibrary.com

നത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനമാണെന്നുള്ള മഹ ത്തായ ആദശ്ശം ഉരിതിരിഞ്ഞതും അപ്പോഴത്രേ. അദ്ദേഹത്തി ൻെറ വാക്കുകൾ ഇവിടെ ഉദ്ധരിച്ചു കൊള്ളട്ടെ: "ഈ കാര്യ ത്തിൽ എന്നെതന്നെ മുഴുവനായി ഞാൻ ദൈവത്തിനു സമ ൎപ്പിക്കയാൽ അവിടുന്നു ഏതൊരു തരത്തിലാണ് അവിടു ത്തെ ഇംഗിതം വെളിപ്പെടുത്തുക എന്നു നോക്കിയിരിക്കുകയേ എനിക്കാവശ്യമുണ്ടായിരുന്നുള്ളു. പ്രാൎത്ഥനയിലും ധ്യാന ത്തിലും സൎവ്വപ്രധാനമായി വിശുദ്ധകുൎബ്ബാനയിലും ഞാൻ ഈ വിഷയത്തിനു പ്രാമുഖ്യം നല്കി. ദൈവഹിതം എ ന്തുതന്നെയായിരുന്നാലും, അതിനായി സ്വരാജ്യത്തേയോ സ്വജനങ്ങളെയോ ഉപേക്ഷിക്കേണ്ടി വന്നാൽപ്പോലും അവ യെല്ലാക്കെ സന്നദ്ധനായി, സുവിശേഷ പ്രചാരണാൎത്ഥം വരാ വുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ച് ദൈവത്തെ മഹത്വ പ്പെടുത്തികൊണ്ട് ജീവിപ്പാൻ എന്നെയും എൻെറ ശിഷ്യ രെയും പ്രാപ്തരാക്കേണമേ എന്നായിരുന്നു ഞാൻ പ്രാൎത്ഥിച്ചു വന്നതു്.

ഈ നിലയിൽ പിന്നെയും മാസങ്ങൾ കുറെ കഴിഞ്ഞു പോയി. ദൈവത്തിൻെറ തിരുമുമ്പിൽ കളിമണ്ണിനെയെന്ന പോലെ കുഴച്ചു വയ്ക്കപ്പെട്ടിരുന്ന എൻെറ ഹൃദയത്തിനു ആദ ൎശമാകുന്ന ആകൃതിയും ആശയമാകുന്ന ഭംഗിയും ക്രമേണ ഉ ണ്ടായിവരുന്നില്ലയോ എന്നെനിക്കു തോന്നിത്തുടങ്ങി. നി ശ്ചയമായും അവിടുന്നു അതിനൊരു രൂപം കൊടുക്കാതിരിക്ക യില്ലെന്നു ഞാൻ വിശ്വസിച്ചു. അക്കാലംവരെ സ്വതന്ത്ര മായിരുന്ന എൻെറ ഹൃദയത്തെ അവിടെത്തന്നെ പ്രതിഷ്ഠിച്ചു കൊണ്ട് ഞാൻ മാറിയിരുന്നു...... ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനമാണെന്ന് എനിക്കപ്പോൾ അ നുഭവവേദ്യമായി..." (ഗിരിദീപം).

www.malankaralibrary.com

## ദൈവാശ്രയവും പരിത്യാഗവും

ദൈവാശ്രയവും പരിത്യാഗവും കൊണ്ടല്ലാതെ ദൈവസാമീപ്യമോ ദൈവാനുഭവമോ ദൈവസമ്പാദനമോ സാധിക്കയില്ലെന്നു് മാർ ഈവാനിയോസിനു ബോദ്ധ്യമായി. അതുകൊണ്ടാണു് പ്രാൎത്ഥന കഴിഞ്ഞാൽ പരിത്യാഗത്തിനു് (ആത്മസംയമനത്തിനു്) അദ്ദേഹം പ്രാമുഖ്യം നല്കിയതു്. അങ്ങനെ പ്രാൎത്ഥനയിലൂടെയുള്ള ദൈവാശ്രയവും ആത്മസംയമനവും സമഞ്ജസമായി അദ്ദേഹത്തിൽ ഒത്തിണങ്ങി. ദൈവത്തിലുള്ള പരിപൂൎണ്ണമായ ആശ്രയം അദ്ദേഹത്തെ ആത്മവിശ്വാസംകൊണ്ടും ധീരതകൊണ്ടും നിറച്ചു. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി: "ഞാൻ വെയ്ക്കുന്ന ഓരോ കാലടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള പരിപൂൎണ്ണ വിശ്വാസം എനിക്കുണ്ടു്. തൻ്റെ സ്നേഹമാകുന്ന മഹാസമുദ്രത്തിലേയ്ക്കു് എടുത്തു ചാടുവാൻ സൎവ്വശക്തനായ ദൈവം എന്നെ ആഹ്വാനം ചെയ്യുന്നു." (ജീവചരിത്രം ഒന്നാംഭാഗം)

## സന്ന്യാസം

മനസ്സിനെയും വികാരങ്ങളെയും നിയന്ത്രിച്ചു് ശ്രദ്ധചെലുത്തി ഏകാഗ്രതയോടുകൂടി മനുഷ്യൻ ദൈവസന്നിധിയിൽ ധ്യാനനിർല്ലീനനാകുമ്പോഴാണു് സാധാരണയായി ദൈവാനുഭവമുണ്ടാകുക. അസുലഭമായ ഈ ദൈവാനുഭവത്തിനു വേണ്ടിയാണു് മനുഷ്യൻ സന്ന്യസിക്കുന്നതു്. പരിത്യാഗവും ദൈവസാമീപ്യവും അതിനാവശ്യമാണു്. യേശുക്രിസ്തുവാണു് അതിനുള്ള ക്രൈസ്തവൻ്റെ ഏററം ഉത്തമ മാതൃക. മാർ ഈവാനിയോസ് പറയുന്നു: "ദൈവവുമായി വളരെയടുത്തു നില്ക്കേണമെന്നുള്ളവൻ സകലത്തിലും യേശുമിശിഹായെത്തന്നെ അനുകരിച്ചേ മതിയാകയുള്ളു. ഗോൽഗോത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിൻ്റെ ഉ

www.malankaralibrary.com

ച്ഛസ്ഫടികമായ മാതൃക അവൻെറയുള്ളിൽ പ്രതിഫലിക്കപ്പെടണം......ലോകത്തിനു മരിക്കയെന്നുള്ളതും, സ്വയപരിത്യാഗമെന്നുള്ളതും ഒന്നുതന്നെയാണ്. യേശുവിൻെറ ശ്ലീഹന്മാർ സ്വയപരിത്യാഗികളായിരുന്നു. "സകലതും ഉപേക്ഷിച്ചുകൊണ്ട് ഞങ്ങൾ നിൻെറ പിന്നാലെ വന്നിരിക്കുന്നു", എന്നു പറയാൻതക്കവണ്ണം മന:ശക്തിയും ദൈവാനുഗ്രഹവും ലഭിച്ച അവരത്രെ ദൈവത്തെ സമ്പാദിച്ചവർ; അവരത്രെ യഥാൎത്ഥ സുവിശേഷകന്മാർ; അവരാലത്രെ ലോകത്തിനു യേശുമിശിഹായെ അറിയാൻ കഴിഞ്ഞിട്ടുള്ളതും. സന്ന്യാസപദം പ്രാപിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കാവുന്നതാണ്. പരിത്യാഗത്തെ അതിൻെറ അക്ഷരപ്രകാരം ആഭ്യന്തരമായും ബാഹ്യമായും നിവൃത്തിക്കാൻ അയാൾക്കു മാത്രമേ കഴിവുണ്ടാകയുള്ളു......ഇപ്രകാരം സ്വയമേവം തങ്ങളെത്തന്നെ ദൈവത്തിന്നായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്ന്യാസികളടങ്ങിയ ഒരു സമൂഹംതന്നെയാണ് വേണ്ടതെന്നും, ദൈവതിരുവിഷ്ടം അതാണെന്നും, അതിനായിട്ടുവേണം ശിഷ്ടായുസ്സിനെ വിനിയോഗിപ്പാനെന്നും ഞാൻ ദൈവകൃപയെ അവലംബിച്ചുകൊണ്ടു നിശ്ചയിച്ചു. ഒട്ടധികം ദിവസങ്ങളിലെയും മാസങ്ങളിലെയും പര്യവേക്ഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാൎത്ഥന, വിശുദ്ധകുർബാന എന്നിവയുടെ ഫലമായി ദൈവത്തിൽനിന്നു ലഭിക്കപ്പെട്ട പ്രസ്തുത ആദർശത്തെ ഞാൻ ഒരു അമൂല്യനിധിയെന്നവണ്ണം വിലമതിക്കയും അതിനെ വ്യാപാരം ചെയ്യാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമാക്കയും ചെയ്തു." (ഗിരിദീപം)

അങ്ങനെ നൂററാണ്ടുകളായി പൗരസ്ത്യസഭകളിൽ നിലച്ചുപോയ സന്ന്യാസപ്രസ്ഥാനം പുനരാരംഭിക്കാൻ പരിശുദ്ധാത്മാവ് മാർ ഈവാനിയോസിനെ വിശുദ്ധവും ഫലപ്രദവുമായ ഒരുപകരണമാക്കി. അദ്ദേഹത്തിനു ദൈവത്തിൽനിന്നു ലഭിച്ച ഏററം മികച്ചയൊരു സിദ്ധിയായിരുന്നു അത്,

www.malankaralibrary.com

ബഥനിസന്ന്യാസിനീസന്ന്യാസി സമൂഹത്തിൻെറ രൂപവൽക്കരണത്തോടുകൂടി മലങ്കര സഭയിൽ ഉണർത്തിവിട്ട ആദ്ധ്യാത്മിക ചൈതന്യത്തിൻെറ ശക്തമായ അലകൾ ദൈവജനത്തിനു നവോന്മേഷവും ദൈവോന്മുഖതയും പകന്നു.

ക്രൈസ്തവസന്ന്യാസ മൂല്യങ്ങളിൽ കാലുറപ്പിച്ചു കൊണ്ട് ഭാരതീയ സന്ന്യാസത്തിൻെറ അന്തസത്തയും ജീവിമുറകളും ഔചിത്യപൂർവ്വം തൻെറ സന്ന്യാസി സമൂഹത്തിൽ സമ്മേളിപ്പിക്കുന്നതിനു് മാർ ഈവാനിയോസ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നത് അദ്ദേഹത്തിൻെറ അനുപമമായ ഒരു കഴിവായിരുന്നു. അദ്ദേഹത്തിൻെറ ധീരവും വിപ്ലവാത്മകവുമായ ഒരു കാൽ വയ്പായിരുന്നു, അറുപതുവർഷം മുമ്പ് കാഷായവേഷമണിഞ്ഞു് ഈ ആർഷഭാരതത്തിൽ ക്രൈസ്തവ സന്ന്യാസത്തിനു തുടക്കമിട്ടത്. റാന്നി-പെരുനാട് മുണ്ടൻമലയിൽ ആരംഭിച്ച ബഥനിസന്ന്യാസീ സമൂഹത്തെക്കുറിച്ച് മലയാള മനോരമ ചീഫ് എഡിററായിരുന്ന ശ്രീമാൻ കെ. സി. മാമ്മൻ മാപ്പിള എഴുതി: "ക്രൈസ്തവ ലോകത്തിൻെറയെന്നല്ല, ഇതരമതവിഭാഗങ്ങളുടെയും സവിശേഷമായ ശ്രദ്ധയെയും ആദരവിനെയും ആകർഷിച്ച ബഥനിപ്രസ്ഥാനം ഒരു സമൂഹ്യകോളിളക്കം തന്നെയുണ്ടാക്കിയതാണ്... "എം. എ അച്ചൻ" (മാർ ഈവാനിയോസ്) കാവിവസ്ത്രവും മൺചട്ടിയുമായി, മഹാകവി ടാഗോറിൻെറ വിശ്വഭാരതിയെയും മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തെയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായ ഭക്തന്മാർക്ക് അതൊരു തീർത്ഥാടന കേന്ദ്രമായിരുന്നു". (മലയാള മനോരമ 1953, ജൂലൈ 17)

## പുനരൈക്യം

ബഥനി സന്ന്യാസിനീ സന്ന്യാസിസമൂഹങ്ങളുടെ രൂപവല്ക്കരണത്തോടുകൂടി പാവനവും ഭക്തിനിർഭരവും സംഘാ

www.malankaralibrary.com

തവുമായ പ്രാർത്ഥനയും തപസ്സും തിരുകർമ്മജീവിതവും ദൈവസന്നിധിയിൽ അനുസ്യൂതം അർപ്പിക്കാൻ മാർ ഈവാനിയോസിനും ശിഷ്യർക്കും സാധിച്ചു. ഈ ആദ്ധ്യാത്മിക ചൈതന്യം സഭയിലൊട്ടാകെ പ്രകാശംപരത്തി. അതിൻെറ ഫലം സീമാതീതമായിരുന്നു. 17-ാം നൂററാണ്ടു മുതൽ 20-ാം നൂററാണ്ടുവരെ ഭിന്നിച്ചുനിന്ന മലങ്കരസഭയെ പുരാതനവും സാർവ്വത്രികവുമായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുത്താൻ അതിടയാക്കി.

മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രവർത്തനഫലമായി രൂപംകൊണ്ട ഒരു പ്രാദേശിക, അപ്പസ്തോലിക സഭയാണ് മലങ്കരസഭ. ആദിമകാലം മുതൽ ഈ സഭ റോമിലെ സാർവ്വത്രിക സഭയായ കത്തോലിക്കാസഭയുമായി ഐക്യത്തിലും കൂട്ടായ്മയിലുമായിരുന്നു എന്നത് ഒരു ചരിത്രസത്യമാണ്. നിർഭാഗ്യവശാൽ 1653- ൽ നടന്ന ചരിത്രപ്രസിദ്ധമായ കൂനൻകുരിശു സത്യത്തോടുകൂടി മലങ്കരസഭ, സാർവ്വത്രിക സഭയായ കത്തോലിക്കാ സഭയിൽനിന്ന് വേർപെടേണ്ടിവന്നു. വേർപെട്ട മലങ്കരസഭയിൽ പിന്നീട് ഭിന്നത വർദ്ധിച്ചു. ക്രമേണ പല സഭകളായി മലങ്കരസഭ പിരിഞ്ഞു. എന്നാൽ,ഭിന്നതയ്ക്കു തുടക്കംകുറിച്ച കൂനൻകുരിശുസത്യം മുതൽ ഏകദേശം മുന്നൂറു വർഷക്കാലം മലങ്കര സഭയിലെ അഭിവന്ദ്യരും പ്രഗത്ഭരുമായ മെത്രാന്മാരും മററ് ഉന്നതരായ വ്യക്തികളും കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനുവേണ്ടി ഭഗീരതയത്നം ചെയ്തുകൊണ്ടിരുന്നു. പക്ഷേ, അതെല്ലാം പരാജപ്പെടുകയാണുണ്ടായത്. അവസാനം, പരിശുദ്ധാത്മാവായ ദൈവം മഹാനായ മാർ ഈവാനിയോസിനെ അനുരജ്ഞനത്തിനും പുനരൈക്യത്തിനുമായുള്ള ഒരുത്തമകരുവാക്കിയുയർത്തി. അദ്ദേഹം പറയുകയാണ്: "സഭൈക്യത്തിനു വേണ്ടി എന്നെ ബലിയർപ്പിക്കുന്നതിനു് ദൈവത്തിൻെറ അരൂപി ഇക്കാലയളവിൽ സുശക്ത

www.malankaralibrary.com

മായി ഹോമിച്ചുകൊണ്ടിരുന്നു," (ജീവചരിത്രം ഒന്നാം ഭാഗം) അങ്ങനെ 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നു. അനേകം വൈദിക മേലദ്ധ്യക്ഷന്മാർക്കും മററു നേതാക്കന്മാർക്കും സാധിക്കാതെപോയ പുനരൈക്യ പരിശ്രമങ്ങൾ മാർ ഈവാനിയോസ് വഴി ഫലമണിയിക്കാൻ നല്ലവനായ ദൈവം തിരുവുള്ളമായി. ദൈവത്തിൽ നിന്ന് അദ്ദേഹത്തിനു ലഭിച്ച മറെറാരു മഹത്തായ സിദ്ധിയായിരുന്നു അത്.

1930-ൽ നടന്ന പുനരൈക്യത്തിലൂടെ മലങ്കര സഭയുടെ തനിമ ഒരു വിധത്തിലും നഷ്ടപ്പെടാതെ റോമിലെ ആദിമ അപ്പസ്തോലിക സഭയായ കത്തോലിക്കാസഭയുമായി ഐക്യപ്പെടുവാനുള്ള സുന്ദരമായ മാർഗ്ഗം വെട്ടിത്തുറന്നു എന്നതാണ് മാർ ഈവാനിയോസ് കൈവരുത്തിയ വമ്പിച്ച നേട്ടം.

## നല്ല ബന്ധങ്ങൾ

ബന്ധങ്ങളാണ് ഒരുവനെ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യുന്നത്. നല്ലവനാക്കുന്നതും ചീത്തയാക്കുന്നതും അതാണ്. ബന്ധത്തെ ആശ്രയിച്ചാണ് മനുഷ്യന്റെ വിജയമോ പരാജയമോ നിലകൊള്ളുന്നത്. ചീത്തയായ ആളുകളുമായോ വസ്തുക്കളുമായോ ബന്ധപ്പെടുമ്പോൾ അവൻ ചീത്തയാകുന്നു; നല്ലവരുമായോ നല്ല വസ്തുക്കളുമായോ ബന്ധപ്പെടുമ്പോൾ നല്ലവനാകുന്നു; ദൈവവും ദൈവികകാര്യങ്ങളുമായി ബന്ധപ്പെടുമ്പോൾ ദൈവികനായിത്തീരുന്നു.

മാർ ഈവാനിയോസിന്റെ ജീവിതം പരിശോധിച്ചാൽ, ചെറുപ്പംമുതൽ അന്ത്യംവരെ ദൈവവും ദൈവികകാര്യങ്ങളുമായി അദ്ദേഹം കൂടുതൽ ബന്ധപ്പെട്ടിരുന്നതായിക്കാണാം. പ്രധാനമായി ധ്യാനനിർല്ലീനമായ പ്രാർത്ഥനയിലൂ

www.malankaralibrary.com

ടെയാണ് അദ്ദേഹം എന്നും ദൈവവുമായി ബന്ധപ്പെട്ടിരുന്നത്. അദ്ദേഹത്തെ ശക്തനും, ധീരനും, നിശ്ചയദാർഢ്യമുള്ളവനും ഉന്നതനുമാക്കിയത് ഈ ബന്ധമാണ്. ഹരിജനങ്ങളോടും അനാഥരോടും ആതുരരോടും അവശരോടും മററും വലിയ അനുകമ്പയും കരുണയും സ്നേഹവും അദ്ദേഹത്തിലുളവാക്കിയത് ദൈവത്തോടുള്ള ഈ സാമീപ്യം മൂലമായിരുന്നു.

മാർ ഈവാനിയോസ് ഒരിക്കൽപറഞ്ഞു: "അതിശ്രേഷ്ഠമായ കൃപകൾ ദൈവം മനുഷ്യനു കൊടുത്തിട്ടുള്ളത് ഓരോന്നും ഭജനത്തിങ്കൽ വച്ചായിരുന്നു. മോശ നിയമപ്പലകകൾ പ്രാപിച്ചത് സീനായിമലയിൽ ഭജനം ചെയ്തപ്പോഴായിരുന്നു". (സന്ന്യാസജീവിതസഹായി). ഭൗതികമായ എല്ലാമുപേക്ഷിച്ച് ഏകാഗ്രതയോടുകൂടി ദൈവസന്നിധിയിൽ ധ്യാനനിർല്ലീനമാകുന്ന പ്രക്രിയയാണ് ഭജനം എന്നുപറയുന്നത്. ഏററം ജോലിത്തിരക്കുള്ള ദിനങ്ങളിൽപോലും ഈ ഭജനം മാർ ഈവാനിയോസ് മുടക്കിയിരുന്നില്ല. ഈ ഭജനത്തിലൂടെയാണ് അദ്ദേഹം തൻെറ കുറവുകളും കുററങ്ങളും വ്യക്തമായി കണ്ടിരുന്നതും; ദൈവത്തിൻെറ അനന്തമായ കരുണയും സ്നേഹവും അനുഭവിച്ചറിഞ്ഞതും ശക്തിയാർജ്ജിച്ചതും. ബലഹീനതമൂലം ഏതെങ്കിലും വിധത്തിൽ ദൈവത്തിൽനിന്ന് അകന്നുപോയിട്ടുണ്ടെങ്കിൽ പശ്ചാത്തപിച്ച് ദൈവവുമായി രമ്യപ്പെട്ടിരുന്നതും അപ്പോഴായിരുന്നു.

തിരുമൂലപുരത്തുള്ള ചെറിയകെട്ടിടത്തിൽ മാർ ഈവാനിയോസ് കിടന്നിരുന്ന മുറിയുടെ സമീപമുള്ള വരാന്തയിൽ ശ്രീ എം. പീലിപ്പോസ് ജഡ്ജി പലപ്പോഴും രാത്രി കഴിച്ചുകൂട്ടേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെ അദ്ദേഹത്തിനുണ്ടായ അനുഭവം ഇപ്രകാരം എഴുതി: "രാത്രിയിൽ എല്ലാവരും ഉറക്കംപിടിച്ചു എന്നു വിചാരിക്കാവുന്ന സമയത്ത് തിരുമേനി വലിയ ശബ്ദം കേൾക്കത്തക്കവിധം കൈകൊണ്ട് നെഞ്ചത്തടിച്ച് വളരെനേരം പ്രാർത്ഥിക്കുന്നതു കേട്ടിട്ടുണ്ട്. നെ

www.malankaralibrary.com

ന്നുതപ്പൊട്ടിപ്പോകുമോ, അദ്ദേഹത്തോടു പറയട്ടോ എന്നൊക്കെ തോന്നിയിട്ടുണ്ടെങ്കിലും എനിക്കു ധൈര്യം തോന്നാത്തതുകൊണ്ടു് ഞാൻ അദ്ദേഹത്തോടു അതു പറഞ്ഞില്ല": (ആത്മകഥ, എം. പീലിപ്പോസ്).

പട്ടത്തുള്ള കൊച്ചുചാപ്പലിലും രാത്രിയുടെ ഏകാന്തതയിൽ മാർ ഈവാനിയോസ് മാറത്തടിച്ചു പ്രാർത്ഥിക്കുന്നതായി ബ. അച്ചന്മാരും മററുപലരും പല പ്രാവശ്യം കണ്ടിട്ടുണ്ടു്. അങ്ങനെ ബൈബിളിലെ പാപിയായ ചുങ്കക്കാരനെപ്പോലെ അനുദിനം അദ്ദേഹം ദൈവസന്നിധിയിൽ നീതികരണവും കരുണയും കണ്ടെത്തിയിരുന്നു.

മരണത്തിനപ്പുറമുള്ള നിത്യതയെ മുമ്പിൽ കണ്ടുകൊണ്ടാണു് അദ്ദേഹം തൻെറ ജീവിതത്തിൻെറ ഓരോ രംഗവും കടത്തിവിട്ടതു്. മരണത്തിനു് ഏതാനും മാസങ്ങൾക്കുമുമ്പ് അദ്ദേഹം തനിക്കായി നേരത്തെ പണിചെയ്യപ്പെട്ട കല്ലറയുടെ മുമ്പിൽ നിന്നുകൊണ്ടു് കിളിലേത്തു് മാനേജർ ചാക്കോച്ചൻെറ തോളിൽ പിടിച്ചു പറയുകയാണു്: "എൻെറ അന്ത്യവിശ്രമഭവനമേ, ഞാൻ നിന്നിലേയ്ക്കു് ആനയിക്കപ്പെടുന്നു. എൻെറ ദൈവമേ, എൻെറ പാപത്തോടുകൂടി ഞാൻ മരിക്കാനിടവരുത്തരുതേ. യഹോവയായ ദൈവമേ, നിന്നെ നോക്കി വിളിച്ചവരിൽ ഒരുവൻപോലും ലജ്ജിതനായിട്ടില്ലെന്നോർക്കണമേ". ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു് കണ്ണുനീർ അടർന്നുവീഴുന്നതായി ചാക്കോച്ചൻ കണ്ടു. അങ്ങനെ അനുതാപംകൊണ്ടും താഴ്മകൊണ്ടും ദൈവവുമായി അന്ത്യംവരെ രമ്യപ്പെട്ടും ഏററം ഐക്യപ്പെട്ടും ജീവിച്ചിരുന്ന മഹാനുഭാവനായിരുന്നു മാർ ഈവാനിയോസ്.

മററുള്ളവരുമായുള്ള ബന്ധവും ആരോഗ്യപരമായും ശരിയായും സംരക്ഷിക്കുന്നതിനും വളർത്തിയെടുക്കുന്നതിനും അദ്ദേഹം ആത്മാർത്ഥമായി ശ്രദ്ധിച്ചിരുന്നു; ആളുകളുടെ കഴിവും

www.malankaralibrary.com

പ്രകൃതിയും സ്വഭാവവും മനസ്സിലാക്കിയാണ് അദ്ദേഹം അവരോട് ഇടപെട്ടിരുന്നത്. സംസാരത്തിലും പെരുമാററത്തിലുമുള്ള അദ്ദേഹത്തിൻെറ വശ്യശക്തി അതുല്യമായിരുന്നു. അനന്യസാധാരണമായ അദ്ദേഹത്തിൻെറ വ്യക്തിപ്രഭാവത്തിൻെറ മുമ്പിൽ ആരും ആദരവു പ്രകടിപ്പിക്കുമായിരുന്നു.

ദുർമാതൃക നല്കുന്ന തെററുചെയ്താൽ അതു തെററാണെന്നു സമ്മതിച്ചേററുപറയുന്നതിനും തിരുത്തുന്നതിനും അതിനു പരിഹാരം ചെയ്യുന്നതിനും മാർ ഈവാനിയോസ് സന്നദ്ധത കാണിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞു: "തെററു തെററാണെന്നു സമ്മതിക്കുന്നവനാണു മഹാൻ." തെററിനെ നീതീകരിക്കാനാണ് മനുഷ്യർ പലപ്പോഴും ശ്രമിക്കുക. മഹാന്മാർ അങ്ങനെയായിരുന്നില്ല. ഒരിക്കൽ പെരുന്നാട്ട് ആശ്രമച്ചാപ്പലിൽ ഒരു വൈദികവിദ്യാർത്ഥിക്കു മാർഈവാനിയോസ് ശെമ്മാശ്ശുപട്ടം നല്കുന്ന സന്ദർഭം: അപ്പോൾ വിശുദ്ധകുർബാനയുടെ ഇടയ്ക്കു് ഒരു ശുശ്രൂഷകൻ അലക്ഷ്യമായി പെരുമാറി. പെട്ടെന്നു് മാർ ഈവാനിയോസ് കോപിഷ്ടനായി. ഉഗ്രമായ കോപം മുഖത്ത് പ്രത്യക്ഷമാക്കിയെങ്കിലും അദ്ദേഹം അതിനനുസരിച്ചൊന്നും സംസാരിച്ചില്ല. ബാക്കി ചടങ്ങുകൾ ശാന്തമായി നടന്നു. പക്ഷേ, പിന്നീട് മദ്ധ്യാഹ്നപ്രാർത്ഥനയ്ക്കു് ആശ്രമവാസികളെല്ലാം ചാപ്പലിൽ ഒന്നിച്ചുകൂടിയപ്പോൾ പ്രാർത്ഥന തുടങ്ങുന്നതിനുമുമ്പ് അദ്ദേഹം അവരെ അഭിമുഖീകരിച്ചു് വിനയാന്വിതനായി പറഞ്ഞു: "ഇന്നു വിശുദ്ധകുർബ്ബാന സമയത്ത് ഞാൻ കോപിച്ചത് വലിയ തെററായിപ്പോയി: നിങ്ങൾക്കു ഞാൻ ദുർമാതൃകയാണു് നല്കിയത്. അത് ദയവായി എന്നോടു ക്ഷമിക്കണമേ". ഒരു ആശ്രമപിതാവ്, പണ്ഡിതനും പ്രഗത്ഭനും വന്ദ്യനുമായ ഒരു ഗുരു തൻെറ ശിഷ്യന്മാരോട് ക്ഷമ യാചിക്കുന്ന മഹത്തായ മാതൃക! ഇതുപോലെയുള്ള ഹൃദയ

www.malankaralibrary.com

സ്പർശിയായ നിരവധി സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിട്ടുണ്ട്.

ആസന്നമരണനായി മാർ ഈവാനിയോസ് കിടക്കയെ അവലംബിച്ചിരുന്ന ഒരു സന്ദർഭം. അദ്ദേഹവുമായി ആശയത്തിലും അഭിപ്രായത്തിലും ഒരു വൈദികൻ അല്പം അകലേണ്ടിവന്നു: ആ വൈദികനുമായി അനുരഞ്ജനപ്പെടുവാൻ അദ്ദേഹം വളരെ ആഗ്രഹിച്ചു. ഒരു ദിവസം ഒരു വൈദികൻ അദ്ദേഹത്തെ കാണാൻചെന്നു. മരണത്തോടു മല്ലടിച്ചു കിടക്കുന്ന മാർ ഈവാനിയോസിന്റെ കിടക്കയുടെ സമീപത്ത് വൈദികൻ നില്ക്കുകയാണ്. ആ വൈദികനെ കണ്ടമാത്രയിൽ അദ്ദേഹം പറഞ്ഞു:"ഏതെങ്കിലും തരത്തിൽ ഞാൻ അച്ചനെ ദ്രോഹിക്കയോ വേദനിപ്പിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ അച്ചനോടു ക്ഷമ യാചിക്കുന്നു." ഇതു കേട്ടയുടനെ ആ വൈദികൻ അത്ഭുതസ്തംബ്ധനായി. "മഹാനായ ഒരു വ്യക്തി അയോഗ്യനായ എന്നോടു ക്ഷമ യാചിക്കുകയോ...?" എന്നൊക്കെ അച്ചൻ ചിന്തിച്ചുപോയി. എന്താണ് മറുപടി പറയേണ്ടതെന്ന് അച്ചന് ഒരെത്തും പിടിയും കിട്ടിയില്ല. വികാരഭരിതനായി ഗദ്ഗദത്തോട് അച്ചൻ പറയാൻ ശ്രമിച്ചു:" പിതാവേ, അങ്ങ് എന്നെ ദ്രോഹിച്ചിട്ടില്ല, വേദനിപ്പിച്ചിട്ടുമില്ല-പിന്നെന്തിനാണ് അങ്ങു ക്ഷമ ചോദിക്കുന്നത്?" അപ്പോൾ വീണ്ടും "ദൈവത്തെപ്രതി അച്ചനെന്നോടു ക്ഷമിക്കണമേ," എന്നാണദ്ദേഹം അപേക്ഷിച്ചത്. ആ വൈദികന്റെ ജീവിതത്തെ ആഴമായി സ്പർശിച്ച ഒരു സംഭവമായിരുന്നു അത്. മാർ ഈവാനിയോസിന്റെ വിശാലമായ മനസ്ഥിതിയും അനുരഞ്ജനമനോഭാവവുമാണ് അതു വ്യക്തമാക്കിയത്.

വലിയവരോടും ചെറിയവരോടും പണ്ഡിതരോടും പാമരരോടും ധനവാന്മാരോടും ദരിദ്രരോടും അദ്ദേഹം ഇടപെട്ടി

www.malankaralibrary.com

ട്ടുണ്ട്. എല്ലാവരെയും ദൈവത്തിൽ ദർശിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. വസ്തുതകൾ യുക്തിപരവും നീതിഷ്ഠവുമായി അവതരിപ്പിക്കുന്ന ചെറിയവരെയാണ് വലിയവരെക്കാൾ അദ്ദേഹം കൂടുതൽ വിലമതിച്ചിരുന്നത്. നല്ലവയെ മുറുകെ പിടിക്കാനും തിന്മയെ വലിച്ചെറിയാനുമുള്ള കർമ്മധീരതയും മനോഭാവവും മരണംവരെ അദ്ദേഹത്തിൽ പരിലസിച്ചിരുന്നു. മററുള്ളവരിലുള്ള നന്മയെ കാണാനും പ്രോത്സാഹിപ്പിക്കാനും വലിയ താല്പര്യം കാണിച്ചിരുന്ന മഹാമനസ്കനായിരുന്നു അദ്ദേഹം. അപ്രകാരം ദൈവവുമായും മനുഷ്യരുമായും നല്ല വ്യക്തിബന്ധം പുലർത്തിയ ഒരു വൈദികമേലദ്ധ്യക്ഷനായിരുന്നു മാർ ഈവാനിയോസ്.

ചുരുക്കത്തിൽ, മേല്പറഞ്ഞ മഹത്തായ സിദ്ധികളും അനന്യസാധാരണമായ കഴിവുകളും ഗുണങ്ങളുമാണ് അദ്ദേഹത്തെ ഒരു മഹാത്മാവാക്കിത്തീർത്തത്. ആ പുണ്യാത്മാവിന്റെ പാവനസ്മരണയുടെ മുമ്പിൽ ആദരാജ്ഞലികൾ അർപ്പിച്ചുകൊള്ളുന്നു.

"സത്യം എന്തെന്നറിഞ്ഞു് എന്തു വില കൊടുത്തും ആ സത്യത്തെ സ്വീകരിച്ച ഒരു പിതാവ്".

—ഡോ. വിക്ടർ നരിവേലി

www.malankaralibrary.com

# മാർ ഈവാനിയോസിൻെറ ദൂരദർശനവും ദീർഘവീക്ഷണവും

—ഫാദർ ജോസഫ് ഇടമരം S.J.

നിതാന്തവന്ദ്യ ദിവ്യശ്രീ മാർഈവാനിയോസ് തിരുമേനിയെപററി, അദ്ദേഹത്താൽ സ്ഥാപിതമായ ബഥനി സന്ന്യാസ സമൂഹങ്ങളെപററി സ്മരിക്കുന്നതുതന്നെ പലകാരണങ്ങളാലും ഒരു പ്രത്യേക ഭാഗ്യം ആയി ഞാൻ കരുതുകയാണ്. കാരണം അത്രകണ്ട് സുദൃഢവും അവിസ്മരണീയവുമായിരുന്നു മാർ ഈവാനിയോസ് തിരുമേനിക്ക് ഈ എളിയ ദാസനോടുണ്ടായിരുന്ന വാത്സല്യവും അദ്ദേഹത്തിൽനിന്ന് എനിക്കു ലഭിച്ചിട്ടുള്ള അനുഗ്രഹാശിസ്സുകളും. മാത്രമല്ല 1963–64 വർഷങ്ങളിൽ ഓ.ഐ.സി. സമൂഹത്തിൻെറ വിസിററായി അന്ന് ഭാരതത്തിലെ മാർപാപ്പായുടെ പ്രതിനിധി ആയിരുന്ന ഇപ്പോഴത്തെ കാർഡിനൻ നോക്സ് (Knox) എന്നെ നിയമിക്കുകയുണ്ടായി. അങ്ങനെ ബഥനി സമൂഹവുമായി കൂടുതൽ പരിചയപ്പെടുന്നതിനുള്ള അവസരവും അവകാശവും എനിക്കു ലഭിച്ചു. ഈ കാരണങ്ങളാൽ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആചരണ വേളയിൽ, അദ്ദേഹത്തിന് ഈ സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുന്നതിനുണ്ടായ ദൂരദർശനവും ദീർഘവീക്ഷണവും ഒന്നവതരിപ്പിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്.

പുനരൈക്യപ്രസ്ഥാനത്തിൻെറ നെടുംതൂൺ ആയിരുന്ന മാർ ഈവാനിയോസ് തിരുമേനിയോട് ഒരുമിച്ച് ഈ സന്ന്യാസസമൂഹത്തിൻെറ പ്രാരംഭപ്രവർത്തകരായി പ്രവർത്തിച്ച ബഹുമാനപ്പെട്ട ജോഷ്വാ അച്ചനും എബ്രഹാം അച്ചനും

www.malankaralibrary.com

ിക്കെ ഇപ്പോൾ നമ്മോടുകൂടെ ഉണ്ടു് എന്നു കാണുന്നതു് ഏന്റെ സ്മരണകൾ കൂടുതൽ പ്രസക്തമാക്കുകയാണു്. മാർ ഈവാനിയോസ് തിരുമേനിയും, അദ്ദേഹത്തിന്റെ വലംകൈയായിരുന്ന റമ്പാച്ചനും, മാർ തെയോഫിലോസ് തിരുമേനിയും, മാർ സേവേറിയോസ് തിരുമേനിയുമെല്ലാം ഇപ്പോൾ മൺമറഞ്ഞു പോയിരിക്കുകയാണു്. പക്ഷെ കാലയവനികയുടെ മറയിൽ നിന്നുകൊണ്ടു് അവർ ഈ സന്ന്യാസസമൂഹങ്ങൾക്കുണ്ടായ പുരോഗതിയും, പുനരൈക്യപ്രസ്ഥാനത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയും ചാരിതാർത്ഥ്യപൂർവ്വം വീക്ഷിക്കുന്നുണ്ടു് എന്നു നമുക്കു് വിശ്വസിക്കാം. ഇന്നു് മലങ്കര കത്തോലിക്കാസഭയിൽ എതാണ്ടു് മൂന്നു ലക്ഷത്തോളം ജനങ്ങൾ ഉണ്ടു് എന്നാണു് കണക്കുകൾ കാണിക്കുന്നതു്. എന്നാൽ മാർ ഈവാനിയോസ് തിരുമേനിയും മററും പുനരൈക്യപ്പെട്ട കാലത്തു് ഈ സംഖ്യ കേവലം കൈവിരലുകളിൽ ഒതുങ്ങി നിന്നിരുന്നു. വെറും അഞ്ചുപേർ. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. തിരുവനന്തപുരം, തിരുവല്ല എന്നീ രൂപതകൾക്കുപുറമേ വടക്കെ മലബാറിൽ ബത്തേരി രൂപതയും രൂപം കൊണ്ടിരിക്കയാണു്. അതുപോലെതന്നെ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി പുരുഷവിഭാഗത്തിൽ ആദ്യകാലത്തു് കേവലം കൈവിരലുകൾകൊണ്ടു് എണ്ണാമായിരുന്ന കുറെ വൈദികർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നു് ഏറെക്കുറെ 70 വൈദികരും അതുപോലെ അർത്ഥികളും ഉള്ള ഗണ്യമായ ഒരു സമൂഹമായി അതു വളർന്നു വന്നിരിക്കയാണു്. കൂടാതെ ഈ സന്ന്യാസസമൂഹത്തിലെ രണ്ടു അംഗങ്ങൾ രൂപതാദ്ധ്യക്ഷന്മാരായി തീർന്നിട്ടുമുണ്ടു്. മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി സ്ത്രീവിഭാഗത്തിൽ മൂന്നു പ്രോവിൻസുകളിലായി ഏറെക്കുറെ 400 കന്യാസ്ത്രീകൾ ഉണ്ടു് എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇതെല്ലാം ഈ അരനൂററാണ്ടിൽ, അക്ഷരാർത്ഥത്തിൽ ഈ

www.malankaralibrary.com

സന്ന്യാസസമൂഹങ്ങൾക്കു വന്നിട്ടുള്ള കാര്യമായ പുരോഗതി തന്നെയാണ്. ഈ സമൂഹങ്ങൾക്ക് ദൈവത്തിൻെറ അനുഗ്രഹം ഉണ്ടെന്നും, പരിശുദ്ധാത്മാവിൻെറ ചൈതന്യം ഇതിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഈ അഭിവൃദ്ധി വ്യക്തമാക്കുന്നു.

മാർ ഈവാനിയോസ് തിരുമേനിയും മററും പുനരൈക്യപ്പെട്ടിട്ട് അധികം താമസിക്കാതെ തന്നെയാണ് 1936-ൽ ഞാൻ കാൻഡിയിലെ പേപ്പൽ സെമിനാരിയിലെ ആദ്യത്തെ ഭാരതീയ പ്രൊഫസറായി നിയമിക്കപ്പെട്ടതു്. അതിൽ സന്തോഷിച്ചും, എന്നെ അനുമോദിച്ചും മാർ ഈവാനിയോസ് തിരുമേനി എനിക്കയച്ച കത്തിനു് നേരിട്ടു് നന്ദി പറയുവാനായും അദ്ദേഹത്തിൻെറ അനുഗ്രഹാശിസ്സുകൾ വാങ്ങുന്നതിനുമായി ഞാൻ തിരുവനന്തപുരത്തു ചെല്ലുകയുണ്ടായി. അപ്പോൾ തിരുമേനി എന്നെ കുറെദിവസം അദ്ദേഹത്തിൻെറ കൂടെ താമസിപ്പിച്ചു. ചിലപ്പോൾ സഹാർദ്ദപൂർവ്വം എന്നോടു് സംഭാഷണം ചെയ്തിരുന്നു. ഒരിക്കൽ ഞാൻ തിരുമേനിയോടു ചോദിക്കാൻ ധൈര്യപ്പെട്ടു. “അങ്ങു സ്ഥാപിച്ച ഈ ബഥനി സമൂഹത്തെ എന്തുകൊണ്ടു് Order of the Imitation of Christ എന്നു വിളിക്കുന്നു.” അതിനു മാർ ഈവാനിയോസ് തിരുമേനി നല്കിയ ചുട്ട മറുപടി ഇതായിരുന്നു. “അച്ചൻ ഉൾപ്പെടുന്ന ഈശോസഭയെ എന്തുകൊണ്ടാണ് ഈശോസഭ എന്നു വിളിക്കുന്നതു്” എന്നു്. ഞാൻ അല്പം ആലോചിച്ചു മറുപടി പറഞ്ഞു ‘ഈശോയിക്കു് പ്രത്യേക സാക്ഷ്യം വഹിക്കേണ്ടതു് ഈ സഭയുടെ കർത്തവ്യമായി അതു ചിന്തിക്കുന്നതുകൊണ്ടും, ഈശോയുടെ ദൗത്യം തുടരേണ്ടതു് ഈ സഭയുടെ ആവശ്യം ആയതുകൊണ്ടും ഈ സഭയെ ഈശോസഭ എന്നു വിളിക്കുന്നു. അപ്പോൾ തിരുമേനി കുട്ടിചേർത്തു “അതുപോലെ ക്രിസ്തുവിനെ ആത്മാർത്ഥമായും, യഥാർത്ഥമായും അനുകരിക്കേണ്ട ഒരു സമൂഹമായിട്ടാണ് ഞാൻ ഈ സഭയെ വിഭാവനം ചെയ്യുന്നതു്. രണ്ടു സന്ന്യാസസമൂഹങ്ങൾക്കു് ഒരേ

www.malankaralibrary.com

പേർനല്കാൻ നിവൃത്തിയില്ലല്ലോ. അതുകൊണ്ടു് അച്ചൻെറ സഭയെ ഈശോസഭയെന്നു വിളിക്കുമ്പോൾ എൻെറ സഭയെ ഞാൻ Order of the Imitation of Christ എന്നു വിളിക്കുന്നു" ചുരുക്കത്തിൽ ഈ സമൂഹങ്ങളിലെ അംഗങ്ങൾ ഒരുപോലെ ജീവിതരീതിയിലും പ്രവർത്തനശൈലിയിലും ക്രിസ്തുവിനെ ആത്മാർത്ഥമായും യഥാർത്ഥമായും അനുകരിച്ചു, സേവിച്ചു് ജീവിക്കേണ്ടവരാണു്. ഇതായിരുന്നു അദ്ദേഹത്തിൻെറ ദൂരദർശനവും ദീർഘവീക്ഷണവും.

അഭിവന്ദ്യപിതാവു് ഈ സമൂഹങ്ങളെ സ്ഥാപിച്ചതു് ഭാരതത്തിനു സ്വാതന്ത്ര്യം ലഭിക്കുന്നതിനു് പത്തിരുപതു് വർഷങ്ങൾക്കു മുൻപുതന്നെയാണു്. എന്നിരുന്നാലും സന്യാസസമൂഹങ്ങളിൽ ഭാരതവൽക്കരണത്തിൻെറ ആവശ്യവും, പ്രാധാന്യവും അദ്ദേഹത്തിനു് തൻെറ ദൂരദർശനത്തിലും ദീർഘവീക്ഷണത്തിലും ബോധ്യമായ ഒരു കാര്യം ആയിരുന്നു. അതുകൊണ്ടുതന്നെയാണു് ബഥനിസന്യാസി സമൂഹത്തിനു് ഭാരതീയ സംസ്കാരത്തിനനുയോജ്യമായ ഭാരതീയാചാരങ്ങൾക്കൊത്തിണങ്ങിയ കാവിവസ്ത്രവും മരക്കുരിശും മററും സഭാവസ്ത്രങ്ങൾ ആയി കല്പിച്ചതു്. ഞാൻ ഒരിക്കൽ തിരുമേനിയോടു ചോദിച്ചു അങ്ങു സ്ഥാപിച്ച ബഥനി സന്യാസിനീ സമൂഹത്തിനു് എന്തുകൊണ്ടാണു് ഈ കാവിവസ്ത്രം നല്കാത്തതു് എന്നു്. അപ്പോൾ തിരുമേനി മറുപടി പറഞ്ഞു "അച്ചാ, അവർ പെണ്ണുങ്ങൾ അല്ലേ, അച്ചന്മാരെ പോലെ അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിക്കേണ്ട ആവശ്യം ഇല്ല. മഠത്തിൽ ഒതുങ്ങികൂടി ശുചിയായി വസ്ത്രം ധരിച്ചു്, കുരിശെടുത്തു് ശുചിയായി ജീവിക്കട്ടെ". ഞാൻ വീണ്ടും ആവർത്തിക്കുകയാണു് മാർ ഈവാനിയോസ് തിരുമേനി തൻെറ ദൂരദർശനത്തിലും, ദീർഘവീക്ഷണത്തിലും ഈ സമൂഹങ്ങൾ ക്രിസ്തുവിനെ ആത്മാർത്ഥമായും യഥാർത്ഥമായും ജീവിത

www.malankaralibrary.com

രീതിയിലും പ്രവർത്തന ശൈലിയിലും അനുകരിക്കണമെന്നാണാഗ്രഹിച്ചിരുന്നതു്.

ഒരിക്കൽ പിതാവു് എന്നോടു ചോദിച്ചു "ഈ ക്രിസ്തുവിനെ ആത്മാർത്ഥമായും യഥാർത്ഥമായും അനുകരിക്കുന്നതിനെപററി ബൈബിളിൽ എവിടെയാണു് പരാമർശിക്കുന്നതു്." ഞാൻ മറുപടി പറഞ്ഞു "അതു മലയിലെ പ്രസംഗത്തിൽ ഉണ്ടല്ലോ". അപ്പോൾ തിരുമേനി പറഞ്ഞു "അങ്ങനെതന്നെ. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; നീതിക്കുവേണ്ടി, പുണ്യത്തിനുവേണ്ടിയന്തിക്കുന്നവർ ഭാഗ്യവന്മാർ" എന്നു്. ചുരുക്കത്തിൽ നമ്മൾ പുണ്യത്തിനുവേണ്ടി ജീവിക്കുകയും, ത്യാഗസന്നദ്ധമായി ജീവിക്കുകയും ചെയ്താൽ നമ്മൾ ഭാഗ്യവാന്മാർ ആണു്. മാർ ഈവാനിയോസു് തിരുമേനി തന്റെ ദൂരദർശനത്തിലും ദീർഘവീക്ഷണത്തിലും വിഭാവന ചെയ്ത ലക്ഷ്യം ഫലവത്താകുകയും ചെയ്യും.

ബഥനി സന്ന്യാസ സമൂഹങ്ങൾക്കു് അനാഡംബര ജീവിതമാണു് മാർ ഈവാനിയോസു് തിരുമേനി വിഭാവനം ചെയ്തിരുന്നതു്. അതുകൊണ്ടു തന്നെയാണല്ലോ, തിരുവല്ലായിക്കടുത്തു് ബഥനി മഠം സ്ഥാപിച്ചു് അനാഡംബരമായി ജീവിച്ചു് പുനരൈക്യ പ്രസ്ഥാനത്തിനു് ആരംഭം കുറിച്ചതു്. എന്നാൽ ഇന്നു് പല സന്ന്യാസസമൂഹങ്ങളിലും അനാഡംബരജീവിതം വലിച്ചെറിഞ്ഞു് സൗകര്യപ്രദമായ ഒരു ജീവിതരീതി സ്വീകരിക്കുന്നതായി നമുക്കു കാണാം. കാലത്തിനൊത്തുള്ള മാററം ആവശ്യം ആണു്. സൗകര്യങ്ങൾ വർദ്ധിക്കുന്തോറും അതു സുഖലോലുപതയിലേക്കു കടന്നുവരുന്ന പ്രവണത നന്നല്ല.

നാം കഷ്ടപ്പെട്ടു ജീവിക്കണമെന്നർത്ഥമില്ല. കഷ്ടപ്പെട്ടു ജീവിക്കുന്നതു് ഒന്നു്, ത്യാഗസമ്പന്നമായി ജീവിക്കുന്നതു് മററൊന്നു്. ബുദ്ധിമുട്ടി ജീവിക്കുന്നതിൽ ഒരുപക്ഷേ സ്വാ

www.malankaralibrary.com

ത്ഥത ഉണ്ടായിരിക്കും. സന്ന്യാസസമൂഹസ്ഥാപകൻെറ 'സിദ്ധി' (charism) നാം ഒരിക്കലും വിസ്മരിക്കരുത്. സ്ഥാപകൻെറ ബോധ്യവും ലക്ഷ്യവും ഒരിക്കലും നമുക്കു കൈവെടിയാൻ പാടില്ല. മാർ ഈവാനിയോസ് തിരുമേനിയുടെ കാല്പാടുകൾ നമുക്കു വിസ്മരിക്കാനാവില്ല. അദ്ദേഹം തൻെറ ദൂരദർശനത്തിലും ദീർഘവീക്ഷണത്തിലും വിഭാവനം ചെയ്ത അനാഡംബര ജീവിതം വെടിയാനുള്ള അവകാശം നമുക്കില്ല.

ഈ സമൂഹങ്ങളെ അദ്ദേഹം കേവലം തപസ്സിലും പ്രാർത്ഥനയിലും മാത്രം ഒതുങ്ങിക്കഴിയുന്ന ഒരു മോണാസ്റ്റിക് (monastic) സമൂഹമായിട്ടല്ല വിഭാവനം ചെയ്തത്. ഇന്നത്തെ ലോകത്തിൽ തപസ്സിലും പ്രാർത്ഥനയിലും മാത്രം ഒതുങ്ങി മോണാസ്റ്റിക് ജീവിതം നയിക്കുന്നതുകൊണ്ട് ക്രിസ്തുവിനു് പ്രശസ്തമായ രീതിയിലും വിപുലമായ തോതിലും സാക്ഷ്യംവഹിക്കാൻ സാധിക്കുമെന്നനിക്കു വിശ്വാസം ഇല്ല. അതുകൊണ്ടു മാർ ഈവാനിയോസ് തിരുമേനി തൻെറ ദൂരദർശനത്തിലും ദീർഘവീക്ഷണത്തിലും ഈ സമൂഹങ്ങൾ പ്രവർത്തനരംഗത്തു് ഇറങ്ങി പ്രവർത്തിക്കണമെന്നു് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചാണു് ഇന്നു് ഈ സമൂഹങ്ങൾ വിദ്യാലയങ്ങൾ, അനാഥശാലകൾ, അനാഥമന്ദിരങ്ങൾ ആശുപത്രികൾ, തുടങ്ങിയ സാമൂഹിക സേവന രംഗത്തിറങ്ങി പ്രവർത്തിക്കുന്നതു്. ഇങ്ങനെയൊക്കെ പ്രവർത്തിക്കുന്നു എന്നിരുന്നാലും സന്ന്യാസജീവിതത്തിനനുയോജ്യമായ, അല്ല, അത്യന്താപേക്ഷിതമായ ത്യാഗസമ്പന്നത, സേവനമനോഭാവം, സഹനശീലം, അനുസരണം, ദാരിദ്ര്യം എന്നീ പുണ്യങ്ങൾ നമുക്കു് ഒരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ സ്ഥാപകൻെറ കാരിസം അദ്ദേഹം വിഭാവനം ചെയ്ത അനാഡംബരജീവിതവും അനാഡംബര പ്രവർത്തനവും ഈ സഭയുടെ മുതൽക്കൂട്ടായിരിക്കട്ടെ! ഇതാണെൻെറ ആശംസ.

www.malankaralibrary.com

വന്ദ്യപിതാവു് തന്റെ ദൂരദർശനത്തിലും ദീർഘവീക്ഷണത്തിലും ഈ സന്ന്യാസസമൂഹാംഗങ്ങൾ നയിക്കേണ്ട അനാഡംബര ജീവിതത്തിന്റെ നട്ടെല്ലായിട്ടാണു് ദാരിദ്ര്യത്തെ കണ്ടിരുന്നതു്. മെത്രാപ്പോലീത്ത ആയിരുന്ന കാലത്തു പോലും അദ്ദേഹം ദാരിദ്ര്യപരമമയ ജീവിതം ആയിരുന്നു നയിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ആ ആത്രപിക്കൊത്ത അനുസരത്തിലും ഒച്ചപ്പാടില്ലാത്ത പ്രവൎത്തന രീതിയിലുമായിരിക്കണം നമ്മുടെ മുൻപോട്ടുള്ള പ്രയാണം. അദ്ദേഹം ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം അനുദിനം പ്രബലപ്പെട്ടു വരികയാണു്. വന്ദ്യപിതാവിനാൽ സ്ഥാപിതമായ ബഥനി സമൂഹങ്ങളും എണ്ണത്തിൽ മാത്രമല്ല പുണ്യത്തിലും വളരട്ടെ എന്നു ഞാൻ ആശംസിക്കുന്നു. അതുണ്ടാകണമെങ്കിൽ അദ്ദേഹത്തിനു തന്റെ ദൂരദർശനത്തിലും ദീർഘവീക്ഷണത്തിലും ഉണ്ടായിരുന്ന വിഭാവന–അനാഡംബര ജീവിതം, ഒച്ചപ്പാടില്ലാത്ത പ്രവൎത്തനം, ദാരിദ്ര്യരുപി–നമ്മുടെ മുതൽക്കൂട്ടായി മാറേണ്ടതായിട്ടുണ്ടു്.

"ആർച്ചുബിഷപ്പായിരുന്ന മാർ ഈവാനിയോസു് തിരുമേനി ജനഹൃദയങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ത്യാഗവര്യനായിരുന്നു. അദ്ദേഹം കത്തോലിക്കാസഭയുടേതു മാത്രമായിരുന്നില്ല. എല്ലാ ജനത്തിനും ഉത്തമനായ ഒരു നേതാവായിരുന്നു"

—ബനഡിക്ടു് മാർ ഗ്രിഗോറിയോസു് വലിയ മെത്രാപ്പോലീത്താ

www.malankaralibrary.com

# എന്റെ വീക്ഷണത്തിലെ ബഥനി

—പ്രൊഫ. റ്റി. കെ. കോശി.

മലങ്കരസഭ കലഹത്തിലും, മാത്സര്യത്തിലും മുങ്ങിമറിഞ്ഞ് ക്രൈസ്തവാരൂപി നഷ്ടപ്പെട്ടു കൊണ്ടിരുന്ന ഒരു കാലയളവിൽ ജീവിച്ചിരുന്ന ഒരു മഹാനാണ് മാർ ഈവാനിയോസ് പിതാവ്. മലങ്കര സഭയുടെ ഉന്നമനത്തിനും അതിനെ അന്നു ഗ്രസിച്ചിരുന്ന ശാപത്തിൽനിന്നു മോക്ഷം നല്കുന്നതിനും പിതാവ് ബദ്ധശ്രദ്ധനായിരുന്നു. കലഹത്തിലും വ്യവഹാരത്തിലുംകൂടി തമ്മിൽതല്ലി നശിച്ചുകൊണ്ടിരുന്ന സഭയുടെ മോചനവും യഥാർത്ഥമായ ക്രിസ്തീയ ജീവിതത്തിലേക്ക് അതിനെ നയിക്കുന്നതിനുള്ള അടങ്ങാത്ത ആവേശവും തിരുമനസ്സിനെ അലട്ടികൊണ്ടിരുന്നു. "ആയിരം വർഷങ്ങൾക്കു മുമ്പ് വിശുദ്ധ മാർത്തോമാശ്ലീഹ ഭാരതത്തിൽ കൊളുത്തിയ ദീപം ഇന്നും മങ്ങിമയങ്ങി നില്ക്കുകയാണ്. മലങ്കരസഭയുടെ അക്ഷണ്യമായ ഈ അപരാധത്തിന് പരിഹാരം ചെയ്യേണ്ടകാലം അതി വിദൂരമല്ല" എന്ന് ഒരിക്കൽ ഗിരിദീപം എന്ന തന്റെ ഗ്രന്ഥത്തിൽ തിരുമേനി നെടുവീർപ്പുകളോട്, ഹൃദയവേദനയോടെ എഴുതി. മറ്റൊരിക്കൽ തിരുമേനി പറഞ്ഞു "പരസ്പരം കലഹിച്ചു നശിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവാദർശങ്ങളും ജീവിതരീതിയും സഭാംഗങ്ങൾക്കു പകന്നു കൊടുക്കുവാൻ എന്തുചെയ്യണമെന്നു ചിന്തിക്കണം". ഈ രണ്ട് ഉദ്ധരണികളിൽനിന്നും ജനങ്ങളുടെ ജീവിതനവീകരണവും ജീവിതവിശുദ്ധിയും സഭയുടെ മൗലികമായ കടമയായിരിക്കണമെന്ന് തിരുമേനി ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു എന്നു സ്പഷ്ടമാ

www.malankaralibrary.com

ണ്. സഭയുടെ യഥാത്ഥമായ ദൗത്യം അന്നു മലങ്കരസഭ നിറവേററുന്നില്ലെന്ന ബോധ്യം ആ പിതാവിനെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

ഇപ്രകാരമുള്ള നിരന്തരവും വേദനാപൂണ്ണവുമായ ചിന്തയുടേയും, ധ്യാനത്തിൻേറയും ഫലമാണ് ബഥനി സമൂഹത്തിൻെറ സ്ഥാപനവും അതിനുശേഷമുള്ള പുനരൈക്യവും. ഈ മാഗ്ഗങ്ങൾ തിരുമേനി തിരഞ്ഞെടുത്തതു് വ്യക്തമായ ഉദ്ദേശത്തോടുകൂടിയാണ്. സമാധാനപൂണ്ണമായ ഒരന്തരീക്ഷത്തിൽ ജനങ്ങളുടെ ആത്മീയ ജീവിതം ധന്യമാക്കുക, യഥാത്ഥമായ ക്രിസ്തീയ ജീവിതം ജനങ്ങൾക്കു പകൻറു കൊടുക്കുന്നതിനു് ആത്മീയമായ ഒരു സങ്കേതം കെട്ടിപ്പടുക്കുക-അതാണ് ബഥനി സമൂഹം. ആത്മീയവും പ്രാത്ഥനാപരവുമായ ഒരു ക്രിസ്തീയ ജീവിതം ലഭ്യമല്ലാതിരുന്ന അവസരത്തിൽ ഒരു ആത്മീയ നവോത്ഥാനത്തിനു പാത ഒരുക്കുന്ന സങ്കേതമായി ബഥനി സമൂഹത്തെ പിതാവു് കരുപിടിപ്പിച്ചിരുന്നു. കേവലം ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളും ഉപരിപ്ലവമായ പ്രവത്തനശൈലിയും സഭയുടെ ആത്മീയ ചേതസ്സിനു കളങ്കം ചാത്തിയിരുന്നു. ഒരു കാലയളവിൽ ദാരിദ്ര്യത്തിൻെറ ത്യാഗപൂണ്ണമായ ജീവിതത്തിലൂടെയും ക്രിസ്തുവിൻെറ ജീവസത്ത ജനങ്ങളിലേക്കു പകരാൻ പിതാവു് രൂപീകരിച്ച 'spiritual store house' ആണ് ബഥനി സന്ന്യാസസമൂഹം. ലൗകികമായ ആഡംബരങ്ങളിലും അമിതമായ ധനാസക്തിയിൽനിന്നുടലെടുത്ത വ്യവഹാരങ്ങളിലും മുങ്ങിപ്പോയ സഭയെയും സഭാനേതാക്കന്മാരേയും ചിന്തിപ്പിക്കുന്നതിനും, യഥാത്ഥമാഗ്ഗം അവക്കു കാണിച്ചുകൊടുക്കുന്നതിനുമായി മലങ്കരയുടെ ഉജ്ജ്വലനായ നേതാവു് ദരിദ്ര്യരിൽ ദരിദ്രമായ ആശ്രമജീവിതം ആരംഭിച്ചു. ആ മഹൽപ്രസ്ഥാനമിന്നു തഴച്ചുവളൻറു പന്തലിച്ചു് അതിൻെറ ദൗത്യം നിറവേററുന്നതുകണ്ടുകൊണ്ടു്

www.malankaralibrary.com

ആ വന്ദ്യപിതാവ് സ്വർഗ്ഗത്തിലിരുന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നുണ്ടെന്നു നമുക്കു വിശ്വസിക്കാം.

ഈ ജന്മശതാബ്ദി ആചരണാവസരം സമൂഹത്തിൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള ഒരവസരമാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. ജനങ്ങളുടെ ജീവിത നവീകരണത്തിനും ക്രിസ്തീയാദർശനത്തിലധിഷ്ഠിതമായ ജീവിതശൈലി നമ്മുടെ ജനങ്ങൾക്കു നല്കുന്നതിനും അങ്ങനെ മലങ്കര കത്തോലിക്കാ സഭയുടെ ആത്മീയശക്തി കേന്ദ്രമായിതീരാൻ ആ വന്ദ്യപിതാവ് ആഗ്രഹിച്ച് സ്ഥാപിച്ച ഈ മഹൽപ്രസ്ഥാനം ആ ഉദ്ദേശലക്ഷ്യത്തിലെത്തുന്നതിൽ ഇനിയും വല്ല പോരായ്മകളും വന്നിട്ടുണ്ടെങ്കിൽ സൂക്ഷ്മമായ ആത്മപരിശോധനയിലൂടെ അതു നികത്തണം. അഭിവന്ദ്യ പിതാവ് ജീവിച്ചിരുന്ന കാലത്തേക്കാളും ഇപ്രകാരമുള്ള ഒരു ആത്മീയ നേതൃത്വത്തിനു ജനങ്ങൾ ദാഹിക്കുന്ന ഒരു കാലയളവാണിതെന്ന് ഈ സന്യാസസമൂഹം അംഗീകരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും വേണം. അനിഷേധ്യങ്ങളും സനാതനങ്ങളുമായ ജീവിതസത്യങ്ങളും സന്മാർഗ്ഗീക മൂല്യങ്ങളും ഇന്നു ചവിട്ടിമെതിക്കപ്പെടുകയാണ്. സഭാംഗങ്ങൾതന്നെ അപകടകരങ്ങളായ പാതയിൽ കൂടി ഇഴഞ്ഞുകൊണ്ടിരിക്കുകയാണ്. അവരെ നേരായവഴിയിൽ നയിക്കുന്നതിനും നശീകരണപ്രവണതകളിൽനിന്നു രക്ഷിക്കുന്നതിനും സംഘടിതമായ ആത്മീയനേതൃത്വം പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ ഇളംതലമുറയുടെ ജീവിതരീതികളും, താത്പര്യങ്ങളും ആശയങ്ങളും, എത്ര ശോചനീയവും പൈശാചികവുമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇതിനെതിരായി നേരായവഴിയിൽകൂടി അവരെ നയിക്കുന്നതിന് സഭാനേതൃത്വം ശക്തമായ എന്തുനടപടി സ്വീകരിച്ചുവെന്നു ചിന്തിക്കണം. അപകടകരമായ ഈ പോക്കുകണ്ടിട്ടും കണ്ടില്ലെന്നു നടിക്കുകയോ, കണ്ടിട്ടും അതിൻെറ ഗൗരവം മനസ്സിലാ

കാതെ നിഷ്ക്രിയരായിരിക്കുകയോ ചെയ്താൽ അന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞതുപോലെ "അക്ഷണ്യമായ ഈ അപരാധത്തിന്നു പരിഹാരം നല്കേണ്ടിവരുന്നകാലം അനതിവിദൂരമല്ല."

ബഥനി സന്ന്യാസസമൂഹത്തിന് ഈ സന്ദർഭത്തിൽ ഭീമമായ ഒരു ഉത്തരവാദിത്വമുണ്ടെന്നു ഞാൻ കരുതുകയാണ്. പൈശാചിക ശക്തികളുടെ കടന്നാക്രമണത്തിനു മുമ്പിൽ ഒരു ഇരുമ്പുകോട്ടപോലെ ആത്മീയശക്തിയുടെ കേന്ദ്രമായി ഈ സമൂഹം തലയുയർത്തി നേതൃത്വം നല്കട്ടെ. ഈ പ്രസ്ഥാനത്തിന് എന്നത്തേക്കാൾ കൂടുതലായി പ്രാധാന്യവും ചുമതലയുമുള്ള ഒരു കാലഘട്ടമാണിത്. കാലഘട്ടത്തിന്റെ ശക്തമായ ഈ വെല്ലുവിളിയെ സ്വീകരിച്ച് സമൂഹത്തിനു ശക്തമായ ആത്മീയനേതൃത്വം നല്കി അപകടത്തിലേക്കു വഴുതിവീണുകൊണ്ടിരിക്കുന്ന ജനതയെ രക്ഷിക്കുക. ഇതു നിങ്ങളുടെ ചുമതലയും, കാലഘട്ടത്തിന്റെ വെല്ലുവിളിയുമായി ഞാൻ കരുതുന്നു.

Our lady speaks to her beloved priests എന്ന പുസ്തകത്തിലെ ചില വാചകങ്ങൾ ഈ അവസരത്തിൽ ശ്രദ്ധേയമാണ്. "My beloved sons, the darkness has spread every part of the world and just when men thinks, they have attained the submit of progres, they are precipirated down in to the most profound darkness. And so all is darkened by the shadow of death which slays you, of sin which imprisons you, and which destroys you. Darkness has also invaded the church. It is constantly speading and everyday it harvests its victims even among my beloved sons...The line of your public mission has arrived. Gather together advance into me along the road that I have traced for you. Go in to all parts of the world to fulfial the mission my son Jeseus, has entrusted to each of you."

www.malankaralibrary.com

സനാതനങ്ങളായ സത്യധർമ്മാദികൾ നിഷേധിക്കപ്പെടുകയും, വ്യക്തികളുടെ ജീവിതരീതികളും വീക്ഷണങ്ങളും അധഃപതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ ബഥനിയെപ്പോലുള്ള ആത്മീയശക്തി സങ്കേതങ്ങളുടെ ചുമതല ഇവിടെ സ്പഷ്ടമായി പറയേണ്ടതില്ല. സമൂഹത്തിൻെറ മനഃസാക്ഷിയെ തട്ടിയുണർത്തി അവക്ക് ശരിയായ നേതൃത്വം നല്കി ഒരു നവോത്ഥാനത്തിൻെറ കാഹളം ഊതാൻ സമയം വൈകിപ്പോയി. സഭ ഏററം പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു രംഗം ഇതാണെന്നു ഞാൻ കരുതുന്നു. ദിനംപ്രതി അധഃപതിച്ചുകൊണ്ടിരിക്കുന്ന സന്മാർഗ്ഗിക നിലവാരം, സത്യത്തെയും നീതിയേയും പുച്ഛിച്ചുതള്ളുന്ന ഒരു തലമുറ; വ്യക്തിജീവിതത്തിലെ പുഴുക്കുത്തുകൾ ഇവയെല്ലാം, സമുദായത്തെ അപകടത്തിലെത്തിച്ച ഈ സന്ദർഭത്തിൽ സഭയുടെ അദ്ധ്യാത്മിക സിരാകേന്ദ്രങ്ങൾ ആയ സന്ന്യാസസമൂഹങ്ങൾ പ്രവർത്തനപരിപാടികളുമായി മുൻപോട്ടു വരണം. ബഥനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേററുന്നതിനുള്ള കഴിവും ദൈവാനുഗ്രഹവും ഇന്നു് ഈ സമൂഹത്തിനുണ്ടു്. ആത്മീയജീവിതത്തിലും, വിജ്ഞാനമണ്ഡലത്തിലും, മനുഷ്യോപകാരപ്രദമായ മററു പ്രവർത്തനമണ്ഡലത്തിലും വിജയകരമായി പ്രവർത്തിക്കുന്ന അനേക സന്ന്യാസശ്രേഷ്ഠന്മാർ ഇന്നു് ഈ സമൂഹത്തിലുണ്ടു്. അതിനുള്ള കഴിവും, പ്രവർത്തനശേഷിയും ബഥനി അഭിമുഖീകരിക്കുന്ന ഈ വലിയ വെല്ലുവിളിയെ സ്വീകരിക്കാൻ തിരിച്ചുവിടണമെന്നു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണു്. ഭാരമേറിയതെങ്കിലും ചരിത്രപരമായ ഒരു ദൗത്യത്തിൻെറ പൂർത്തീകരണത്തിനാവശ്യമായ ഈ ജോലി ഭാരമേററു് ഈ തലമുറയെ നാശഗർത്തത്തിൽനിന്നും രക്ഷിക്കുവാനുള്ള കർമ്മപരിപാടികളുമായി മുൻപോട്ടുപോയി വിജയം വരിക്കാൻ ബഥനി സമൂഹം ശക്തമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

പരിശുദ്ധപിതാവ് ജോൺ പോൾ മാർപാപ്പായുടെ ഏതാനും വാചകങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ ചെറിയ ലേഖനം അവസാനിപ്പിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്:

"Priests are first of all priests for the people and not politicians, managers, basinessmen, investers, travel agents, revolutioanries or import-export agents for developing countries. The church's concern for social-justice must be exercised in keeping in to their priestly vocation. This character must be even more emphasised today aganist multifaneris tendencies to secularise the priests service and to reduce it to a function that is purely philanthropic. His service is not that of a physician, the social worker the politician or the trade unionist. You must not take the place of a laymen and even less neglet the task which is specifically yours."

"His Graee is truely a man of God, who dedicated his life to the church and the society. I trust generation to come will receive inspiration from the life and work of the late Arch Bishop to minister their Spiritual goal and welfare and well-being of the people."

P. Ramachandran,
Kerala Governer.

www.malankaralibrary.com

# ബഥനി ഭാരതസഭയിൽ

—ബ്ര. വറുഗീസ് തൈക്കൂട്ടത്തിൽ
ഓ. ഐ. സി.

മനുഷ്യചരിത്രത്തിൽ ആദ്ധ്യാത്മിക നവോത്ഥാക്കളേയും, വിശുദ്ധരേയും, ദൈവവചന പ്രചോദിതരായ പ്രവാചകന്മാരേയും, മുനിശ്രേഷ്ഠരേയും നമുക്കു കാണുവാൻ സാധിക്കും. ഏതോ ഒന്നിനെ മുന്നിൽ കണ്ടുകൊണ്ടു്, ഏതോ ഒന്നിനാൽ നിവേശിതരായി ആ അദ്ധ്യാത്മിക യാഥാർത്ഥ്യത്തിനു സജീവ സാക്ഷികളായി മനുഷ്യചരിത്രത്തിലൂടെ കടന്നുപോയവരാണ് ഇക്കൂട്ടർ. നശ്വരതയെ ബലിയർപ്പിച്ചുകൊണ്ടു് തങ്ങൾക്കു ബോദ്ധ്യം വന്ന അനശ്വരതക്കുവേണ്ടി ജീവിച്ചവരാണിവർ. ഇവർ തങ്ങളുടെ അനശ്വരതാനുഭവം ടെസ്റ്റ്ട്യൂബിലൂടെയോ ബൗദ്ധികതയുടെ അതിപ്രസരണത്തിലൂടെയോ, പരീക്ഷണ നിരീക്ഷണങ്ങളിലൂടെയോ ഒന്നുമല്ല ലോകത്തിനു കാട്ടിക്കൊടുത്തതു്. ഈ ലോകത്തിലുള്ള അവരുടെ സഹവാസം തന്നെ അവർ വിശ്വസിച്ച തത്വത്തിന്റെ പ്രകാശനമായിരുന്നു. ധീരതയും ദീർഘവീക്ഷണവും ഇവരുടെ കൈമുതലായിരുന്നു. സ്വയം നിവേശിതമായ ഒരു ധാർമ്മികജീവിതത്തിനു് ഇവർ സാക്ഷികളായിരുന്നു. തങ്ങൾ ഉൾക്കൊണ്ട സത്യത്തിനുവേണ്ടി എന്തും ത്യജിക്കുവാൻ, എന്തും സഹിക്കുവാൻ, ജീവൻപോലും കൊടുക്കുവാൻ ഇവർ തയ്യാറായിരുന്നു. ഇപ്രകാരമുള്ള അനേകം മഹാത്മാക്കളെ ചരിത്രത്തിൽ നമുക്കു ദർശിക്കുവാൻ കഴിയും. ഇതിനു മകുടോദാഹരണമാണു് ബഥനിയുടെ അഭിവന്ദ്യനായ മാർ ഈവാനിയോസ് തിരുമേനി. പ്രവാചകധീരതയോടും, ശ്രേയസ്സോടുംകൂടി മലങ്കരസഭയിൽ പുതിയ ദൗത്യവുമായി രംഗപ്ര

www.malankaralibrary.com

വേശം ചെയ്ത മാർ ഈവാനിയോസിന്റെ ആദ്ധ്യാത്മിക നവോത്ഥാനപ്രസ്ഥാനമായ ബഥനിയുടെ ഭാരത സംസ്കാര സാംശീകരണത്തെ എളിയ രീതിയിൽ വിശകലനം ചെയ്യുവാനാണു് ശ്രമിക്കുന്നതു്.

ഹിന്ദുമതവീക്ഷണപ്രകാരം ഒരു വ്യക്തി നാലു ജീവിത ധർമ്മങ്ങളിലൂടെ കടന്നുപോകേണ്ടതായിട്ടുണ്ടു്. അതിലവസാനത്തെ ജീവിതാവസ്ഥയാണു് സന്ന്യാസം. ദൈവീക ജീവനിൽ പങ്കുചേരുവനല്ല, ദൈവവുമായി ഒന്നുചേരുവാനുള്ള ഈശ്വരസാക്ഷാത്ക്കാര പ്രാപ്തിക്കുവേണ്ടിയുള്ള അന്തർദാഹത്തിൽനിന്നും ഉടലെടുക്കുന്ന ചേതോവികാരമാണു് ഒരു വ്യക്തിയെ സന്ന്യാസത്തിലേയ്ക്കു് നയിക്കുന്നതു്. പ്രപഞ്ചലീലകളുമായി ബന്ധമില്ലാതെ ഏകാന്തതയിൽ ആത്മാവും ആത്മാവും തമ്മിലുള്ള നിരന്തര ഐക്യത്തിലൂടെ, ജീവാത്മാവും പരമാത്മാവും തമ്മിലുള്ള നിരന്തര സഖിത്വത്തിലൂടെ വ്യക്തി സാക്ഷാൽക്കാരം പ്രാപിക്കുന്നു സന്ന്യാസത്തിൽ. ബഥനിയും ഒരു സന്ന്യാസസമൂഹമാണു്. ഭാരതത്തിൽ ഭാരതീയനാൽ, ഭാരതീയർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട സമൂഹം. ഭാരതത്തിലെ ജനങ്ങൾക്കു് ആദ്ധ്യാത്മികമായും അതേസമയംതന്നെ ഭൗതികമായും എന്തു ചെയ്യുവാൻ സാധിക്കും എന്ന ചോദ്യത്തിന്റെ ഉത്തരം. ഭാരതത്തിൽ ജീവിച്ചുകൊണ്ടു് ഭാരതസന്ന്യാസത്തിന്റെ അന്തസത്തയോടു് കൂറു പുലർത്തുക, ക്രൈസ്തവാദർശങ്ങളെ മുറുകെപ്പിടിക്കുക, അവയെ പ്രചരിപ്പിക്കുക ഭാരതത്തിൽ ക്രിസ്തുവിനു സജീവ സാക്ഷ്യം വഹിക്കുക ഇതാണു് മാർ ഈവാനിയോസിന്റെ ബഥനിയുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തി മുന്നിൽ കണ്ടുകൊണ്ടു് ജീവിക്കുകയാണു് ബഥനിയും അതിലെ അംഗങ്ങളും. ഭാരത കത്തോലിക്കാ സഭയിൽ അസ്തിത്വം സ്വീകരിച്ചുകൊണ്ടാണു് ബഥനി ഈ ലക്ഷ്യസാഫല്യത്തിനുവേണ്ടി പരിശ്രമിക്കുന്നതു്. ഭാരത ക്രൈസ്തവ സന്ന്യാസസമൂഹം എന്ന സംജ്ഞയുടെ അസ്തി

www.malankaralibrary.com

ത്വം തന്നെയാണ് ബഥനിയുടെ ഭാരത സഭയിലുള്ള സ്ഥാന ത്തിനും മാനത്തിനും ആക്കവും തൂക്കവും പ്രദാനം ചെയ്യുന്നത്.

ദൈവം മനുഷ്യരക്ഷയ്ക്കുവേണ്ടി ഒരു പ്രത്യേക സംസ്കാര ത്തിലൂടെ പ്രത്യേക ചരിത്രവുമായി ബന്ധപ്പെട്ടുകൊണ്ട് ലോകത്തിൽ ക്രിസ്തുവായവതരിച്ചു. ക്രിസ്തു താൻ പിറന്നുവീ ണ യഹൂദ സംസ്കാരത്തിന്റെ പാരമ്പര്യവും ആചാരമര്യാദ കളും മററും സ്വന്തമാക്കി. ക്രിസ്തുവിന്റെ ഈ ലോകത്തി ലെ ദൗത്യ നിർവ്വഹണത്തിനുശേഷം ക്രിസ്ത്വാനുയായികളായി അപ്പസ്തോലന്മാർ ക്രിസ്തുവിൽ നിന്നും തങ്ങൾക്ക് അനുഭവ വേദ്യമായ ക്രിസ്ത്വാനുഭവം മററുള്ളവരിലേക്കു പകർന്നു കൊടു ത്തു. (നടപടി 15,17) A.D. 52-ൽ ക്രിസ്തുസന്ദേശവുമായി ഇന്ത്യയിലേക്കു കടന്നുവന്ന തോമ്മാശ്ലീഹാ തദ്ദേശകാലങ്ങൾ ക്കനുസൃതമായി ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചു. എന്നാൽ കാലക്രമത്തിൽ പേർഷ്യൻ, പോർട്ടുഗീസ്, ല ത്തീൻ സംസ്കാരങ്ങളുടെ ആവിർഭാവത്തോടുകൂടി തദ്ദേശകാ ലങ്ങൾക്കനുസൃതമായി അവതരിപ്പിക്കപ്പെട്ട ക്രിസ്തുസുവിശേ ഷത്തിന് ക്രൈസ്തവജീവിത ആചാരാനുഷ്ഠാനങ്ങൾക്ക് വൈദേശികമായ ഒരു ഭാവം നല്കപ്പെട്ടു. ഈ വൈദേശി കതയുടെ ന്യൂനതകൾ ശരിക്കും മനസ്സിലാക്കുകയും ദേശീയ ജീവിതരീതികളെപ്പററി പഠിക്കുകയും ദേശീയ ആരാധനരീ തികളുടെ മാഹാത്മ്യം അറിയുകയും അതേസമയംതന്നെ സ്വ ന്തം പൈതൃകങ്ങളോട് കൂറു പുലർത്തുകയും ചെയ്യണം എന്ന അടങ്ങാത്ത അഭിവാഞ്ഛ മാർ ഈവാനിയോസ് തിരുമേനി യിൽ അങ്കുരിക്കുകയും തനി ദേശീയമായ രീതിയിൽ ഒരു സ ന്ന്യാസപ്രസ്ഥാനത്തിനു രൂപം കൊടുക്കുവാൻ അദ്ദേഹം മു ന്നോട്ടുവരികയും ചെയ്തു. ഇപ്രകാരം രൂപം കൊടുത്ത ഭാരത സംസ്കാരത്തിൽനിന്നും സ്വന്തമാക്കിയിട്ടുള്ള ഘടകങ്ങൾ എ ന്തൊക്കെയാണ്?

www.malankaralibrary.com

ക്രിസ്തുമതത്തിന്റെ അന്തസത്തയെ ബാധിക്കാത്ത അതേ സമയംതന്നെ ക്രിസ്തുമതാചാരമര്യാദകളെ ഹൃദ്യമാക്കുന്ന ബാഹ്യആചാരങ്ങൾ, ഭാരതസംസ്കാരത്തിന്റെ മൂല്യവത്തായ ആചാരനുഷ്ഠാനങ്ങളുമായി സംയോജിപ്പിച്ച് അവയെ ക്രിസ്തുവിൽ പൂർണ്ണമാക്കുന്നതിലായിരുന്നു മാർ ഈവാനിയോസിന്റെ ഭാരതസംസ്കാര സാംശീകരണം പ്രധാനമായും അടങ്ങിയിരുന്നത്. ഈ ലക്ഷ്യത്തോടുകൂടി ഭാരതത്തിന്റെ പ്രാർത്ഥനാരീതി, സാഷ്ടാംഗപ്രണാമം, വൈരാഗ്യത്തിന്റെ അടയാളമായ താടി വളർത്തൽ, ഭാരതസന്ന്യാസിമാരുടെ തന്നെ വേഷമായ കാവിവസ്ത്രം, കാവിഷോൾ (shawl) രുദ്രാക്ഷമാലയെ സൂചിപ്പിക്കുന്ന മരക്കുരിശ്, ഹൈന്ദവശാസ്ത്രപഠനം, ഭക്ഷണം, ഭക്ഷണരീതി എന്നിവ മാർ ഈവാനിയോസ് ഭാരത സംസ്കാരത്തിൽനിന്നും സാംശീകരിച്ചെടുത്തു. ബാഹ്യമായ ഈ ഭാരത സംസ്കാരാനുകരണം ആന്തരികമായ അനുകരണത്തിന്റെ ബാഹ്യപ്രകടനങ്ങൾ മാത്രമായിരുന്നു. ഭാരത ആദ്ധ്യാത്മികതയുടെ മൂലക്കല്ലായ ലാളിത്യം മാർ ഈവാനിയോസ് തന്റെ ജീവിതത്തിന്റെതന്നെ ഭാഗമാക്കുകയും അത് തന്റെ അനുയായികൾക്ക് ജീവിതപ്രമാണമായി നല്കുകയും ചെയ്തു. പാശ്ചാത്യവൽക്കരണത്തിന്റെ സ്വാധീനംകൊണ്ടാവാം ഈ ദേശീയ സംസ്കാരസാംശീകരണം ആദ്യാവസരങ്ങളിലെപ്പോലെ ഇന്ന് ബഥനിയിൽ പൂർണ്ണമായും പ്രകടമല്ല. പാശ്ചാത്യവൽക്കരിക്കപ്പെട്ട ഒരു ഭാരതീയ സംസ്കാരാസ്വാദകരായിട്ടാണ് നാം ഇന്നു വളർന്നുവരുന്നത്. നമ്മുടെ ചിന്തയും, വളർച്ചയും, ശൈലിയും മററും പാശ്ചാത്യ സംസ്കാരാശയങ്ങളുമായി ബന്ധപ്പെട്ടതിന്റെ ഫലമാണിത്. മാർ ഈവാനിയോസിന്റെ ബഥനി സാംശീകരിച്ചെടുത്ത ഭാരതസംസ്കാരഘടകങ്ങളെ ആദരിച്ചുകൊണ്ടും ഇതിന്റെ ആവശ്യങ്ങളെ മാനിച്ചുകൊണ്ടും ക്രൈസ്തവ ഭാരതീയാദർശങ്ങൾ തളംകെട്ടി നില്ക്കുന്ന അന്തരീക്ഷത്തിൽ ബഥനി വളർന്ന

www.malankaralibrary.com

വരണം. ഭാരത ക്രൈസ്തവസന്ന്യാസിമാരായ നമ്മുടെ ചിന്തയും പ്രാർത്ഥനയും മനനവും പ്രവർത്തനവുമെല്ലാം ഭാരതത്തിലെ ജനങ്ങൾക്ക് ആസ്വാദ്യമായ രീതിയിൽ വാർത്തെടുക്കുവാനുള്ള മാർഗ്ഗങ്ങളെപ്പററി നാം ഉണർന്നു ചിന്തിക്കേണ്ട അവസരമാണിത്.

ബഥനിയുടെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ അനന്തരഫലമാണ് പുനരൈക്യ പ്രസ്ഥാനം. ഫാദർ എബ്രാഹാം ഒ. ഐ. സി. ഇപ്രകാരം എഴുതിയിരിക്കുന്നു. "ബഥനിയിൽ നിന്നുള്ള ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ആശയപ്രവാഹം മലങ്കരസഭയെ ആഴമായി സ്പർശിച്ചതു നിമിത്തമാണ് ഇവിടെ പുനരൈക്യപ്രസ്ഥാനം രൂപം കൊണ്ടതു്." (പുനരൈക്യജൂബിലി സുവനീർ Page. No. 39). പുനരൈക്യപ്രസ്ഥാനത്തിന്റെ ഒരു രീതിയിന്റെ സംരക്ഷകയാണ് ബഥനി. അതേസമയംതന്നെ സ്വന്തവും സ്വതന്ത്രവുമായ വ്യക്തിത്വമുള്ള ഒരു സഭയിലെ നവീകരണ പ്രസ്ഥാനവുമാണ് മാർ ഈവാനിയോസിന്റെ ബഥനി.

മാർ ഈവാനിയോസിന്റെ ബഥനി നിയമത്താൽതന്നെ ദേശീയ രീതിയിലുള്ള മിശിഹാനുകരണത്തിനു് ബാദ്ധ്യസ്ഥയാണ്. അഷ്ഭാരതത്തിന്റെ മഹത്തായ സംസ്കാരവും ദൈവൈക്യോന്മുഖമായ ഭാരതീയ സന്ന്യാസവും ക്രിസ്തുവിൽ പരിപൂർണ്ണമാക്കപ്പെടുന്നതിനുവേണ്ടി, ഭാരതീയ സന്ന്യാസത്തിന്റെ ആന്തരാത്മാവിനെയും ജീവിതമുറകളെയും കാലദേശങ്ങൾക്കനുസരണമായി ഔചിത്യപൂർവ്വം പരിരക്ഷിക്കുകയും സംപൂർണ്ണമാക്കുകയും ചെയ്യുയെന്നതാണ് ദേശീയ രീതിയിലുള്ള മിശിഹാനുകരണം എന്നു് ബഥനി പ്രഘോഷിക്കുന്നു.

ഏതൊരു സന്ന്യാസ സമൂഹത്തിന്റെയും പ്രഥമവും പ്രധാനവുമായ ലക്ഷ്യം സുവിശേഷത്തിലെ ക്രിസ്തുവിനെ അനു

www.malankaralibrary.com

ഗമിക്കുകയാണ്, രണ്ടാമത്തെ ലക്ഷ്യം സമൂഹസ്ഥാപക ന്റെ കാരിസത്തിനനുയോജ്യമായ രീതിയിൽ ജീവിക്കുകയാ ണ്. ബഥനിസമൂഹസ്ഥാപകന്റെ ഏററവും വലിയ ആ ഗ്രഹമായിരുന്നു ഭാരത മാനസാന്തരം. ഈ ലക്ഷ്യത്തിനുവേ ണ്ടി അദ്ദേഹം തിരഞ്ഞെടുത്ത മാർഗ്ഗമാണ് ദേശീയ രീതിയി ലുള്ള മിശിഹാനുകരണം. അതായതു് തങ്ങൾ ജീവിക്കുന്ന സാഹചര്യങ്ങളെ മനസ്സിലാക്കി സഹജീവികളുടെ ജീവിത ത്തെ സ്പർശിക്കത്തക്കവണ്ണം അവരുടെ ജീവിതവുമായി ചി ന്തയിലും പ്രവർത്തനങ്ങളിലും ഒന്നുചേർന്ന് മിശിഹായെ അ നുകരിക്കുക. കാലദേശങ്ങൾക്കനുസൃതമായി പ്രാദേശിക സ ഭകൾ വളർന്ന് ക്രിസ്തുവൽക്കരണത്തിന് കരുത്താർജ്ജിക്കണ മെന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രാദേശിക സഭക ളെ ആഹ്വാനം ചെയ്യുന്നതിനു മുൻപുതന്നെ ഈ ആശയം മാർ ഈവാനിയോസിൽ അങ്കുരിക്കുകയും അതു് തന്റെ ജീ വിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രായോഗികമാ യി കാണിക്കുകയും ചെയ്തു. നമ്മുടെ പ്രായോഗിക പ്രവർത്ത ന മണ്ഡലങ്ങളിൽ നാം ഈ ആശയം ഇന്നു് ഉയർത്തിക്കാട്ടേ ണ്ടതുണ്ട്. അതിനു നാംതന്നെ ദേശീയരീതിയിലുള്ള മി ശിഹാനുകരണത്തിനു സാക്ഷികളായി ഇന്നു് ഭാരതത്തിൽ പ്രശോഭിക്കണം. നിരന്തരമായ ദൈവാഭിമുഖ്യവും ആത്മാ ർത്ഥമായ പ്രവർത്തനവുമാണിതിനത്യാവശ്യമായിട്ടുള്ളതു്. ദേ ശീയ രീതിയിലുള്ള മിശിഹാനുകരണം കൂടുതൽ അർത്ഥവ ത്താകുന്നതിന് ഭാരതമൂല്യങ്ങൾ എന്താണെന്നും, അവയെ ക്രൈസ്തവമൂല്യങ്ങളുമായി സമഞ്ജസമായി സമ്മേളിച്ചുകൊ ണ്ടുപോകുവാനുള്ള അറിവും അനുഭവവും നാം നേടിയെടു ക്കണം. ഈ തലത്തിൽ വളരുന്ന തലമുറയെ രൂപപ്പെടു ത്തിയെടുത്താൽ ദേശീയ രീതിയിലുള്ള മിശിഹാനുകരണ യാഥാർത്ഥ്യത്തിലേക്കു് കൂടുതൽ കടന്നു ചെല്ലുവാൻ സാധിക്കും എന്നതിൽ സംശയമില്ല. നാം വസിക്കുന്ന സ്ഥലത്തെ മററു

www.malankaralibrary.com

വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ സംഭാഷണങ്ങളിൽനിന്നു് രൂപം എടുക്കുന്ന ആശയങ്ങളെ നമ്മുടെ പ്രവർത്തനമണ്ഡലങ്ങളിൽ വ്യാപിപ്പിക്കുന്നതിലൂടെയും ദേശീയ രീതിയിലുള്ള മിശിഹാനുകരണ പ്രക്രിയയോടു നമുക്കു് അടുത്തുചെല്ലുവാൻ സാധിക്കും. നമ്മൾ നിർമ്മിക്കുന്ന പുതിയ പുതിയ ഭവനങ്ങൾ ദേശീയരെ ആകർഷിക്കുന്ന തരത്തിൽ ദേശത്തിനനുയോജ്യമായ വിധത്തിൽ നിർമ്മിച്ചു് ഏകാന്തതയും, സമാധാനവും ആദ്ധ്യാത്മിക ചൈതന്യവും നിറഞ്ഞു നില്ക്കുന്നതായാൽ തീർച്ചയായും ദേശീയ രീതിയിലുള്ള മിശിഹാനുകരണത്തെ നാം കൂടുതലായി സ്വാഗതം ചെയ്യുന്ന ഒരു സമൂഹമായിത്തീരും.

ഭാരത സംസ്കാരത്തിൽ ലയിപ്പിച്ചെടുത്ത ഒരു ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും ഇനിയും ഇവിടെ ഉണ്ടാവേണ്ടതായിട്ടാണിരിക്കുന്നതു്. ഈ രംഗത്തു് ബഥനിക്കു് എറ്റു സംഭാവന ചെയ്യാൻ കഴിയും എന്നു് ഉണർന്നു ചിന്തിക്കേണ്ട കാലമാണിതു്: ആർഷസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുവിനെ ഉൾക്കൊള്ളാനുള്ള സിദ്ധിയാണു് അതിനാവശ്യം. മാർ ഈവാനിയോസിന്റെ വലിയ സംഭാവനയും അതുതന്നെയാണു്.

MALANKARA
LIBRARY

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവ് - ബഥനി സന്യാസിനി സമൂഹസ്ഥാപകൻ

—സി. വിൻസെൻറ് എസ്.ഐ.സി.

## ബഥനി സന്ന്യാസസമൂഹസ്ഥാപന പശ്ചാത്തലം

വിശുദ്ധ മാർത്തോമ്മശ്ലീഹായിൽനിന്നും വിശ്വാസദീപം സ്വീകരിച്ച ഭാരതമലങ്കരസഭ അതിൻെറ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും പിന്തിരിഞ്ഞു് കലഹകലാപങ്ങളിൽ അധഃപതിച്ച ശോചനീയ ദുഃസ്ഥിതി പണിക്കരച്ചനെ ചിന്താധീനനാക്കുകയും വേദനയിലാഴ്ത്തുകയും ചെയ്തു; തൽപരിഹാരാർത്ഥം സകലതും ഉപേക്ഷിച്ച് ക്രിസ്തുവിൻെറ പിന്നാലെ പോയ യഥാർത്ഥ സുവിശേഷകന്മാരെ അനുകരിച്ച് ക്രിസ്തുവിനെ പ്രതി എല്ലാം ത്യജിച്ച് തങ്ങളെത്തന്നെ ദൈവത്തിനായി സ്വയം പ്രതിഷ്ഠിതരായ സന്ന്യാസികളടങ്ങിയ ഒരു സമൂഹമാണത്യാവശ്യമെന്ന് അനേകദിവസത്തെ പ്രാർത്ഥനയുടെയും പര്യാലോചനകളുടെയും ഫലമായി അദ്ദേഹം തീരുമാനമെടുത്തു. ഭാരതത്തിൻെറ ക്രൈസ്തവീകരണത്തിൽ മാർത്തോമ്മാക്രിസ്ത്യാനികളായ നമുക്കുള്ള കടമകൾ, നമ്മുടെ കഴിഞ്ഞകാലത്തെ ഉദാസീനതയ്ക്ക് ദൈവസന്നിധിയിലുള്ള നമ്മുടെ ഉത്തരവാദിത്തം ഇവയെല്ലാം സമൂഹരൂപീകരണത്തിന് അദ്ദേഹത്തിന് പ്രചോദനം അരുളി. ആകയാൽ സ്വയമേ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്യസികളടങ്ങിയ ഒരു സമൂഹം തന്നെയാണ വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതിനാൽ അതാണ് ജീവിതദൗത്യമായി കരുതേണ്ടതെന്നും അതിനായിയിട്ടു വേണം ശി

www.malankaralibrary.com

ഷ്ഠായുസ്സ് വിനിയോഗിക്കേണ്ടതെന്നും ദൈവകൃപയെ അവലംബിച്ചു് അദ്ദേഹം തീരുമാനമെടുത്തു. അങ്ങനെ പരിശുദ്ധ ദൈവമാതാവിൻെറ സ്വർഗ്ഗാരോഹണത്തിരുനാളും ഭാരതത്തിൻെറ സ്വാതന്ത്ര്യലബ്ധിയും ഒന്നുചേർന്ന പാവനദിനത്തിൽ, 1919 ഓഗസ്റ്റ് 15-ാം തീയതി ആ വന്ദ്യപിതാവു ഔദ്യോഗിക ബഥനിസന്ന്യാസ സമൂഹം റാന്നി, പെരുനാട്ടിലെ മുണ്ടൻമലയിൽ സ്ഥാപിക്കുക ഉണ്ടായി.

## ബഥനി സന്ന്യാസിനി സമൂഹസ്ഥാപനം

മലങ്കരസഭാചരിത്രത്തിലെ ഭയാനകമായ പശ്ചാത്തലമാണ് ബഥനി സന്ന്യാസസമൂഹത്തിനു പ്രാരംഭമിടാൻ അദ്ദേഹത്തെ ശക്തിയായി പ്രേരിപ്പിച്ചതു്. അത്രയ്ക്കു് സങ്കീർണ്ണവും വേദനാജനകവും ഭീകരവുമായ കലാപതരംഗമാലകളാൽ പ്രക്ഷുബ്ധം ആയിരുന്നു സഭാന്തരീക്ഷം. ബഥനിസന്ന്യാസസമൂഹത്തിനാരംഭം ഇട്ടെങ്കിലും അദ്ദേഹത്തിനു സ്വസ്ഥത ലഭിച്ചില്ല. സ്ത്രീകൾ നന്നായാലെ കുടുംബവും സമുദായവും നന്നാകൂ. സമുദായികോന്നമനം സ്ത്രീജനങ്ങളുടെ സ്വഭാവസംസ്കാരത്തെ ആശ്രയിച്ചാണു് സ്ഥിതിചെയ്യുന്നതു്. അവർ വിദ്യാഭ്യാസത്തിൽ ഏററം താണപടിയിൽ കിടക്കുകയാണു്. അതിൽനിന്നും അവരെ ഉദ്ധരിച്ചാൽ മാത്രമേ തൻെറ ആദർശം പ്രാവർത്തികമാകൂ എന്നദ്ദേഹം മനസ്സിലാക്കി. അതിനുവേണ്ടി എം.എ. അച്ചൻ സെറാമ്പൂർ കോളേജിൽ പ്രൊഫസറായിരുന്നകാലത്തു് മലങ്കരസഭയിലെ സമ്പൽകുടുംബങ്ങളിൽനിന്നും പതിനൊന്നു പെൺകുട്ടികളെ കൽക്കട്ടാ ഡയോസിസൻ കോളേജിൽ ആംഗ്ലിക്കൻ സഭയിലെ ഹൈച്ചർച്ചുകാരായ യൂറോപ്യൻ കന്യാസ്ത്രീകളുടെ മേൽനോട്ടത്തിൽ ഉപരിപഠനത്തിനയയ്ക്കുകയുണ്ടായി. കൽക്കട്ടയിൽ വച്ചു് "സിസ്റ്റേഴ്സ് ഓഫ് ദി എപ്പിഫനി"യുടെ സ്ഥാപകയായ മദർ ഈഡിത്തിനെ പരിചയപ്പെടുകയും മലങ്കരയിൽ ഒരു സന്ന്യാ

www.malankaralibrary.com

സിനിസമൂഹം സ്ഥാപിക്കാനുള്ള ആഗ്രഹം അവരെ അറിയിക്കുകയും ചെയ്തു. മദർ ഈഡിത്ത് സസന്തോഷം അതു സമ്മതിക്കുകയും ആ സന്ന്യാസസമൂഹത്തിലെ ഒരംഗമായ സിസ്റ്റർ ഹെലന്റെ നേതൃത്വത്തിൽ ആ പെൺകുട്ടികൾക്ക് സന്ന്യാസ പരിശീലനം നല്കുകയുംചെയ്തു. അവരിൽ 4 പേരെ 1918ൽ സന്ന്യാസത്തിന്റെ ആദ്യപടിയായ പോസ്റ്റലൻസിയിൽ പ്രവേശിപ്പിച്ചെങ്കിലും സന്ന്യാസപദവിയിലെത്തിച്ചേരാൻ കാലവിളംബം നേരിടേണ്ടിവന്നു. 1915 മുതൽ1920വരെ ബാരിസോളിലും 1920മുതൽ 25വരെ തിരുവല്ലാ-തിരുമൂലപുരത്തും ആംഗ്ലിക്കൻ സഭക്കാരായ യൂറോപ്യൻ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലാണ് സന്ന്യാസപരിശീലനം ഇവക്കു ലഭിച്ചതു്. ഇവർ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിൽ പഠിപ്പിക്കുകയും അവക്ക് ആദ്ധ്യാത്മിക സഹായം നല്കുകയും ഭവനസന്ദർശനം മൂലം ഇടവകജനങ്ങൾക്ക് വേണ്ട ആദ്ധ്യാത്മിക പ്രചോദനം നല്കി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സന്ന്യാസപരിശീലനത്തിലിരുന്ന അർത്ഥിനികൾ 10 ദീർഘവർഷങ്ങൾ കാത്തിരുന്നിട്ടും അവരുടെ സന്ന്യാസപ്രതിഷ്ഠ നടത്തുവാൻ മലങ്കര യാക്കോബായ മെത്രാപ്പോലീത്താ അനുകൂലിച്ചില്ല. ഒരു മെത്രാനു മാത്രമേ സന്ന്യാസപട്ടം നല്കുവാൻ സഭയിൽ അനുവാദം ഉണ്ടായിരുന്നുള്ളു. എന്നാൽ ദൈവാനുകൂല്യത്താൽ 1925 മെയ് 1-ാം തീയതി പണിക്കരച്ചൻ മാർ ഈവാനിയോസ് എന്നപേരിൽ മെത്രാഭിഷക്തനായതോടെ കാര്യം സുഗമമായി പരിണമിക്കുകയാണ് ചെയ്തതു്. അങ്ങനെ 1925 സെപ്തംബർ 21-ാം തീയതി ബഥനിയിലെ ആദ്യത്തെ മൂന്നു സിസ്റ്റേഴ്സ് നിത്യബലിയായി തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ചതോടുകൂടി 58 വർഷംമുമ്പ് ബഥനീസന്ന്യാസിനീസമൂഹം ആദ്യമായി മലങ്കരയാക്കോബായ സഭയിൽ രൂപംപൂണ്ടു. ആദ്യവ്രതവാഗ്ദാനം ചെയ്ത മൂന്നുപേർ മദർ ശൈനാ, മദർഷ്ലൂബാ മദർ ദൗഹാ എന്നിവരാണ്.

www.malankaralibrary.com

ഇവരിൽ ആദ്യത്തെ രണ്ടുപേരും ബഥനിയുടെ ആദർശാനു സരണം സമൂഹത്തിന്റെ നാനാവിധമായ ശ്രേയസ്സിനുവേണ്ടി പരിശ്രമിച്ച് അനേകംപേരെ ക്രിസ്തുവിന്റെ വെളിച്ചത്തിലേക്കാനയിച്ച് ദിവ്യനാഥ സന്നിധാനത്തിലേയ്ക്ക് പൊയ്ക്കഴിഞ്ഞു. മദർ ദനഹാ ഇപ്പോഴും ആരോഗ്യത്തോടുകൂടി ദൈവീക ജോലികളിൽവ്യാവൃതയായി കഴിയുന്നു.

## ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹനാമധേയം

മാർ ഈവാനിയോസ് പിതാവ് താൻ സ്ഥാപിച്ച സമൂഹത്തിന് എന്തു പേരു നൽകണമെന്ന് ചിന്തിച്ച് സമൂഹത്തിന്റെ നാനാമുഖങ്ങളായ ആദർശങ്ങളെ പ്രദ്യോതിപ്പിക്കുന്നതും ദൈവത്തോടുള്ള സാമീപ്യത്തെ അനുസ്മരിപ്പിക്കുന്നതുമായ ഒരു പേരു വല്ലണമെന്ന താല്പര്യത്തോടുകൂടി പ്രാർത്ഥനാ പൂർവ്വം ബൈബിൾ തുറന്നു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ദൃഷ്ടിയ്ക്കു വിഷയീഭവിച്ചതു് ബഥനി എന്ന നാമം ആയിരുന്നു. ബഥനിയിലായിരുന്നു ക്രിസ്തു തന്റെ പരസ്യജീവിതകാലത്തു് വിശ്രമം തേടിയിരുന്നതു്. അതിനാൽ ബഥനി എന്ന നാമധേയം താൻ സ്ഥാപിച്ച സമൂഹത്തിനെത്രയും അനുയോജ്യം എന്നു തോന്നി അതു നൽകുകയാണു ചെയ്തതു്.

**മിശിഹാനുകരണം** എന്ന പദം അതിനോടുകൂടി ചേർക്കാനിടയായതു് ബഥനി സന്ന്യാസിനികൾ ക്രിസ്തുവിന്റെ സമർപ്പണജീവിതം അനുകരിച്ച് രക്ഷാകരദൗത്യം നിർവ്വഹിച്ച് സമസൃഷ്ടങ്ങളെ സ്വർഗ്ഗഭാഗ്യത്തിനർഹരാക്കി അവിടുത്തെ ജീവിതത്തിനു സാക്ഷ്യം വഹിക്കണമെന്ന സർവ്വപ്രധാനമായ ലക്ഷ്യം കണ്ടുകൊണ്ടാണു്. അങ്ങനെ ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹങ്ങൾക്കു് എത്രയും ഉന്നതമായ പരമലക്ഷ്യമത്രേ അദ്ദേഹം ദർശിച്ചതു്. ഇവിടെയെ

www.malankaralibrary.com

ല്ലാം അദ്ദേഹത്തിന്റെ പ്രകൃത്യാതീത വീക്ഷണവും ദൈവാഭിമുഖ്യവും നമുക്ക ദർശിക്കാം.

## ആദർശവും ലക്ഷ്യപ്രാപ്തിയും

കുശാഗ്രബുദ്ധിയും വിശാല വീക്ഷണനുമായ സമൂഹസ്ഥാപകൻ താൻ സ്ഥാപിച്ച സമൂഹത്തിന്റെ ആദർശം, ലക്ഷ്യപ്രാപ്തി എന്നിവയെപ്പററി അവഗാഢം ആലോചിക്കുകണ്ടായി. ക്രിസ്തീയ സന്ന്യാസത്തേയും ഭാരതീയ സന്ന്യാസത്തേയും കുറിച്ചു് ശരിയായൊരപഗ്രഥനം നടത്തിയപ്പോൾ ക്രിസ്തീയ വിശ്വാസത്തെ ദേശീയമായി വളർത്തിയെടുക്കേണ്ടതു് ഇന്നിന്റെ ഒരാവശ്യമാണെന്നും ഇന്ത്യൻ സന്ന്യാസത്തിന്റെ അന്തരാത്മാവിനേയും ജീവിതമുറകളേയും ഭാരതജനതസ്സുഭികാമ്യമാംവിധം പരിരക്ഷിക്കുകയും സമ്പൂർണ്ണമാക്കുകയും ചെയ്യേണ്ടതാണെന്നും ഉള്ള ഉൾക്കാഴ്ച അദ്ദേഹത്തിനു വ്യക്തമായി. സന്ന്യാസജീവിതം സംബന്ധിച്ചു് ഭാരതത്തിനു് എത്രയും പുരാതനമായ പാരമ്പര്യമാണുള്ളതു്. ക്രിസ്തുമതം അതിനെ നശിപ്പിക്കുകയല്ലപിന്നെയോ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിപരീതമല്ലാത്തവയെ ക്രിസ്തീയമായി സംസ്കരിച്ചു് സ്വീകരിക്കുകയത്രേ ചെയ്യുന്നതു്. ആകയാൽ മിശിഹാതമ്പുരാൻ തന്റെ വത്സലശിഷ്യനായ മാർത്തോമ്മാശ്ലീഹാവഴി നമുക്കു നല്കിയവിശ്വാസമാകുന്ന നിക്ഷേപത്തെ നമ്മുടെ രാജ്യംമുഴുവൻ പ്രദാനം ചെയ്യുകയും, അതു കഴിയുംവിധം ദേശീയരീതിയിൽ വളർത്തിയെടുക്കുകയും ചെയ്ക എന്നതത്രേ ബഥനിയുടെ ആദർശവും ലക്ഷ്യവും എന്നു് അദ്ദേഹം തന്റെ 1946നവംബറിലെ ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

## ബഥനിയുടെ പ്രത്യേക സ്വഭാവം

തിരുസഭാരാമത്തിലെ വൈവിധ്യം നിറഞ്ഞ മനോഹരകുസുമങ്ങൾ എന്നപോലെ ഓരോ സന്ന്യാസസമൂഹത്തിനും

www.malankaralibrary.com

അതിന്റെ സ്ഥാപനോദ്ദേശ്യം അനുസരിച്ച് ചില പ്രത്യേകതകൾ ഉണ്ടായിരിക്കും. ലാളിത്യം ആണ് ബഥനിയുടെ പ്രത്യേകത എന്നു പറയാം. ലാളിത്യത്തിന്റെ സൗന്ദര്യവും വശ്യശക്തിയും ഊഹാതീതമാണ്. അതുകൊണ്ടായിരിക്കണം സമൂഹസ്ഥാപകനായ പിതാവ് ലളിതജീവിതത്തിനു വളരെ പ്രാധാന്യം നല്കിയിരുന്നതെന്നൂഹിക്കാം. ആദ്യകാലത്തുണ്ടായിരുന്ന മൺചട്ടിയിലെ ഭക്ഷണരീതിയും വാസസ്ഥലമായിരുന്ന മൺകുടിലുകളും എല്ലാം ഇതിനു സാക്ഷ്യം വഹിക്കുന്നവയാണ്. സർവ്വപ്രധാനമായി സന്ന്യാസിയുടെ പരമലക്ഷ്യം ഈശ്വരസമ്പാദനമാണ്. ഉള്ളതുകൊണ്ട് തൃപ്തിയടയുന്ന, വാക്കുകളും പ്രവൃത്തിയുമായി പൊരുത്തപ്പെടുന്ന അനാഭാടജീവിതമാണ് സാക്ഷാൽ ലാളിത്യം. ക്രിസ്തുവിന്റെ മുപ്പത്തിമൂന്നുവർഷത്തെ ഭൗതികജീവിതത്തിലേക്ക് ഒന്നെത്തിനോക്കിയാൽ ലാളിത്യത്തിന്റെ സമ്പൂർണ്ണത അങ്ങേ പ്രവർത്തനപാതയിൽ ഉടനീളം നമുക്ക് ദർശിക്കാം. സാക്ഷാൽ ഈശ്വരസാക്ഷാത്കാരത്തിന് ഇതു കൂടിയേ മതിയാവൂ. നാം നമ്മുടെ ജീവിതത്തിലേക്കൊന്നു കടന്ന് പരിശോധിച്ചാൽ ഇതിന്റെ യാഥാർത്ഥ്യം നമ്മുക്കു മനസ്സിലാക്കാൻ സാധിക്കും. എല്ലാവർക്കും നന്മചെയ്തു കടന്നുപോയ ക്രിസ്തുവിന്റെ ലളിതജീവിതം അനുകരിക്കുക എന്നതാണ് ഇതു സ്വായത്തമാക്കാനുള്ള ഏക ഉപാധി. തന്മൂലമാണ് സ്ഥാപകനായ പിതാവ് ജീവിതലാളിത്യത്തിനു പ്രത്യേകസ്ഥാനം കല്പിച്ചതു്.

## പുനരൈക്യം

ബഥനി സന്ന്യാസ സമൂഹ സ്ഥാപനത്തിനുശേഷവും സഭാസ്ഥാപകനായ പിതാവിന്റെ സത്യാന്വേഷണ അഭിവാഞ്ഛ തുടർന്നുകൊണ്ടേയിരുന്നു. യാക്കോബായ സഭയിലെ വട്ടിപ്പണക്കേസും അന്തഃഛിദ്രങ്ങളും അദ്ദേഹത്തെ അസ്വസ്ഥചിത്തനാക്കി. സത്യസഭാശ്ലേഷമല്ലാതെ മറ്റുപോം

www.malankaralibrary.com

വഴി ഒന്നുമില്ലെന്നു ഗ്രഹിച്ച മലങ്കര ഓർത്തഡോക്സ് സഭയിലെ കതോലിക്കാബാവായും മററു മെത്രാന്മാരും എല്ലാം സാർവ്വത്രിക കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ തീരുമാനിച്ചു് അതിനുവേണ്ട എഴുത്തുകുത്തുകൾക്കായി പണ്ഡിതാഗ്രേസരനായ മാർ ഈവാനിയോസു തിരുമേനിയെ ചുമതലപ്പെടുത്തുക ഉണ്ടായി. സുദീർഘമായ അഞ്ചുവർഷക്കാലത്തെ പരിശ്രമത്തിൻെറയും പ്രാർത്ഥനയുടെയും ഫലമായി 1930 ൽ ആ നല്ല ആഗ്രഹം പൂവണിഞ്ഞു. മലങ്കരസഭയിൽ അതേവരെ അനുഷ്ഠിച്ചിരുന്ന ആരാധനക്രമം അഭംഗുരം തുടരുവാൻ ആഗോള വ്യാപകമായി അംഗീകാരം ലഭിക്കുക എന്നതു് തിരുസഭാ ചരിത്രത്തിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ഒരു വലിയ യഥാർത്ഥ്യം തന്നെയാണു്. എന്നാൽ അതിനുവേണ്ടി പ്രേരിപ്പിച്ചവർ വട്ടിപ്പണ കേസിൽ ജയിച്ചു എന്ന താല്ക്കാലിക കാരണത്താൽ യഥാസമയം പിന്മാറി എന്നതും അവിസ്മരണീയമത്രേ. എന്നാലിതുകൊണ്ടൊന്നും അദ്ദേഹം ആകുലചിത്തനായില്ല.

മാർ ഈവാനിയോസു പിതാവു് റോമായിൽ ചേരാൻ പോകുന്നു എന്ന വാർത്ത ശ്രവിച്ച യാക്കോബായ അനുഭാവികൾ എല്ലാം യഥാസമയം പിന്മാറുകയും ബഥനാശ്രമത്തിനു നല്കിയിരുന്ന സഹായങ്ങളെല്ലാം പിൻവലിക്കുകയും ചെയ്തു. ഭാവിയെപ്പററി ഉൽക്കണ്ഠാകുലനാകാതെ, നഷ്ടധൈര്യനാകാതെ ആ പുണ്യപുരുഷൻ അതേവരെ കഷ്ടപ്പെട്ടു് സമ്പൂർണ്ണത്യാഗത്തോടെ കെട്ടിപ്പടുത്ത ബഥന്യാശ്രമവും ഭൗതീകവസ്തുക്കളും ഉപേക്ഷിച്ചു് തന്നോടുകൂടി കത്തോലിക്കാ സഭയെ ആശ്ലേഷിക്കാനാഗ്രഹം ഉള്ളവർ മാത്രം തന്നെ വിവരം അറിയിക്കുവാൻ പറഞ്ഞശേഷം ദിവ്യകാരുണ്യസന്നിധിയിൽ രാത്രി 12 മണിവരെ പ്രാർത്ഥനയിൽ നിർല്ലീനനായി കഴിഞ്ഞുകൂടി. അതിനടുത്തദിവസം തന്നെ 1930 ഓഗസ്റ്റ് 20-ാം തീയതി ഭൂരിപക്ഷം ആശ്രമസ്ഥരൊന്നിച്ചു് പെരുനാട്ടിലെ

www.malankaralibrary.com

ബഥനിയിലെ വിളിറങ്ങി വെണ്ണീക്കളുത്തെത്തുകയുണ്ടായി. 1930 സെപ്റ്റംബർ 20-ാം തീയതി പുനരൈക്യപ്രസ്ഥാന പ്രതിനിധികൾ എന്ന നിലയിൽ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഒരു വൈദീകൻ, ഒരുശെമ്മാശൻ, ഒരത്മായൻ എന്നിങ്ങനെ പഞ്ചസാരഥികൾ കൊല്ലം മെത്രാനായിരുന്ന വന്ദ്യബെൻസിഗർ തിരുമേനിയുടെ മുൻപാകെ സത്യപ്രതിജ്ഞചെയ്ത് പുനരൈക്യപ്രസ്ഥാനംഉദ്ഘാടനം ചെയ്യുക ഉണ്ടായി. അങ്ങനെ 1653 ജനുവരി മൂന്നാംതീയതി പോർട്ടുഗീസാധിപത്യത്തെ പ്രതിഷേധിച്ച് കൂനൻകുരിശിൽ കെട്ടിയ ആലാത്തുകൾ പൊട്ടിച്ചെറിഞ്ഞ് സത്യാന്വേഷികൾക്ക് നിർബാധം കയറി ചെല്ലാവുന്ന സത്യപാത (പുനരൈക്യപ്രസ്ഥാനം) തുറന്നുകിട്ടിയെന്നതു് സഭൈക്യസരണിയിൽ സർവ്വപ്രാധാന്യം അർഹിക്കുന്ന ഒരു യാഥാർത്ഥ്യമത്രേ. സ്ഥാപകനായ വന്ദ്യപിതാവിൻെറ പുനരൈക്യത്തെത്തുടർന്ന് 1930 സെപ്റ്റംബർ 22-ാംതീയതി ബഥനി മഠാംഗങ്ങളായ ഏഴ് സിസ്റ്റേഴ്സും ഒരു നൊവീസും രണ്ടു യോഗാർത്ഥിനികളും ഉൾപ്പെടെ പത്തുപേർ തിരുസഭയെ ആശ്ലേഷിക്കുകയുണ്ടായി. ഈ പുനരൈക്യവാർത്ത പ്രചരിച്ചതോടെ ബഥനിയുടെ ഉപകർത്താക്കളും മിത്രങ്ങളും ആയിരിക്കുന്നവർ ബദ്ധവൈരികളായി മാറി. അനുഭാവികളെല്ലാം തന്നെ അകന്നവരായി. ബഥനിക്കെതിരായി വിരുദ്ധപ്രചാരണങ്ങളും വിദ്വേഷപ്രകടനങ്ങളും എവിടെയും മാറ്റൊലി കൊണ്ടു. ഈ ഭീകരപ്രതിസന്ധിഘട്ടം പരമകാരുണികനായ ദൈവത്തിലുള്ള വിശ്വാസാതിരേകത്താൽ സമാധാനപൂർവ്വം എല്ലാവരും തരണം ചെയ്യുകയാണ് ചെയ്തതു്. തൽഫലമായി ബഥനി പുനരൈക്യപ്രസ്ഥാനം ഇന്നു് ആഗോളവ്യാപകമായി വർദ്ധിക്കാനിടയാക്കിയ ദൈവസന്നിധാനത്തിൽ ഹൃദയം നിറഞ്ഞ കൃതജ്ഞതാഞ്ജലികൾ നമുക്കർപ്പിക്കാം.

www.malankaralibrary.com

## സമൂഹത്തിനു് പൊന്തിഫിക്കൽപദവി

പുനരൈക്യശേഷം 1932ൽ മാർ ഈവാനിയോസു തിരുമേനി പരിശുദ്ധപിതാവിനെ സന്ദർശിച്ചശേഷം മലങ്കര ഹൈരാർക്കി സ്ഥാപിതമാകുകയും തിരുവനന്തപുരം അതിരൂപതയും തിരുവല്ലാരൂപതയും ഔദ്യോഗികമായി വിഭജിക്കപ്പെടുകയും ചെയ്തു. തിരുവനന്തപുരം ആർച്ചുബിഷപ്പായി മാർ ഈവാനിയോസു തിരുമേനിയും തിരുവല്ലാ രൂപതാദ്ധ്യാക്ഷനായി മാർ തേയോഫിലോസു തിരുമേനിയും അവരോധിക്കപ്പെട്ടു. 1932ൽ നഞ്ഞ്യാർകുളങ്ങര ഒരു മഠം ആരംഭിച്ചു് സ്കൂൾ തുടങ്ങി വിദ്യാഭ്യാസപ്രവർത്തനം, മററു സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ മിഷൻപ്രവർത്തനം എന്നിവ നടന്നുപോന്നിരുന്നു. പുനരൈക്യശില്പികളായ അഭിവന്ദ്യപിതാക്കന്മാരുടെ സഹായസഹകരണത്തോടെ രണ്ടുരൂപതയിലും ബഥനിസന്ന്യാസിനീസമൂഹത്തിൻെറ വിവിധ ശാഖാമന്ദിരങ്ങൾ കേരളത്തിൻെറ നാനാഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടു് വിപുലീകരിക്കാനിടയായി. അതോടുകൂടി 1956 ഓഗസ്റ്റ് 6-ാം തീയതി 127 സിസ്റ്റേഴ്സു മാത്രം ഉണ്ടായിരുന്ന ബഥനിസമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തി ഒരു മദർജനറലിൻെറ ഭരണത്തിൻ കീഴിലാക്കി എന്നതും ഒരസുലഭ ദൈവാനുഗ്രഹമായി പരിഗണിക്കാം.

## ബത്തേരി വെസ്റ്റു് പ്രോവിൻസു്

1980ജൂലൈ 25-ാംതീയതി ബത്തേരിരൂപതയിൽ ബഥനിയുടെ ഒരു വെസ്റ്റു് പ്രോവിൻസു് സ്ഥാപിക്കുക ഉണ്ടായി. അവിടെ സ്കൂളുകൾ, പ്രേഷിതപ്രവർത്തനങ്ങൾ, സോഷ്യൽവർക്കു് തുടങ്ങിയവയിൽ അനുദിനം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

www.malankaralibrary.com

## സമൂഹത്തിൻെറ പുരോഗതിയും പ്രവർത്തനങ്ങളും

"ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല" എന്നരുളിച്ചെയ്ത ക്രിസ്തുവിൻെറ ദിവ്യവചസ്സുകളെ അനുസ്മരിച്ചു് കേരളം, മദ്രാസ്സ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ 65-ൽപരം മഠങ്ങളിലായി 400ൽപരം ബഥനി സിസ്റ്റേഴ്സ് വിവിധ പ്രേഷിതപ്രവർത്തനങ്ങളിൽ ത്യാഗപൂർവ്വം സേവനം അനുഷ്ഠിച്ചുകൊണ്ടു് ക്രിസ്തുവിനു സാക്ഷികളായി മുന്നേറുന്നു. കൂടാതെ വിദ്യാലയങ്ങൾ, ബോർഡിംഗ്ഹൗസുകൾ, ഹോസ്റ്റലുകൾ, ബാലനഗർ, അനാഥശാലകൾ, ഹോസ്പിററലുകൾ, ക്ളിനിക്കുകൾ, സാമൂഹ്യക്ഷേമപ്രവർത്തനകേന്ദ്രങ്ങൾ, മുദ്രാലയങ്ങൾ, തയ്യൽക്ളാസ്സുകൾ, ക്രഷ്, മാതൃശിശുപരിശീലനകേന്ദ്രങ്ങൾ തുടങ്ങി നിരവധി ക്രിയാത്മക മനുഷ്യസേവന പ്രസ്ഥാനങ്ങൾവഴി ക്രിസ്തുവിൻെറ ധാർമ്മിക പ്രബോധനങ്ങളുടെ പ്രകാശപ്രസരം മാനവഹൃദയങ്ങളിൽ പ്രകാശിപ്പിക്കുവാൻ തീവ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണു് ബഥനി സിസ്റ്റേഴ്സ് ഓരോരുത്തരും. ഇതിനും പുറമെ കുട്ടികളുടെ കായികവും മാനസികവും ആദ്ധ്യാത്മികവും കലാപരവുമായ കഴിവുകളുടെ വികസനാർത്ഥം ഗൈഡിംഗ്, ബാലജനസഖ്യം, K. C. S. L , ചെറുപുഷ്പമിഷൻലീഗ് തുടങ്ങിയ വിവിധ സംഘടനകളും കാലാനുസൃതമായി നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ യുവതികൾക്കായുള്ള മഹിളാസമാജങ്ങൾ, മാതൃസംഘടനകൾ മതപരമായും സാംസ്കാരികമായും മററുള്ളവക്ക് വിജ്ഞാനം പകർന്നുകൊടുക്കാൻ വാർത്താവിനിമയോപാധികൾ ഇവയെല്ലാം യഥായോഗ്യം ഉപയോഗിച്ചുപോരുന്നുണ്ടു്. ഇവയെല്ലാമുപരിയായി സകലരാലും പരിത്യജിക്കപ്പെടുന്ന കുഷ്ഠരോഗബാധിതർക്ക് അഭയവും ആശ്വാസവും പ്രദാനം ചെയ്യുന്ന എന്നതും ചാരിതാർത്ഥ്യജനകമത്രേ. സർവ്വോപരി Moble Clinic വഴിയായും ദാരിദ്രരേഖ

www.malankaralibrary.com

യിൽപ്പെട്ട ശിശുക്കളുടെ ക്ഷേമത്തിനായി Health a Million Programme വഴിയായും വേണ്ടതു ചെയ്യുന്നു എന്നതും അനുസ്മരണീയമാണ്. ഇപ്രകാരം വിവിധസാമൂഹ്യക്ഷേമപ്രവർത്തനങ്ങൾവഴി മാനവപുരോഗതിയോടൊപ്പം ആന്തരിക ജീവിതാഭിവൃദ്ധിയും പരിഗണിച്ച് മാനവസമുദായത്തെ അതിന്റെ യഥാർത്ഥ ദൈവികലക്ഷ്യത്തിലേക്കാനയിക്കുവാൻ ബഥനിസിസ്റ്റേഴ്സ് എളിയ പരിശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. ബഥനിയുടെ ഈ ഉത്തമ ആദർശം പ്രാവർത്തികമാക്കി അനേകായിരങ്ങളെ ദൈവത്തിലേക്കാനയിക്കുവാൻ തീവ്രശ്രമം ചെയ്ത് സ്വർഗ്ഗത്തിലേയ്ക്ക് പ്രയാണംചെയ്ത മാർ ഈവാനിയോസ്പിതാവിന്റെയും മറ്റെല്ലാ പിതാക്കന്മാരുടേയും പ്രാർത്ഥനാനുഗ്രഹങ്ങൾ സഭയുടെ പുരോഗതിക്കു സഹായകമാകട്ടെ. ഇപ്പോൾ മലങ്കരസഭാ നേതൃത്വം വഹിക്കുന്ന എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടേയും നിർല്ലോഭമായ സഹായസഹകരണങ്ങളും പ്രോത്സാഹനവും പ്രാർത്ഥനയും ബഥനിപ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ ദൈവികാഭ്യുന്നതിക്ക് മാർഗ്ഗദർശകമായി തീരട്ടെ!! സ്നേഹപിതാവായ ദൈവത്തിന്റെ അനുഗ്രഹപൂമാരി ബഥനിയിൽ അനവരതം വർഷിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# മാർ ഈവാനിയോസ് പിതാവും മേരിമക്കൾ സമൂഹവും

—റവ. സിസ്റ്റർ മേരി മാത്യു. D. M.

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയുടെ പാവന കരങ്ങളാൽ അനുഗ്രഹിക്കപ്പെട്ട്, ആശീർവ്വദിക്കപ്പെട്ട് ആരംഭിച്ച മേരിമക്കൾ സമൂഹത്തിന്റെ പൂർവ്വചരിത്രം അത്ഭുതാവഹമായ ദൈവപരിപാലനയുടെ നിദർശനമാണ്. അന്ന് പുനരൈക്യപ്രസ്ഥാനം ആരംഭിച്ചിട്ട് വെറും 8 വർഷമേ ആയിരുന്നുള്ളു. ഈ സന്യാസിനീസമൂഹം പിറന്നുവീഴുമ്പോൾ, മലങ്കരസഭയിലെ തെക്കൻ മിഷ്യനുകളിൽ ദൈവസേവനം ചെയ്യുന്നതിനായി എത്തിയ റവ. ഫാ. ജോസഫ് കുഴിഞ്ഞാലിയിൽ തന്റെ സേവനരംഗങ്ങളിൽ സഹായിക്കുന്നതിനായി ഏതാനും സന്യാസിനികൾ ഉൾക്കൊള്ളുന്ന ഒരു ചെറിയ സമൂഹം ഉടലെടുത്തുകാണുവാൻ ആഗ്രഹിച്ചു. ആ ആഗ്രഹം അറിഞ്ഞ് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി അതിനു സമ്മതിക്കുകയും 1938 മെയ്മാസം 8-ാം തീയതി മാർത്താണ്ഡത്തുള്ള ഒരു ചെറിയ വാടകവീട്ടിൽവച്ച് ഈ സമൂഹത്തിന്റെ ആദ്യ അംഗങ്ങളെ സ്വകരങ്ങളാൽ സ്വീകരിക്കുകയും ചെയ്തു. അഭിവന്ദ്യ തിരുമേനി പ്രാരംഭഘട്ടങ്ങളിൽ ആഴ്ചതോറും ഒരു മിഷ്യനറി സമൂഹത്തിന് അസ്ഥിവാരം ആകേണ്ടിയിരുന്ന ആദ്യ അംഗങ്ങളെ സന്ദർശിക്കുകയും, അവർക്ക് ആത്മീയവും, ഭൗതികവുമായ എല്ലാവിധ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുമായിരുന്നു. സന്യാസ പരിശീലനം നല്കുന്നതിനായി ബഥനിയിലെ മദർ ബാസിലിനെ അഭിവന്ദ്യ തിരു

www.malankaralibrary.com

മേനി നിയോഗിക്കുകയും മദർ രണ്ടു വർഷക്കാലം ആദ്യ അം ഗങ്ങൾക്ക് പരിശീലനം നല്കുകയും ചെയ്തു. മിശിഹാനുകര ണ സന്ന്യാസിനീ സമൂഹത്തിൻെറ അതേ ചൈതന്യത്തിൽ തന്നെ വളൻവരുന്നതിനു് അഭിവന്ദ്യ പിതാവിൻെറ സഹ വാസവും, മദർ ബാസിമിൻെറ നേതൃത്വവും ഞങ്ങൾക്ക് വ ളരെയധികം ഉത്തേജനം നല്കിയിട്ടുണ്ടു്. അച്ചനും ആദ്യ അംഗങ്ങളും പലപല പ്രശ്നങ്ങളും ആവശ്യങ്ങളുമായി അഭി വന്ദ്യപിതാവിനെ സന്ദശിച്ചിരുന്ന അവസരങ്ങളിലെല്ലാം വാത്സല്യപൂർവ്വം തിരുമേനി അവരുടെ കാര്യങ്ങൾ കേൾക്കുക യും വസ്തുനിഷ്ഠമായി അവ വിശകലനം ചെയ്തു് അതിനു് പ രിഹാരം കാണുവാൻ അവക്ക് മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

തൻെറ മക്കളെ ശിക്ഷണബോധത്തിൽ വളർത്തികൊ ണ്ടു വരുവാൻ തിരുമേനി സദാ ഉത്സുകനായിരുന്നു. തള്ളേ ണ്ടതു് തള്ളുവാനും, കൊള്ളേണ്ടതു് കൊള്ളുവാനും ആദ്യകാ ലം മുതൽതന്നെ തിരുമേനി ഞങ്ങളെ പഠിപ്പിച്ചിരുന്നു. മദർ മേരിക്കും ആദ്യ അംഗങ്ങൾക്കും ഉണ്ടായിരുന്ന ദാരിദ്ര്യ ത്തിലും, പ്രശ്നങ്ങളിലും അഭിവന്ദ്യ പിതാവിൻെറ സഹവാ സവും ഉപദേശവും എന്നും സന്തോഷവും ആശ്വാസവും പ കൻകൊടുക്കുമായിരുന്നു. മഠം സന്ദശിക്കുന്ന അവസരത്തിൽ മൂന്നരകാലുള്ള സ്റ്റൂളിൽ ഇരുന്നുകൊണ്ടു് അവർ പാകം ചെ യ്യുന്ന ഭക്ഷണം കഴിക്കുന്നതിനും, അവരോടു് കുശലപ്രശ്നം നടത്തുന്നതിനും അഭിവന്ദ്യ തിരുമേനിക്ക് പ്രത്യേക താത് പര്യം ഉണ്ടായിരുന്നു.

ഭവന സന്ദശനത്തിലൂടെ ക്രിസ്തുവിൻെറ സന്ദേശം ജന പദങ്ങൾക്ക് എത്തിച്ചു കൊടുക്കുവാൻ സ്ഥാപിതമായിരുന്ന ഈ സമൂഹാംഗങ്ങൾ ക്രിസ്തുവിൻെറ സന്ദേശവുമായി വീടു കൾ കയറി ഇറങ്ങുമ്പോൾ പലപ്പോഴും ഹൃദ്യമായ സ്വീകര

www.malankaralibrary.com

ണവും ചിലപ്പോഴെല്ലാം തിരസ്കരണവും ലഭിക്കമായിരുന്നു. ആ അവസരങ്ങളിലെല്ലാം ക്രിസ്തുവിന്റെ ചുററുംകൂടി അനുഭവങ്ങൾ പങ്കിട്ട അപ്പസ്തോലന്മാരെപ്പോലെ, അഭിവന്ദ്യതിരുമേനിയുടെ ചുററും കൂടിഇരുന്നു് തങ്ങളുടെ അനുഭവങ്ങൾ അയവിറക്കുകയും, അങ്ങനെ തിരുമേനിയിൽനിന്നു് അവർ ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുക പതിവായിരുന്നു. ലക്ഷ്യത്തിൽനിന്നും പിൻതിരിയാതിരിക്കാൻ അഭിവന്ദ്യപിതാവിന്റെ ശക്തിയേറിയ കരങ്ങൾ ഈ ആദ്യ അംഗങ്ങൾക്കു് ശക്തി നല്കി. "മക്കളെ സംഖ്യമാണോ" എന്ന തിരുമേനിയുടെ ഒററചോദ്യത്താൽ എല്ലാ പ്രയാസങ്ങളും, വിഷമങ്ങളും ഓടിമറയുമായിരുന്നു എന്നു് അനുഭവസ്ഥർ ഇപ്പോഴും സാക്ഷ്യപ്പെടുത്തുന്നു. അഭിവന്ദ്യതിരുമേനിക്കുണ്ടായിന്ന അഗാതമായ വിശ്വാസം, ദൈവസ്നേഹം, പ്രാർത്ഥനാ ചൈതന്യം വിശുദ്ധഗ്രന്ഥത്തോടുള്ള ഭക്തി, അതു ധ്യാനിക്കുന്നതിലുള്ള ശ്രദ്ധ, സമൂഹജീവിതം, ആതിത്യമര്യാദ എന്നിവയെല്ലാം ബഥനി സന്ന്യാസിനീസമൂഹത്തിലെന്നപോലെ തന്നെ മേരിമക്കൾ സഭയിലും വളൎന്നുവരുവാൻ വന്ദ്യപിതാവുമായുള്ള ബന്ധം സഹായിച്ചു. "ദൈവ സേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം" ആണു് എന്നതു് ജീവിത നിയമമാക്കുവാൻ ഇതൊക്കെ പ്രേരകമായിരുന്നു. നിങ്ങൾ ഭവനസന്ദർശനംവഴി ക്രിസ്തുവിനെ മററുള്ളവൎക്കു പകൎന്നുകൊടുക്കണമെന്നും, അജ്ഞതയിലും ദാരിദ്ര്യത്തിലും അനാരോഗ്യത്തിലും കഴിയുന്നവൎക്കു് ആശ്വാസം പകരണമെന്നും ഉപദേശിച്ച തിരുമേനി, സ്കൂളുകളും, ആതുരശാലകളും സാമൂഹികസേവനരംഗങ്ങളും ആരംഭിക്കുന്നതിനു് ഉത്തേജനം നല്കി. ആ വന്ദ്യപിതാവിന്റെ സ്മരണക്കു മുൻപിൽ ഞാൻ ആദരാഞ്ജലികൾ അൎപ്പിക്കുന്നു.

www.malankaralibrary.com

ഒരു പുതിയ സന്ന്യാസ ജീവിതശൈലിക്കു നേതൃത്വം നല്കിക്കൊണ്ടു് അഭിവന്ദ്യപിതാവു് വളർത്തിയെടുത്ത ബഥനിസമൂഹങ്ങൾ ഒന്നു ചേർന്നു് ഈ ശതാബ്ദി ആചരിക്കുന്നതു് സമുചിതമാണു്. ഈ സമൂഹങ്ങൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും വന്ദ്യപിതാവിന്റെ അനുഗ്രഹാശിസ്സുകൾ ധാരാളമായി ഉണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

www.malankaralibrary.com

# സന്ന്യാസിനികൾ ആധുനികയുഗത്തിൽ

—സിസ്റ്റർ അൽഫോൻസ് മേരി,
എസ്. എ. ബി. എസ്.

സന്ന്യാസം വൈരുദ്ധ്യങ്ങളുടെ അടയാളമായിട്ടാണ് നാം ഇന്നു കാണുന്നത്. യേശുവും വൈരുദ്ധ്യങ്ങളുടെ അടയാളം ആയിരുന്നു. ആ യേശുവിനെ അടുത്തനുകരിക്കുവാൻ അനുധാവനം ചെയ്യുവാൻ ഇറങ്ങിപ്പുറപ്പെട്ട സന്ന്യാസിനിക്ക് എന്തു ദൗത്യമാണീ ആധുനികയുഗത്തിൽ നിർവ്വഹിക്കാനുള്ളത്?

ഗുരുവിനെക്കാൾ വലിയ ശിഷ്യനില്ലെന്നും, ദാസൻ യജമാനനെപ്പോലെ ആയാൽ മതിയെന്നും പറഞ്ഞ യേശു തന്നെയാണ് സന്ന്യാസത്തിന്റെ മാതൃകയും ജീവനും. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുൻപും സന്ന്യാസസഭയിൽ വളരെയധികം അസ്വസ്ഥതകൾ ഉണ്ടായിരുന്നു. അത് ഇനിയും ഉണ്ടാവുകയും ചെയ്യും. കാരണം പ്രതിസന്ധികൾ പലപ്പോഴും ഒരു വെല്ലുവിളിയാണ്—വളർച്ചയ്ക്കുവേണ്ടിയുള്ള വെല്ലുവിളി. വത്തിക്കാൻ കൗൺസിൽ സന്ന്യാസസഭകളിലെ അസ്വസ്ഥതകളെ പുറത്തേക്കു കൊണ്ടുവന്നു എന്നു നമുക്കറിയാം. കൗൺസിലിനു ശേഷം പരീക്ഷണാർത്ഥം ധാരാളം കോഴ്സുകളും; ചാപ്റ്ററുകളും സന്ന്യാസത്തെപ്രതി സന്ന്യാസിനികൾ നടത്തി. അതിന്റെ ഫലമായി നിയമം നവീകരിച്ചു. നവീകരിക്കപ്പെട്ട നിയമവും കൈയ്യിൽപിടിച്ചു നില്ക്കുന്ന സന്ന്യാസിനികൾ പുറത്തുനിന്നുള്ള കൊടുങ്കാറ്റിൽ ആടി ഉലയുന്നില്ലേ? ദൈവവിളിയുടെ കാ

www.malankaralibrary.com

വ്, വർഷങ്ങൾ സഭയിൽ ജീവിച്ചവർ, പുണ്യപ്പെട്ട സന്ന്യാസിനികൾ സഭയോട്ട വിടപറഞ്ഞു്, അൽമായ ജീവിതത്തിലേക്ക കടന്ന ചെന്നതു് കണ്ടുകൊണ്ടു നില്ക്കുന്ന നമ്മൾ ആധുനിക സന്ന്യാസദർശനത്തെപ്പററി പലപ്പോഴും പലതും ചോദിച്ചു പോകാറുണ്ടു്. പത്തുവർഷം മുൻപു് സന്ന്യാസവസ്ത്രത്തിൻെറ നിറം മാറുന്നതും, വസ്ത്രത്തിൻെറ നീളം വെട്ടികുറയ്ക്കുന്നതുമൊക്കെ സന്ന്യാസത്തിനു നിഷിദ്ധമായിരുന്നു. എന്നാൽ, ഇന്നു് സാരിഉടുത്തു് ഒരു സന്ന്യാസിനിയെ കാണുന്നതു്; കുപ്പായം ഇല്ലാതെ ഒരു വൈദികനെ കാണുന്നതു് ഒരു ഉതപ്പായി നാം ചിന്തിക്കാറില്ല. ഇതൊക്കെയാണോ സന്ന്യാസജീവിതപ്രശ്നങ്ങൾ?

ആധുനികയുഗത്തിൽ സന്ന്യാസികളുടെ ദൗത്യത്തെപ്പററി വിശകലനം ചെയ്യുന്നതിനു മുൻപു് ആധുനികയുഗത്തെ ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പത്രങ്ങളിൽനിന്നും ഇന്നത്തെ യുഗത്തിൻെറ പ്രത്യേകതകൾ ഒരു പരിധിവരെ നമുക്ക മനഃസ്സിലാക്കാം. സമരംകൊണ്ടു് കോടതി പൂട്ടി; അച്ചനെ കൊന്നു; വീട്ടു് കൊള്ളയടിച്ചു; കള്ളക്കറൈ കൈയ്യേറി; വ്യാജമദ്യം; വ്യാജവാക്കുകൾ, ഇന്നത്തെ വളരെയധികം അനീതിയുടേയും അക്രമത്തിൻെറയും ചിത്രങ്ങൾ ഒരു വശത്തു് മറുവശത്തു് വളരെയധികം നല്ലകാര്യങ്ങളെപററി പത്രങ്ങൾ വിശദീകരിക്കുന്നു. എന്താണു് ഇന്നത്തെ യുഗത്തിൻെറ പ്രത്യേകത? മാറികൊണ്ടിരിക്കുന്ന ഒരു ലോകം പെട്ടെന്നു മാറികൊണ്ടിരിക്കുന്ന ഒരു ലോകം. എല്ലാം ചോദ്യം ചെയ്യപ്പെടുന്ന ഒരു ലോകം. ചിന്തിക്കുകയും വിലമതിക്കുകയും ചെയ്യുന്നതിൽ വളരെ പുരോഗമിച്ച ഒരു ലോകം ശാസ്ത്രീയ സാങ്കേതിക പുരോഗതിയുടെ ഒരു ലോകം, പുതിയ മൂല്യങ്ങൾ, പുതിയ മാനദണ്ഡങ്ങൾ മുൻപോട്ടുവെയ്ക്കുന്ന ഒരു ലോകം. ഇന്നു് മനുഷ്യനു് ബോംബു് അല്ല; ബോംബും കൈയ്യിൽ പിടിച്ചു നില്ക്കുന്ന മനുഷ്യനെയാണു പേടി. ലൗകായ

www.malankaralibrary.com

തികത്വത്തിന്റെ അതിപ്രസരത്തിൽ ആടിഉലയുന്ന ഒരു ലോകം. അസ്വസ്ഥതകളും ഭയവും, ആത്മനിയമവും ശിക്ഷണ രാഹിത്യവും ഒക്കെ വളർന്നുവരുന്ന ഒരു ലോകം. സുന്ദരമായ മൂല്ല്യങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടു് അനേകർ ജീവാർപ്പണം ചെയ്യുന്ന ഒരു ലോകം. മദർ തെരേസയെപ്പോലെ ''Something beautiful for God'' എന്നുൽഘോഷിച്ചു കൊണ്ടു് തങ്ങളെതന്നെ അർപ്പിക്കുന്ന ഒരുലോകം. ഇപ്രകാരം വൈരുദ്ധ്യങ്ങളുടെ അതിപ്രസരത്തിൽ മുങ്ങിമരിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ സ്ത്രീ ആരാണു്? അവളുടെ ദൗത്യം, സാന്നിദ്ധ്യം; അവളുടെ നിലപാട്; അവളുടെ സ്ഥാനം എന്തെന്നു മനഃസ്സിലാക്കിയാൽ മാത്രമേ സന്ന്യാസിനികളുടെ ആധുനികയുഗത്തിലെ കർത്തവ്യങ്ങളെ വിലയിരുത്തുവാൻ കഴിയുകയുള്ളു.

നമ്മുടെ അമ്മമാരുടെയും, വലിയമ്മമാരുടേയും ജീവിതത്തിലേക്കു കടന്നു ചെന്നാൽ സ്ത്രീയുടെ കടമകൾ മൂന്നുകാര്യങ്ങളിൽ ഒതുങ്ങിനിന്നിരുന്നതായി നമുക്കു കാണാൻ സാധിക്കും. പള്ളി, പാചകവൃത്തി, കുഞ്ഞുങ്ങൾ. ഈ മൂന്നു കാര്യങ്ങൾക്കുവേണ്ടി നിലനിന്നിരുന്ന ഒരു സ്ത്രീലോകമായിരുന്നു അവരുടേതു്. അന്നൊരു വനിത അംബാസിഡറെയോ; വനിതാ പ്രധാനമന്ത്രിയെയോ, കളക്ടറെയോ സ്വപ്നം കാണുവാൻ പ്രയാസം ആയിരിക്കും; സ്ത്രീകൾ അടുക്കളയുടെ നാലുകെട്ടിനുള്ളിൽ അടങ്ങിഒതുങ്ങി കഴിഞ്ഞിരുന്ന ഒരു കാലം ആയിരുന്നു അതു്. എന്നാൽ ഇന്നു് മതിൽ കെട്ടുകൾ തല്ലിതകർത്തു് പെൺകുട്ടികൾ തന്നെ പുറത്തിറങ്ങി, ജോലിതേടി ഏതുതരം ജോലിയും സ്വീകരിക്കുവാൻ സന്നദ്ധരായി യുവാക്കന്മാരോത്തു് തങ്ങളുടെ നിലപാട് ഉറപ്പിച്ചിരിക്കുന്ന ഒരു കാലഘട്ടമാണു്. അമ്മമാർ കുട്ടികളുടെ വളർച്ചയിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചു് ഒതുങ്ങികഴിയുകയല്ല, പുറത്തേക്കിറങ്ങി പ്രവർത്തിക്കുകയാണു്. ഇപ്രകാരമുള്ള ഒരു ലോകത്തിലാണു്

www.malankaralibrary.com

ഇന്നത്തെ സന്യാസിനി പ്രവർത്തിക്കേണ്ടതു്, ജീവിക്കേണ്ടതു്, സാക്ഷ്യം വഹിക്കേണ്ടതു്.

കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ആധുനിക റഷ്യയുടെ ശില്പിയായ ലെനിൻ ഒരിക്കൽ പറയുകയുണ്ടായി "ഏതെങ്കിലും വിപ്ലവം വിജയിച്ചിട്ടുണ്ടെങ്കിൽ അതു് ആ വിപ്ലവത്തിൽ സ്ത്രീകൾക്കുള്ള ഭാഗഭാഗിത്വത്തിന്റെ ശക്തി അനുസരിച്ചാണ്" എന്നു്. ക്രിസ്തു ഒരു വിപ്ലവകാരിയാണ്; വിമോചകനാണ്; ക്രിസ്തുസഭ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് ലോകത്തെ ആനയിക്കുന്നതിനുവേണ്ടി, സ്നേഹവിപ്ലവത്തിനുവേണ്ടി നിലകൊള്ളുകയാണ്. ഈ വിപ്ലവപ്രക്രിയയിൽ ഏതു രീതിയിൽ നമുക്ക് ഭാഗഭാക്കുകൾ ആകുവാൻ കഴിയും? ഇന്നു് സന്യാസിനികൾ എന്താണ് സഭയിൽ ചെയ്യുന്നതെന്നു നമുക്കറിയാം. വേദനിക്കുന്നവരുടെ അരികിൽ സന്യാസിനി ഉണ്ട്; അനാഥരുടെ അടുത്തു്; രോഗികളുടെ അടുത്തു് സന്യാസിനികളെ കാണുവാൻ കഴിയും. ഇടവക ജോലികളിൽ സാമൂഹ്യസേവന രംഗങ്ങളിൽ സന്യാസിനികളെ നമുക്ക് കാണാം. എന്നാൽ ഈ പ്രേഷിതപ്രവർത്തികളെല്ലാം അവരുടെ ദ്വിതീയ ലക്ഷ്യം ആണ് അവരുടെ പ്രാഥമികലക്ഷ്യം ഇന്നത്തെ യുഗത്തിനു മററുള്ളവരുടെ മുൻപിൽ യേശുവിനെ പുനരവതരിപ്പിക്കുക; യേശുവിനു സാക്ഷ്യം നല്കുക; സ്വർഗ്ഗോന്മുഖമായ ഒരു ജീവിതത്തിനു് ഈ ലോകത്തിൽ സാക്ഷ്യം നല്കുക എന്നതാണ്.

സന്യാസിനികളെ തിരുസഭയ്ക്കു് ഇന്നു് എന്നത്തേതിനെക്കാൾ കൂടുതലായി ആവശ്യം ഉണ്ട്. തിരുസഭ സന്യാസിനികളെ സ്നേഹിക്കുന്നു; വിലമതിക്കുന്നു; അംഗീകരിക്കുന്നു; എവിടെ സന്യാസസഭകൾ തഴച്ചു വളരുന്നുവോ, അവിടെ തിരുസഭ ജീവനുള്ളതാണെന്നു് തിരുസഭതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ദൈവം മരിച്ചുവെന്നും, ദൈവ

www.malankaralibrary.com

ത്തെക്കൊണ്ടാവശ്യമില്ലെന്നും പറയുന്ന ഈ യുഗത്തിൽ സ്നാപകയോഹന്നാനെപ്പോലെ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കേണ്ടവരാണ് നമ്മൾ. നാം എന്തുചെയ്യുന്നു എന്നുള്ളതല്ല എന്തായിരിക്കുന്നു എന്നുള്ളതാണ് സുപ്രധാന കാര്യം.

സ്വർഗ്ഗസ്ഥനായ പിതാവ് ചിലർക്കുമാത്രം പ്രദാനം ചെയ്യുന്ന ദൈവപ്രസാദവരത്തിൻെറ വിലയേറിയ ദാനം ആയ കന്യാത്വം ലോകത്തിലെ ആത്മീയ സമൃദ്ധിയുടെ ഉറവിടം എന്ന നിലയിൽ സഭയിൽ എക്കാലത്തും പ്രത്യേകം വിലമതിക്കപ്പെട്ടതാണ്. യഥാർത്ഥമായ ദാരിദ്ര്യം, ദൈവത്താൽ നിറയുന്നതിനുള്ള വിശപ്പ്, ദൈവത്താൽ നിറയുന്നതിലുള്ള ആനന്ദം, ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്ന് ആശംസിച്ച ക്രിസ്തുവിൻെറ ആശംസ, സമാധാനത്തിനുവേണ്ടി ഉഴലുന്ന ഒരു ലോകത്തിന് പകർന്നുകൊടുക്കുവാൻ സന്ന്യാസിനികളെ ഇന്നു സഭയ്ക്കാവശ്യം ഉണ്ട്. അനുസരണമെന്താണെന്നറിഞ്ഞുകൂടാത്ത ഒരു ലോകത്തിന്, അനുസരണത്തെ നിഷേധിക്കുന്ന ഒരു ലോകത്തിന് അനുസരണം സ്നേഹമാണെന്നു കാണിച്ചുകൊടുക്കുവാൻ കഴിയുന്ന സന്ന്യാസിനികളെയാണ് സഭയ്ക്കാവശ്യം. പിതാവിൻെറ ഇഷ്ടത്തിനു കീഴ്‌വഴങ്ങി; മരണം വരെ, കുരിശുമരണംവരെ അനുസരിച്ച ക്രിസ്തുവിനെ, ഇന്നത്തെ ലോകത്തിലവതരിപ്പിക്കുവാൻ ആ യേശുവിന് സാക്ഷ്യം വഹിക്കാൻ അനുസരണബദ്ധമായ ജീവിതം നയിക്കുന്ന സന്ന്യാസിനികൾക്കു സാദ്ധ്യമാവണം. അതുപോലെതന്നെ ക്രിസ്തുവിനോടുള്ള ആ സംപൂർണ്ണ സമർപ്പണം വഴി തങ്ങളെതന്നെ യേശുവിനടിയറ വച്ചുകൊണ്ട് ബ്രഹ്മചര്യവ്രതപാലനംവഴി നമുക്ക് ഈ ലോകത്തിൽ സാക്ഷ്യം വഹിക്കാൻ കഴിയണം. സന്ന്യാസിനികൾ തിരുസഭയുടെ ഭാഗമാണ്. തിരുസഭയുടെ ഹൃദയത്തിലാണ് സന്ന്യാസിനികളുടെ സ്ഥാനം. ക്രിസ്തുവിനെ മററുള്ളവർക്കു വെളിപ്പെടുത്തുന്ന

www.malankaralibrary.com

ളുവഴി തിരുസഭയെയാണവർ ലോകത്തിൽ വെളിപ്പെടുത്തി കൊടുക്കുന്നതു്.

ആധുനിക ലോകത്തിൽ സന്ന്യാസം പ്രസക്തമോ എന്ന ചോദ്യത്തിന്റെ ഉചിതമായ ഉത്തരം "യേശു ഇന്നലെയും ഇന്നും നാളെയും ഒരുവൻതന്നെ" എന്നതാണു്. ആ യേശുവിനു് എക്കാലവും, സന്ന്യാസിനീകളെ, സന്ന്യാസികളെ ആവശ്യം ഉണ്ടു്. പൂർണ്ണമായി, കൃത്യമായി യഥാർത്ഥമായി, ആത്മാർത്ഥമായി; ക്രിസ്തുവിനു് സാക്ഷ്യം വഹിക്കാൻ നമുക്കു കഴിയണം. ഈ അനുഭവത്തിലേക്കു നാം പ്രവേശിക്കുമ്പോൾ നാം ലോകത്തിന്റെ പ്രകാശമായി മുഴുവൻ മാവിനേയും പുളിപ്പിക്കുന്ന പുളിമാവായി എല്ലാത്തിനും ഗുണം പകർന്നുകൊടുക്കുന്ന ഉപ്പായി പരിണമിക്കും എന്നതിൽ സംശയമില്ല.

സന്ന്യാസ ജീവിതം സമ്പത്തിനെയോ, ലൈംഗികതയേയോ, സ്വാതന്ത്ര്യ മനഃസ്സിനെയോ നിഷേധിക്കുകയോ താഴ്ത്തികെട്ടുകയോ അല്ല ചെയ്യുന്നതു്. സ്വർഗ്ഗരാജ്യത്തിനുവേണ്ടി തങ്ങളെതന്നെ ഷണ്ഡന്മാരാക്കിയവരെപ്പററി യേശു പറഞ്ഞിട്ടുണ്ടു്. സന്ന്യാസം പരിപൂർണ്ണതയ്ക്കുവേണ്ടിയാണു്, ആത്മരക്ഷയ്ക്കുവേണ്ടിയാണു് എന്നു കൗൺസിൽ ഡിക്രി വ്യാഖ്യാനിച്ചിട്ടുണ്ടു്. എല്ലാവരും വിശുദ്ധിയിലേക്കാണു്, പരിപൂർണ്ണതയിലേക്കാണു് വിളിക്കപ്പെട്ടിരിക്കുന്നതെങ്കിൽ ഇന്നത്തെ ലോകത്തിൽ സന്ന്യാസത്തിന്റെ സാംഗത്യം എന്താണെന്നു നാം സ്വാഭാവികമായി ചോദിക്കും. എന്തിനെയെങ്കിലും രണ്ടാം സ്ഥാനത്തേക്കു തള്ളിക്കളഞ്ഞുകൊണ്ടു് സന്ന്യാസജീവിതം മററുള്ളതിനേക്കാൾ മെച്ചമാണെന്നു പറയാൻ വേണ്ടിയല്ല മറിച്ചു് മെച്ചമായ ചിലതിനെ ദൈവരാജ്യത്തിനുവേണ്ടി ത്യജിച്ചുകൊണ്ടു്, അല്ലെങ്കിൽ ഉയർത്തികൊണ്ടു് സ്വർഗ്ഗത്തെ ഈ ഭൂമിയിൽ കാണിച്ചു കൊടുക്കുകയാണു് സന്ന്യാസിനീകൾ ചെയ്യുന്നതു്; ചെയ്യേണ്ടതു്. സ്വർഗ്ഗോന്മുഖമായ സ

www.malankaralibrary.com

ന്ന്യാസ വീക്ഷണം സന്ന്യാസിനീകൾ ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിൻെറതല്ലാതായി ഈ ലോകത്തെ പവിത്രീകരിക്കുവാൻവേണ്ടി ഈ ലോകത്തെ ധന്യമാക്കുവാൻവേണ്ടി വിളിക്കപ്പെട്ടവരാണ്. അവക്കു മാത്രമേ അതു ചെയ്യുവാൻ സാധിക്കുകയുള്ളു. തങ്ങളുടെ സാക്ഷ്യത്തിലൂടെയും സാന്നിദ്ധ്യത്തിലൂടെയുമാണവർ ഇതു നിറവേററുന്നത്.

കൽക്കട്ടയിലെ മദർ തെരേസ എല്ലാവരാലും എത്രമാത്രം ആദരിക്കപ്പെടുന്നു എന്നതുതന്നെ സന്ന്യാസത്തിൻെറ ഈ യുഗത്തിലെ പ്രസക്തിയെ വിളിച്ചോതുന്നു. നല്ല മനുഷ്യർ ആരെങ്കിലും സന്ന്യാസത്തെ നിശിതമായി വിമശിക്കുന്നുണ്ടോയെന്നു സംശയമാണ്. വിമശനങ്ങൾ പലതും ഉണ്ടെങ്കിലും അനേകർ സന്ന്യാസജീവിതം നയിക്കുന്നവരെ മുക്തകണ്ഠം പ്രശംസിക്കുന്നതായി നമുക്കറിയാം. ദൈവാനുഭവത്തിനുവേണ്ടി യഥാത്ഥശാന്തിക്കുവേണ്ടി സമാധാനത്തിനുവേണ്ടി ദാഹിക്കുന്ന ഒരു ലോകത്തിനു് ശാന്തിയും സമാധാനവും നല്കുവാൻ മാർ ഈവാനിയോസ് പിതാവിനെപോലുള്ളവക്കു് ഫ്രാൻസിസ് അസ്സീസിയെപോലുള്ളവക്കു്, ദൈവത്തിന്റെ അനന്തമായ സ്നേഹത്താൽ സമപ്പണജീവിതത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന നമുക്കെല്ലാവക്കും കഴിയും—കഴിയണം: ക്രിസ്തുവിൻെറ ശാന്തിയും സമാധാനവും ഈ യുഗത്തിനു പ്രദാനംചെയ്യുമ്പോൾ ആധുനികയുഗത്തിലുള്ള നമ്മുടെ കത്തവ്യം നിവ്വഹിച്ചു എന്നു പറയുവാൻ നമുക്കു കഴിയും.

www.malankaralibrary.com

# മാർ ഈവാനിയോസ് സൂക്തങ്ങൾ

1 "ആദർശത്തിൽ ഐക്യരൂപ്യവും, സഹോദരബന്ധത്തിൽ സുസംഘടിതവുമല്ലാത്ത ഒരു സ്ഥാപനത്തിനും മനുഷ്യരെ നേർവഴിക്കു കൊണ്ടുവരാൻ എളുപ്പമല്ല".

2 "സ്നേഹമില്ലെങ്കിൽ സമാധാനമാകട്ടെ സുകൃതമാകട്ടെ ഉണ്ടാകുവാൻ ഇടയില്ല"

3 "ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമീപ്യം ലഭിക്കാവുതല്ല. ഗോഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ചുസ്സുടികമായ മാതൃക നമ്മുടെ ഉള്ളിൽ പ്രതിഫലിക്കപ്പെടണം."

4 "അഖിലാണ്ഡം മുഴുവൻ തൃക്കയ്യിൽ ഉൾക്കൊണ്ടു് അതിനെ ഭരിക്കുന്ന ദൈവം സ്വന്തം സൃഷ്ടിയുടെ കൈത്തലത്തിൽ ഒരുതുമക്കുഞ്ഞായി ഒതുങ്ങിയിരുന്നു."

5 "ക്രിസ്തുവിന്റെ തിരുഹൃദയത്തിൽനിന്നു് കൃപയെ വഹിച്ചുകൊണ്ടു് ഒഴുകിവരുന്ന നദി നിന്റെ ആത്മാവിലേക്കു് ഒഴുക്കണം. അതിനുവേണ്ടി വിശുദ്ധകുദാശകളാകുന്ന കൈത്തോടുകളെ നിന്റെ ആത്മാവിലേക്കു് വെട്ടി വയ്ക്കണം."

6 "ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനമാണു്"

7 "സന്ന്യാസിയെ ഒരു യാഗപശുവിനോടുപമിക്കാം. യാഗപശു നാലു് അവസ്ഥാന്തരങ്ങളിൽക്കൂടി കടന്നുപോകേണ്ടതായിട്ടുണ്ടു്. ഒന്നാമതായി യാഗപശുവിനെ കൂട്ടത്തിൽനിന്നു വേർതിരിക്കുന്നു."

8 "ക്രൈസ്തവസഭയെ മനുഷ്യശരീരത്തോടു് ഉപമിക്കുന്ന പക്ഷം സന്ന്യാസാശ്രമത്തെ മനുഷ്യശരീരത്തിലുള്ള ഹൃ

www.malankaralibrary.com

ദയത്തോട് ഉപമിക്കാവുന്നതാണ്. ഹൃദയം മനുഷ്യ ശരീരത്തിനു നൽകുന്ന പ്രയോജനം ദൈവഭക്തിയുള്ള സന്ന്യാസാശ്രമം ക്രൈസ്തവസഭക്കു നൽകുന്നു.”

9 “സന്ന്യാസികളുടെ ആത്മാവ് ദൈവത്തോടടുത്ത് വിശുദ്ധസംസർഗ്ഗത്തിൽ വിശ്രമിക്കുന്നതിനുള്ള ആദ്ധ്യാത്മിക വ്യായാമം സന്ന്യാസപരമായ മനനം ആകുന്നു”.

10 “ലോകത്തിനു മരിക്കുന്നവനെത്രെ ഒരു സന്ന്യാസി ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്ന്യാസിക്കാവശ്യമില്ല”.

11 “എത്രയധികം ക്ലേശം സഹിക്കേണ്ടിവന്നാലും അശുദ്ധിയോടു സധൈര്യം എതിർക്കുക തന്നെ വേണം”.

12 “ദൈവം എനിക്കുള്ളപ്പോൾ സകലവും എനിക്കുണ്ട്”

13 “എല്ലാററിൻെറയും അടിസ്ഥാനം ദൈവകരുണതന്നെ. അവിടുന്നു തുടങ്ങി അവിടുന്നു നടത്തി നാമൊന്നും ചെയ്യിച്ചുമില്ല”

14 “ക്രൈസ്തവസഭയുടെ പുനരൈക്യത്തിനും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക”

15 “നൂതനമായ ആദ്ധ്യാത്മിക തത്വങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലതു് അറിയാവുന്ന സത്യങ്ങളെ വിശദമായി കാണുവാൻ ശ്രമിക്കുന്നതാകുന്നു”.

16 “സകല പാപത്തിൻെറയും തായ്‌വേരു് നിഗളമാകുന്നു. സകല പുണ്യങ്ങളുടെയും താഴ്മ ആകുന്നു”.

17 “യേശുമിശിഹായുടെ ശക്തി എന്നിൽ അധിവസിക്കുന്നതിനുവേണ്ടി ഞാൻ ദിനംപ്രതി മരിക്കേണ്ടിയിരിക്കുന്നു”.

18 “സർവ്വസംഗപരിത്യാഗികളും യഥാർത്ഥ ദൈവസ്നേഹവും ദൈവഭക്തിയും നിറഞ്ഞവരുമായ നിസ്വാർത്ഥ

www.malankaralibrary.com

ത്തെ കൊണ്ടുമാത്രമേ സുവിശേഷഘോഷണം ശക്തിയുക്തം നടത്തുന്നതിനും ഫലം കൈവരുത്തുന്നതിനും സാധിക്കുകയുള്ളൂ".

19 "മരണാനന്തരം ഞാൻ സ്വർഗ്ഗത്തിലെത്തിയശേഷം എന്റെ അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കും".

20 "കാലക്രമത്തിൽ സത്യം എല്ലവർക്കും മനസ്സിലായിക്കൊള്ളും. സത്യം ഒന്നല്ലാതെ പലതില്ലല്ലോ".

21 "ദൈവനടത്തിപ്പറിയുന്നതിനും, ദൈവകൃപ സമ്പാദിക്കുന്നതിനും ദൈവകൃപയോടു് മനഃപൂർവ്വമായി സഹകരിക്കുന്നതിനും വേണ്ടി ദൈവത്തോടു് ഏററവും അടുത്തു പാർക്കണം".

22 "നിന്റെ ആടുകൾ നിന്നെ നിന്ദിക്കുകയും അപമാനിക്കയും ചെയ്യുമ്പോൾ നിന്റെ തൊഴുത്തിനു് വെളിക്കുള്ളവർ നിന്നെ എത്രമാത്രം ബഹുമാനിക്കും"

23 "കർത്താവായ യേശുവേ എന്നിൽ ജീവിക്കണമേ എന്നിൽ ഭരിക്കണമേ, എന്നോടു കല്പിക്കണമേ"

24 "'രണ്ടാംസ്വർഗ്ഗ'മെന്നു ഞങ്ങൾ അഭിസംബോധനചെയ്യുന്ന ദൈവമാതാവിനെ വണങ്ങുന്നു, ഞങ്ങളുടെ ബലവും, പരിചയും, കോട്ടയും ദുഃഖിതന്മാരുടെ അഭയസ്ഥാനവുമാകുന്ന ആ മാതൃഹൃദയം ഞങ്ങൾക്കു സഹായത്തിനുണ്ടു്'".

25 "ദൈവവിശ്വാസവും രാജഭക്തിയും നിയമപരമായ അധികാരവിധേയത്വവും ഒത്തുചേർന്നു പോകേണ്ട ഘടകങ്ങളാണു്".

26 "മററുള്ളവരെയും എന്നെയും പരസ്പരം ബന്ധിക്കുന്ന ഒരു ശൃംഖല ഉണ്ടു്. അതത്രെ ക്രൈസ്തവ സ്നേഹം".

www.malankaralibrary.com

27 "മനഃശക്തിയും ദൈവാനുഗ്രഹവും സമ്പാദിച്ചവരത്രേ ദൈവത്തെ സമ്പാദിച്ചവർ".

28 ധാർമ്മികനിയമത്തിന്റെ അഭാവത്തിൽ ജനതയും, കുടുംബവും സംസ്കാരവും എല്ലാം നശിക്കാതെ നിവൃത്തിയില്ല".

29 "സത്യം, ധർമ്മം, നീതി ഇവയത്രേ ഇന്നത്തെ ലോകത്തിനു് അത്യന്താപേക്ഷിതമായിരിക്കുന്ന ആവശ്യങ്ങൾ".

30 "ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലും ആയിത്തീരുന്നതു് മനുഷ്യൻ ദൈവമായി തീരുന്നതിനാലായിരിക്കണം".

www.malankaralibrary.com

# ആബോ ഗീവറുഗീസ്

മാർ ഈവാനിയോസിന്റെ ജന്മശതാബ്ദിയാചരണത്തോടനുബന്ധിച്ച് നടത്തിയ സിമ്പോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും പൊതുസമ്മേളനങ്ങളിൽ നടത്തിയ പ്രഭാഷണങ്ങളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ബനഡിക്ട് മാർ ഗ്രീഗോറിയോസ്, സിറിൽ മാർ ബസേലിയോസ്, ഐസക്ക് മാർ യൂഹാനോൻ, പ്രൊഫ. റ്റി. കെ. കോശി, പ്രൊഫ. ജോർജ്ജ് ഓണക്കൂർ, ഫാ. വറുഗീസ് കിളിച്ചിമല, മഹാകവി പുത്തൻകാവു മാത്തൻ തരകൻ, ഡോ. ജോൺ ബക്കുമൻസ് തുടങ്ങിയവരുടെ പഠനാർഹമായ പ്രബന്ധങ്ങൾ ഇതിലുൾപ്പെടുത്തിയിരിക്കുന്നു.

---

Printed at Bethany Press and Published by Bro. Gracious O. I. C. for Bethany Publication.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ആബോ ഗീവറുഗീസ്

മാർ ഈവാനിയോസിൻെറ ജന്മശതാബ്ദിയാചരണത്തോടനുബന്ധിച്ച് നടത്തിയ സിമ്പോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും പൊതുസമ്മേളനങ്ങളിൽ നടത്തിയ പ്രഭാഷണങ്ങളുമാണ് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. ബനഡിക്ട് മാർ ഗ്രീഗോറിയോസ്, സിറിൽ മാർ ബസേലിയോസ്, ഐസക്ക് മാർ യൂഹാനോൻ, പ്രൊഫ. ററി. കെ. കോശി, പ്രൊഫ. ജോർജ്ജ് ഓണക്കൂർ, ഫാ. വറുഗീസ് കിളിച്ചിമല, മഹാകവി പുത്തൻകാവു മാത്തൻ തരകൻ, ഡോ. ജോൺ ബക്കുമൻസ് തുടങ്ങിയവരുടെ പഠനാർഹമായ പ്രബന്ധങ്ങൾ ഇതിലുൾപ്പെടുത്തിയിരിക്കുന്നു.

---

Printed at Bethany Press and Published by Bro. Gracious O. I. C. for Bethany Publication.

www.malankaralibrary.com